LIBRARY ARCHIVES Kerala Legislative Assembly

LEGISLATIVE BUSINESS

Kerala Land Reforms Bill, 1963

Consideration of the amendments to the Bill as reported by the Select Committee (Contd.)

Clause 99

Minister for Home Affairs (**Shri P. T. Chacko**): In clause 99, I would like to suggest a verbal amendment, i. e. just to add two figures. After the words " Section 30" in line 3, insert the words "Section 45". Also for the words "or Section 88", the words "Section 88 or Section 103" may be substituted. That means orders under Sections 88, 103 and 45 will also be appealable.

Shri M. Narayana Kurup: Sir, I do not move my amendment No. 951 but I am moving my amendment No. 956 which reads as follows:—

956 'In clause 99(1), before the words 'is situate' at the end of the first sentence add 'or part thereof'.

Shri T. A. Thomman: Sir, I move:

952. In clause 99 (1), for the word and figures "section 55", the words, brackets and figures 'sub-section (6) of section 50, section 55' shall be substituted".

Smt. K. R. Gouri: Sir, I move:

1729. In clause 99, redraft sub- clause (1) as follows:

"(1) Any person aggrieved by an order passed by the Land Tribunal may appeal against such order within such time as may be prescribed to the Subordinate Judge having jurisdiction over the area in which the holding is situate. He shall hear the appeal as a *persona designata* and his decision thereon shall be final subject to the provision of section 100".

Shri O. Koran: Sir, on behalf of Shri K. Chandrasekharan I move the following amendments:

"953. In clause 99 (1), the words 'Subordinate Judge' wherever they occur will be replaced by the words 'the Munsiff'.

"959. In clause 99 (2), the words 'Subordinate Judge' wherever they occur will be replaced by the words 'the Munsiff'.

ശ്രീ. എം. നാരായണക്കുറുപ്പ്: എന്റെ ഭേദഗതി 'before the words 'is situate' at the end of the first sentence add 'or part thereof' എന്നാണു്. 'holding is situate' എന്നു പറയുമ്പോൾ, അതു് ഒരു ഭാഗം മാത്രം ഉണ്ടെങ്കിൽ അതിനു് അധികാരം ഉണ്ടോ ഇല്ലയോ എന്ന ചോദ്യം വരും. അതു വ്യക്തമാക്കാൻ വേണ്ടിയാണു് ഈ ഭേദഗതി.

Shri P. T. Chacko: I accept amendment Nos. 952 and 956. Even though amendment No. 956 is not very necessary it will help clarify the matter a little more.

Sir, with regard to the amendments moved by Shri O. Koran, (tabled by Shri K. Chandrasekharan) I wish to state that they are not in order because we have already passed the Clause that Tribunals should be Munsiffs. So appeals cannot go to the Munsiffs now.

Mr. Speaker: Yes. They are not in order. Smt. Gouri can speak about her amendment.

ശ്രീമതി കെ. ആർ. ഗൗരി: സർ, എന്റെ ഭേദഗതി ഇതാണ്:—

> "Any person aggrieved by an order passed by the Land Tribunal may appeal against such order within such time as may be prescribed to the Subordinate Judge having jurisdiction over the area in which the holding is situate. He shall hear the appeal as a *persona designata* and his decision thereon shall be final subject to the provision of section 100".

ക്ലാസ്സ് 99 (1)-ൽ പറഞ്ഞിരിക്കുന്ന സെക്ഷൻ 22, സെക്ഷൻ 23, സെക്ഷൻ 30, സബ് സെക്ഷൻ 3, സബ് സെക്ഷൻ 4. സെക്ഷൻ 46 ഇതെല്ലാം എടുത്തു കളയണമെന്നാണ് എന്റെ ഭേദഗതി. ഈ സെക്ഷൻസൊന്നും പറയേണ്ട ആവശ്യമില്ല. ഈ സെക്ഷൻ പറയുകയാണെങ്കിൽ ഏതെങ്കിലും ഒരു പ്രൊവിഷനിൽ ആ ക്ലാസ്സ് സംബന്ധിച്ച് ഒരു പ്രശ്നത്തിൽ തീരുമാനം tribunal എടുത്താൽ appeal കൊടുക്കേണ്ടതാണെങ്കിൽ ആ വകുപ്പ് ഈ appeal provision-നിൽ ചേർത്തതുകൊണ്ട് appeal കൊടുക്കാൻ അവകാശമില്ലാതെ വരും. അതുകൊണ്ടാണ് വകുപ്പു പറയാതെ appeal-ന് provision പറഞ്ഞാൽ മതിയെന്ന എന്റെ ഭേദഗതി. Land tribunal-ൽ കൊടുത്ത petition-ന് appeal ഉണ്ടെങ്കിൽ അതു് District Judge-ന് വേണമെന്നുമാത്രം മതിയെന്നാണ് എന്റെ അഭിപ്രായം. പെററിഷനിൽ അപ്പീൽ ഓൺ പെററിഷൻ ഉണ്ടാകും. അതിന് സബ് ജഡ്ജിന് അധികാരം കൊടുത്താൽ മതി. അല്ലെങ്കിൽ നിയമത്തിന്റെ നടത്തിപ്പിന് ഇതു ബാധകമായി വരും. എങ്ങോട്ടു അപ്പീൽ കൊടുക്കണമെന്നു ഒരു ഡിസിഷൻ എടുത്തു കഴിഞ്ഞിട്ട് രണ്ടാമതു ഭേദഗതി ചെയ്യാൻ എളുപ്പമല്ല. അതുകൊണ്ട് ഇതു് എടുത്തു കളയേണ്ടതാണ്, ഇതിൽ വേറെ വ്യത്യാസമൊന്നും വരുത്തേണ്ടതില്ല. ഈ സെക്ഷൻസ് പ്രത്യേകം പറയേണ്ട ആവശ്യമില്ല. അതു് എടുത്തു കളഞ്ഞാൽ മതി.

Shri P. T Chacko: Sir, I do not accept any of the amendments excepting those which I have already accepted.

Amendment No. 952, moved by Shri T. A. Thomman was put and carried, viz. 'In clause 99, sub-clause (1), for the word and figures "Section 55", the words, br ckets and figures 'sub-section (6) of Section 50, section 55' shall be substituted".

Amendment No. 953, moved by Shri M. Narayana Kurup was put and carried, viz.,

"In clause 99, sub-clause (1), before the words 'is situate' at the end of the first sentence the words 'or part thereof' shall be inserted".

The oral amendment moved by the Minister was put and carried, viz: 'In clause 99, sub-clause (1), after the word and figures 'Section 30', the word and figures "section 45" shall be inserted, and for the words and figures 'or section 88' the words and figuies 'Section 88 or Section 103" shall be substituted.

Mr. Speaker: Smt. Gouri, do you press your amendment?

Smt. K. R. Gouri: I press.

Amendment No. 1729 moved by Smt. K. R. Gouri was put and lost.

The question that clause 99, as amended, stand part of the Bill wa put and carried.

Clause 99, as amended, was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

New Clause after clause 99

Shri. T. A. Thomman: Sir, I do not move amendment No. 1745.

Clause 100

Mr. Speaker: The following amendments may be moved:

Amendment No. 1113 by the Minister.

Amendment No. 963 by Shri K. Chandrasekharan.

Amendment Nos. 964, 966, 967, and 969 by Shri M. C. Abraham.

Amendment No. 965, 968, 970, 1503, 1504, 1505 and 1506 by Shri M. Narayana Kurup.

Amendment No. 961 is same as amendment No. 963.

Amendment No. 960 is for the marginal heading and need not be moved.

Shri P. T. Chacko: Sir, I move: "1113. In clause 100, after sub-clause (2), the following sub-clause shall be inserted, namely: "(3) The High Court may, for the purpose of satisfying itself that an order made by the Land Tribunal under section 26 was according to law, call for the case and pass such order with respect thereto as it thinks fit."

Shri O. Koran: Sir, I am not moving amendment No. 963.

Mr. Speaker: Mr. M. C. Abraham is not in his seat. Mr. Narayana Kurup may move his amendments.

Shri M. Narayana Kurup: Sir, I move only the following amendments:

"1503. In clause 100, sub-clause (1) for clause (ii), substitute the following:—

> "(ii) any final order passed by the Land Board under this Act or any final order passed by the Land Tribunal under this Act for which no appeal lies under sub-section (1) of section 99"

1504. In amendment No. 1113, in the New sub-clause (3) proposed to clause 100, for the word 'case' the word 'records' shall be substituted.

1506. In amendment No. 1113, at the end of the proposed new sub-clause (3), add the following:—

> "Provided that the High Court shall not pass any order which affects a party adversely without giving that party an opportunity to present his case."

Shri P. T. Chacko: Sir, I accept amendment No. 1504.

ശ്രീ. എം. നാരായണക്കുറുപ്പ്: സർ, ഇപ്പോൾ ലാൻഡ് ട്രിബ്യൂണലിനു പ്രധാനപ്പെട്ട പല കാര്യങ്ങളിലും തീരുമാനം എടുക്കാൻ അധികാരമുണ്ട്. ഇന്നു ചില പ്രത്യേക കാര്യങ്ങൾക്ക്, അല്ലെങ്കിൽ വകുപ്പുകളുടെ തീരുമാനത്തിന്മേലേ അപ്പീൽ നിശ്ചയിച്ചിട്ടുള്ളു. റിവിഷൻ അധികാരം ഇപ്പോൾ 26-ാം വകുപ്പിനുമാത്രമേ ബഹുമാനപ്പെട്ട മന്ത്രി നിശ്ചയിച്ചിട്ടുള്ളു. ഇന്ന്, അപ്പീൽ രണ്ടു വകുപ്പുകൾക്ക കൂട്ടിച്ചേർത്തപ്പോൾ, ആ ഭാഗത്തുനിന്ന് ഒരു ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുകയുണ്ടായി. ഇനിയും വകുപ്പുകൾ കൂട്ടിച്ചേർക്കുമോ എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

എന്റെ 1503–ാമത്തെ ഭേദഗതി സ്വീകരിച്ചാൽ, ഉണ്ടാകുന്ന ഫലം, ഒന്നുകിൽ, ഒരു ട്രിബ്യൂണലിന്റെ തീരുമാനത്തിന്മേൽ അപ്പീൽ ഉണ്ടാകും, അല്ലെങ്കിൽ റിവിഷനു് ഹൈക്കോടതിക്കു് അധികാരം ഉണ്ടാകും. കൂടുതൽ വകുപ്പുകൾക്കു അപ്പീൽ അധികാരം നൽകണമെന്നു ഞാൻ നിർദ്ദേശിക്കുന്നില്ല. പക്ഷേ, പ്രധാനമായിട്ടുള്ള പല കാര്യങ്ങളിലും ഒരു റിവിഷൻ അധികാരം ഹൈക്കോടതിക്കു് ഇല്ലെങ്കിൽ അതു ശരിയായിരിക്കുകയില്ലെന്നാണു് എന്റെ അഭിപ്രായം. സർ, ചില പ്രധാനപ്പെട്ട വകുപ്പുകൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. കുടിയാൻ ജന്മിക്കു് പാട്ടം കൊടുക്കേണ്ടതുണ്ടെങ്കിൽ, അതു ജന്മി വാങ്ങാൻ വിസമ്മതിച്ചാൽ, ട്രിബ്യൂണലിൽ പണം കെട്ടിവയ്ക്കാം. അങ്ങനെ അയാളുടെ ബാദ്ധ്യത ഒഴിവാക്കാം എന്നാണു് 44–ാമത്തെ വകുപ്പിൽ പറയുന്നതു്. അതു് ട്രിബ്യൂണൽ നിരസിച്ചാൽ, മേലോട്ടു് ഒരു അധികാരം, ഒരു റിവിഷനോ, അപ്പീലോ ഈ നിയമത്തിൽ ഇല്ല. അതു് വളരെ പ്രധാനപ്പെട്ട ഒരു വകുപ്പാണു്. അതുപോലെതന്നെ, പ്രധാനപ്പെട്ട ഒരു വകുപ്പാണു്, 72–ാമത്തെ വകുപ്പു്. 1957 മുതൽ ഈ നിയമം നടപ്പിലാകുന്നതുവരെയുള്ള പാട്ടബാക്കി നിശ്ചിതസംഖ്യ കെട്ടിവച്ചു്, ആ ബാദ്ധ്യതയിൽനിന്നു് ഒഴിവാകാനുള്ളതാണു് 72–ാമത്തെ വകുപ്പു്. അതു് പ്രധാനപ്പെട്ട ഒരു വകുപ്പാണെന്നു് ആരും സമ്മതിക്കുമെന്നാണു് എന്റെ വിശ്വാസം. അതിനും ഒരു അപ്പീലോ, റിവിഷനോ ഈ നിയമത്തിൽ പ്രൊവൈഡു ചെയ്തിട്ടില്ല.

76–ാമത്തെ വകുപ്പു കുടികിടപ്പുകാരനെ ഒഴിപ്പിക്കുന്നതിനു് വ്യവസ്ഥ ചെയ്തിരിക്കുന്നതാണു്. ചർച്ചയ്ക്കു് ഇവിടെ വളരെയേറെ സമയം എടുത്തതും വളരെ പ്രധാനപ്പെട്ടതാണെന്നു് സഭയുടെ എല്ലാ ഭാഗത്തുനിന്നും പറഞ്ഞിട്ടുള്ളതുമായ ഒരു വകുപ്പാണു് 76-ാമത്തേതു്. അതിലും ഒരു അപ്പീലിനോ റിവിഷനോ ഉള്ള അധികാരം ഇതിൽ അംഗീകരിച്ചു കാണുന്നില്ല. അതിൽ ഒരു അപ്പീലിനുള്ള അധികാരമെങ്കിലും വേണമെന്നാണു് എന്റെ അഭിപ്രായം. ഏതായാലും പ്രധാനപ്പെട്ട വകുപ്പുകളിലെങ്കിലും ഹൈക്കോടതിക്കു് ഒരു റിവിഷൻ അധികാരമെങ്കിലും ഉണ്ടായിരിക്കേണ്ടതാവശ്യമാണെന്നു് എനിക്കു തോന്നുന്നു. അതിനെ മുൻനിറുത്തിക്കൊണ്ടാണു് 1503–ാമത്തെ ഭേദഗതി ഞാൻ അവതരിപ്പിച്ചിട്ടുള്ളതു്. അതിന്റെ ഫലമായി അപ്പീൽ പ്രൊവൈഡു് ചെയ്തു് ട്രൈബ്യൂണലിന്റെ അവസാനതീരുമാനത്തിന്മേൽ ഹൈക്കോടതിക്കു് ഒരു റിവിഷൻ അധികാരം ഉണ്ടാകണം. പിന്നെ 1504–ാമത്തെ ഭേദഗതി സ്വീകരിച്ചു. അതുകഴിഞ്ഞു 1506–ാമത്തെ ഭേദഗതിയാണു്. സാധാരണ ഇവിടെ പറയാറുള്ളതുപോലെ Natural Justice ആകുമ്പോൾ ഒരു തീരുമാനം എടുക്കുന്നതിനുമുമ്പു ബന്ധപ്പെട്ട കക്ഷികൾക്കു് സമാധാനം പറയാൻ ഒരു അവസരം കൊടുക്കുക എന്നുള്ളതാണു് ഇതുകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇങ്ങനെ ഒരു വ്യവസ്ഥ നിയമത്തിൽ എഴുതിച്ചേർക്കുന്നതു് നല്ലതാണു്. ഹൈക്കോടതി കേസുകൾ പരിശോധിച്ചു ഗുണദോഷങ്ങളനുസരിച്ചു് വിധി പ്രസ്താവിക്കുന്നതിനുമുമ്പു ബന്ധപ്പെട്ട കക്ഷികൾക്കു സമാധാനം പറയുവാൻ ഒരു അവസരം കൊടുക്കണമെന്നുള്ളതാണു് 1506–ാമത്തെ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇതു് സ്വീകരിക്കുമെന്നു വിശ്വസിച്ചുകൊണ്ടു് അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. ടി. ചാക്കോ: സർ, അപ്പീൽ അധികാരം കൊടുക്കത്തക്ക പ്രാധാന്യമുള്ള വകുപ്പുകളെല്ലാം പരിശോധിച്ചുനോക്കി, അതിനെല്ലാം അപ്പീൽ അധികാരം കൊടുത്തിട്ടുണ്ടു്. എന്നാൽ ചില വകുപ്പുകളെ സംബന്ധിച്ചു് ഇതു് വ്യവസ്ഥ ചെയ്യേണ്ട ആവശ്യമില്ല. ഉദാഹരണമായിട്ടു് 76–ാമത്തെ വകുപ്പിൽ സിവിൽ കോടതിയിൽ 'സൂട്ടു്' കൊടുക്കാമെന്നാണു്. അതുകൊണ്ടു് 76–ാമത്തെ വകുപ്പിൽ അപ്പീൽ അധികാരം കൊടുക്കുന്നതിനു വ്യവസ്ഥ ചെയ്യേണ്ട ആവശ്യമില്ല. ഞാൻ സ്വീകരിച്ച 1504–ാമത്തെ ഭേദഗതി ഒഴിച്ചു് മറ്റു ഭേദഗതികളൊന്നുംതന്നെ ആവശ്യമില്ല.

Mr. Speaker: Do you press your amendments, Mr. Kurup?

Shri M. Narayana Kurup: I am not pressing amendments Nos. 1503 and 1506.

LIBRARY ARCHIVES Kerala Legislative Assembly

Amendments Nos. 1503 and 1505 moved by Shri M. Narayana Kurup, were by leave, withdrawn.

Amendment No. 1504 moved by Shri M. Narayana Kurup, was put and carried, viz.,

"In amendment No. 1113, in the new sub-clause (3) proposed to clause 100, for the word 'case', the word 'records' shall be substituted'"

Amendment No. 1113 moved by the Minister and as amended by Shri M. Narayana Kurup's amendment was put and carried viz.

"In clause 100, after sub-clause (2), the following sub-clause shall be inserted, namely;

"(3) The High Court may, for the purpose of satisfying itself that an order made by the Land Tribunal under section 26 was according to law, call for the records and pass such order with respect thereto as it thinks fit".

The question that Clause 100, as amended, stand part of the Bill, was put and carried.

Clause 100, as amended, was added to the Bill.

Clause 101

Mr. Speaker: There are no amendments to Clause 101.

The question that Clause 101 stand part of the bill was put and carried.

Clause 102

Shri M. Narayana Kurup: Sir, I move my amendment No. 971.

In clause 102, sub-clause (1) line ten after the word 'particulars' add "within his knowledge".

സ്റ്റേറ്റുമെൻറ് ഡിക്ലെയർചെയ്യു വാങ്ങാനുള്ള അധികാരമുണ്ട്. എന്തായാലും ഞാൻ ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നു.

Shri P. T. Chacko: I am not accepting that amendment.

Mr. Speaker: Do you press your amendment?

Shri M. Narayana Kurup: I am not pressing.

Amendment No. 971, moved by Shri M. Narayana Kurup was, by leave, withdrawn.

The question that Clause 102 stand part of the bill was put and carried.

Clause 102 was added to the Bill.

Clause 103

ശ്രീ. ഇ. പി. ഗോപാലൻ: 1730–ാം മത്തെ ഭേദഗതി ശ്രീ വി. ആർ. കൃഷ്ണയ്യരുടെ പേരിലുള്ളതാണ്. അതു് ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ് അതിൽ പറയുന്നതു് In clause 103 (1), in line 4, insert the words "or used" between the words 'leased' and 'for' എന്നാണ്. ഭേദഗതിയോടുകൂടി ബില്ലിൽ പറഞ്ഞിരിക്കുന്ന വകുപ്പ് ഇങ്ങനെ വായിക്കാം. "Notwithstanding anything contained in this Act, or in any other law, or in any contract, or order or decree of court, where, on any land

LIBRARY ARCHIVES Kerala Legislative Assembly

leased or used for commercial or industrial purpose". "leased" എന്നുള്ളതിന്റെ കൂടെ or used' എന്നുള്ളതുകൂടി ചേർക്കണമെന്നാണ്, നിയമപരമായി കൂടുതൽ സുരക്ഷിതത്വം ഉണ്ടാക്കാനാണ് ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്.

Shri N. Bhaskaran Nair: (1731) Sir, I move: in clause 103 (1), delete the words 'Commercial or' appearing in lines 5 and 7.

എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് 'കമേർഷ്യൽ' എന്നുള്ള വാക്ക് മാററണമെന്നാണ്. ഈ ക്ലാസ്സ് കൊണ്ട് ഉദ്ദേശിക്കുന്നത് ഏതെങ്കിലും സ്ഥലം ഇൻഡസ്ട്രിയൽ പർപ്പസസിനുവേണ്ടി ചാർത്തിക്കൊടുത്തിട്ടുണ്ടെങ്കിൽ അത് ഒഴിപ്പിക്കാൻ പാടില്ലെന്നാണ്. വ്യാവസായിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ഇത്തരം ആനുകൂല്യങ്ങൾ കൊടുക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. സാധാരണ കമേർഷ്യൽ എന്നുള്ള പേരിൽ വല്ല കാപ്പിക്കട ഇടുന്നതിനോ മററെന്തെങ്കിലും ചെറിയ ചെറിയ കച്ചവടങ്ങൾ നടത്തുന്നതിനുവേണ്ടി ആരെങ്കിലും ഒന്നോ രണ്ടോ സെൻറു സ്ഥലം കൊടുത്തിട്ടുണ്ടെങ്കിൽ അത് പിന്നീട് ഒഴിപ്പിച്ചെടുക്കാൻ പാടില്ലെന്നാണ് പറയുന്നത്. ഇങ്ങനെ ഒരു വ്യവസ്ഥ ഇതിൽ തുടരുകയാണെങ്കിൽ പല തരത്തിലുള്ള വൈഷമ്യങ്ങൾക്കും ഇടവരുന്നതാണ്. ഏതെങ്കിലും കച്ചവടത്തിനുവേണ്ടി ഉപയോഗിക്കാനെന്നും പറഞ്ഞു ഒരു മാടം വെച്ചുകെട്ടുകയാണെങ്കിൽ അത് ഒഴിപ്പിക്കാൻ വയ്യാത്ത സ്ഥിതി വരുത്തുന്നത് ശരിയല്ല. അതുകൊണ്ട് ഇതിൽനിന്നും കമേർഷ്യൽ എന്നുള്ള വാക്ക് എടുത്തുമാററണമെന്നുമാത്രമാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. എൻ. ഇ. ബലറാം: സർ, ഞാൻ ശ്രീ. ഭാസ്കരൻ നായരുടെ 1731-ാമത്തെ ഭേദഗതിയെ എതിർക്കുകയാണ്. വളരെ അബദ്ധം ഉണ്ടാകുന്ന ഒരു ഭേദഗതിയാണ് ശ്രീ. ഭാസ്കരൻ നായർ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കമ്മേർഷ്യൽ പർപ്പസിനുവേണ്ടിയും ചെറിയ ചെറിയ ചെറുകിട വ്യവസായങ്ങൾക്കുവേണ്ടിയും നമ്മുടെ സ്റേററിന്റെ നാനാഭാഗങ്ങളിലും വിശേഷിച്ച് മലബാർ പ്രദേശത്ത് പല സ്ഥലങ്ങളിലും ഭൂമികൾ വിട്ടുകൊടുത്തിട്ടുണ്ട്. ഇരുമ്പുപണി മററുചില കൈത്തൊഴിലുകൾ ഇവ നടത്തുന്നതിനു വേണ്ടി അര സെൻറും ഒരു സെൻറും രണ്ടു സെൻറുംവരെ പതിച്ചുകൊടുത്തിട്ടുള്ള രേഖകൾ ധാരാളം ഉണ്ട്. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ ഇത്തരത്തിലുള്ള അറുപതിലധികം ചെറിയ ഷാപ്പുകൾ ഉണ്ട്. അതിൽ പലരുടെ പേരിലും ഒഴിഞ്ഞുകൊടുക്കാനുള്ള വ്യവഹാരം അതിന്റെ ഉടമസ്ഥന്മാർ കൊടുത്തിരിക്കുകയാണ്. കാർഷികബന്ധനിയമം സസ്പെൻഡുചെയ്തതിനെത്തുടർന്ന് പലരും ഒഴിപ്പിച്ചെടുക്കാൻ ശ്രമിക്കുകയും അതിന്റെ ഫലമായി ചെറിയ കച്ചവടം ചെയ്തിരുന്നവർ ഒഴിഞ്ഞുപോകാൻ ഇടയാകുകയും ചെയ്തിട്ടുള്ള സ്ഥിതിയാണ് ഉള്ളത്. അതുകൊണ്ട് ഈ അമെൻഡുമെൻറ് സ്വീകരിക്കരുതെന്നാണ് എനിക്ക് മന്ത്രിയോട് അപേക്ഷിക്കുവാനുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ശ്രീ. ഭാസ്കരൻ നായരുടെ ഭേദഗതിയെ എതിർക്കുകയാണ്. ഈ ബിൽ ആദ്യം അവതരിപ്പിച്ചപ്പോൾ ഈ വകുപ്പ് ഇല്ലായിരുന്നു. എന്നാൽ ഈ വ്യവസ്ഥ കാർഷികബന്ധബില്ലിൽ 78-ാം വകുപ്പായി ചേർത്തിരുന്നതാണ്. ഈ ബില്ലിൽ സെലക്ററു കമ്മിററി ഭേദഗതി ചെയ്തതനുസരിച്ചാണ് ഈ വ്യവസ്ഥ കൂട്ടിച്ചേർത്തത്. ചെറിയ ചെറിയ വ്യവസായങ്ങൾ നടത്തുന്നതിനുവേണ്ടി ഭൂമികൾ പതിച്ചുകൊടുത്തിട്ടുള്ളത് കൂടുതലും മലബാറിലാണെന്ന് ശ്രീ. ബലറാം പറയുകയുണ്ടായി. എന്നാൽ നമ്മുടെ റവന്യൂമന്ത്രിക്കുതന്നെ അറിയാവുന്ന കോതമംഗലം, പാലാ തുടങ്ങിയ സ്ഥലങ്ങളിലും ഇതുപോലെ അനേകം ഭൂമി പതിച്ചുകൊടുത്തിട്ടുണ്ട്. അങ്ങനെ കൊടുത്തിട്ടുള്ള ഭൂമികളിൽ ചെറിയ ചെറിയ കടകൾകെട്ടി കച്ചവടം ചെയ്തതിന്റെ ഫലമായിട്ടും അവർ പ്രയത്നിച്ചതിന്റെ ഫലമായിട്ടും ആ സ്ഥലങ്ങളെല്ലാം വളരെയധികം പുരോഗമിച്ചിട്ടുണ്ട്. അതിന്റെ ഫലമായി ആ സ്ഥലത്തിന് ഇപ്പോൾ സെൻറിന് ആയിരത്തോളം രൂപ വിലകിട്ടുമായിരിക്കാം. വില കൂടിയതിന്റെ അടിസ്ഥാനത്തിൽ വില കൂട്ടാൻ പ്രയത്നം ചെലവഴിച്ചവരെയെല്ലാം ഒഴിപ്പിച്ചെടുക്കാമെന്നു പറയുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ശരിയല്ല. അവസ്സം, വേണമെങ്കിൽ വാടക കൂട്ടുന്നതിനുള്ള പ്രൊവിഷൻ ഇതിൽ ചേർത്തിട്ടുണ്ട്. കാർഷികബന്ധനിയമത്തിലും വാടക റിവൈസ് ചെയ്യുന്നതിനുള്ള വ്യവസ്ഥ ഉണ്ടായിരുന്നു. എല്ലാം ഒഴിപ്പിച്ച് കയ്യിലാക്കണമെന്നുള്ള ഒരു പ്രവണതകൊണ്ടാണോ ഇത്തരം ഒരു ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതെന്നറിഞ്ഞില്ല.

ശ്രീ. എൻ. ഭാസ്കരൻ നായർ: എനിക്ക് ഒന്നും ഒഴിപ്പിച്ചെടുക്കാനില്ല. എല്ലാം എന്റെ കൈവശംതന്നെയാണ്.

ശ്രീമതി കെ. ആർ. ഗൗരി: എന്റെപേരിലും ഒരൊററ കമേർഷ്യൽ സൈററുമില്ല. നിയമം മി. ഭാസ്കരൻ നായക്കും എനിക്കും മാത്രം വേണ്ടിയല്ലല്ലോ. ആ നിലയ്ക്കല്ലോ ഞാൻ പറയുന്നതും. പിന്നെ ഇങ്ങനെ ഒഴിപ്പിച്ചെടുക്കണമെന്നു പറയുന്നത് അനാവശ്യമായ ഒരു മോഹംകൊണ്ടുമാത്രമായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. വേണമെങ്കിൽ വാടക റിവൈസ് ചെയ്യുവാനുള്ള പ്രൊവിഷൻ എഴുതിച്ചേർത്തിട്ടുള്ളതുകൊണ്ട് ഇത്തരം ഒരു ഭേദഗതി സ്വീകരിക്കേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. പി. ടി. ചാക്കോ: ഞാൻ ഇതിൽ ഒരു ഭേദഗതിയും സ്വീകരിക്കുന്നില്ല.

Mr. Speaker: Shri Gopalan, do you press your amendment?

Shri E. P. Gopalan: I don't press.

Amendment No. 1730 moved by Shri E. P. Gopalan, was by leave, withdrawn.

Mr. Speaker: Do you press your amendment, Mr. Bhaskaran Nair?

Shri N. Bhaskaran Nair: I don't press.

Amendment No. 1731 moved by Shri N. Bhaskaran Nair, was by leave, withdrawn.

The question that Clause 103 stand part of the Bill was put and carried.

Clause 103 was added to the Bill.

New Claues after Clause 103.

ശ്രീ. ഇ. പി. ഗോപാലൻ: സർ, 1732-ാമത്തെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1732. After clause 103, add a new clause and number it as clause 103 A:

"Notwithstanding anything contained in this Act or in any other law or in any contract whenever a Kudikidappukaran is either evicted or shifted he shall be entitled to the cost incurred by him for erection, reconstruction or improvement of the hut or homestead at the time of such eviction or shift ng".

സർ, ഈ ഭേദഗതി ഇവിടെ കൊടുക്കാൻ കാരണമായിവന്നത് ക്ലാസ് 74 ഇപ്പോഴും നിൽക്കുന്ന തരത്തിൽ പാസ്സാക്കിയിരിക്കുകൊണ്ടാണ്. ക്ലാസ് 74-ൽ സബ്ക്ലാസ് 2-ൽ സ്ഥാനം 4 നിൽക്കുന്നത്.

"the landholder shall transfer ownership and possession of the new site to the Kud kidappukaran and shall pay to him the reasonable cost of shifting the Kudikidappu to the new site."

LIBRARY ARCHIVES Kerala Legislative Assembly

കുടികിടപ്പ് ഷിഫ്റ്റു ചെയ്യുന്നതിനുള്ള ചെലവേ യഥാർത്ഥത്തിൽ കുടികിടപ്പുകാരന് കിട്ടുകയുള്ളൂ എന്നു വ്യക്തമാകുന്നു. കുടികിടപ്പുകാരന് ചമയവില ഒന്നുംതന്നെ കിട്ടുകയില്ല എന്നു വരുന്നു. ഇതല്ല ഉദ്ദേശമെന്നും വ്യക്തമാണ്. കുടികിടപ്പുകാരന് ചമയവില കിട്ടാൻ അവകാശമില്ലെന്ന് കാണിക്കുന്ന ഒരു സബ്ക്ലാസ് ഇതിനുമുമ്പ് എടുത്തുകളഞ്ഞിട്ടുണ്ട്. ഇതു കൊണ്ട് അർത്ഥമാകുന്നതെന്താണ്? ചമയവില കിട്ടാൻ കുടികിടപ്പുകാരന് അവകാശമുണ്ടെന്നല്ലേ? എന്നാൽ, ക്ലാസ്സ് 74, സബ്ക്ലാസ്സ് 2, സ്ഥാറം 4 അനുസരിച്ച്, കുടികിടപ്പ് മാററുന്നതിനുള്ള ചെലവുമാത്രമേ കിട്ടുകയുള്ളൂ. കുടികിടപ്പ് ഷിഫ്റ്റ് ചെയ്യുന്നതിനുള്ള ചെലവു കിട്ടിയാൽ പോരാ, തന്റെ കുടികിടപ്പിന്റെ ചമയവില കൂടി കിട്ടണമെങ്കിൽ ഈ ഭേദഗതിയെ അംഗീകരിച്ചേ മതിയാവൂ. കുടികിടപ്പുകാരന് പ്രതിഫലം കിട്ടാൻ അർഹതയുണ്ട്. കഴിക്കൂർ ചമയങ്ങൾ കിട്ടാൻ അവകാശമുണ്ട് എന്നുള്ള തത്വം സ്വീകരിച്ചു കഴിഞ്ഞപ്പോൾ 74—ൽ സബ്ക്ലാസ്സ് 2 സ്ഥാറം 4-ൽ പറയുന്നതുപോലെ ഷിഫ്റ്റു ചെയ്യാനുള്ള ചെലവുമാത്രമേ കിട്ടുകയുള്ളൂ എന്നു വന്നാൽ, ഉദ്ദേശം നിറവേററപ്പെടുന്നില്ല. അതു സാധിക്കുന്നതിന്നാണ് ഈ ഭേദഗതി. കുടികിടപ്പുകാരന് ഒരു അവകാശം കൊടുക്കുന്നുണ്ട്. കുഴിക്കൂർ ചമയങ്ങൾ കിട്ടാൻ അർഹതയുണ്ട് എന്നംഗീകരിച്ചുകഴിഞ്ഞാൽ, സ്വാഭാവികമായും നിയമപരമായ ഒരു വൈകല്യംകൊണ്ടോ, ഒരു മറവികൊണ്ടോ, അല്ലെങ്കിൽ നോട്ടക്കുറവു കൊണ്ടോ, വല്ലതും സംഭവിച്ചിട്ടുണ്ടെങ്കിൽ അതു മാററണം എന്ന ബോധത്തോടു കൂടിയാണ് ഈ 103—ാം വകുപ്പിനുശേഷം ഒരു പുതിയ വകുപ്പായി ഈ ഭേദഗതി കൊണ്ടുവരുന്നതു്. ഇതിന്റെ ഉദ്ദേശം വളരെ വ്യക്തമാണ്. കുടികിടപ്പുകാരനെ ഷിഫ്റ്റു ചെയ്യുമ്പോൾ ഒരിടത്തുനിന്ന് മറെറാരിടത്തേയ്ക്കു മാററുന്നതിനുള്ള ചെലവുമാത്രമല്ല കുടികിടപ്പുകാരൻ ഉണ്ടാക്കിയിട്ടുള്ള ചമയഅവകാശവുംകൂടി അയാൾക്ക് കിട്ടാൻ അവകാശമുണ്ടെന്ന് വ്യക്തമാക്കുന്നതാണ് ഭേദഗതി.

"........a Kudikidappukaran is either evicted or shifted he shall be entitled to the cost incurred by him for erection, reconstruction or improvement of the hut or homestead at the time of such eviction or shifting".

ഷിഫ്റ്റു ചെയ്യുകയായാലും എവിക്ട് ചെയ്യുകയായാലും കുടികിടപ്പുകാരന് കിട്ടേണ്ട ചമയവില കിട്ടണം. ഇപ്പോൾ ബില്ലിൽ അതിനു പ്രൊവിഷൻ ഇല്ല. അതുകൊണ്ട്, കുടികിടപ്പുകാരന് ചമയവില കിട്ടാൻ അവകാശമുണ്ടെന്നു കാണിക്കുന്ന ഇത്തരം ഒരു വകുപ്പ് ഈ ബില്ലിൽ വളരെ അത്യാവശ്യമാണ്. 74 പാസ്സാക്കിക്കഴിഞ്ഞപ്പോൾ വന്നുകൂടിയിട്ടുള്ള ഒരു വൈകല്യമാണിതു് എന്ന് ന്യായമായി സംശയിക്കുന്നു. ഈ കോട്ടം തീർക്കേണ്ടതുണ്ട്. തക്ക സമയത്തു് ചൂണ്ടിക്കാണിക്കാനോ, വേണ്ടുന്ന ഭേദഗതികൾ 74—ൽതന്നെ വരുത്താനോ കഴിഞ്ഞിട്ടില്ല എന്നുള്ളതു് വ്യക്തമാണ്. ഇനി ഒന്നേ ചെയ്യാൻ കഴിയൂ. 103–ാം വകുപ്പിനുശേഷം ഒരു പുതിയ ക്ലാസ്സ് ചേർത്തുകൊണ്ട് ഇതു് പരിഹരിക്കുക എന്നതാണ്. ഉത്തമമാർഗ്ഗമെന്ന വിശ്വാസത്തോടുകൂടിയാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നതു്. ഈ ഭേദഗതി സ്വീകരിക്കപ്പെടേണ്ടതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു. 74—ൽ കുടികിടപ്പുകാരനെ ഒഴിപ്പിക്കുന്നതിന് രണ്ടു സൗകര്യങ്ങളാണ് കൊടുത്തിട്ടുള്ളതു്. ഒന്ന് പറമ്പുടമസ്ഥന് വീടുവയ്ക്കുന്നതിനാവശ്യമായി വന്നാൽ അവനെ ഒഴിപ്പിക്കാം. രണ്ടാമത്തു് 74—ൽ 4—ാം ഉപവകുപ്പനുസരിച്ച് കുടികിടപ്പ് ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തിരിക്കുന്നതു് പറമ്പുടമസ്ഥന് അസൗകര്യമാണെന്നുകണ്ടാൽ ആ പറമ്പിന്റെ മറെറാരു ഭാഗത്തേയ്ക്കു മാററാം. ഇതു രണ്ടും ഒഴിപ്പിക്കലുകളാണ്. എന്നാൽ വീടുവയ്ക്കുന്ന ആവശ്യത്തിനുവേണ്ടി ഒഴിപ്പിക്കുന്ന സമയം ആ പറമ്പുടമസ്ഥന് പുതുതായി കൊടുക്കുന്ന സ്ഥലം കൂടാതെ മാററുന്നതിനാവശ്യമായ ചെലവും വഹിക്കണം. അതുപോലെതന്നെ ഈ വീട് കുടികിടപ്പുകാരന്റെയാണെങ്കിൽ അതിന്റെ വിലയും കൊടുക്കണം. എന്നാൽ 4—ാം ഉപവകുപ്പനുസരിച്ച് മാററുന്നതിനാവശ്യമായ സഹായം ചെയ്യു

ന്നതിനെപ്പററി പറയുമ്പോൾ വീട്ടിന്റെ വില കൊടുക്കേണ്ട കാര്യം പറയുന്നില്ല. മാററുന്നതിനാവശ്യമായിട്ടുള്ള ചെലവു കൊടുക്കുന്ന കാര്യംമാത്രമേ പറയുന്നുള്ളു. കുടികിടപ്പുകാരനു് കൊടുക്കേണ്ട ഭൂമിയും മാറുന്നതിനു് ആവശ്യമായ ചെലവും കൊടുത്താൽ ഷിഫ്ററു ചെയ്യുന്ന കാര്യത്തിൽ പറമ്പിന്റെ ഏതെങ്കിലും മൂലയിലേയ്ക്കു് കുടികിടപ്പുകാരനെ ഒഴിപ്പിക്കാൻ കഴിയും. ഇതു് യാദൃശ്ചികമായി വന്ന പിശകാണെന്നാണു് തോന്നുന്നതു്. കാരണം കുടികിടപ്പുകാരനെ മാററുന്നതിനുവേണ്ടി പറമ്പുടമസ്ഥനു് സൗകര്യം ചെയ്തു കൊടുത്ത ആദ്യവകുപ്പിൽതന്നെ കുടികിടപ്പുകാരന്റെ പുരയ്ക്കു് അതിന്റെ വില കൊടുക്കേണ്ട കാര്യം പറയുന്നുണ്ടു്. അതുപോലുള്ള പ്രധാനപ്പെട്ട ഒന്നാണു് പറമ്പുടമസ്ഥന്റെ സൗകര്യത്തിനുവേണ്ടിയുള്ള മാററവും.

മി. സ്പീക്കർ: അമെൻറുമെൻറിനെപ്പററി സംസാരിച്ചാൽ മതി.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ വേറെ പോയിൻറു് ചൂണ്ടിക്കാണിക്കാനാണു് പറയുന്നതു്. ഇനി വരാൻ പോകുന്നതു് അധികം ഒഴിപ്പിക്കലുകളായിരിക്കും. സ്വന്തമായി വീടുവയ്ക്കുവാൻ ബോണഫൈഡിയായിരിക്കണം എന്നു പറയുന്നുണ്ടു്. സൗകര്യാർത്ഥം ഒഴിപ്പിക്കുമ്പോൾ ഇതില്ല. അതുകൊണ്ടു് ഇങ്ങനെ വളരെയധികം ഒഴിപ്പിക്കലുകൾ വരാനിടയുള്ള ഉപവകുപ്പുകൾ ചേർക്കുമ്പോൾ യഥാർത്ഥത്തിൽ ഒഴിപ്പിക്കാൻ വളരെയധികം പ്രേരണകളുള്ള വകുപ്പുകളായതുകൊണ്ടു് ഇതു പിശകുവന്നതാണെന്നാണു് തോന്നുന്നതു്. അതുകൊണ്ടു് ഇതു തിരുത്തി ഈ ഭേദഗതി അംഗീകരിക്കണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ എം. നാരായണക്കുറുപ്പു്: സർ, പിശകാണെന്നുവച്ചു് പുതിയ സെക്ഷൻ ചേർക്കുന്നതിനു പകരം 4-ൽതന്നെ വാല്യു എന്നു ചേർക്കുന്നതായിരിക്കും ശരി.

Shri P. T. Chacko: I am prepared to accept the principle of the amendment moved by Shri E. P. Gopalan, i.e. amendment No. 1732. But it may not be very proper to include it as a new section. In clause 74 (2) and (3), it has already been provided that the price of the homestead will also be given to the kudikidappukaran. In clause 74 (4), it has not been provided. If the House would agree, I am prepapred to re-open Clause 74 (4) and include the words "and pay the price of the homestead, if any, erected by the kudikidappukaran". That will cover the amendment. I am moving this oral amendment, if the House agrees.

"In Clause 74, Sub-clause (4) in the Second proviso, the following words namely, "the price of the homestead if any erected by the kudikidappukaran and" shall be inserted between the words 'and pay' and the words 'the cost' occurring towards the end."

Mr. Speaker: I think the House agrees.

The House signified its assent to reopen clause 74 which had been adopted earlier and to adopt it again subject to the above amendment.

The amendment was put and carried.

Mr. Speaker: Do you press your amendment?

Shri E. P. Gopalan: No, Sir.

Amendment No. 1732 moved by Shri E. P. Gopalan was, by leave, withdrawn.

The question that Clause 74, as amended, stand part of the Bill was put and carried.

Clause 74, as amended, was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 104

Mr. Speaker: Now, Clause 104.

The question that Clause 104 stand part of the Bill was put and carried.

Clause 104 was added to the Bill.

Clause 105

Mr. Speaker: Amendment No. 1746 may be moved by Shri T. A. Thomman.

Shri T. A. Thomman: Sir, I am not moving my amendment.

The question that Clause 105 stand part of the Bill was put and carried.

Clause 105 was added to the Bill.

Clause 106

Mr. Speaker: Clause 106.

The question that Clause 106 stand part of the Bill was put and carried.

Clause 106 was added to the Bill.

New Clause after Clause 106

Mr. Speaker: Amendment No. 972 is barred by the acceptance of New Clause 28A.

Clause 107

Mr. Speaker: Shri M. Narayana Kurup may move amendment No. 973.

Shri M. Narayana Kurup: In clause 107, sub-clause (2) delete the third sentence.

Sir, the section reads like this:

"A draft of the notification proposed to be issued under sub-section (1) shall be laid before the Legislative Assembly for a period of ten days and the Legislative Assembly may approve the draft with or without modification or disapprove the draft during the period in which it is so laid. On approval of the draft by the Legislative Assembly, the Government shall publish the notification as approved, in the Gazette. If the Legislative Assembly, does not—

(i) approve with or without modification; or

(ii) disapprove,

the said draft during the period aforesaid it shall be lawful for the Government to publish the notification in the Gazette in terms of the draft."

Smt. K. R. Gouri: Unless it is notified it cannot come into force.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ്: എനിക്കു് ഇതു വായിച്ചപ്പോഴും മനസ്സിലായില്ല. അതുകൊണ്ടാണു് ഇതു കൊടുത്തതു്.

"If the legislative Assembly does not approve with or without modification" അതുവരെമനസ്സിലായി. 'disapprove the said draft' എന്നാൽ ഡിസപ്രൂവ് ചെയ്താൽ എന്തു ഡ്രാഫ്റ്റാണു് ഗവണ്മെൻറു് പ്രസിദ്ധീകരിക്കേണ്ടതെന്നു മനസ്സിലായില്ല. ആശയക്കുഴപ്പം ഉണ്ടായതുകൊണ്ടു് ഈ അവസാനഭാഗം ഇല്ലെങ്കിലും അതിന്റെ ഉദ്ദേശം വ്യക്തമാകുമെന്നു തോന്നി. അല്ലെങ്കിലും ആശയം വ്യക്തമായിട്ടില്ല. അതുകൊണ്ടു് ഡിസപ്രൂവ് ചെയ്താൽ ഡ്രാഫ്റ്റു് പ്രസിദ്ധീകരിക്കേണ്ട ആവശ്യമില്ല.

ശ്രീമതി കെ. ആർ ഗൗരി: ഡിസപ്രൂവ് ഇന്നതാണെന്നു് നോട്ടിഫിക്കേഷൻ ചെയ്യേണ്ടേ?

ശ്രീ. പി. ടി. ചാക്കോ: ഈ പ്രശ്നം ഇത്ര ഗൗരവമായിട്ടു തോന്നുന്നില്ല. ഇതുതന്നെ അഗ്രേറിയൻ റിലേഷൻസ് ബില്ലിലെ സെക്ഷൻ 82 ആണു്. ഇതു് നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്യണമെന്നാണു്. നിയമസഭയിൽ വന്നാൽ ചിലപ്പോഴം ഭേദപ്പെടുത്തേണ്ടിയും വരും. ഇതിൽ കൂടുതൽ ക്ലാരിഫിക്കേഷൻ ഒന്നും ആവശ്യമില്ല.

ശ്രീ. സി അച്യുതമേനോൻ: ശ്രീ. കുറുപ്പ് പറഞ്ഞ സംശയം എനിക്കും ഉണ്ടായി. ഡിസപ്രൂവ് ചെയ്താൽ എന്തു ഡ്രാഫ്റ്റാണു് ഗവണ്മെൻറു് പ്രസിദ്ധീകരിക്കേണ്ടതു്. പിന്നെ എന്തിനാണു് പബ്ലിഷ് ചെയ്യേണ്ടതു്.

ശ്രീ. എം. നാരായണക്കുറുപ്പ്: അഗ്രേറിയൻ റിലേഷൻസ് ആക്റ്റിൽ ഉണ്ടെന്നു പറഞ്ഞു. അതിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നതു് അസംബ്ലിയിൽ പ്രിലിമിനറി നോട്ടിഫിക്കേഷൻ ഡിസപ്രൂവ് ചെയ്യേണ്ട എന്നാണു്.

ശ്രീമതി കെ. ആർ. ഗൗരി: ഡ്രാഫ്റ്റു് പ്രസിദ്ധീകരിച്ചതിനുശേഷം അസംബ്ലി അപ്രൂവ് ചെയ്തില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: കാർഷികബന്ധ ബില്ലിൽ ഉണ്ടെന്നു വച്ചു് ആ അബദ്ധങ്ങളെ സാധൂകരിക്കാൻ ശ്രമിക്കണമെന്നില്ല.

ശ്രീ. സി. അച്യുതമേനോൻ: സാധാരണ നമ്മൾ റൂംസൊക്കെ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞിട്ടു് അതു പിന്നീടു് പരിശോധിച്ചു് അസംബ്ലി തന്നെ വല്ല അമെൻറുമെൻറും കൊണ്ടുവന്നു് പാസ്സാക്കിക്കഴിഞ്ഞാൽ പിന്നെ പ്രസിദ്ധം ചെയ്യേണ്ട ആവശ്യമില്ല.

Mr. Speaker: Are you pressing your amendment, Shri Naranyana Kurup?

Shri M. Narayana Kurup: No.

ശ്രീമതി കെ. ആർ. ഗൗരി: ഇതിൽ പറയുന്നതു് അസംബ്ലി ഒന്നും ചെയ്തില്ലെങ്കിലുള്ള കണ്ടീഷനാണു്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഡിസപ്രൂവ് ചെയ്തുവച്ചിട്ടു് രണ്ടാമതും പ്രസിദ്ധപ്പെടുത്തുമെന്നാണെങ്കിൽ അതിന്റെ അർത്ഥമെന്താണു്?

Shri P. T. Chacko: The Legislative Assembly may approve with or without modification or disapprove the draft. This is placed on the Table. The Assembly does nothing. The Government can publish the notification in the Gazette in terms of the draft. It is so clear.

LIBRARY ARCHIVES Kerala Legislative Assembly

Shri M. Narayana Kurup: Sir, I do not press.

Amendment No. 973 moved by Shri M. Narayana Kurup was, by leave, withdrawn.

The question that Clause 107 stand part of the Bill was put and carried.

Clause 107 was added to the Bill.

Clause 108

The question that Clause 108 stand part of the Bill was put and carried.

Clause 108 was added to the Bill.

Clause 109

ശ്രീമതി കെ. ആർ. ഗൗരി : സർ, എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

1733. In clause 109 sub-clause (3) may be substituted as follows:

"(3) The Kudikidappukaran is entitled to the value of three cents of lands if the total extent of land acquired is below one acre and to the value of ten cents of land, if the land acquired is one acre or above in extent."

സർ, ഇവിടെ 109 (3) ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നതു്,

"The kudikidappukaran shall be entitled to ninety per cent of the value of the land occupied by his homestead or hut" എന്നാണു്. ഇതു് കാർഷികബന്ധ നിയമത്തിലെ വകുപ്പു് അതുപോലെതന്നെ ചേർത്തിരിക്കുകയാണു്. കാർഷികബന്ധനിയമം നടപ്പിൽ ആകുന്നതിനു മുൻപു് ഭൂമി പൊന്നുംവിലയ്ക്കെടുക്കുകയാണെങ്കിൽ കുടികിടപ്പുകാരനു് യാതൊന്നും കിട്ടാൻ അവകാശമില്ലായിരുന്നു. കുടികിടപ്പുകാരനു് കെട്ടിടം ഉണ്ടെങ്കിൽ അതു് പൊളിച്ചുകൊണ്ടുപോകാം. കാർഷികബന്ധ നിയമം വന്നപ്പോൾ കുടികിടപ്പുകാരൻ 'occupy' ചെയ്യുന്നതായ കുടികിടപ്പു് നിൽക്കുന്ന സ്ഥലത്തിന്റെ കുടികിടപ്പുകാരൻ 90 ശതമാനം വാല്യു കിട്ടത്തക്കതായ വ്യവസ്ഥ എഴുതിയതാണു്. ഈ അടുത്തകാലത്തു് കുടികിടപ്പുകാരെ മാററുമ്പോൾ ഒരു വലിയ പ്രശ്നം ഇന്നു ഉത്ഭവിക്കുന്നു. പൊന്നുംവില നടപടികൾ അകാരണമായി താമസിക്കുന്നതിനുള്ള പ്രധാനകാരണം ഇതാണു്. വളരെ കൂടുതൽ കുടികിടപ്പുവരുന്ന സ്ഥലങ്ങൾ പൊന്നുംവിലയ്ക്കെടുക്കുകയാണെങ്കിൽ അവരെ മാററിത്താമസിപ്പിക്കുന്നതിനുള്ള നിവേദനവുമായി നടന്നു്, ചിലയിടത്തു് അവരുടെ നിവേദനം കേട്ടു എന്നു വരാം, ചിലയിടത്തു് അവരുടെ നിവേദനം കേൾക്കാതെ ഒഴിപ്പിച്ചു എന്നും വരാം. ഏതായാലും കാലതാമസം വരാൻ ഇടയുണ്ടു്. ഈ ബില്ലിലെ 74 മുതൽ 78 വരെയുള്ള വകുപ്പുകൾ നാം പാസ്സാക്കി. അതിൽ 74-ാമത്തെ വകുപ്പിൽ കുടികിടപ്പുകാർക്കു്

"The extent of the new site shall be the extent of the existing kudikidappu, subject to a minimum of three cents and a maximum of ten cents." എന്നു പറഞ്ഞിട്ടുണ്ടു്. അതിൽ കുടികിടപ്പുകാരെ മാററിത്താമസിപ്പിക്കുകയാണെങ്കിൽ അവർക്കു് മൂന്നു സെൻറു ഭൂമി കൊടുക്കണമെന്നും വേണമെങ്കിൽ, ജന്മിക്കു് തോന്നുകയാണെങ്കിൽ, 10 സെൻറു ഭൂമി കൊടുക്കാമെന്നുമുള്ള വകുപ്പുകൾ എഴുതിച്ചേർത്തുവച്ചിട്ടുണ്ടു്. അതു ഏതായാലും പൊന്നുംവിലയ്ക്കെടുക്കുന്ന അവസരത്തിലും ഇതുപോലെ 3 സെൻറും പത്തു സെൻറും കൊടുക്കാൻ ഇവിടെ എഴുതിച്ചേർക്കണം. എന്റെ ഭേദഗതി—ഒരു ഏക്കറിനു താഴെ പൊന്നുംവിലയ്ക്കെടുക്കുകയാണെങ്കിൽ കുടികിടപ്പുകാരനു് 3 സെൻറും അതിനു മുകളിലാണെങ്കിൽ 10 സെൻറിന്റെ വിലയും കൊടുക്കണമെന്നാണു്. ഇതു് ഒൻപതാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുമെന്നാണു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്. കാൺസ്റ്റിററ്യൂഷണാലിററി ഒന്നും നോക്കിയിട്ടു കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

14, 19, 31 ആർട്ടിക്കിൾസ് എന്നിവയെ സംബന്ധിച്ചുള്ള കൺസ്റ്റ്യൂഷൻസ് കോടതിയിൽ പോകാൻ ന്യായമില്ല. ആ നിലയ്ക്ക് കുടികിടപ്പുകാരന് കൊടുത്തിട്ടുള്ളതായ അവകാശം, ഒരേക്കറിന് താഴെയാണ് ഭൂമി പൊന്നുംവിലയ്ക്ക് അക്വയർ ചെയ്യുന്നതെങ്കിൽ ഒഴിപ്പിക്കപ്പെടുന്ന കുടികിടപ്പുകാരന് 3 സെൻറു ഭൂമി, അതിന് മുകളിലാണ് അക്വയർ ചെയ്യുന്നതെങ്കിൽ 10 സെൻറു ഭൂമി കൊടുക്കണമെന്നു എഴുതിയിട്ടുണ്ടല്ലോ. അതുമാതിരി കുടികിടപ്പുകാരനെ ഒഴിപ്പിക്കുമ്പോൾ മൂന്നു സെൻേറാ പത്തു സെൻേറാ ഭൂമി കൊടുക്കത്തക്കവണ്ണമുള്ള ഒരു വ്യാഖ്യാനമുണ്ടാകണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. എൻെറ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടും ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ടും അപ്പുറത്തുനിന്നു ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. ശ്രീ പി. എസ്. ശ്രീനിവാസൻെറ ഭേദഗതിയാണെങ്കിൽ ഇഷ്ടമുള്ളതു കൊടുക്കണമെന്നാണ്. ഞാൻ അങ്ങനെ എഴുതാത്തതിൻെറ കാരണം എന്താണെന്നു വച്ചാൽ Land acquisition കോടതി തീരുമാനിച്ചുകൊള്ളട്ടെ എന്നതുകൊണ്ടാണ്. ജന്മി ഇന്നതു കൊടുക്കണമെന്നുള്ള വിധത്തിൽ വ്യക്തമായി എഴുതി വയ്ക്കണം. ഈ സഭയുടെ എല്ലാ ഭാഗത്തുമുള്ള അഭിപ്രായങ്ങൾ ഇതുതന്നെയാണെന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചതു്. അതുകൊണ്ടാണ് ആ ഭാഗത്തുനിന്നും ഇതു സംബന്ധിച്ചുള്ള ഭേദഗതികൾ വന്നതു്. കുടികിടപ്പുകാരന് ഇന്ന് കിട്ടുന്നതായ ആനുകൂല്യങ്ങളെങ്കിലും നഷ്ടപ്പെടരുതു്. പൊന്നുംവിലയ്ക്കെടുക്കുന്ന നടപടികൾ ഈ കാരണംകൊണ്ട് തടസ്സപ്പെടരുതു്. എത്ര പോയാലും ഒരു സെൻറിൽ കൂടുതലുള്ള കുടിയിരുപ്പൊന്നും ഇന്നു കാണുകയില്ല. ഒരു സെൻറു തന്നെ കാണുകയില്ല. തൊഴുത്തുപോലെ ഓലകൊണ്ടു മേഞ്ഞ കുടിൽ ഏകദേശം കാൽ സെൻറിൽ ഉൾക്കൊള്ളും. കാൽ സെൻറിൽ കൂടുതലുള്ള കുടിയിരുപ്പു വളരെ ചുരുക്കമാണ്. അതിൽ 90 ശതമാനം വില കിട്ടിയാൽ കുടിമാറിത്താമസിക്കുവാൻ മതിയാകുകയില്ല. ഏതെങ്കിലും വിധത്തിൽ മുൻപു കൊടുത്തിരുന്ന ആനുകൂല്യങ്ങൾ, ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള അഭിപ്രായങ്ങൾ ആദരിച്ചുകൊണ്ട്, ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട്, ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു.

Shri K. R. Vijayan: I move:

1747. In clause 109 (1), in line 2, after the word 'acquired' add the following:

"on or after 15th February 1961"

ഈ ഭേദഗതി അവതരിപ്പിക്കുവാൻ എന്നെ പ്രേരിപ്പിച്ച പ്രധാന സംഗതി ഭൂമി പൊന്നുംവിലയ്ക്കെടുക്കുമ്പോൾ പ്രതിഫലം ഏതു രൂപത്തിൽ വീതിച്ചെടുക്കണമെന്നുള്ളതിനെ സംബന്ധിച്ച് കുടിയാനും കുടികിടപ്പുകാരനും ഒരു സംശയം വരാൻ ഇടയുള്ളതാണ്. കാർഷികബന്ധ ബില്ലിലെ 84-ാം വകുപ്പ് പ്രാബല്യത്തിൽ വന്ന സമയം മുതലാണ് കുടികിടപ്പുകാരനും കുടിയാനും അതിൻെറ പ്രതിഫലത്തിൻെറ ഒരു പങ്ക് കിട്ടാനുള്ള അവകാശം സിദ്ധിച്ചതു്. ആ വകുപ്പ് 15-2-1961-ൽ പ്രാബല്യത്തിൽവന്നു. ഈ അടുത്തകാലത്തു് കാർഷികബന്ധ നിയമം പ്രാബല്യത്തിൽ ഇല്ലാത്ത സമയത്തു് അക്വയർ ചെയ്തു പോയിട്ടുള്ള ഭൂമികളിലെ കുടിയാന്മാരുടെയും കുടികിടപ്പുകാരുടേയും അവകാശത്തെ സംബന്ധിച്ച് ഇന്നത്തെ ഈ വകുപ്പ് ഈ രൂപത്തിൽ ഒരു പരിരക്ഷ നൽകാൻ പ്രാപ്തമാണോ എന്നാണ് എൻെറ സംശയം. നിയമം പ്രാബല്യത്തിലില്ലാത്ത അവസരത്തിൽ അക്വയർ ചെയ്തുപോയ സ്ഥലങ്ങളെ സംബന്ധിച്ച് വാസ്തവത്തിൽ കിട്ടാൻ അർഹതയുള്ള പ്രതിഫലസംഖ്യ അവർക്ക് കിട്ടാതെ പോകുകയാണെങ്കിൽ അതു് വളരെ കഷ്ടമായിരിക്കും. അതുകൊണ്ട് എന്തെങ്കിലും പാകപ്പിഴകൾ വന്നുപോയാൽ അതു് പരിഹരിക്കുന്നതിനു വേണ്ടി ഈ തീയതി അതായതു് 84-ാം വകുപ്പ് പ്രാബല്യത്തിലിരുന്ന 15-2-1961 മുതൽ അക്വയർ ചെയ്ത സ്ഥലങ്ങൾക്കും ഇതു് ലഭിക്കത്തക്കവിധത്തിൽ ഭേദഗതി ചെയ്യാൻ ഈ ഭേദഗതി സ്വീകരിച്ചാൽ സാധിക്കുമെന്നാണ് എൻെറ പ്രതീക്ഷ. അതുകൊണ്ട് എൻെറ ഭേദഗതി സ്വീകരിക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri P. T. Chacko: The following oral amendment may be accepted:

At the end of the Explanation under clause 109 (4), the following may be added: "and section 29 respectively". This is the amendment which I have brought. I am not accepting any other amendments. The last portion of the Explanation will read:

"....this explanation shall be as calculated under the provisions of sections 27 and 29 respectively".

Shri M. Narayana Kurup: It is consequential.

ഇതിൽ പറയുന്ന ഇൻറർമീഡിയറി അതേ നിലയിൽ ഇരിക്കുകയല്ലേ നല്ലതു്? അതൊരു പ്രത്യേക ഫെയർറെൻറു് ഫിക്സേഷനാണു്. അപ്പോൾ നാം ഇതിനെ സ്പർശിക്കുകയാണെങ്കിൽ മുഴുവനും സ്പർശിക്കണം. അല്ലെങ്കിൽ ഒന്നിനേയും സ്പർശിക്കാതിരിക്കുകയാണു് നല്ലതെന്നു് എനിക്കു തോന്നുന്നു.

Shri P. T. Chacko: Sir, this has been considered and I agree that since there is reference to the rent payable by the cultivating tenant and the intermediary, it is necessary to mention section 29. That will be enough.

ശ്രീ എം. നാരായണക്കുറുപ്പ്: ഫെയർറെൻറു് ഫിക്സേഷൻെറ ഫലമായിട്ടാണു് ഇതു് വരുന്നതു്. അപ്പോൾ അതു പറഞ്ഞില്ലെങ്കിലും വിഷമം ഉണ്ടാകുമെന്നു തോന്നുന്നില്ല. പക്ഷെ പറയുകയാണെങ്കിൽ എല്ലാം പറയണം.

ശ്രീമതി കെ. ആർ. ഗൗരി: എൻെറ ഒരു ഭേദഗതിയുണ്ടു്. അതേപ്പററി ഒന്നും പറഞ്ഞില്ല.

Shri P. T Chacko: I said I don't accept it.

Mr. Speaker: Shri Ramakrishnan, do you press your amendment No. 1327, moved earlier?

Shri T. K. Ramakrishnan: Yes, I press.

Amendment No. 1327 moved by Shri T. K. Ramakrishnan was put and lost.

Mr. Speaker: Mr. K Krishna Pillai, do you press amendment No. 1668, moved earlier?

Shri K. Krishna Pillai: I press.

Amendment No. 1668, moved by Shri K. Krishna Pillai was put and lost.

Mr. Speaker: Do you press your amendment.

Smt. K. R. Gouri: Yes, I am pressing.

Amendment No. 1733 moved by Smt. K. R. Gouri, was put and lost.

The oral amendment moved by the Minister was put and carried, viz; In clause 109, to the Explanation to sub-clause (4), the figures and words "and Section 29 respectively" shall be added at the end.

LIBRARY ARCHIVES Kerala Legislative Assembly

Shri K.R. Vijayan: I am not pressing my amendment.

Amendment No. 1747 moved by Shri K. R. Vijayan, was, by leave, withdrawn.

The question that clause 109, as amended, stand part of the Bill was put and carried.

The clause, as amended, was added to the Bill.

9 a.m.] *New Clause after Clause* 109

Shri P. T. Chacko: I move amendment No. 1717.

After clause 109, the following clause shall be inserted, namely:—

"109A. *Prices published under Section 41 to be deemed to be market rates:*—If, for the purposes of this Act, the price of any commodity referred to in Section 41 has to be commuted into money at the market rate for any date. Such commutation shall be made at the price of that commodity published by the District Collector under the said Section for the relevant quarter".

The amendment was put and carried.

The question that the new Clause after Clause 109 stand part of the Bill was put and carried.

The new Clause after Clause 109 was added to the Bill.

Clause 110

The question that clause 110 stand part of the Bill was put and carried.

Clause 110 was added to the Bill.

Clause 111

ശ്രീമതി കെ. ആർ. ഗൗരി: സർ, ഇതിൽ ഒരു സംശയമുണ്ട്. റെകഗ്നൈസ്ഡ് ഏജൻറ് എന്നു മുകളിൽ പറഞ്ഞതിനുശേഷം 'പവ്വർ ഓഫ് അറേറാർണി' എന്നു ചേർക്കുന്നതു റൂളിലാകുമ്പോഴം ശരിയായിരിക്കുകയില്ല എന്നു എനിക്കു തോന്നുന്നു. 'പവ്വർ ഓഫ് അറേറാർണി' എന്നു പറഞ്ഞാൽ സ്റ്റാമ്പ് ഒട്ടിക്കേണ്ടി വരും. അതിനൊക്കെയുള്ള ഫീസ്സ് വളരെ കൂടുതലാണ്. റെകഗ്നൈസ്ഡ് ഏജൻറ് എന്നുള്ള നിലയിൽ 'പവ്വർ ഓഫ് അറേറാർണി' തന്നെ വേണമോ, അതോ വക്കാലത്തു കൊടുത്താൽ മതിയോ എന്നുള്ളതു നോക്കണം. കാരണം കോടതിയിൽ ചെന്നാൽ ചിലതു തള്ളിപ്പോയി എന്നു വരും. മന്ത്രിയുടെ അഭിപ്രായം എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

Shri P. T. Chacko: Sir, why should I express that here? This, according to me is very clear. Any appearance, application or act in any Land Tribunal or Land Board can be made or done by a party in person or by his recognised agent or by a pleader appearing, applying or acting as the case may be on his behalf. Any recognised agent can appear.

Shri M. Narayana Kurup: 'Recognised agents' under sub-clause (2) can be persons holding powers of attorney.

Smt. K. R. Gouri: It is stated in sub clause (2) that recognised agents are persons holding powers of attorney. They can also appear,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, അതുകൊണ്ട് കുഴപ്പം ഉണ്ട്. 'പവ്വർ ഓഫ് അറേറാർണി' എന്നു പറഞ്ഞാൽ സ്റ്റാമ്പും മുദ്രപ്പത്രവും ഒക്കെ വേണം. അതൊക്കെ ചെലവു വരുന്ന ഏർപ്പാടാണ്. കേസിനു പോകുന്നതിന് വക്കാലത്തു കൊടുക്കുകയോ അധികാരം കൊടുക്കുകയോ ചെയ്താൽ മതി. അല്ലെങ്കിൽ സബ്ക്ലാസ് 2 ഡിലീററു ചെയ്താലും മതി. ഇതിന്റെ ആവശ്യം ഇപ്പോഴും എന്താണ്. അല്ലെങ്കിൽ റെകഗ്നൈസ്ഡ് ഏജന്റ് എന്നുമാത്രം വരുത്തി നിറുത്തുക.

Shri P. T. Chacko: What is provided here is that the party can appear directly, or any pleader can appear for him in the Court and additionally persons holding powers of attorney can also appear. It is not intended that an agent without powers of attorney should be allowed to appear. I do not think any change is necessary.

ശ്രീ. ഇ. പി. ഗോപാലൻ: റെകഗ്നൈസ്ഡ് ഏജന്റ് എന്നു വച്ച സ്ഥിതിക്ക് പവ്വർ ഓഫ് അറേറാർണി വേണമോ വേണ്ടയോ എന്നുള്ളതാണ് കാര്യം. റെകഗ്നൈസ്ഡ് ഏജന്റു വേണമെന്നുള്ള സ്ഥിതിക്ക് സാധാരണ ഗതിയിൽ കക്ഷിക്കുവേണ്ടി ഒരാളിനെ ചേക്കുവാൻ പററുമോ? ഇന്നത്തെ നിലക്ക് വളരെ അധികം ചെലവു വരും. റെകഗ്നൈസ്ഡ് ഏജന്റിനു അപ്പിയർ ചെയ്യാമെന്നുള്ളതു ലളിതമാക്കുവാൻവേണ്ടി സബ്ക്ലാസ് 2 വേണ്ടാ എന്നു വയ്ക്കണം.

Shri P. T. Chacko: In sub clause (2) it is stated that recognised agents holding the powers of attorney authorising them to make and do such appearance, can appear on behalf of the parties. In sub clause (1) it is provided that the party can himself appear or any pleader can appear for him. In sub clause (2) persons holding powers of attorney can appear, as the recognised agents of the party. Other recognised agents cannot appear. What is the harm in allowing the recognised agents holding the power of attorney also to appear? I do not think any change is necessary.

ശ്രീമതി കെ. ആർ. ഗൗരി: റെകഗ്നൈസ്ഡ് ഏജന്റ് എന്നു പറഞ്ഞാൽ പവ്വർ ഓഫ് അറേറാർണിയെ സംബന്ധിച്ചിടത്തോളം മാത്രം ആകാൻ പാടില്ല. പഴയ ലാൻഡ് ട്രൈബ്യൂണലുകളിൽ ഉള്ളമാതിരി വേറെ ആളുകൾക്കും അപ്പിയർ ചെയ്യാൻ സാധിക്കുമോ? ഇതു് ആക്റ്റിന്റെ പുറത്താണെന്നാണ് എന്റെ അഭിപ്രായം.

The question that Clause 111 stand part of the Bill was put and carried.

Clause 111 was added to the Bill.

New Clause after Clause 111

Mr. Speaker: Amendment No. 1748 may be moved by Shri T. A. Thomman.

Shri. T. A. Thomman: Sir, I am not moving that amendment.

Clause 112

The question that Clause 112 stand part of the Bill was put and carried.

Clause 112 was added to the Bill.

2/754/S

LIBRARY ARCHIVES Kerala Legislative Assembly

Clause 113

Mr. Speaker: Amendment No. 1739 by Shri K. Krishnan is for the deletion of Clause 113 and hence out of order.

The question that Clause 113 stand part of the Bill was put and carried.

Clause 113 was added to the Bill.

Clauses 114 *to* 118

The question that Clauses 114 to 118 stand part of the Bill was put and carried.

Clauses 114 to 118 were added to the Bill.

New Clause after Clause 118

Shri O. Koran: I move amendment No. 976.

Add the following as Clause 118A.

"118A. If any person wilfully contravenes any of the provisions contained in Sections 82 and 83 he shall be punishable with imprisonment for a term which may extend to one year or with fine not exceeding Rs. 1,000 or with both".

ഇതു ആരെങ്കിലും മനഃപൂർവ്വമായി സെക്ഷൻ 82-ം, 83-ം ലംഘിക്കുകയാണെങ്കിൽ അവർക്ക് ഒരു കൊല്ലത്തെ തടവോ, അല്ലെങ്കിൽ ആയിരം രൂപയോ അല്ലെങ്കിൽ രണ്ടുംകൂടിയോ ഉള്ള ശിക്ഷ നൽകുമെന്നുകൂടി എഴുതിച്ചേർക്കണമെന്നാണ്. ഈ വകുപ്പ് എഴുതിവച്ചു പാസാകുന്നതോടൊപ്പം തന്നെ അതു മനഃപൂർവ്വമായി ലംഘിക്കുന്നുണ്ടെങ്കിൽ അതിന് ഒരു ശിക്ഷ കൊടുക്കുന്നതിനുള്ള വ്യവസ്ഥയില്ലെങ്കിൽ അതു ലംഘിക്കപ്പെടുമെന്നുള്ളതു തീർച്ചയാണ്. അതു വരാതിരിക്കുവാൻ വേണ്ടിയാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്. ബഹുമാനപ്പെട്ട മന്ത്രി അതു സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. എൻ. ഈ. ബലറാം: സർ, ഞാൻ ശ്രീമാൻ കോരൻെറ ഭേദഗതിയെ അനുകൂലിക്കുകയാണ്. ഈ ബില്ലിലെ ചില വകുപ്പുകൾ പരാജയപ്പെടുത്തുവാനുള്ള പരിശ്രമങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതു തടയേണ്ടതു് അത്യാവശ്യമാണ്. അങ്ങനെയുള്ള പ്രവണതകളെ തടസ്സം ചെയ്യുന്നതിനുള്ള വകുപ്പു നിയമത്തിൽ ഉണ്ടായിരിക്കേണ്ടതാണ്. സെക്ഷൻ 82-ലും 83-ലും പറയുന്നതു് ഒരാളിൻെറ കൈവശം കുറെയധികം ഭൂമിയുണ്ടെങ്കിൽ അതു ഗവണ്മെൻറിലേയ്ക്കു സറണ്ടർ ചെയ്യണമെന്നാണ്. അങ്ങനെ കൈമാററം ചെയ്യുന്നതു രജിസ്റ്റർ ആയിട്ടു മാത്രമേ പാടുള്ളു എന്നുമാണ്. ഈ നിയമത്തിൽ പറഞ്ഞിട്ടുള്ളതുപോലെയല്ലാതെ അതിനെ അതിലംഘിച്ചുകൊണ്ടു് കൃത്രിമമായി കൈമാററം ചെയ്യുകയാണെങ്കിൽ അതു നിയമവിരുദ്ധമാകുമെന്നു ഗവണ്മെൻറു് ഇതിൽ പ്രഖ്യാപിച്ചിട്ടില്ല. അങ്ങനെ ചെയ്യാൻ പാടില്ല, അതിനുള്ള അധികാരമില്ല എന്നു പറഞ്ഞിട്ടില്ലാത്തതുകൊണ്ടു് പല കൃത്രിമമായ കൈമാററങ്ങളും ഉണ്ടാകും. അതു തടയുവാനുള്ള വകുപ്പു ഈ ബില്ലിൽ ഇല്ല. 83 പ്രകാരം അധികമുള്ള ഭൂമി സറണ്ടർ ചെയ്യണമെന്നു പറയുന്നുണ്ടു്. സറണ്ടർ ചെയ്യാതിരുന്നാലും അതിനു അവരെ കുററപ്പെടുത്തിയിട്ടു കാര്യമില്ല. ഒരു നിശ്ചിത കാലത്തിനകം സറണ്ടർ ചെയ്തിട്ടില്ലാത്തപക്ഷം അത്തരക്കാരുടെ മേൽ കർശനമായ ശിക്ഷാനടപടികൾ കൈക്കൊള്ളണമെന്നുള്ളതാണ് ഈ ഭേദഗതികൊണ്ടു ഉദ്ദേശിച്ചിട്ടുള്ളതു്. ഇതു വളരെ അത്യാവശ്യമായ കാര്യമാണ്. ഇതു അംഗീകരിക്കണമെന്നു ബഹുമാനപ്പെട്ട മന്ത്രിയോടു അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ്: 83(2)—ൽ ഇതിനുവേണ്ട ശിക്ഷ എന്തായിരിക്കണമെന്നു നാം പാസ്സാക്കിക്കഴിഞ്ഞു. ആ സ്ഥിതിക്കു ഇതു ആവർത്തനമാണ്. ഇതു വേണ്ടെന്നാണ് എന്റെ അഭിപ്രായം.

Shri P. T. Chacko: Sir, I do not accept the amendment.

Mr. Speaker: Do you press your amendment?

Shri O. Koran: Yes, Sir.

Amendment No. 976 moved by Shri O. Koran was put and lost.

Clause 119 *to* 121

The quest on that Clauses 119 to 121 stand part of the Bill was put and carried.

Clauses 119 to 121 were added to the Bill.

New Clause After Clause 121

Shri P. T. Chacko: Sir, I move amendment No. 1114.

1114. After clause 121, the following clause shall be inserted, namely:

"121A. *Construction of references to acres and cents*:—All references in this Act to areas of land expressed in terms of acres (but not standard acres) and cents shall be construed as references to areas expressed in terms of hectares and acres, converted thereto at the rates specified in the Schedule to the Standards of Weights and Measures (Conversion of Land Areas) Rules, 1960".

The amendment was put and carried.

The question that the New Clause after Clause 121 stand part of the Bill was put and carried.

The new Clause after Clause 121 was added to the Bill.

Clause 122

Shri T. A. Thomman: Sir, I move my amendment (No. 1749):

"In clause 122, for "The provisions of this Act" substitute "This Act and any rule, order or notification made or issued thereunder." This Act has to override other laws.

ആ നിലയ്ക്കു ഈ ആക്ടുപ്രകാരമുള്ള റൂളുകളും നോട്ടിഫിക്കേഷൻസും ആ വിധത്തിൽ വ്യക്തമാക്കേണ്ടതാണെന്നു തോന്നിയതുകൊണ്ടാണ് ഭേദഗതി അവതരിപ്പിക്കുന്നതു.

Now what is provided here is: "The provisions of this Act shall have effect notwithstanding anything in any other law or any custom or usage or in any contract, express or implied, inconsistent with the provisions of this Act."

ഈ ആക്ടു അനുസരിച്ചുള്ള റൂൾസും നോട്ടിഫിക്കേഷൻസും പ്രസിദ്ധപ്പെടുത്തുമെന്നു പറയുന്നുണ്ടു. അതു കുറെക്കൂടി വിശദമാക്കാൻവേണ്ടി കൊടുത്തിട്ടുള്ള അമെൻറുമെൻറാണ്.

Shri P. T. Chacko: Sir, I am not accepting the amendment.

LIBRARY ARCHIVES Kerala Legislative Assembly

Shri T. A. Thomman: I am not pressing my amendment.

Amendment No. 1749, moved by Shri T. A. Thomman was, by leave, withdrawn.

The question that clause 122 stand part of the Bill was put and carried.

Clause 122 was added to the Bill.

Clause 123

The question that clause 123 stand part of the Bill was put and carried.

Clause 123 was added to the Bill.

Clause 124

The question that Clause 124 stand part of the Bill was put and carried.

Clause 124 was added to the Bill.

Clause 125

Shri O. Koran: Sir, I move: In clause 125, for the words beginning from "Every rule" and ending with "Section 79" the following words shall be inserted in the beginning:

"Every rule made under this Act and every notification issued under this Act, except notifications pertaining to appointments, posting and transfers of Land Tribunals and Chairman and Members of the Land Board."

സർ, ഞാനീഭേദഗതികൊണ്ടു അതിപ്രധാനമായി ഉദ്ദേശിക്കുന്നതു്, ഈ വകുപ്പിൽ പറഞ്ഞിട്ടുള്ളതുപോലെ ഈ റൂളുകൾ അസംബ്ലിയുടെ മേശപ്പുറത്തു വയ്ക്കണമെന്നും ഈക്കാര്യങ്ങളെസംബന്ധിച്ചു മെമ്പറന്മാർക്കു അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള സന്ദർഭം ഉണ്ടാകണമെന്നുമാണു്. അതു ബഹു: മന്ത്രി സ്വീകരിക്കുമെന്നുദ്ദേശിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ: ആ ഭേദഗതി സ്വീകരിക്കുന്നില്ല.

Smt. K. R. Gouri: "Every rule made under this Act and every notification issued under clause (a) of sub-section (1) or sub-section (3) of section 79 shall be......" എന്നേ പറയുന്നുള്ളു.

"Every rule made under this Act and every notification issued under this Act". എന്നാക്കണം. That will serve the purpose.

Mr. Speaker: Shri Koran, do you press your amendment ?

Shri O. Koran: I am pressing.

Amendment No 986, moved by Shri O. Koran was put and lost.

The question that clause 125 stand part of the Bill was put and carried.

Clause 125 was added to the Bill.

Clause 126

Mr. Speaker: The question that clause 126 stand part of the Bill was put and carried.

Clause 126 was added to the Bill.

Clause 127

Mr. Speaker: The following amendments may be moved:

Amendment No. 1486 by the Minister.

Amendment Nos. 992 and 995 by Shri K. Chandrasekharan

LIBRARY ARCHIVES Kerala Legislative Assembly

Amendment Nos.998, 999 and 1000 by Shri K. Balakrishna Menon

Amendment Nos. 1001 and 1003 by Shri R. Krishnan

Amendment Nos. 1002 and 1507 by Shri M. Narayana Kurup

Amendment No. 1481 by Shri E. P. Gopalan

Amendment Nos. 1508, 1509, 1511, 1395 and 1763 by Shri N. E. Balaram

Amendment Nos.1510 and 1397 by Shri P. C. Raghavan Nair

Amendment Nos. 1740, 1741 and 1742 by Smt. K. R. Gouri

Amendment No. 1750 by Shri C. Achutha Menon

Amendment No. 1762 by Shri T. A. Thomman

Amendment Nos. 1764 and 1765 by Shri P. K. Kunjachan and

Amendment No. 1396 by Shri T. K. Ramakrishnan

Shri P. T. Chacko: Sir, I move amendment No. 1486.

1486. "In clause 127, for sub-clause (4) (ii) (b), the following shall be substituted, namely :

"(b) where the Land Tribunal constituted or purported to have been constituted under the said Act had passed an order determining the fair rent in respect of a holding, but an appeal or application for revision in respect of such order was pending before the appellate or revising authority at the time when the said Act was declared unconstitutional by the Supreme Court or the High Court, or the Proceedings under the said Act were stayed under the Kerala Tenants and Kudikidappukars Protection Ordinance, 1962, as the case may be in its or their application to the land comprised in the holding, such appellate or revising authority shall reopen the matter and dispose of it in accordance with the provisions of this Act, and, for that purpose, shall have all the powers of the appellate or revising authority, as the case may be, under this Act.

(bb) where the Land Tribunal constituted or purported to have been constituted under the said Act had passed an order determining the fair rent in respect of a holding, but the time for preferring appeal or revision in respect of such order had not expired at the time when the said Act was declared unconstitutional by the Supreme Court or the High Court, or the proceedings under the said Act were stayed under the Kerala Tenants and Kudikidappukars Protection Ordinance, 1962, as the case may be, in its application to the land comprised in the holding, any party aggrieved by the order of the Land Tribunal may, within three months from the commencement of this Act, prefer an appeal or an application for revision against such order before the appellate or revising authority under this Act, and thereupon such authority shall reopen the matter and dispose of it in accordance with the provisions of this Act."

Shri O. Koran: Sir, I move amendment Nos. 992 and 995.

992. "In clause 127, delete sub-clause (4)"

995. "In clause 127, delete sub-clause (4) (i)"

LIBRARY ARCHIVES Kerala Legislative Assembly

Shri P. Viswambharan: Sir, I move amendment Nos. 998, 999 and 1000.

998. "In clause 12 (4) (ii) (a), delete the last part of the sentenec commencing with the words "deemed to have been filed........" and ending with the words 'this Act'., and substitute the following:

"be disposed of according to the provisions of the said Act; and be deemed to have been passed under this Act for the purpose of payment of rent."

999. "In clause 127 (4) (ii) (c), insert the words "or agreements between landlords and tenants which have been filed and recorded", after the words 'such orders have become final.'

1000. " In clause 127 (4) (ii) (c), insert also after the words "such orders" in the same sentence the following "and such agreements" before the words 'shall be deemed.'

Shri R. Krishnan: Sir, I move amendment Nos. 1001 and 1003.

1001. " In clause 127, sub-clause (4) (d)—

(i) in line 5 after 'cultivating tenant' omit the word 'but' and replace "and";

(ii) in line 7 after the words 'rent shall' delete the word "not";

(iii) In line 7 delete the words 'and the';

(iv) delete lines 8, 9 and 10.

1003. " In clause 127, add the following as sub-clause (5):

(5) in computing the period of limtiation for purposes of filing appeals or applications for revision from orders determining the right as to timber trees under section 50 the period between the date on which the said Act was declared unconstitutional or the proceedings under the said Act were stayed under the Kerala Tenants and Kudikidappukars Protection Ordinance, 1962, as the case may be, in their application to the timber trees in the holding, and the commencement of this Act shall be excluded.'

Shri M. Narayana Kurup: Sir, I am not moving amendment No. 1002 but I move amendment No. 1507.

1507. "In clause 127, sub-clause (4) (ii) (d) for 'clause (b)' substitute "clause (c)' and delete the following:

"and the fair rent referred to in sub-clause (c)".

Shri E. P. Gopalan: Sir, I move amendment No. 1481.

1481. " In clause 127 (4) (1), add the following as an Explanation:

Explanation: All applications filed by tenants for purchasing the landowner's right in accordance with the provisions of the Agrarian Relations Act (Act IV of 1961) shall be deemed as if they were filed under the provisions of this Act and shall be dealt with accordingly."

Shri N. E. Balaram: Sir, I move amendment Nos. 1508, 1509 1511, 1395 and 1763.

1508. " In clause 127, delete sub-clause (4) (ii) (d)."

1509. "In clause 127, sub-clause (4) (ii) (c), delete the last words "For purposes of payment of fair sent."

1511. In clause 127 for sub clause (4) (ii) the foll owing shall be substitu ted:—

LIBRARY ARCHIVES Kerala Legislative Assembly

(iii) All orders passed and acts done by any authority under the Kerala Agrarian Relations Act, 1960, shall notwithstanding the repeal thereof be deemed to be valid and binding as if passed or done under the provisions of this Act."

1395. "In clause 127 (3), delete (a) and substitute the following:

(a) Any decree pased before the commencement of this Act for the eviction of a tenant from his holding pursuant to which eviction has not been effected before 11-4-1957 may on the application of the tenant be reopened and the matter may be disposed of in accordance with the provision of this Act and appropriate orders be passed for restoration if deemed necessary."

1763. "In clause 127, insert after sub-clause (3) (a), the figure '1' and after the words 'in accordance with the provisions of the Act, add the following sub-clause as "(3) (a) 2".

"Where any decree is passed before the commencement of this Act for realisation of arrears of rent pursuant to which tenant's right in his holding were sold but possession of the holding has not passed to the purchaser, then notwithstanding anything contained in the Indian Limitation Act, 1908, or the Code of Civil Procedure 1908, the sale shall be set aside and the decree annulled if the tenant deposits in court the sale amount with six per cent interest within three months from the commencement of this Act."

Shri P. C. Raghavan Nair: Sir, I move amendment Nos. 1510 and 1397.

510. "In clause 127, add an Explanation to sub-clause (4) (ii) (d):—

Explanation: All the applications filed by tenants for purchasing the land owner's right in accordance with the provisions of the Act in vogue before the commencement of this Act shall be deemed to have been filed under this Act and shall be disposed of according to the provisions of this Act."

1397. "In clause 127 (4) add an Explanation to (d) as follows:

Explanation: All the applications filed by tenants for purchasing the land owner's right in accordance with the provisions of the Act in vogue before the commencement of the Act shall be deemed as if they were filed under the provisions of this Act and be dealt with accordingly."

Smt. K. R. Gouri: Sir, I move amendment Nos. 1740, 1741 and 1742. I may be allowed to move an oral amendment also.

1740. "In clause 127 (1), delete (b)"

1741. "In clause 127 (4) (ii) (a), after "all applications for determination of fair rent" and all applications under Section 36 for purchasing the rights of the landowner of the Kudiyiruppu, and all applications under section 18 for resumption of land from tenants, and all applications for the purchase of the landowner's right under the same section."

1742. "In clause 127 (4) (ii) (b), after "purported to have been filed under the said Act" add "and in cases where on application for purchasing landlord's right under section 36 or section 18 and in cases where on application for resumption of land from tenants under section 18 filed or purported to have been filed under this Act" and in line 1

LIBRARY ARCHIVES Kerala Legislative Assembly

on page 93 after "under the said Act" add "or passed orders determining the amount to be deposited for the purchase of landlord's rights, or passed orders determining the extent of the land to be resumed, and such other matters as specified in sections 36 and 18".

Shri C. Achutha Menon: Sir, I move amendment No. 1750.

1750. "In clause 127 rewrite sub-clause (4) (ii) (a) as follows and omit sub-clause (b), (c) and (d):—

"Notwithstanding the repeal of the Kerala Agrarian Relations Act, 1960 all applications for determination of fair rent filed or purported to have been filed under the said Act shall be disposed of in accordance with the provisions of the said Act, notwithstanding any judgment, decree or order of court declaring the said Act to be unconstitutional."

Shri T. A. Thomman: Sir, my amendment No. 1762 is the same as that of Shri N. E. Balaram's amendment No. 1763. So I think it is not necessary to move my amendment.

Shri P. K. Kunjachan: Sir, I move amendment Nos. 1764 and 1765.

1764. "In clause 127 (4) (ii) (a), in line two, after the word 'fair rent' and before the word 'filed' insert the following:

"and all applications for purchasing the rights of the landowner of the Kudiyiruppu and all applications for resumption of land from tenants, and all applications for the purchase of land owner's right."

1765. "In clause 127, for sub-clause 4 (iii), substitute the following:

"Notwithstanding the repeal of the Kerala Agrarian Relations Act, 1960, all orders passed and acts done by authority under the above Act, shall be deemed to be valid and binding as if passed or done under the provisions of this Act."

Shri T. K. Ramakrishnan: Sir, I move amendment No. 1396

1396. "In clause 127 (4) (d), in line 5, delete the entire portion commencing with the word 'but' and ending with "Act" and add the following:

"and for the determination of the purchase price under section 51, such fair rents shall be taken as the basis."

ശ്രീ. ഓ. കോരൻ: ഞാനീഭേദഗതി അവതരിപ്പിക്കുവാനുള്ള പ്രധാനപ്പെട്ടകാരണം, നമ്മുടെ കാർഷികപരിഷ്കരണം സംബന്ധിച്ച് ഇവിടെ പാസായിട്ടുള്ള നിയമങ്ങൾ എല്ലാം ഈ വകുപ്പിൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ചും, കാർഷികബന്ധനിയമം യാതൊരുകാരണവശാലും റദ്ദാക്കരുതെന്നുള്ള ഒരു അഭിപ്രായഗതി ഈ ബിൽ ആദ്യമായിട്ട ചർച്ചയ്ക്കുവന്ന അവസരത്തിൽ ഈ സഭയിൽതന്നെയല്ല പുറത്തും പ്രകടിപ്പിക്കയുണ്ടായിട്ടുണ്ട്. ഓരോ സന്ദർഭത്തിലും ഇങ്ങനെ ഒരു നിയമം പാസാക്കുകയും, വീണ്ടും മറെറാരു കക്ഷി ഭരണത്തിൽ വന്നതിനുശേഷം അതു റദ്ദാക്കുകയും, വീണ്ടും അതിന്റെ പേരിൽ തങ്ങൾ അധികാരത്തിൽവന്നാൽ ആ നിയമം മാററി മറെറാരു പുതിയ നിയമം കൊണ്ടുവരാൻ ആഗ്രഹിക്കുന്നു എന്നു പറയുകയും അതനുസരിച്ച് നിലവിലുള്ള നിയമം റദ്ദാക്കിക്കൊണ്ടു പുതിയ നിയമം കൊണ്ടുവന്നു പാസ്സാക്കുകയും ചെയ്യുന്നതു ഈ രാജ്യത്തെ ജനങ്ങളെസംബന്ധിച്ചിടത്തോളം ഭയനീയമായ ഒരു ആശങ്ക ഉണ്ടാക്കിത്തീർക്കുകയാണ്. അതു ഏററവും തെററായ ഒരു നടപടിയാണെന്നുള്ളതുകൊണ്ടാണ്, ഈ കാർഷികപരിഷ്കരണനിയമത്തിനെ സംബന്ധിച്ചിടത്തോളം പഴയ നിയമത്തിനു വ്യത്യസ്തമായ ഒരു നിയമം അവതരിപ്പിക്കേണ്ട ആവശ്യമില്ലാ എന്നു പറയാൻ കാരണം,

LIBRARY ARCHIVES Kerala Legislative Assembly

എന്തുകൊണ്ടെന്നാൽ, നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് ഇവിടത്തെ നിയമനിർമ്മാണത്തോടുള്ള വിശ്വാസം തന്നെ തന്മൂലം നഷ്ടപ്പെടുന്നതിനുകാരണമായിത്തീരുമെന്നുള്ളതാണ് അതിന്റെ പിന്നിലുള്ള തത്വം. അതുകൊണ്ട് ഗവൺമെന്റ് ഇവിടെ കൊണ്ടുവന്നിട്ടുള്ള നിയമം റദ്ദുചെയ്യേണ്ടതുമാണ്. നമ്മുടെ പഴയ കാർഷികബന്ധനിയമപ്രകാരം കൃഷിക്കാർ തങ്ങൾക്ക മര്യാദപ്പാട്ടം നിശ്ചയിച്ചുകിട്ടുന്നതിനുവേണ്ടി കേസുകൊടുക്കുകയും, അതിൽ കൊടുത്ത എ. യും ബി. യും കേസിൽ എ യ്ക്ക് ഒരു വിധിസമ്പാദിക്കുവാൻ കഴിഞ്ഞു എന്നും വയ്ക്കുക. എന്നാൽ ബി. യ്ക്ക് അപ്രകാരം നിശ്ചിതകാലത്തിനുള്ളിൽ ഒരു വിധി സമ്പാദിക്കുവാൻ സാധിച്ചില്ല എന്നും വിചാരിക്കുക. അതിനകം തന്നെ ആ നിയമം അനുസരിച്ചുള്ള ലാൻഡ് ട്രിബ്യൂണലുകൾ പിരിച്ചുവിടുകയും ചെയ്തു. അപ്പോൾ കൃഷിക്കാരന്റെ കുററംകൊണ്ടല്ലാ ആ കേസിൽ ഒരു തീരുമാനം ഉണ്ടാക്കാൻ സാധിക്കാതെവന്നത്. ഈ പഴയ നിയമപ്രകാരം മര്യാദപാട്ടം നിശ്ചയിച്ചുകിട്ടുന്നതിനു കോടതിയിൽ കേസുകൊടുത്തിരുന്ന കൃഷിക്കാർക്ക് ഇപ്പോഴത്തെ നിയമപ്രകാരം അംഗീകരിക്കപ്പെടുന്ന തീരുമാനമനുസരിച്ച് അന്നത്തെ ചെറുകിടക്കാരായിട്ടുള്ള കൃഷിക്കാർക്ക് ഇപ്പോൾ മറെറാരുതരത്തിൽ ബാധകമാകുന്ന വകുപ്പുകളാണ് ഈ നിയമത്തിലുള്ളത്. ഇങ്ങനെ ഒരു നിയമത്തിൽ പാസാക്കിയിട്ടുള്ള വകുപ്പനുസരിച്ച് ആനുകൂല്യം ലഭിക്കുന്ന അതേ കൃഷിക്കാർക്ക മറെറാരു നിയമം പാസാക്കുന്നതുകൊണ്ടു ഗുണം കിട്ടാതെവരുന്ന ഒരു അനുഭവമാണു നാട്ടിൽ അങ്ങോളമിങ്ങോളം കാണാൻ സാധിക്കുന്നത്. ഒരുഭാഗത്ത് ഈ പഴയ കാർഷികബന്ധനിയമം പാസാക്കിയതിന്റെ ഫലമായി ഒരു വ്യവസ്ഥ അംഗീകരിക്കുകയും അതേ കൃഷിക്കാരുടെ കീഴിലുള്ള മററാളുകൾക്ക് അതു ദോഷമായി തീരുകയും ചെയ്യുന്നതായിട്ടുള്ള ഒരു സാഹചര്യം എങ്ങനെ സംജാതമായി എന്നുനോക്കുമ്പോൾ പുതിയ നിയമം അംഗീകരിക്കപ്പെട്ടതിന്റെ ഫലമായിട്ടല്ലേ എന്നു നാം ആലോചിക്കേണ്ടതായിട്ടുണ്ട്. അങ്ങനെയുള്ള കാര്യങ്ങൾ മുന്നിൽവച്ചുകൊണ്ടു അതുതിരുത്തണം എന്നുപറഞ്ഞുകൊണ്ടു ഞാനെന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

ശ്രീ. പി. വിശ്വംഭരൻ: ഞാൻ അവതരിപ്പിച്ച ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനുവേണ്ടി കാർഷികബന്ധനിയമമനുസരിച്ചു നിയമിക്കപ്പെട്ടിരുന്ന ട്രിബ്യൂണലുകൾ മുമ്പാകെ പെററിഷൻസു ഫയൽ ചെയ്തതിനുശേഷം അതിന്റെ അവസാനതീരുമാനമുണ്ടാകുന്നതിനുമുമ്പ് ആ ട്രിബ്യൂണലുകളുടെ പ്രവർത്തനം അവസാനിച്ചതുമൂലം മര്യാദപാട്ടം നിശ്ചയിച്ചുകിട്ടാൻ നിവൃത്തിയില്ലാതെപോയ കേസുകളിൽ ഇനിയും വരാൻ പോകുന്ന ട്രിബ്യൂണലുകൾ പഴയ കാർഷികബന്ധനിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുതന്നെ മര്യാദപാട്ടം നിശ്ചയിക്കണമെന്നാണ്. അങ്ങനെ വ്യവസ്ഥ ചെയ്തില്ലെങ്കിൽ വളരെ ഏറെ ബുദ്ധിമുട്ടുകൾ മുമ്പേ ലാൻഡ് ട്രിബ്യൂണലുകളിൽ അപേക്ഷ കൊടുത്ത് പണവും ബുദ്ധിമുട്ടുകളും സഹിച്ച ആളുകൾക്ക് ഉണ്ടാകുന്നതാണ്.

ഒരുദാഹരണം പറയാം. ഒരേ ദിവസം രണ്ടാളുകൾ ഒരേ ട്രിബ്യൂണലിൽ മര്യാദപാട്ടം നിശ്ചയിക്കുന്നതിനായി അപേക്ഷ ബോധിപ്പിക്കുകയും, അതിൽ ഒന്നു തീരുമാനിക്കപ്പെടുകയും, മറെറാന്നു തീരുമാനിക്കാതിരിക്കുകയും ചെയ്തു എന്നു വിചാരിക്കുക. അപ്പോൾ രണ്ടുപേരുടെയും ബുദ്ധിമുട്ടുകൾ ഒരുപോലെയാണ്. മര്യാദപാട്ടം നിശ്ചയിച്ചുകിട്ടുന്നതിനുള്ള കേസിൽ അപേക്ഷ കൊടുത്ത രണ്ട് ആളുകളിൽ ഒരാൾക്ക് അതു തീരുമാനിച്ചുകിട്ടുകയും, മറേറയാളിന് അതു തീരുമാനിച്ചുകിട്ടാതിരുന്നതും ആ അപേക്ഷകൊടുത്തയാളിന്റെ യാതൊരു കുററവും കൊണ്ടല്ല. ട്രിബ്യൂണൽ നിന്നുപോയകാരണംകൊണ്ടു തീരുമാനിക്കാൻ നിവൃത്തിയില്ലാതെ വന്നുപോയി. അതുകൊണ്ട് അയാൾ കൂടുതൽ പാട്ടം കൊടുക്കേണ്ടിവരുന്നതു നീതീകരിക്കത്തക്കതല്ല.

അതിലും വിശേഷിച്ച്, സ്ഥലംഹോൾഡറുടെ പാട്ടക്കാർക്ക കൂടുതൽ ബുദ്ധിമുട്ടുണ്ടാകാൻപോകുകയാണ്. മുമ്പ് സ്ഥലംഹോൾഡർ അല്ലാതിരുന്ന ഒരു വിഭാഗം ആളുകൾ ഇന്ന് ഈ ബില്ലനുസരിച്ച സ്ഥലംഹോൾഡറായിട്ടു വരികയാണ്. അങ്ങനെ വരുമ്പോൾ അന്ന് അപേക്ഷ കൊടുത്തിരുന്ന വൻ ജന്മിമാരുടെ പാട്ടക്കാർ ഇന്നു സ്ഥലംഹോൾഡറുടെ പാട്ടക്കാരനായി മാറുമ്പോൾ പാട്ടം കൂടുതൽ കൊടുക്കേണ്ടതായിവരുന്നു. അതു ഒഴിവാക്കുന്നതിനുവേണ്ടിയിട്ടാണ് ഈ ഭേദഗതി കൊടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

അന്നു തീരുമാനിച്ച കേസുകളിലെ അപ്പീൽ പെൻറിംഗായിട്ടുള്ള കേസുകളിൽ പഴയ ആക്ടനുസരിച്ചുതന്നെ ആ അപ്പീലുകൾ തീരുമാനിക്കണം എന്നു വ്യവസ്ഥചെയ്തിരിക്കുന്നതിനു് ഇപ്പോൾ മന്ത്രി മറെറാരു ഭേദഗതി കൊണ്ടുവന്നിരിക്കുകയാണു്. ആ ബി-ഉപവകുപ്പു സെലക്ററുകമ്മിററി റിപ്പോർട്ടു ചെയ്തവിധത്തിൽത്തന്നെ ഉണ്ടായിരിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് എ-ക്കു് ഈ ഭേദഗതി നിർദ്ദേശിച്ചതു്.

999-ം, 1000-ം നമ്പർ ഭേദഗതികൾകൊണ്ടു് ഉദ്ദേശിക്കുന്നതു മര്യാദപ്പാട്ടം നിശ്ചയിച്ചുകൊണ്ടുള്ള തീരുമാനം ഉണ്ടായിട്ടുള്ള കേസുകളെ സംബന്ധിച്ചാണു്. ഭൂമിയുടമസ്ഥനും, കുടിയാനും തമ്മിൽ എഗ്രിമെൻറുണ്ടാക്കി കോടതിയിൽ ഫയൽചെയ്തിട്ടുള്ള കേസുകൾക്കുകൂടി ഫൈനൽ ഡിസിഷൻ ഉണ്ടായതായി പരിഗണിക്കണമെന്നാണു ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. ഇതു് ഇപ്പോഴത്തെ വ്യവസ്ഥ കുറേക്കൂടി വ്യക്തമാക്കാൻ ഉദ്ദേശിച്ചുകൊടുത്തിട്ടുള്ളതാണു്. ഭൂമിയുടമസ്ഥനും, കുടിയാനും യോജിച്ചു് എഗ്രിമെൻറു ഫയൽ ചെയ്തശേഷം അതനുസരിച്ചു വിധിക്കാൻ കാർഷികബന്ധനിയമത്തിൽ വ്യക്തമായ വ്യവസ്ഥ ഇല്ലെന്നുള്ളതുകൊണ്ടു് അങ്ങനെ വിധിക്കാതിരുന്ന കേസുകൾ മനസ്സിൽവച്ചുകൊണ്ടാണു് ഈ ഭേദഗതികൾ കൊടുത്തിട്ടുള്ളതു്. ഇതു സ്വീകരിക്കാൻ തടസ്സമുണ്ടാകുമെന്നു തോന്നുന്നില്ല. എഗ്രിമെൻറു ഫയൽ ചെയ്ത കേസുകളിൽ അതനുസരിച്ചു വിധിയുണ്ടാകുമെന്നു പ്രതീക്ഷയുണ്ടെങ്കിലും ആ പ്രതീക്ഷയ്ക്കു് എതിരായ സംഭവങ്ങൾ ഉണ്ടായിട്ടുള്ളതുകൊണ്ടു് ഭേദഗതികൾ സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

<u>ശ്രീ. ആർ. കൃഷ്ണൻ:</u> ഈ സെക്ഷനിൽത്തന്നെ ബി-ഉപവകുപ്പുപ്രകാരം മുൻനിയമമനുസരിച്ചു ട്രൈബ്യൂണലിൻെറ വിധിയിന്മേൽ അപ്പീൽപോകാൻ അവകാശം നൽകുന്നുണ്ടു്. പക്ഷെ ആ നിയമപ്രകാരം അപ്പീൽ വിധിയുണ്ടായാൽ ഭൂമി വിലപ്പെടുകുന്ന അവസരത്തിൽ ആ പാട്ടം കൊടുത്താൽ മതിയാകുകയില്ലെന്നും, പുതിയ നിയമപ്രകാരം മര്യാദപ്പാട്ടം കണക്കാക്കണമെന്നുമാണു് ബി-ഉപവകുപ്പിൽ പറയുന്നതു്. ഇതു് അത്തരം കുടിയാന്മാർക്കു് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതാണു്. മുൻനിയമമനുസരിച്ചു് ഒരുലക്ഷത്തോളം കുടിയാന്മാർ ട്രൈബ്യൂണലുകളിലും, അപ്പീൽക്കോടതികളിലും പോയി വളരെ പണം ചെലവുചെയ്തിട്ടുണ്ടു്. അവർ ഇനിയും അപ്രകാരമുള്ള വിഷമത്തിനു തയ്യാറാകണമെന്നുള്ള നിലയാണു് ഇപ്പോൾ കാണുന്നതു്. മുൻനിയമമനുസിച്ചു പാട്ടം വെട്ടികുറച്ചുകിട്ടിയാൽ ഭൂമി വിലപ്പെടുകണമെങ്കിൽ പിന്നെയും പാട്ടക്കോടതിയിൽ പോയി പണം ചെലവാക്കണമെന്നും മററു ബുദ്ധിമുട്ടുകൾ സഹിക്കണമെന്നും പറയുന്നതു് ന്യായമാണോ? നിയമസഭ പാസാക്കിയ ഒരു നിയമത്തെ വിശ്വസിച്ചുകൊണ്ടാണു് അവർ കോടതികളെ സമീപിച്ചിട്ടുള്ളതു്. അങ്ങനെ നിയമപ്രകാരം കോടതിയെ സമീപിച്ചിട്ടുള്ളവർ നിയമം വീണ്ടും മാറിയെന്നുള്ളതുകൊണ്ടു് പിന്നെയും കോടതിയെ സമീപിക്കണമെന്നു പറയുന്നതു നിയമമുണ്ടാക്കുന്ന നമ്മോടുതന്നെ കുടിയാന്മാർക്കും, മററുള്ളവർക്കും അവജ്ഞയുണ്ടാക്കാൻ ഇടനല്കുന്ന കാര്യമാണു്. ഒരുലക്ഷത്തിലധികം കുടിയാന്മാർ ഈ പരിശ്രമത്തിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെ മാനിക്കേണ്ടതു് നമ്മുടെ ചുമതലയാണു്. അതുകൊണ്ടു് മുൻനിയമമനുസരിച്ചു പാട്ടംവെട്ടികുറയ്ക്കാൻ ട്രൈബ്യൂണലുകളെയോ, അപ്പീൽക്കോടതികളെയോ സമീപിച്ചവർക്കു് അവിടെ നിശ്ചയിക്കുന്ന മര്യാദപാട്ടമായിരിക്കണം ഭൂമി വിലപ്പെടുകുന്ന കാര്യത്തിലും മര്യാദപാട്ടമായി കണക്കാക്കേണ്ടതെന്നുള്ളതു ന്യായം മാത്രമാണു്. അല്ലെങ്കിൽ അതു വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കും. മന്ത്രിതന്നെ ഒരു അവസരത്തിൽ പറയുകയുണ്ടായി, സ്ഥിരാവകാശം മുൻനിയമമനുസരിച്ചു കിട്ടിയിട്ടുള്ള കുടിയാന്മാർക്കു പാട്ടം വർദ്ധിക്കുകയില്ലെന്നു്. അങ്ങനെ ഒരു നിലപാടാണു് സ്വീകരിച്ചിട്ടുള്ളതു്. പക്ഷെ അതു ചെറുകിട ജന്മിമാർക്കു് ബാധകമല്ല; വൻകിട ജന്മിമാർക്കു ബാധകമാണെന്നു പറഞ്ഞാലും പർച്ചേസു് പ്രൈസിൻെറ കാര്യത്തിൽ ബാധകമല്ല. പർച്ചേസ്പ്രൈസ് കണക്കാക്കാൻ വൻകിട ജന്മിമാരുടെ കുടിയാന്മാർ ഈ നിയമം അനുസരിച്ചു മര്യാദപ്പാട്ടം കണക്കാക്കണമെന്നു പറയുമ്പോൾ പാട്ടം വർദ്ധിക്കും. പ്രത്യേകിച്ചു് രേഖയില്ലാത്ത കുടിയാന്മാർക്കു അങ്ങനെ വരുന്നതു ശരിയല്ല. അവരെ വിശ്വസിപ്പിച്ചിട്ടുള്ളതിനും, ഇവിടെ

ചെയ്തിട്ടുള്ള വാഗ്ദാനത്തിനും വിപരീതമായിട്ടാണ് ഈ നടപടി വരാൻ പോകുന്നതു്. കോടതികളെ മുൻനിയമമനുസരിച്ചു സമീപിച്ചിട്ടുള്ള ആളുകൾക്കെങ്കിലും ആ ആനുകൂല്യം കിട്ടാൻ അവകാശമുണ്ടെന്നാണ് എന്റെ ആദ്യത്തെ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു്.

അടുത്തതായി ഈ ബില്ലിലെ 50-ാം വകുപ്പനുസരിച്ചു കുടിയാന്മാരുടെ അല്ലെങ്കിൽ കുടിയിരുപ്പുകാരുടെ കൈവശമുള്ള പറമ്പുകളിലോ, നിലങ്ങളിലോ ജന്മിമാരുടെ വക തടിവൃക്ഷങ്ങൾ ഉണ്ടെങ്കിൽ അതിന്റെ പകുതി വിലയ്ക്കു കുടിയാന്മാർക്കു് അവകാശമുണ്ടു്. മുൻനിയമത്തിലും അതുണ്ടായിരുന്നു. മുൻനിയമമനുസരിച്ചു തടിവൃക്ഷങ്ങളുടെ പകുതിവില കിട്ടുന്നതിനു കോടതികളെ സമീപിച്ചിട്ടുള്ള കുറെ ആളുകളുണ്ടു്. നിയമം നിലവിലുണ്ടായിരുന്നകാലത്തു് പകുതിവില കുടിയാനുള്ളതാണെന്നു കോടതി വിധിക്കുകയുണ്ടായിട്ടുണ്ടു്. പിന്നെ ജന്മി അപ്പീൽ പോയി. ആ സമയത്തു നിയമം സസ്പെൻറുചെയ്തിരിക്കുകയായിരുന്നു. അതിന്റെ ഫലമായി മുൻകോടതി കുടിയാന്മാർക്കു കൊടുത്തിട്ടുള്ള ആനുകൂല്യം റദ്ദുചെയ്തു ജന്മിമാർക്കു് നഷ്ടംകൊടുക്കാൻ പറഞ്ഞിട്ടുള്ള വിധികളും ഉണ്ടായിട്ടുണ്ടു്. ഒരു നിയമത്തിൽ വിശ്വസിച്ചുകൊണ്ടാണ് കുടിയാന്മാർ ജന്മി മരംമുറിക്കുമ്പോൾ കോടതികളെ ശരണം പ്രാപിക്കുന്നതു്. അങ്ങനെ അനവധി കേസുകളുണ്ടു്. മുൻനിയമമനുസരിച്ചു് അങ്ങനെ കേസുകളിൽ ഏർപ്പെട്ടിരുന്ന ആളുകൾക്കു് പകുതി വില കിട്ടാതെപോയി എന്നു മാത്രമല്ല, ജന്മിമാർക്കു കോടതിച്ചെലവുകൂടി കൊടുക്കേണ്ടിവരുന്ന സ്ഥിതിയിൽ നിയമം സസ്പെൻറുചെയ്തതുകൊണ്ടു് റിവിഷനോ, അപ്പീലിനോ അവർക്കു സമയം കിട്ടാതെ വന്നിട്ടുണ്ടെങ്കിൽ അവർക്കു് രക്ഷകിട്ടേണ്ടതാണ്. അതുകൊണ്ടു് നിയമം സസ്പെൻറു ചെയ്തതിന്റെ ഫലമായി അത്തരം കേസുകളിൽ അപ്പീൽകൊടുക്കാൻ സാധിച്ചിട്ടില്ലാത്തവർക്കു് റിവിഷനോ, അപ്പീലോ കൊടുക്കാനുള്ള അവകാശം ഒരിക്കൽക്കൂടി കൊടുക്കണമെന്നാണ് എന്റെ രണ്ടാമത്തെ ഭേദഗതിമൂലം ആവശ്യപ്പെടുന്നതു്. ഇതു് വളരെ ന്യായമാണ്. ഈ ഭേദഗതിയും അംഗീകരിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മുൻനിയമപ്രകാരം ട്രൈബ്യൂണലുകളിൽ ഫയൽചെയ്തിട്ടുള്ള മര്യാദപ്പാട്ടം ഈ നിയമപ്രകാരം കണക്കാക്കുമെങ്കിലും പർച്ചേസ് പ്രൈസ് നിശ്ചയിക്കുന്നകാര്യത്തിൽ ആ മര്യാദപ്പാട്ടം അടിസ്ഥാനമായി സ്വീകരിക്കാൻ പാടില്ലെന്നാണ് ഇവിടെ പറഞ്ഞിട്ടുള്ളതു്. അതു മാററി പഴയനിയമപ്രകാരമുള്ള മര്യാദപ്പാട്ടംതന്നെ ഇക്കാര്യത്തിലും അടിസ്ഥാനമായി സ്വീകരിക്കണമെന്നാണ് എന്റെ ഭേദഗതി. ഈ ബിൽ കൊണ്ടുവന്നപ്പോൾത്തന്നെ ഒരു ബുദ്ധിമുട്ടു നമ്മുടെ ദൃഷ്ടിയിൽപ്പെട്ടിരുന്നു. ഒന്നാമതായി മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനു വളരെയധികം അപേക്ഷകൾ കൊടുത്തിരുന്നു. ഏതാണ്ടു് ഒരുലക്ഷത്തോളം ഉണ്ടെന്നു മന്ത്രിതന്നെ ഇവിടെ ഒരു ചോദ്യത്തിനു മറുപടി പറഞ്ഞിട്ടുണ്ടു്. അതിൽ പത്തുപതിനായിരം അപേക്ഷകളിൽ മര്യാദപ്പാട്ടം നിർണ്ണയിച്ചു തീരുമാനിക്കുകയും ചെയ്തിട്ടുണ്ടു്. ഇങ്ങനെ ഒരു ലക്ഷത്തോളം അപേക്ഷകൾ വന്നുചേർന്നിട്ടുള്ള ചിലവും മര്യാദപ്പാട്ടം നിശ്ചയിച്ചിട്ടുള്ളവർക്കു കിട്ടിയിട്ടുള്ള ഗുണവുമൊക്കെ പണ്ടത്തെ നിയമം സസ്പെൻറു ചെയ്തതോടുകൂടി അങ്ങനെ നില്ക്കുകയാണ്. ഈ നിയമം കൊണ്ടുവന്നപ്പോൾ ഒരുകാര്യംചെയ്തു. പണ്ടത്തെ നിയമപ്രകാരം മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനുകൊടുത്ത അപേക്ഷകൾക്കു് സാധുത്വം നല്കി. മര്യാദപ്പാട്ടം നിശ്ചയിക്കുന്ന കാര്യത്തിലല്ലാതെ, മര്യാദപ്പാട്ടം നിശ്ചയിച്ചിട്ടുള്ള കേസുകളിൽതന്നെ പർച്ചേസ് പ്രൈസ് നിശ്ചയിക്കുന്ന കാര്യത്തിൽ ആ തീരുമാനങ്ങളൊന്നും ബാധകമാകാൻ പാടില്ലെന്നാണ് പറയുന്നതു്. എന്തടിസ്ഥാനത്തിലാണ് അങ്ങനെ ഒരു തീരുമാനമെടുത്തതെന്നു മനസ്സിലാക്കാൻ കഴിയുന്നില്ല. ഇന്നലെ പരിധിയിൽക്കവിഞ്ഞുള്ള ഭൂമിയുടെ വില്പനയെ സംബന്ധിച്ചുള്ള തക്കത്തിനു ബഹു: മന്ത്രി മറുപടി പറഞ്ഞു, ഈ നിയമം ചർച്ചചെയ്യുന്ന അവസരത്തിൽ ലക്ഷക്കണക്കിനു് കൈമാററങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അതെല്ലാം അസാധുവാക്കിയാൽ വളരെയധികം അപകടങ്ങൾക്കു് ഇടയാക്കുമെന്നും, അത്തരം അപകടങ്ങൾ തരണംചെയ്യാൻ യാതൊരു നിവൃത്തിയുമില്ലെന്നും. ഇതിലും ഏതാദൃശമായ ആപത്താണുള്ളതു്. മര്യാദപ്പാട്ടം നിശ്ച

LIBRARY ARCHIVES Kerala Legislative Assembly

യിച്ചുകഴിഞ്ഞിട്ടുള്ള കേസുകളിൽ പർച്ചേസ് പ്രൈസ് നിശ്ചയിക്കുന്നതിനു രണ്ടാമത്തു മര്യാദപ്പാട്ടം നിശ്ചയിക്കണമെന്നാണു പറയുന്നതു്. പണ്ടത്തെ നിയമപ്രകാരം മൊത്തവിളവു കണക്കാക്കി നാലിലൊന്നു്, അഞ്ചിലൊന്നു്, ആറിലൊന്നു് എന്നീതരത്തിൽ മര്യാദപ്പാട്ടം നിശ്ചയിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പർച്ചേസ് പ്രൈസ് കോടതികളിൽ കെട്ടിവച്ചിട്ടുള്ള കേസുകളുമുണ്ടു്. അങ്ങനെയിരിക്കെ വീണ്ടും മര്യാദപ്പാട്ടം നിശ്ചയിച്ചു അതിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന പാട്ടനിരക്കിന്റെ 12 ഇരട്ടിയോ, 16 ഇരട്ടിയോ പർച്ചേസ് പ്രൈസ് നിശ്ചയിക്കുമ്പോൾ വളരെ അധികം ബുദ്ധിമുട്ടുകൾ ഉണ്ടാകാൻ ഇടയുണ്ടു്. ഒന്നാമതായി അധികം ജോലി ചെയ്യേണ്ടിവരുന്നു. മുമ്പിലത്തെ നിയമത്തിന്റെ അടിസ്ഥാനത്തിൽ പാട്ടം നിശ്ചയിച്ചിട്ടുള്ള ഇരുപതിനായിരത്തിൽപ്പരം കേസുകളിൽതന്നെ വീണ്ടും മൊത്തവിളവിന്റെ അടിസ്ഥാനത്തിൽ മര്യാദപ്പാട്ടം നിശ്ചയിക്കണം. അങ്ങനെ വരുമ്പോൾ വളരെ കൂടുതൽ സംഖ്യ കൃഷിക്കാർ ജന്മിമാർക്കു കൊടുക്കേണ്ടിവരും. നാമിവിടെ പാസ്സാക്കിയ വകുപ്പുകളനുസരിച്ചു പലയിടത്തും മൊത്തവിളവു വർദ്ധിക്കുന്നുണ്ടു്. ജലസേചനം, രണ്ടാംവിള ഇങ്ങനെയുള്ള പലകാരണങ്ങളുമുണ്ടു്. അപ്പോൾ മുൻപു കൊടുക്കേണ്ടതിനെക്കാൾ വളരെ കൂടുതൽ തുക ജന്മിമാർക്കു് കൃഷിക്കാർ കൊടുക്കേണ്ടിവരും. നേരെമറിച്ചു് മുൻപു മര്യാദപ്പാട്ടം നിശ്ചയിക്കുന്ന കേസുകളിൽ അതിന്റെ അടിസ്ഥാനത്തിൽ പർച്ചേസ് പ്രൈസ് നിശ്ചയിക്കണമെന്നുള്ള എന്റെ ഭേദഗതി സ്വീകരിച്ചാൽ കൃഷിക്കാർക്കു വളരെയധികം ഗുണംകിട്ടും, ഗവണ്മെന്റിനുതന്നെ വളരെയധികം ലാഭമുണ്ടാകും. പഴയ കേസുകൾ ട്രൈബ്യൂണലിൽ വലിച്ചുകൊണ്ടുവന്നു കേസുകളുടെ എണ്ണം കൂട്ടാതെകഴിയ്ക്കാം. ജോലി വളരെയധികം എളുപ്പമാകും. ഈ നിലയിൽ എന്റെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

Shri M. Narayana Kurup: This is my amendment.

In clause 127, sub-clause (4) (ii) (d) for 'clause (b)' substitute "clause (c)" and delete the following:

"and the fair rent referred to in sub-clause (c)".

സർ, ഈ ഭേദഗതിയെപ്പററി ഞാൻ സംസാരിക്കുമ്പോൾ ഇതിനു് ആസ്പദമായ ചില കാര്യങ്ങളെ സംബന്ധിച്ചു ബഹുമാനപ്പെട്ട മന്ത്രി ഹാജരാക്കിയ 1486–ാം നമ്പർ ഭേദഗതിയിൽ വരുത്തിയ മാററങ്ങളുടെ വെളിച്ചത്തിലാണു്. ഇന്നത്തെ നിലയിൽ ഈ ബില്ലിലെ വകുപ്പു് 127 (ബി, സി) ഈ രണ്ടു് ഉപവകുപ്പുകൾപ്രകാരം ഫെയർ റെന്റിനെ സംബന്ധിക്കുന്ന കാര്യങ്ങൾമാത്രമെ അടങ്ങിയിട്ടുള്ളു. എന്നാൽ വസ്തുവിന്റെ ഉടമസ്ഥാവകാശം വിലവാങ്ങാൻവേണ്ടി ഈ വകുപ്പുകൾപ്രകാരം നിർണ്ണയിക്കപ്പെടുന്ന ഫെയർറെന്റു് പ്രയോജനപ്പെടുത്താൻ പാടില്ലെന്നാണു് പറഞ്ഞിരിക്കുന്നതു്. (ബി) ഉപവകുപ്പു് അനുസരിച്ചു മര്യാദപ്പാട്ടത്തെ സംബന്ധിച്ചിടത്തോളം മുൻ കാർഷികബന്ധ നിയമത്തെ അടിസ്ഥാനപ്പെടുത്തിയായിരിക്കും നിശ്ചയിക്കുന്നതെന്നും പറഞ്ഞിട്ടുണ്ടു്. എന്നാൽ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്ന 1486–ാം നമ്പർ ഭേദഗതിയനുസരിച്ചു് മര്യാദപ്പാട്ട വ്യവസ്ഥ പുതിയ നിയമമനുസരിച്ചു മാററപ്പെട്ടിരിക്കുകയാണു്. ബഹുമാനപ്പെട്ട മന്ത്രി ഈ വകുപ്പിലെ (എ, ബി) ഈ ഉപവകുപ്പുകൾക്കു വരുത്തിയ മാററം അനുസരിച്ചു് (ഡി) ഉപവകുപ്പിൽ പറയുന്ന സബ് ക്ലാസ്സ് (സി)ക്കുമാത്രമെ മുൻമര്യാദപ്പാട്ട വ്യവസ്ഥ ബാധകമാകയുള്ളു. ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ, ഈ വകുപ്പിലെ സബ് ക്ലാസ്സ് (ബി) അനുസരിച്ചു മലബാർ ജില്ലയിലെ മര്യാദപ്പാട്ടം നിശ്ചയിക്കുന്നതു്, മലബാർ കുടിയായ്മ നിയമപ്രകാരവും, മദ്രാസ് കൾട്ടിവേററിംഗ് ടെനന്റു് ആക്ററു് അനുസരിച്ചാണെന്നും പറഞ്ഞിരിക്കുന്നു. ഫെയർ റെന്റിനെ സംബന്ധിച്ചിടത്തോളം, കുറെ ഹർജികൾ പുനർ വിചാരണയ്ക്കായി ഹൈക്കോടതിയിൽ സമർപ്പിക്കുകയും മേല്പറഞ്ഞ ആക്ററിന്റെ അടിസ്ഥാനത്തിൽ മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനുവേണ്ടി നിലവിലിരിക്കുകയും ചെയ്യുന്നു. മലബാർ കുടിയായ്മ നിയമപ്രകാരം മര്യാദപ്പാട്ടം നിശ്ചയിക്കുന്നതു് റെന്റു് കോടതികളാണു്. ഇവിടെയാണെങ്കിൽ ട്രൈബ്യൂണലുകളുമാണു്. അങ്ങിനെയിരിക്കെ മര്യാദപ്പാട്ടം നിജപ്പെടുത്തിക്കിട്ടാൻവേണ്ടി ബോധിപ്പിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഹർജ്ജികളെല്ലാം ആരാണു വിചാരണചെയ്തു തീരുമാനിക്കേണ്ടതെന്നു് ഈ വകുപ്പിലെ സബ്ബ് ക്ലാസ്സ് (2)ബി-യിൽ വ്യക്തമാക്കിയിട്ടില്ല. ആ സ്ഥിതിക്കു് ആ വകുപ്പു് അവ്യക്തമാണു്. ഞാൻ ആ വകുപ്പു് ഒന്നുവായിക്കാം. പേജ് 91 "and pending disposal at the commencement of this Act shall be disposed of in accordance with the provisions of the said Acts." എന്നു പറയുമ്പോൾ മലബാർ കുടിയായ്മ നിയമപ്രകാരം മര്യാദപ്പാട്ടത്തെ സംബന്ധിക്കുന്ന ഹർജ്ജികൾ വിചാരണചെയ്തു് തീരുമാനിക്കുന്നതിനുവേണ്ടി മുമ്പു് റെൻറു് കോടതികളായിരുന്നുവെങ്കിൽ, ഇപ്പോൾ ആ കാര്യങ്ങളൊക്കെ തീരുമാനിക്കേണ്ടതു ട്രൈബ്യൂണലുകളായിരിക്കുമെന്നു ബില്ലിൽ പറഞ്ഞിട്ടുമില്ല. ആകാരണത്താൽ ആ വകുപ്പു് അവ്യക്തവുമാണു്. ഈ കാര്യങ്ങളൊക്കെ ചൂണ്ടിക്കാണിക്കാനാണു് ഞാൻ ഭേദഗതി അവതരിപ്പിച്ചുകൊണ്ടു് ഉദ്ദേശിച്ചിട്ടുള്ളതു്. ആയതിനാൽ എന്റെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

Shri E. P. Gopalan: My amendment No. 1481 is "In clause 127 (4) (i), add the following as an Explanation:

"Explanation: All applications filed by tenants for purchasing the landowner's right in accordance with the provisions of the Agrarian Relations Act (Act IV of 1961) shall be deemed as if they were filed under the provisions of this Act and shall be dealt with accordingly."

സർ, ഈ ബില്ലിലെ 127–ാം വകുപ്പു് ജന്മി-കുടിയാൻ ബന്ധം സംബന്ധിച്ചു് ഇതിനുമുമ്പു് ഉണ്ടായിട്ടുള്ള എല്ലാ നിയമങ്ങളും റദ്ദു ചെയ്യുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണു്. പക്ഷെ, മുൻനിയമങ്ങളെ ഒട്ടാകെ റദ്ദു ചെയ്യുന്ന ഒരു വകുപ്പായി. ഈ 127–നെ പരിഗണിക്കാൻ പാടില്ലെന്നാണു് എന്റെ അഭിപ്രായം. മര്യാദപ്പാട്ടം സംബന്ധിച്ചും, അതുപോലെ വസ്തുവിന്റെ ജന്മാവകാശം വാങ്ങുന്നതിനെ സംബന്ധിച്ചും ഇതിനു മുമ്പുണ്ടായിട്ടുള്ള നിയമങ്ങളുടെ ചില വകുപ്പുകൾക്കു നിയമ പ്രാബല്യം നൽകുകയും, ചില വകുപ്പുകളെ സംബന്ധിച്ചിടത്തോളം നിയമസാധുത്വം നൽകാതിരിക്കുകയുമാണു് 127–ാം വകുപ്പുകൊണ്ടു് ചെയ്യുന്നതു്. കാർഷികബന്ധനിയമപ്രകാരം അംഗീകരിച്ചിട്ടുള്ള ഒരു പ്രധാന നടപടിയാണു് കുടിയിരുപ്പുകൾ വിലയ്ക്കുവാങ്ങാമെന്നുള്ളതു്. ചില കേസ്സുകളിൽമാത്രം അംഗീകരണം നൽകുമ്പോൾ, പ്രധാനമായ ഒരു കാര്യം വിട്ടുകളയുകയാണിവിടെ ചെയ്യുന്നതു്. ഭാഗികമായി മാത്രമല്ല, മുഴുവൻ കാര്യത്തിലും നിലവിലുള്ള നിയമപ്രകാരം എടുത്ത നടപടികൾക്കു് അംഗീകാരം കൊടുക്കണമെന്നാണു് എന്റെ ഭേദഗതി. ഏതാനും ചിലതു് അംഗീകരിക്കുകയും പ്രധാനപ്പെട്ടവ ഉപേക്ഷിക്കുകയും ചെയ്യുന്നതുമൂലം തടസ്സങ്ങളും തകരാറുകളും മാത്രം ഉണ്ടാകുന്ന നിലയിലാണു് ബില്ലിലെ വകുപ്പിന്റെ നിൽപ്പു്. ജന്മാവകാശം വിലയ്ക്കുവാങ്ങുന്നതിനുവേണ്ടി ട്രൈബ്യൂണലുകളിൽ 20,000-ൽ അധികം അപേക്ഷകൾ ബോധിപ്പിച്ചിട്ടുണ്ടെന്നു കണക്കുകളിൽനിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്. അപേക്ഷകളിലെ സംഖ്യയെസംബന്ധിച്ചു് അവ എത്രയായാലും തരക്കേടില്ല. കാർഷികബന്ധ നിയമപ്രകാരം സമർപ്പിച്ചിട്ടുള്ള ഹർജ്ജികളിന്മേൽ ട്രൈബ്യൂണലുകൾ തീരുമാനമെടുത്തിട്ടുള്ളവയ്ക്കു മുഴുവൻ അംഗീകാരം നൽകണമെന്നുമാത്രമാണു് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. ഈ ബില്ലിലെ 127–ാം വകുപ്പു ചില നടപടികളൊക്കെ അംഗീകരിക്കുന്നുണ്ടു്. കാർഷികബന്ധ നിയമപ്രകാരം ട്രൈബ്യൂണലുകളിൽകൊടുത്ത ഹർജ്ജികളെല്ലാംതന്നെ പുതിയ നിയമപ്രകാരം കൊടുത്ത ഹർജ്ജികളായി പരിഗണിക്കുമെന്നു് ഇവിടെ പറയുന്നുണ്ടു്. മാത്രമല്ല, മര്യാദപ്പാട്ടംസംബന്ധിച്ചു് ലാൻഡു് ട്രൈബ്യൂണലുകൾ എടുത്ത തീരുമാനം അപ്പീലില്ലെങ്കിൽ, അവസാന തീരുമാനമായിട്ടു് അംഗീകരിക്കുമെന്നും വകുപ്പു് 127–ൽ പറഞ്ഞിട്ടുണ്ടു്, സർ, ഇത്രയുംഭാഗം ഗവണ്മെൻറു് അംഗീകരിച്ചിട്ടുള്ളതു് എന്തു തത്വത്തിന്റെ അടിസ്ഥാനത്തിലാണോ, ഇത്രയും അംഗീകരിക്കേണ്ടിവന്നതു് എന്തുദ്ദേശത്തോടുകൂടിയാണോ ആ ഉദ്ദേശം നിറവേററുകയെന്നുള്ളതാണു് ഇവിടത്തെ പ്രശ്നം. ആ സ്ഥിതിക്കു് ഏററവും പ്രധാനമായിട്ടുള്ള ഒരു ഭേദഗതിയാണു് ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇതു് അംഗീകരിക്കുന്നതിൽ ഗവ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടെൻറിന യാതൊരു വിസമ്മതവും ഉണ്ടാകേണ്ട കാര്യമില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. പ്രധാനമായിട്ടും കുടിയിരുപ്പിന്റെ ജന്മാവകാശം, വിലയ്ക്കു വാങ്ങുന്നതിനെ സംബന്ധിച്ചാണ് എനിക്കു പറയുവാനുള്ളതു്. ഇതിനുമുമ്പും ഈ കാര്യം പലതവണ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുമാണ്. ജന്മിയുടെ ഉടമാവകാശം കൃഷിക്കാരനു കിട്ടുന്നതിനുവേണ്ടിയാണ് ഇത്തരമൊരു പരമപ്രധാനമായ നിയമനിർമ്മാണം കൊണ്ടുവരുന്നതെന്നു് പറയുന്നുണ്ടല്ലോ. ഒരു നിയമം ഏതൊരുദ്ദേശത്തോടുകൂടി കൊണ്ടുവരുന്നുവോ ആ ഉദ്ദേശം സാധിക്കുന്നില്ലെങ്കിൽ, ആ നിയമംകൊണ്ടു് എന്താണു പ്രയോജനം? ഈ ബില്ലിന്റെ പരമപ്രധാനമായ ഉദ്ദേശം നിർവ്വഹിക്കണമെങ്കിൽ കുടിയാനു ഭൂമിയിലുള്ള അവകാശം പരിപൂർണ്ണമായി സിദ്ധിക്കേണ്ടതാണ്. അതായതു്, ജന്മിയുടെ വസ്തു വിലയ്ക്കുവാങ്ങാനുള്ള കുടിയാന്റെ അവകാശം അംഗീകരിക്കണം. കാർഷികബന്ധ നിയമത്തിൽ ഇതിനുവേണ്ടിയുള്ള ഒരു പ്രോസസ്സ് ഉണ്ടായിരുന്നു. ആ പ്രോസസ്സ് അതേപടി അംഗീകരിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. മുമ്പു കൊടുത്തിട്ടുള്ള ഹർജികൾ അംഗീകരിക്കുന്നു. പാട്ടം നിജപ്പെടുത്തലും വസ്തു വിലയ്ക്കുവാങ്ങലും സാധിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ, അതു മുഴുവനും അംഗീകരിക്കാത്തതെന്തുകൊണ്ടാണ് എന്നാണെന്റെ ചോദ്യം. ഒരു വ്യവസ്ഥയെ സംബന്ധിച്ചിടത്തോളം, കുറെ നടപടികൾ എടുക്കുകയും അതുകഴിഞ്ഞു ബാക്കിയുള്ളവയെല്ലാം ദൂരെക്കളയുകയും പകരം പുതിയപുതിയ നടപടിക്രമങ്ങൾ കുത്തിച്ചെലുത്തുകയും ചെയ്യുന്നതിനെ ന്യായീകരിക്കാൻ സാദ്ധ്യമല്ല. ജന്മാവകാശം വിലയ്ക്കുവാങ്ങാൻവേണ്ടി ധാരാളം അപേക്ഷകൾ കോടതികളിൽ കൊടുത്തിരിക്കുകയാണ്. വിശേഷിച്ചും കുടിയിരിപ്പുകാർ വിലയ്ക്കുവാങ്ങുന്നതിനുള്ള ഹർജികൾ അവയിൽ അവസാന തീരുമാനം വരുത്തിയവ കൂടിയുണ്ടു്. അതെല്ലാം അംഗീകരിക്കാത്ത ഈ നിയമനിർമ്മാണം ഒരു നിയമനിർമ്മാണമേ അല്ലെന്നു് ഞാൻ തീർത്തുപറയുന്നു. വെറും തരിശായിട്ടുള്ള സ്ഥലം കുടിയാൻ ഏറ്റുവാങ്ങുന്നു. വെറും നിസ്സാരമായ
10 a. m.] പാട്ടത്തിനു് അത്തരം കുടിയിരിപ്പുകാർ, കാർഷികബന്ധ നിയമപ്രകാരം പ്രതിഫലം കണക്കാക്കി ലാൻഡ് ട്രിബ്യൂണലിൽ പണം കെട്ടിവച്ചിരിക്കുകയാണ്. ഈ ബിൽ പാസ്സായാൽ അതിന്റെ സ്ഥിതി എന്താണു്? കെട്ടിവച്ച പണം തിരിച്ചുകൊടുക്കുമെന്നുപോലും ഇതിൽ പറഞ്ഞിട്ടില്ല. ഹർജി കൊടുത്തവരെ വിഡ്ഢികളാക്കാമോ? നിയമപ്രകാരം കുടിയിരുപ്പിന്റെ അവകാശം വാങ്ങുക ലാൻഡ് ട്രിബ്യൂണലിൽ ഹർജി കൊടുത്തു പണം കെട്ടിവയ്ക്കുക എന്നിങ്ങനെയുള്ള നടപടികൾ നടന്നുകഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ, ഇതിനുമുൻപു് നടന്നതൊന്നും കണ്ടില്ല, കേട്ടില്ല എന്നു ഭാവിക്കുന്ന ഏർപ്പാടു നന്നല്ല. ഇനിയും ഈ കാര്യങ്ങളൊക്കെയാണു് തുടരേണ്ടതും. അതുപോലെയൊക്കെത്തന്നെ തുടരാൻ ഇതിൽ പ്രൊവിഷൻ ഉണ്ടു്. അങ്ങനെ വരുമ്പോൾ, നടന്നുകഴിഞ്ഞിരിക്കുന്ന കാര്യങ്ങൾ അംഗീകരിക്കണം എന്നുള്ള തത്വത്തിന്റെ അടിസ്ഥാനത്തിലാണു് ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. ഇതു് അംഗീകരിക്കുന്നതു് മര്യാദമാത്രമാണു്. ഇതു് സ്വീകരിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതിനെ ആസ്പദിച്ചിരിക്കും ഈ നിയമം നടപ്പാക്കുന്നതിൽ ഒരു ഗൗരവബോധം പ്രദർശിപ്പിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതു്. അതു് എല്ലാ ആളുകൾക്കും മനസ്സിലാകുകയുംചെയ്യും. അവസാനം ജന്മിയുടെ അവകാശം പർച്ചേസ് ചെയ്യുന്നതടക്കമുള്ള വകുപ്പുകൾ ഉൾപ്പെടുത്തി പാസ്സാക്കുന്ന ഈ നിയമത്തിൽ യഥാർത്ഥത്തിൽ കുടിയാനു് ഭൂവുടമാവകാശം നൽകുന്നതിനുള്ള നടപടികൾ തുടരും എന്നുള്ളതിനു് എന്താണു് ഒരു ഗാരന്റി? ഇതു പാസ്സാക്കുന്നതിനുമുമ്പു്, അങ്ങനെയൊരു ഉറപ്പുവരുത്താൻവേണ്ടി ഒരു ഗാരന്റിയായിട്ടു ഞാൻ കാണുന്നതു് എന്റെ ഭേദഗതിയാണു്. കാർഷികബന്ധ നിയമപ്രകാരം, ലാൻഡ് പർച്ചേസ് ചെയ്യാൻ ഹർജികൊടുത്തിട്ടുള്ള കേസുകളിൽ തീരുമാനം എടുത്ത കേസുകളിൽ, അതൊക്കെത്തന്നെ ഈ നിയമപ്രകാരം കൊടുത്ത ഹർജികളായിത്തന്നെ അംഗീകരിക്കണം എന്ന അർത്ഥത്തിലാണു് എന്റെ 1481—ാമത്തെ ഭേദഗതി നിൽക്കുന്നതു്.

സർ, ഈ ഭേദഗതിയുടെ താല്പര്യംകൂടി ഉൾക്കൊള്ളുന്ന തരത്തിൽ, ഫലപ്രദമായ ഒരു ഭേദഗതിയാണു് ഇവിടെ ബഹുമാനപ്പെട്ട ശ്രീ. സി. അച്യുത

LIBRARY ARCHIVES Kerala Legislative Assembly

മേനോൻ അവതരിപ്പിച്ചിട്ടുള്ള 1750—ാമത്തെ ഭേദഗതി. സർ, ആ ഭേദഗതിയെസംബന്ധിച്ചു് എനിക്കു് ഒരു അഭിപ്രായം പറയാനുണ്ടു്. 1750—ാമത്തെ ഭേദഗതി ഇങ്ങനെയാണു് നിൽക്കുന്നതു്:

> "Notwithstanding the repeal of the Kerala Agrarian Relations Act, 1960 all applications for determination of fair rent filed or purported to have been filed under the said Act shall be disposed of in accordance with the provisions of the said Act, notwithstanding any judgment, decree or order of court declaring the said Act to be unconstitutional."

സർ, എന്റെ ഭേദഗതിയെക്കൂടി ഉൾക്കൊള്ളത്തക്കവിധം വിപുലമായ അർത്ഥത്തിൽ, അടിസ്ഥാനപരമായി അതിനോടു സാദൃശ്യമുള്ള ഒരു ഭേദഗതിയാണു് 1750—ാമത്തെ ഭേദഗതി എന്നുള്ളതുകൊണ്ടു് ഞാൻ അതിനെ പൂർണ്ണമായി അനുകൂലിക്കുന്നു. ആ ഭേദഗതിപ്രകാരം, കാർഷികബന്ധ നിയമത്തിന്റെ അടിസ്ഥാനത്തിൽ കൊടുത്ത എല്ലാ ഹർജികളും, കാർഷികബന്ധ നിയമത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ തീരുമാനിക്കണമെന്നാണു് പറയുന്നതു്. അതാണു ശരിയായിട്ടുള്ള നടപടിയും. ഞാൻ മുൻപു ചൂണ്ടിക്കാണിച്ചതുപോലെ, മര്യാദപ്പാട്ടം കണക്കാക്കിയ കേസുകളിൽ, അപ്പീൽ ഇല്ലാത്ത കേസുകളിൽ അതുതന്നെ മര്യാദപ്പാട്ടമായി കണക്കാക്കണം. അല്ലാതുള്ളതൊക്കെ, ഫയൽചെയ്തിട്ടുള്ള ഹർജികൾ ഒക്കെ, ഈ നിയമപ്രകാരം ഫയൽ ചെയ്തിട്ടുള്ള ഹർജികളായി കണക്കാക്കണം. എന്നാൽ, തീരുമാനം എടുക്കാത്ത കേസുകളിൽ, ഇപ്പോൾ പാസ്സാക്കാൻപോകുന്ന ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ മര്യാദപ്പാട്ടം കണക്കാക്കണം. മര്യാദപ്പാട്ടം കണക്കാക്കിയ കേസുകളിൽ, ഈ നിയമപ്രകാരം ശരിക്കു മര്യാദപ്പാട്ടം കണക്കാക്കിയിട്ടുള്ളതായി പരിഗണിക്കണം. അതനുസരിച്ചുള്ള പ്രതിഫലം നിശ്ചയിക്കണം. ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ പ്രതിഫലം അതിനു കണക്കാക്കേണ്ട കാര്യമില്ല. അതിലൊന്നും വ്യത്യാസം വരുത്തേണ്ട കാര്യമില്ല. ഒരു ദിക്കിൽനിന്നാരംഭിച്ചുകഴിഞ്ഞതാണു്, അതു് പകുതിക്കുവന്നു നിൽക്കുന്നതു്. അവിടെ നിറുത്തുന്നതു ശരിയല്ല. ഒന്നുകിൽ, കാർഷികബന്ധ നിയമം, നിയമവിരുദ്ധമാണെന്നു പറഞ്ഞുവിടുക; അല്ലെങ്കിൽ അതുപ്രകാരം നടന്നുകഴിഞ്ഞവ എല്ലാം സ്വീകരിക്കുക. അതിലുള്ളതു് സ്വീകരിക്കുകയില്ലെന്നു, നിർബ്ബന്ധം പിടിക്കുന്നതു ശരിയാണോ? അതിലെ ചിലതു് ഇതിനകം സ്വീകരിച്ചിട്ടുണ്ടല്ലോ; അത്രയും നല്ലതു്. അത്രമാത്രമെങ്കിലും സ്വീകരിച്ചിട്ടുള്ളസ്ഥിതിക്കു്, അന്നു് ആളുകൾ കൊടുത്തിട്ടുള്ള ഹർജികൾ പരിഗണിക്കണം. സാധാരണ ഒരു നിയമം വരുമ്പോൾ, കൃഷിക്കാർ വേണമോ വേണ്ടയോ എന്നു സംശയിച്ചിട്ടാണു് ഹർജി കൊടുക്കുക. അങ്ങനെ വളരെ കുറച്ചേ ഹർജികൾ കൊടുത്തിട്ടുള്ളു. അങ്ങനെ കൊടുത്തിട്ടുള്ള ഹർജികളെ സംബന്ധിച്ചിടത്തോളം തീരുമാനം എടുക്കുന്നതു് ആ നിയമത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ വേണം. അതേ പറഞ്ഞിട്ടുള്ള ഭേദഗതിയിൽ. അതാണു് നിയമനിർമ്മാണത്തിൽ സ്വീകരിക്കേണ്ട അടിസ്ഥാന തത്വം. അല്ലെങ്കിൽ, വരുന്നവർ വരുന്നവർ, കഴിഞ്ഞതിനെ, കഴിഞ്ഞതിനെ കാണാതെപോകും എന്ന ഒരു പാരമ്പര്യം ഉണ്ടാകും; അതു നന്നല്ല, വിശേഷിച്ചും ഈ നിയമനിർമ്മാണത്തിൽ നല്ലതല്ല. അങ്ങനെയൊരു പാരമ്പര്യം ഉണ്ടാക്കിവയ്ക്കാനല്ല ശ്രമിക്കേണ്ടതു്. ഈ രാജ്യത്തെ ജനങ്ങളെ ബാധിക്കുന്ന ഗൗരവതരമായ ഒരു പ്രശ്നം എന്നുള്ള നിലയിൽ പരിഗണിക്കണം. ഗൗരവതരമായിട്ടുള്ള ഒരു നിയമനിർമ്മാണമാണു് ഇവിടെ നടത്തുന്നതെന്ന വിശ്വാസത്തെ അപകടപ്പെടുത്തരുതെന്നുണ്ടെങ്കിൽ, ഈ നിലപാടു് അംഗീകരിക്കണമെന്നാണു ഞാൻ ഗവണ്മെന്റിനോടു് അഭ്യർത്ഥിക്കുന്നതു്.

സർ, ഒരു നിയമം വന്നു; കുറേ പണവും ചെലവാക്കി, ബുദ്ധിമുട്ടും സഹിച്ചു; ജന്മിമാരുടെ വിരോധം സമ്പാദിച്ചു ഹർജിയും കൊടുത്തു; പണവും കെട്ടിവച്ചു; ഇപ്പോൾ കൊടുത്ത പണവും കിട്ടുകയില്ലെന്നാണു് പറയുന്നതു്. ഇപ്പോൾ പറയുന്നതു്, ഈ നിയമം അനുസരിച്ചു ഹർജി കൊടുക്കാനാണു്. ഇതു് നിലനിൽക്കുമെന്നതിനെന്താണുറപ്പു്? മുൻപുകൊടുത്തതു് ഇങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

യായി; ഇനിയും ഈ കുണ്ടാമണ്ടി വെറുതേ കഴുത്തിൽ കെട്ടിയിടണമോ എന്ന് ആളുകൾ സംശയിച്ചുനിൽക്കാൻ ഇടയാകരുത്. അതുമാത്രമല്ല, രണ്ടു കൊല്ലത്തിനുള്ളിൽ കാർഷിക പരിഷ്ക്കാരം പൂർത്തിയാക്കണമെന്നാണ് നിങ്ങൾക്കു കിട്ടിയ കല്പനയെന്നും കേട്ടു. രണ്ടുകൊല്ലത്തിനുള്ളിൽ നടപ്പാക്കത്തക്ക സാഹചര്യം ഉണ്ടാക്കണമെന്നാണ് നിർദ്ദേശം. അങ്ങനെയൊരു സാഹചര്യത്തിനെതിരായിട്ട്, ഇനിയും അവസരം പാർത്തുനിൽക്കാൻ ഇട നൽകുക, ആളുകൾക്കു സംശയം ഉണ്ടാകത്തക്കവിധത്തിൽ ഒരു നിലപാട് എടുക്കുക, ജനങ്ങളുടെ ആത്മവിശ്വാസം തകർക്കുന്നതിനുള്ള എല്ലാ വഴികളും വച്ചുകൊടുക്കുക, എന്നിട്ടു നിയമനിർമ്മാണം രണ്ടു കൊല്ലത്തിനുള്ളിൽ നടപ്പാക്കണമെന്നു പറയുകയും ചെയ്യുക. ഇതൊന്നും അത്ര പന്തിയല്ല; ശരിയുമല്ല.

മി. സ്പീക്കർ: ഇതൊക്കെ മൂന്നാം വായനസമയത്തു പറയാവുന്നതാണല്ലോ.

ശ്രീ. ഈ. പി. ഗോപാലൻ: മൂന്നാം വായനസമയത്തും പറയേണ്ടി വരും.

ശ്രീ. ജോർജ്ജുജോസഫ് പൊടിപ്പാറ: വരുന്ന ആഴ്ച, രണ്ടുദിവസം ദീർഘദീർഘമായി പ്രസംഗിക്കാനുള്ള അവസരം കിട്ടുമല്ലോ.

ശ്രീ ഈ. പി. ഗോപാലൻ: വരുന്ന ആഴ്ച പറയാനുള്ളതു് അന്നു പറയും. ഇപ്പോൾ പറയാനുള്ളതു് ഇപ്പോൾ പറയും.

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ: അങ്ങനെയാണെങ്കിൽ, ഇപ്പോൾ പറഞ്ഞതു ശ്രദ്ധിച്ചില്ല, ഒന്നുകൂടി പറഞ്ഞാൽകൊള്ളാം.

ശ്രീ. ഈ. പി. ഗോപാലൻ: അതു കുറെ വിചിത്രമാണ്, പറഞ്ഞതു ശ്രദ്ധിക്കാതെ ചോദ്യം ചോദിക്കുക; എന്നിട്ടു പറഞ്ഞതെന്താണെന്ന് അന്വേഷിക്കുക. ഏതായാലും പറയുന്നതു പറയുമ്പോൾ കേട്ടുകൊള്ളണം. ആവർത്തിച്ചുപറയാൻ സാദ്ധ്യമല്ല.

സർ, അതുകൊണ്ടു് കാർഷികബന്ധനിയമപ്രകാരം കൊടുത്ത ഹർജ്ജികൾ, ആ ആക്ടിന്റെ വകുപ്പുകൾ അനുസരിച്ചുതന്നെ തീർക്കണം, അങ്ങനെ അതു തീർക്കാതിരിക്കുന്നതു്, ഇപ്പോൾ ഉണ്ടാകുന്ന നിയമത്തോടും കാര്യമായ മമത കാണിക്കാനും, ഗൗരവത്തോടുകൂടി ഒരു നിയമനിർമ്മാണത്തിനാണ് ശ്രമിക്കുന്നതു് എന്ന ബോധം വളർത്താനും സാധിക്കാത്ത ഒരു അവസ്ഥ സൃഷ്ടിക്കും. സർ, ഈ ക്ലാസിൽത്തന്നെ, ശ്രീ. എം. നാരായണക്കുറുപ്പ് ചൂണ്ടിക്കാണിച്ച സബ്ക്ലാസ്സ് 2(ബി) വളരെ അധികം ശ്രദ്ധ ആകർഷിക്കേണ്ട ഒരു ഉപവകുപ്പാണ് എന്നാണെന്റെ അഭിപ്രായം. ആ ഉപവകുപ്പ് നിൽക്കുന്നതു് ഇങ്ങനെയാണ്: any suit for restoration, filed under section 24 or section 26 or sub-section (3) of section 53 of the Malabar Tenancy Act, 1929 or any application for determination of fair rent made under section 16 of that Act or any application for fixation of fair rent made under section 9 of the Madras Cultivating Tenants (Payment of Fair rent) Act, 1956, and pending disposal at the commencement of this Act shall be disposed of in accordance with the provisions of the said Acts as if those Acts had not been repealed. ആ നിയമപ്രകാരമുള്ള പാട്ടവും മററും, അവ റിപ്പീൽ ചെയ്യതായും കണക്കാക്കാൻ അവസരം നൽകുന്നുണ്ട്. മലബാർ കുടിയായ്മ നിയമപ്രകാരം പാട്ടം നിശ്ചയിക്കുന്നതിനു് റെൻറു് കോടതിയിൽ പോകേണ്ടതുണ്ടു്. ഇപ്പോൾ റെൻറു കോടതിയില്ല. ഉണ്ടാക്കാൻ നിർദ്ദേശവും ഇല്ല. ഈ സബ്ക്ലാസ്സ് ബി പ്രകാരം, മലബാർ ടെനൻസി ആക്റ്റുപ്രകാരവും, മദ്രാസ് കൾട്ടിവേററിംഗ് ടെനൻറ് ആൻഡ് പേമെൻറ് ആഫ് റെൻറ് ആക്റ്റുപ്രകാരവും മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനുള്ള സാദ്ധ്യതയുണ്ടു്. അതിനു പ്രത്യേകമായിട്ടു്, ഇന്ന ഓഫീസിലാണ് ഹർജ്ജി കൊടുക്കേണ്ടതെന്നോ, ഇന്ന രീതിയിലാണ് ഹർജ്ജി കൊടുക്കേണ്ടതെന്നോ

LIBRARY ARCHIVES Kerala Legislative Assembly

ഒന്നും ഇതിൽ പറയുന്നില്ല. ആ നിയമപ്രകാരം പാട്ടം നിജപ്പെടുത്താം എന്ന ഒരു സൂചന മാത്രമേ ഉള്ളു. ഈ (ബി) സബ്ക്ലാസ്സ് ഇവിടെ ഉണ്ടെങ്കിലും ഇല്ലെങ്കിലും ഫലം ഒന്നുമില്ല. അതു കേവലം നിർജ്ജീവമായ ഒരു നിലയെ അവലംബിക്കുകയാണ്. മലബാർ ടെനൻസി ആക്റ്റുപ്രകാരം ഇപ്പോഴും മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിൽ വലിയ ഭയം ഒന്നും കാണിക്കേണ്ടതില്ല. 1954-ലാണ് മലബാർ ടെനൻസി ആക്റ്റ് ഭേദഗതി ചെയ്തതു്. അന്നത്തെ സാഹചര്യത്തിൽ കുടിയാനു കിട്ടുന്ന അവകാശവും, കുടിയാനു കിട്ടുന്ന നന്മയും കുറവായിരിക്കുമെന്നു മനസ്സിലാക്കാൻ വലിയ വിഷമമില്ല. അതു ഇപ്പോഴും അനുവദിക്കുന്നതു് അത്ര വലിയ കാര്യമായി കണക്കാക്കേണ്ടതുമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: എന്റെ ഭേദഗതി അവതരിപ്പിച്ചതിന്റെ ഉദ്ദേശം, കുടിയാന് അല്പമെങ്കിലും രക്ഷ കിട്ടണമെന്നുള്ളതാണ്. ഹൈക്കോടതി പാട്ടം നിശ്ചയിക്കുകയും, പലതും മടക്കി അയയ്ക്കുകയും ചെയ്തിട്ടുണ്ട്. 1954-നുശേഷം 5-ം, 8-ം കൊല്ലത്തിനുമുൻപ് ഹർജ്ജികൾ അയച്ചതും മര്യാദപ്പാട്ടം നിശ്ചയിക്കാതെയുണ്ട്. അവക്ക് അല്പമെങ്കിലും ഗുണം കിട്ടാൻ മലബാർ ടെനൻസി നിയമപ്രകാരമാണെങ്കിൽ സാധിക്കും. ഈ നിയമപ്രകാരം അന്നുമുതൽക്കുള്ള ഗുണം കിട്ടുകയില്ല. മലബാർ ടെനൻസി ആക്റ്റു പ്രകാരം, മൂന്നു മാസത്തിനുള്ളിൽ ഹർജ്ജി കൊടുക്കണമെന്നുണ്ട്. അങ്ങനെ കുടിയാന്റെ രക്ഷയ്ക്കു് കൂടുതൽ നല്ലതു് ഈ ഭേദഗതി സ്വീകരിക്കുന്നതായിരിക്കുമെന്നു കരുതിയതാണ്.

ശ്രീ. ഇ. പി. ഗോപാലൻ: ശ്രീ. നാരായണക്കുറുപ്പിന് എന്താണു സംശയമെന്ന് എനിക്കു മനസ്സിലായില്ല. ഞാൻ സബ്ക്ലാസ്സ് (ബി)-യെ എതിർക്കുകയല്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: എന്റെ ഭേദഗതിമൂലം കുടിയാന് ഇന്നുള്ളതിനെക്കാൾ കൂടുതൽ പാട്ടം കൊടുക്കേണ്ടിവരുമെന്നുള്ള സൂചന ശ്രീ. ഇ. പി. ഗോപാലന്റെ പ്രസംഗത്തിൽ ഉണ്ടായതുകൊണ്ട് ഞാൻ പറഞ്ഞതാണ്.

ശ്രീ. ഇ. പി. ഗോപാലൻ: ഞാൻ എന്റെ ഭേദഗതിയെപ്പറ്റി പറഞ്ഞു വന്നപ്പോൾ ഒരു കാര്യം സമർത്ഥിക്കാൻ ഉദാഹരണമായിട്ടാണ് സബ്ക്ലാസ്സ് ബി എടുത്തുപറഞ്ഞതു്. മി. കുറുപ്പിന് എത്ര ഉദ്ദേശശുദ്ധിയുണ്ടെങ്കിലും, ഈ സബ്ക്ലാസ്സ് ബി ഇവിടെ ദുർബലമാണ്. മലബാർ കുടിയായ്മ നിയമപ്രകാരം വല്ല കുടിയാനും രക്ഷ കിട്ടുമെങ്കിൽ, മുൻകാല പരിഗണനയോടുകൂടി വല്ല ഗുണവും ഇതുകൊണ്ടു കിട്ടുമെങ്കിൽ ദോഷമില്ല. യാതൊരു കാരണവശാലും ഞാൻ അതിനെ എതിർക്കുകയില്ല. പക്ഷെ അതിന് ഒരു പരിമിതിയുണ്ട് എന്നു പറയാതെ കഴികയില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: ഞാൻ അങ്ങിനെയാണ് വിശ്വസിക്കുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. ഗോപാലനും ശ്രീ. കുറുപ്പുംകൂടി എന്തിനെപ്പറ്റിയാണ് പറയുന്നതു് എന്നു മനസ്സിലായില്ല.

ശ്രീ. ഇ. പി. ഗോപാലൻ: മലബാർ കുടിയായ്മ നിയമപ്രകാരം മര്യാദപ്പാട്ടം നിശ്ചയിച്ചാൽ വല്ലവക്കും ഗുണം കിട്ടുമെങ്കിൽ ആക്കെങ്കിലും അതിൽ വിരോധമുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: മലബാർ കുടിയായ്മപ്രകാരം മൂന്നു കൊല്ലം കഴിയുമ്പോൾ പാട്ടം കൂട്ടാനുള്ള വ്യവസ്ഥയാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നതു്.

2/754/S

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: കൂട്ടാനുള്ള കാര്യമല്ല, പറയുന്നതു്, മലബാർ ടെനൻസി ആക്ടുപ്രകാരമെങ്കിലും പാട്ടം കുറയ്ക്കാനുള്ള സാദ്ധ്യതയുണ്ടെങ്കിൽ, അത്രയും നല്ലതു്. കാർഷികബന്ധ നിയമപ്രകാരം ലഭിക്കുന്ന കുറവാണു് യഥാർത്ഥത്തിൽ അനുവദിക്കേണ്ടതു്. 1954-ലെ കുടിയായ്മ നിയമം അനുവദിക്കുന്ന അവകാശങ്ങളേ കൊടുക്കുകയുള്ളു. 1960-ലെ കാർഷിക നിയമം അനുവദിച്ച ആനുകൂല്യങ്ങൾ നൽകുകയില്ല എന്നു പറയുന്നതിന്റെ ന്യായക്കേടു്, ഉദാഹരണസഹിതം തെളിയിക്കാനാണു് ഞാൻ ശ്രമിക്കുന്നതു്. അനുവദിക്കേണ്ട അവകാശം, സംരക്ഷിക്കേണ്ട കാര്യം, കാർഷികബന്ധ നിയമപ്രകാരം കിട്ടിയ ആനുകൂല്യങ്ങളാണു്.

മലബാർ ടെനൻസി ആക്ടുപ്രകാരം ചില കേസുകളിൽ ഇനിയും മര്യാദപാട്ടം നിശ്ചയിക്കുന്നതിനു ഗവണ്മെന്റിനു വിരോധമില്ല. അതിനുള്ള മെഷീനറി ഇല്ല. അതിൽ ഗവണ്മെന്റു് അംഗീകരിച്ചിട്ടുള്ള തത്വം കൊള്ളാമല്ലോ. അതു് ഇവിടെവച്ചു നിറുത്തുന്നതു് എന്തിനാണു്? മലബാർ കുടിയായ്മ നിയമപ്രകാരം പാട്ടം നിശ്ചയിച്ചശേഷം, അതേ കുടിയാൻ, കാർഷികബന്ധ നിയമപ്രകാരം ലാൻഡു് ട്രൈബ്യൂണലിൽ ഹർജികൊടുത്തു പാട്ടം ചുരുക്കിയിട്ടുണ്ടു്. ഇതു് അംഗീകരിക്കാത്തതെന്തുകൊണ്ടു്? കാർഷികബന്ധനിയമപ്രകാരം കുടിയാന്മാർക്കു് ലാൻഡു് ട്രിബൂണലിൽ ഹർജികൊടുക്കാനുള്ള സൗകര്യവും, അതനുസരിച്ചു് അവർക്കു് പാട്ടം കുറച്ചുകിട്ടുന്നതിനുള്ള സൗകര്യവും ഉണ്ടായിരുന്നു. ഈ നിയമത്തിൽ അതെല്ലാം അംഗീകരിക്കുന്നില്ല എന്നുള്ളതുകൊണ്ടാണു് ഈ ഭേദഗതി വേണ്ടിവരുന്നതു്. കാർഷികബന്ധ നിയമപ്രകാരമാണെങ്കിൽ കുടിയാനു് പാട്ടം നിജപ്പെടുത്താനുള്ള വകുപ്പുകൾ ഉണ്ടു്. അന്നു് അതിനോടു് അപ്പുറത്തുള്ളവർക്കു് വലിയ എതിർപ്പുണ്ടായിരുന്നു. അതിന്റെ ഫലമായിട്ടാണു് ഇപ്പോൾ, സ്ഥാനത്തും അസ്ഥാനത്തും കുടിയാനെതിരായ നില സ്വീകരിക്കുന്നതു്. അതുകൊണ്ടാണു് ഈ ബില്ലിൽ കുടിയാനു് എതിരായിട്ടുള്ള വകുപ്പുകൾ ഉണ്ടായിട്ടുള്ളതു്. 127-ാം വകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നതു് തെററാണു്. അതു തിരുത്തേണ്ടതു് ഏററവും ആവശ്യമാണു്, മലബാർ ടെനൻസി ആക്ടുപ്രകാരം ഇനിയും മര്യാദപാട്ടം നിശ്ചയിക്കാനുള്ള സൗകര്യം കൊടുക്കുന്നതിനുള്ള അഭിപ്രായം എവിടെ നിന്നുണ്ടായി? കാർഷികബന്ധ നിയമപ്രകാരം കൊടുത്തിട്ടുള്ള ഹർജികളുടെ തീരുമാനമനുസരിച്ചു പ്രതിഫലവും മര്യാദപ്പാട്ടവും കണക്കാക്കാൻ സാധിക്കുമായിരുന്നു. അതൊന്നുംചെയ്യാതെ ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു ഒരിക്കൽകൂടി ജന്മി പക്ഷപാതവും ഒരിക്കൽകൂടി കുടിയാൻവിരോധവും തെളിയിച്ചിരിക്കുന്നു. അതു മാററാൻ വേണ്ടിയാണു് ഞാൻ കൊടുത്തിട്ടുള്ള ഭേദഗതി സ്വീകരിക്കണമെന്നു പറയുന്നതു്. വളരെ അടിസ്ഥാനപരമായുള്ള അർത്ഥത്തിലുള്ള ശ്രീ. അച്യുതമേനോന്റെ 1750-ാമത്തെ ഭേദഗതി ഇതിലും നല്ലതാണു്. ആ ഭേദഗതിയെ ഞാൻ ശക്തിയായി അനുകൂലിക്കുന്നു. നടപ്പായികഴിഞ്ഞിട്ടുള്ള നിയമത്തിലെ തത്വങ്ങളെ സംരക്ഷിക്കുകയാണുള്ളതു് നിയമനിർമ്മാണം ചെയ്യുന്നവരുടെ ചുമതലയാണു്. നടപ്പായികഴിഞ്ഞിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായി അംഗീകരിക്കണമെന്നാണു് എനിക്കു് ഒരിക്കൽകൂടി പറയുവാനുള്ളതു്.

ശ്രീ. ബാലകൃഷ്ണമേനോൻ അവതരിപ്പിച്ചിട്ടുള്ള 999-ാമത്തെ ഭേദഗതിയെ കുറിച്ചു് രണ്ടുവാക്കുകൂടി പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിക്കാം. 999-ാമത്തെ ഭേദഗതിയിൽ പറയുന്നതു് ഇങ്ങനെയാണു് In clause 127(4)(ii)(c), insert the words "or agreements between landlords and tenants which have been filed and recorded", after the words 'such orders have become final'. ഇതു വളരെ അത്യാവശ്യമായ ഒരു ഭേദഗതിയാണെന്നാണു് എന്റെ അഭിപ്രായം. കഴിഞ്ഞകാലത്തു കാർഷികബന്ധ ബില്ലിന്റെ പശ്ചാത്തലത്തിൽ ജന്മിയും കുടിയാനും തമ്മിൽ ഒത്തുതീർന്ന കുറെ കേസുകളുണ്ടു്. ആ കേസുകൾ എത്രയുണ്ടെന്നുള്ളതിനു് കൃത്യമായിട്ടു് ഇപ്പോൾ എന്റെ കൈവശം കണക്കുകളില്ല. അങ്ങനെ ഒത്തുതീർന്ന കേസുകളെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിൽ അംഗീകാരം നൽകേണ്ടതാവശ്യമാണു്. ഈ ബില്ലിലും ജന്മിയും കുടിയാനും തമ്മിൽ ഒത്തുതീരുന്നതിനുള്ള വകുപ്പുണ്ടു്. അതു നടപ്പിലാക്കേണ്ട വകുപ്പാണോ? ഉണ്ടായിക്കഴിഞ്ഞ ഒത്തുതീർപ്പുകൾ ന്യായമായും

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കേണ്ടതു് ആവശ്യമാണു്. വളരെ ലഘുവായ ഒരു കാര്യമാണിതു്. ഏതായാലും ശ്രീ. ബാലകൃഷ്ണമേനോന്റെ 999—ാമത്തെ ഭേദഗതി ഏററവും ആവശ്യമാണെന്നും അതു് അംഗീകരിക്കണമെന്നുമാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. എൻ. ഈ. ബലറാം: സർ, 127-ാംമത്തെ വകുപ്പിൽ ഞാൻ അഞ്ചു് ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ടു്. മുൻനിയമങ്ങളെല്ലാം റിപ്പീൽചെയ്തുകൊണ്ടു്, അതിൽ ഏതാനും വകുപ്പുകൾ ഇടക്കാലപ്രാബല്യത്തോടുകൂടി നടപ്പിലാക്കാനാണു് ഈ വകുപ്പുകൊണ്ടു് ഉദ്ദേശിക്കുന്നതു്. കൊച്ചിൻ വെറും പാട്ടം ദാർസ് ആക്ററു്, ട്രാവൻകൂർ—കൊച്ചി പ്രിവൻഷൻ ഓഫ് എവിക്ഷൻ ഓഫ് കുടികിടപ്പുകാർസ് ആക്ററു്, മലബാർ ടെനൻസി ആക്ററു്, മദ്രാസ് കൾട്ടിവേററിംഗ് ടെനൻറ്സ് ആക്ററു്, മുതലായ നിയമങ്ങളാണു് റിപ്പീൽ ചെയ്യാൻ പോകുന്നതു്. ഈ ഘട്ടത്തിൽ ഒന്നു രണ്ടു കാര്യങ്ങൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. വിശേഷിച്ചും കാർഷികബന്ധനിയമത്തിലുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ചു് എനിക്കു് മുമ്പു പ്രസംഗിച്ച ബഹുമാന്യ സ്നേഹിതന്മാർ വ്യക്തമാക്കുകയുണ്ടായി. ഇതു് വളരെ വിഷമം ഉണ്ടാക്കുന്ന വകുപ്പാണു്. വളരെയധികം പണം ചെലവഴിച്ചും വളരെയധികം പാടുപെട്ടും കുടിയാന്മാർക്കു് എന്തെങ്കിലും ആനുകൂല്യങ്ങൾ സിദ്ധിക്കുന്നതിനു് കാർഷികബന്ധനിയമപ്രകാരം അനേകം ഹർജികൾ ലാൻഡു് ട്രിബ്യൂണലിലേയ്ക്കു് കൊടുത്തിട്ടുണ്ടു്. അതിനുവേണ്ടി ഗവണ്മെൻറിനു് പത്തുലക്ഷത്തിലധികം രൂപയും കുടിയാന്മാർക്കാണെങ്കിൽ ഏതാണ്ടു് ഒരു കോടിയിലധികം രൂപയും ചെലവായിട്ടുണ്ടെന്നു് ഈ സഭയിൽ പറഞ്ഞിട്ടുള്ളതിൽനിന്നും ഞാൻ മനസിലാക്കിയിട്ടുണ്ടു്. അങ്ങനെയുള്ള ഒരു ഘട്ടത്തിലാണു് പുതിയ ഒരു നിയമം കൊണ്ടുവന്നതു്. അപ്പോൾ അവരെസംബന്ധിച്ചു് പഴയനിയമത്തിലെ വ്യവസ്ഥയനുസരിച്ചു് ആകാവുന്നത്ര ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണു്. ശ്രീ. ഒ. കോരൻ ചൂണ്ടിക്കാണിച്ചതുപോലെ ഈമാതിരിനിയമങ്ങൾ കൊണ്ടു് നമ്മുടെ രാജ്യത്തിലെ കൃഷിക്കാർക്കു് നിയമത്തിന്മേലുള്ള വിശ്വാസം കുറയാനേ സഹായിക്കു. ഇങ്ങനെ സ്ഥിരതയില്ലാത്ത കാർഷികപരിഷ്കരണബില്ലുകൾ ഉണ്ടാക്കുന്നതുകൊണ്ടു് എത്രനല്ല നിയമങ്ങൾ എഴുതിവെച്ചാലും അതു് പുസ്തകത്തിൽ കിടക്കുമെന്നല്ലാതെ അതുകൊണ്ടുള്ള ആനുകൂല്യം കുടിയാനു് ലഭിക്കുകയില്ല. കുടിയാനു് ലാൻഡു് ട്രിബ്യൂണലിന്റെ മുമ്പാകെ പോകുന്നതിനുള്ള അവകാശം ഉണ്ടായിരുന്നാലേ അവർക്കു് വല്ല ആനുകൂല്യവും കിട്ടുകയുള്ളൂ. അങ്ങനെ ലാൻഡു് ട്രിബ്യൂണലിന്റെ മുമ്പാകെ പോയി ഒരു അവസാനതീരുമാനം ഉണ്ടാക്കുന്നതിനുള്ള സൗകര്യം കുടിയാനു് ചെയ്തുകൊടുക്കേണ്ടതാവശ്യമാണു്. എന്നാൽ ലാൻഡു് ട്രൈബ്യൂണലിന്റെ മുമ്പാകെ പോകാനുള്ള ധൈര്യവും അവകാശവും ഈ രാജ്യത്തിലെ കുടിയാന്മാർക്കു് ഈ ബില്ലുകൊണ്ടു് കിട്ടാൻ പോകുന്നില്ല. എത്ര നല്ല നിയമം ഉണ്ടാക്കി നടപ്പാക്കിയാലും അതുകൊണ്ടു് ഗുണം ഉണ്ടാകുമെന്നുള്ള ബോദ്ധ്യം ഈ രാജ്യത്തിലെ കുടിയാന്മാർക്കു് ഉണ്ടാകുവാൻ സാദ്ധ്യമായില്ലെങ്കിൽ, അതു് വെറുതെ ഉണ്ടാക്കിയ ഒരു നിയമമായിട്ടേ കണക്കാക്കാൻ സാധിക്കുകയുള്ളൂ. പഴയ നിയമപ്രകാരം കുടിയാനു് ലാൻഡു് ട്രിബ്യൂണലിൽ ഹർജി കൊടുക്കാനുള്ള അവസരം ഉണ്ടായിരുന്നു. അങ്ങനെ അവർ ഹർജികൊടുത്തതിന്റെ ഫലമായി കോടതികളിൽനിന്നും വിധിയുണ്ടാകുകയും ചെയ്തിട്ടുണ്ടു്. അങ്ങനെ വിധിയുണ്ടായ കുടിയാനു് ആ വിധിയനുസരിച്ചു് ഭൂമിയിൽ അവകാശം വാങ്ങാനുള്ള സൗകര്യം ഈ ബില്ലനുസരിച്ചു് കൊടുക്കേണ്ടതാണു്. അങ്ങനെ കൊടുക്കുന്നതുകൊണ്ടു് വലിയ വിഷമതകളൊന്നും ഗവണ്മെൻറിനു് വരാനും പോകുന്നില്ല. ഗവണ്മെൻറിനു് ഭാരിച്ച ചെലവും വരികയില്ല, കുടിയാനു വലിയ ചെലവും വരികയില്ല. പഴയനിയമപ്രകാരം കാര്യങ്ങൾ നടപ്പിലാക്കാൻ തീരുമാനിച്ചാൽ അതുകൊണ്ടു് കുടിയാനു് രക്ഷകിട്ടുന്നതാണു്. എന്നാൽ ഗവണ്മെൻറു് ഈ ക്ലാസ്സിൽ സ്വീകരിച്ചിട്ടുള്ള രീതി അതിനെല്ലാം വിപരീതമായിട്ടുള്ളതാണു്. സെലക്ററു കമ്മിററിയ്ക്കു് ഈ ബിൽ അയക്കുന്നതിനുമുമ്പു തന്നെ ഈ കാര്യങ്ങൾ ഞങ്ങൾ വളരെ വ്യക്തമായി ഈ സഭയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണു്. എന്തെല്ലാം മാററങ്ങൾ വരുത്താൻ ശ്രമിച്ചാലുംശരി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഈ. ബലറാം]

പഴയനിയമമനുസരിച്ച് കോടതികളിൽ കൊടുത്തിട്ടുള്ള എല്ലാ അന്യായങ്ങളിലും, പഴയനിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കുന്നതിനുള്ള അവകാശം കൊടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ഈ വകുപ്പിൽ സെലക്റ്റുകമ്മിററി സ്റ്റേജിലും കാര്യമായ മാററങ്ങളൊന്നും തന്നെ വരുത്തിയിട്ടില്ല. പക്ഷെ 1486—ാമത്തെ മന്ത്രിയുടെ ഭേദഗതി വായിച്ചു നോക്കിയപ്പോഠം സെലക്റ്റുകമ്മിററി റിപ്പോർട്ടിൽനിന്നും വളരെ പുറകോട്ടു പോയിരിക്കുന്നതായിട്ടാണ് കാണുന്നത്. ഇതിൽനിന്നും സെലക്റ്റു കമ്മിററിയുടെ റിപ്പോർട്ടും സ്വീകരിക്കാൻ മന്ത്രി തയ്യാറില്ലെന്നാണ് മനസ്സിലാക്കേണ്ടത്. സെലക്റ്റുകമ്മിററി റിപ്പോർട്ടു ചെയ്തപ്രകാരം 127–ാംവകുപ്പ് 4–ാം ഉപവകുപ്പിൽ 2 (ബി)യിൽ പറയുന്നത് മുൻനിയമപ്രകാരം കൊടുത്തിട്ടുള്ള അപ്പീലുകളിൽ തീരുമാനം എടുക്കാതെ കിടക്കുന്നവയെല്ലാം കാർഷികബന്ധനിയമപ്രകാരംതന്നെ പരിശോധിച്ചു തീരുമാനം എടുക്കണമെന്നാണ്. അങ്ങനെ സെലക്റ്റുകമ്മിററി റിപ്പോർട്ടു ചെയ്തിരിക്കുന്നത് മാററാനാണ് യഥാർത്ഥത്തിൽ മന്ത്രിയുടെ 1486–ാമത്തെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നത്. തീരുമാനം എടുക്കാതെ കിടക്കുന്ന എല്ലാം ഈ നിയമത്തിന്റെ വെളിച്ചത്തിൽ പുനഃപരിശോധന ചെയ്ത ആവശ്യമായ ഭേദഗതികഠം ചെയ്യണമെന്നാണ് മന്ത്രിയുടെ ഭേദഗതികൊണ്ടു് കാണുന്നത്. ഇതു് വളരെ കഷ്ടമായിപ്പോയി യെന്നാണ് എനിക്കു ആദ്യമായി പറയുവാനുള്ളത്. ഇതിൽനിന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ ജന്മിപക്ഷപാതം വളരെ സ്പഷ്ടമായി കാണാവുന്നതാണ്. അതേപോലെതന്നെ ഈ നിയമത്തിൽ വ്യവസ്ഥചെയ്തിരിക്കുന്ന മര്യാദപാട്ടത്തിന്റെ കാര്യത്തിലും വർദ്ധിച്ച തോതാണ് കാണിച്ചിട്ടുള്ളത്. മര്യാദപാട്ടത്തിന്റെ തോതനുസരിച്ചാണ് പ്രതിഫലസംഖ്യ കണക്കാക്കുന്നത്. പ്രതിഫലസംഖ്യ നിശ്ചയിക്കുന്നതിനുള്ള വകുപ്പ് ഇതിനകത്തുകൊടുത്തിട്ടുണ്ട്. പഴയ കോടതിവിധികഠം എന്തുതന്നെയായാലും ശരി പ്രതിഫലത്തിന്റെ കാര്യത്തിൽ ഈ ബിൽ പ്രകാരം കൊടുക്കണമെന്നാണ് പറയുന്നത്.

ചെറുകിടജന്മിമാരുടെ കീഴിലുള്ള കുടിയാന്മാരെ സംബന്ധിച്ചാണെങ്കിൽ അവരുടെ എല്ലാ അവകാശങ്ങളും പുനഃപരിശോധന ചെയ്യേണ്ടിവരും. അപ്പോഠം ഈ ബിൽകൊണ്ടു യാതൊരു പ്രയോജനവുമില്ല. ട്രൈബ്യൂണലുകഠം വിധിച്ചിട്ടുള്ള മര്യാദപ്പാട്ടം കൊടുത്തു് കുടിയായ്മ തുടരാൻ തയ്യാറുള്ള കുടിയാന്മാരെ സംബന്ധിച്ച് ട്രൈബ്യൂണലുകഠം വിധിച്ചിട്ടുള്ള മര്യാദപ്പാട്ടം കൊടുത്താൽമതി എന്നുള്ള സൗജന്യത്തിൽ കവിഞ്ഞു് മററു യാതൊരു ആനുകൂല്യവും ഈ ബില്ലിലെ വ്യവസ്ഥകളിലില്ല. പത്തിരുപതു് ഇരുപത്തിരണ്ടു മാസക്കാലമായി വളരെ ഉൽസാഹത്തോടുകൂടി തങ്ങളുടെ ഭൂമിയുടെ ഉടമകളായിത്തീരാൻ സാധിക്കുമെന്ന ഉദ്ദേശത്തോടുകൂടി ലാൻറു് ട്രൈബ്യൂണലുകളെ സമീപിച്ച നമ്മുടെ രാജ്യത്തിലെ അനേകം കുടിയാന്മാർ ഇന്നു നിരുത്സാഹത്തോടുകൂടി നിരാശയോടുകൂടി മടങ്ങിവരുന്ന ഒരവസ്ഥയാണ് ഈ ക്ലാസ്സ് പാസായാൽ ഉണ്ടാകാൻ പോകുന്നതു്. അതിനു് ഇടവരുത്തരുതെന്നുള്ളതുകൊണ്ടാണ് ഈ ഭാഗത്തുനിന്നും മൂന്നു ഭേദഗതികഠം അവതരിപ്പിച്ചിട്ടുള്ളതു്. എന്റെ ഭേദഗതിപ്രകാരം ഈ സബ്ക്ലാസ്സ് (4) പൂർണ്ണമായി എടുത്തുകളയണം. (സി)യിൽ ഫെയർ റെൻറു് എന്നുള്ള ഭാഗവും എടുത്തുകളയണം. അതു രണ്ടും എടുത്തുകളയുകയും ഈ ക്ലാസിൽ 1511–ാംനമ്പർ ഭേദഗതി അതായതു്,

'All orders passed and acts done by any authority under the Kerala Agrarian Relations Act, 1960, shall notwithstanding the repeal thereof be deemed to be valid and binding as if passed or done under the provisions of this Act.'

അതു് സ്വീകരിക്കുകയും ചെയ്താൽ പഴയ കാർഷികബന്ധനിയമപ്രകാരമുള്ള ഗുണമെന്ന നിലയിൽ ട്രൈബ്യൂണലുകളിൽ ഹർജി കൊടുത്തിട്ടുള്ള കുടിയാന്മാർക്കു് ആശ്വാസമെങ്കിലും കിട്ടുമായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ള പുതിയ ഭേദഗതി അതായതു് സെലക്റ്റുകമ്മിററി റിപ്പോർട്ടിനെ തിരുത്തിക്കൊണ്ടു് കൊണ്ടുവന്നിട്ടുള്ള പുതിയ ഭേദഗതി സഭ പാസാക്കുക

LIBRARY ARCHIVES Kerala Legislative Assembly

യാണെങ്കിൽ ട്രൈബ്യൂണലുകൾ വിധിച്ചിട്ടുള്ള, വിധിച്ചിട്ടില്ലാത്ത അപ്പീൽ കേസുകളിന്മേലുള്ള ആനുകൂല്യം പരിപൂർണ്ണമായും എടുത്തുകളയുകയാണു് ചെയ്യുന്നതു്. അപ്പോൾ വളരെ പുറകോട്ടു പോകുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ഈ മൂന്നു ഭേദഗതികൾ സ്വീകരിക്കണമെന്നാണു് എനിക്കു് ആദ്യമായി ഈ സംഗതിയെപ്പററി പറയുവാനുള്ളതു്. വേറെ രണ്ടു ഭേദഗതി കൊടുത്തിട്ടുള്ളതിൽ 1763–ാംനമ്പർ ഭേദഗതിയെക്കുറിച്ചു് പ്രത്യേകമായി പറയാം. ഇതിൽ പാട്ടബാക്കിക്കുവേണ്ടി വിധിയായതും, വിധിയായ കേസുകളിൽ വസ്തു ഒഴിപ്പിച്ചെടുക്കാതിരിക്കുകയും ചെയ്യുന്ന ചില കേസുകൾ കോടതികളിൽ ഉണ്ടെന്നാണു് എന്റെ അറിവു്. പാട്ടബാക്കി കൊടുക്കാതിരിക്കുന്നതുകൊണ്ടു് വിധിയായിട്ടുണ്ടു്. പക്ഷെ പൊസിഷൻ കിട്ടിക്കഴിഞ്ഞിട്ടില്ല. അങ്ങനെയുള്ള അനേകം സംഭവങ്ങളുണ്ടെന്നാണു് ഞാൻ മനസിലാക്കുന്നതു്. അങ്ങനെയുള്ള ആളുകൾക്കു് സംരക്ഷണം നൽകാനായിട്ടു് ഏതെങ്കിലും പ്രൊവിഷൻ ഈ ബില്ലിലുണ്ടോ എന്നു പരിശോധിക്കുകയാണെങ്കിൽ അതു് ഇതിലില്ല. പാട്ടബാക്കി തീർക്കുകയാണെങ്കിൽ വസ്തു ഒഴിഞ്ഞുകൊടുക്കാത്ത കേസുകളിൽ വീണ്ടും അവരുടെ വസ്തു തിരിച്ചെടുക്കാനുള്ള ആനുകൂല്യം ഇതിനകത്തു് അംഗീകരിച്ചിട്ടുണ്ടു്. പക്ഷേ ആ അംഗീകരണത്തിന്റെ ഫലമായി കുടിയാനു് കിട്ടുന്ന എല്ലാ ആനുകൂല്യങ്ങളും കിട്ടണമെങ്കിൽ ഒഴിപ്പിച്ചെടുക്കാത്ത എല്ലാ ഭൂമികളും കുടിയാന്റെ കൈവശം പോയേ പററൂ. അങ്ങനെയുള്ള ആനുകൂല്യം കിട്ടുന്ന ഭേദഗതി ഈ ബില്ലിൽ കൊണ്ടുവരാത്തപക്ഷം ആ ആനുകൂല്യം എല്ലാവർക്കും കിട്ടാൻ പോകുന്നില്ല. അതിനുവേണ്ടിയാണു് 1768–ാംനമ്പരായി ഞാൻ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. അതു് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

<u>ശ്രീ. പി. സി. രാഘവൻ നായർ :</u> എന്റെ 1510–ാംനമ്പർ ഭേദഗതി 127–ാം ക്ലാസിൽ (4) (2)(ഡി) ഉപ വകുപ്പിനുശേഷം ഒരു എക്സ്പ്ലനേഷൻ ചേർക്കണമെന്നുള്ളതാണു്.

Explanation: All the applications filed by tenants for purchasing the landowner's right in accordance with the provision of the Act in vogue before the commencement of this Act shall be deemed to have been filed under this Act and shall be disposed of according to the provisions of this Act."

ഈ തരത്തിലുള്ള ഒരു പ്രൊവിഷൻ ഈ ആക്ററിൽ ചേർക്കുന്നില്ലെങ്കിൽ ഈ രാജ്യത്തുള്ള ലക്ഷക്കണക്കിലുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അതു് ഏററവും വലിയ അനീതിയായിരിക്കുമെന്നാണു് എനിക്കു് ഈ സഭയെ ഓർമ്മപ്പെടുത്താനുള്ളതു്. ഈ കാർഷികനിയമത്തിന്റെ ഒടുവിലത്തേതും ഏററവും പ്രാധാന്യമർഹിക്കുന്നതുമായ ഈ വകുപ്പു് പാസ്സാകുന്നതോടുകൂടി മുൻപു നിലവിലുണ്ടായിരുന്ന അനവധി നിയമങ്ങൾ റദ്ദായിപ്പോകുകയാണു് ചെയ്യുന്നതു്. "സൃഷ്ടി സ്ഥിതി സംഹാര കർത്തൃത്വം" അടങ്ങിയിട്ടുള്ള ഒരു വകുപ്പാണു് ഈ 127–ാം വകുപ്പു്. ഈ 127-ാംവകുപ്പോടുകൂടി ഏതാണ്ടു് ഒരു ലക്ഷത്തിലധികം ഹർജി കൊടുത്തിട്ടുള്ള ആളുകളുടെ സ്ഥിതി അപകടത്തിലാവാൻ പോകയാണു്. മര്യാദപ്പാട്ടം നിജപ്പെടുത്താൻ വേണ്ടി കാർഷികബന്ധനിയമപ്രകാരം ഹർജി കൊടുത്തിട്ടുള്ള ഏതാനും ചില ആളുകൾക്കു മാത്രമേ ഈ വകുപ്പുകൊണ്ടു് തെല്ലൊരു ആശ്വാസം കിട്ടുന്നുള്ളു. വാസ്തവത്തിൽ കഴിഞ്ഞകാലത്തു് ഈ രാജ്യത്തുള്ള വിവിധ പാർട്ടികളിൽപ്പെട്ട ആളുകളുടെ പ്രവർത്തനത്തിന്റേയും പ്രചാരവേലയുടേയുംഫലമായി ലക്ഷക്കണക്കിനാളുകൾ ലാൻഡു ട്രൈബ്യൂണലുകളിൽ ഹർജികൊടുത്തിട്ടുള്ളതു് നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു യാഥാർത്ഥ്യമാണു്. ഏതാണ്ടു് ഒരു ലക്ഷത്തിലധികം ഹർജികൾ ലാൻഡു് ട്രൈബ്യൂണലുകളിൽ കൊടുക്കുക എന്നു പറഞ്ഞാൽ എത്രയോ അധികം രൂപ അതിനുവേണ്ടി ഈ രാജ്യത്തെ കൃഷിക്കാർ ചെലവാക്കുക എന്നുള്ളതാണു്. ഏതാണ്ടു് ഒരു കോടിയിലധികം രൂപ ഈ ഇനത്തിനുവേണ്ടി മാത്രം ഈ രാജ്യത്തിലെ കൃഷിക്കാർ ആകെമൊത്തത്തിൽ ചെലവാക്കി എന്നുള്ളതാണു് ശരി. ലക്ഷക്കണക്കിനു് രൂപ സർക്കാർതന്നെ ഈ ഇനത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ടു്. എന്നിട്ടു് ആ ഹർജികളെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

ഇന്നെന്തു സംഭവിച്ചുവെന്നു പരിശോധിക്കേണ്ടതാണ്. ഏതായാലും ചില ഹർജികളെ സംബന്ധിച്ചിടത്തോളം അൽപ്പം ദയാദാക്ഷിണ്യം മന്ത്രി ഇവിടെ കാണിച്ചിട്ടില്ലെന്നു ഞാൻ പറയുന്നില്ല. ലാൻഡ് ട്രൈബ്യൂണലുകളിൽ ഫെയർ റെൻറിന് ഹർജി കൊടുത്തിട്ടുള്ള കുടിയാന്മാരെ സംബന്ധിച്ചിടത്തോളം അവർ കാർഷികബന്ധനിയമപ്രകാരം കൊടുത്തിട്ടുള്ള ഹർജികൾക്ക് ഇവിടെ പുനർജീവൻ നൽകുന്നുണ്ട്. പക്ഷെ അതു വളരെ ചുരുക്കംപേർക്ക് മാത്രമാണ്. കാർഷികബന്ധ നിയമപ്രകാരം ഫെയർ റെൻറ് നിജപ്പെടുത്താൻ മാത്രമായി കൊടുത്തിട്ടുള്ള ഹർജികളിൽ തീരുമാനമെടുത്തിട്ടുള്ള ഒരു ചുരുങ്ങിയ ശതമാനംപേർക്ക് മാത്രമേ ഈ വകുപ്പുകൊണ്ട് തികച്ചും ആനുകൂല്യം കിട്ടുന്നുള്ളു എന്നു മനസ്സിലാക്കേണ്ടതാണ്. നിരവധി ആളുകൾ ഹർജി കൊടുത്ത് വിചാരണയും കാത്തിരിക്കുകയാണ്. അങ്ങനെ വിചാരണയും കാത്തിരിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഇനി പുതുതായി ഈ നിയമപ്രകാരം നിജപ്പെടുത്തുന്ന പാട്ടം കൊടുക്കണമെന്നാണ് ഇതിൽ നിർദ്ദേശിച്ചിട്ടുള്ളത്. മാഡം, ഇവിടെ കഴിഞ്ഞ പല ദിവസങ്ങളിൽ നടന്നിട്ടുള്ള ചർച്ചകളിൽനിന്ന് കാർഷികബന്ധ നിയമത്തിലെ 36-ാം വകുപ്പ് പ്രകാരം വിലക്കെടുക്കാൻവേണ്ടി ഏതാണ്ട് ഇരുപത്തിമൂവായിരത്തോളം ഹർജികൾ ലാൻഡ് ട്രൈബ്യൂണലുകളിൽ കിട്ടിയിട്ടുണ്ടെന്നു പറയുകയുണ്ടായി. കാർഷികബന്ധ നിയമത്തിലെ 18-ാം വകുപ്പുപ്രകാരം പാട്ടം നിജപ്പെടുത്താൻവേണ്ടിയുള്ള ഹർജികൾ വേറൊരു ഭാഗത്തുമുണ്ട്. ഇതിനെല്ലാം പുറമേ കാർഷികബന്ധനിയമത്തിലെ 23, 24 വകുപ്പുപ്രകാരം കാലാകാലങ്ങളിൽ പതിനായിരക്കണക്കിന് പാട്ടം ഇളവുചെയ്തുകിട്ടാൻ വേണ്ടിയുള്ള ഹർജികൾ ഓരോ കളക്ടറേറ്റുകളിലും കിടക്കുകയാണ്. ആ ഹർജികളുടെ പുനർ ജീവനെ സംബന്ധിച്ചിടത്തോളം യാതൊന്നുംതന്നെ ഈ വകുപ്പിൽ പറഞ്ഞിട്ടില്ല. പാട്ടം ഇളവു കിട്ടാൻവേണ്ടി കൊടുത്തിട്ടുള്ള ഹർജിക്കാരിൽ ഒരു വിഭാഗത്തിനു മാത്രമേ ഈ വകുപ്പിൻെറ ഫലമായി ഇന്നു നേട്ടം കിട്ടാൻ പോകുന്നുള്ളു. ഞാൻ പറയുന്നു, യാതൊരു കാരണവശാലും ഈ തരത്തിലുള്ള വിഭാഗത്തിനുമാത്രം നേട്ടം കിട്ടിയാൽ പോര എന്ന്. എല്ലാ വിധത്തിലും പഴയ കാർഷികബന്ധ ബില്ലിനെ കൊല ചെയ്യുന്ന ഒരു വകുപ്പാണ് ഈ 127-ാം വകുപ്പെന്നുള്ളത് വളരെ വ്യക്തമാണ്. മററു പല നിയമങ്ങളുടേയും കൊലപാതകം ഇതിൽനടത്തുന്നുണ്ട്. ഇതു നീതീകരിക്കാൻ നിവൃത്തിയില്ലെന്നും ഞങ്ങൾക്കഭിപ്രായമുണ്ട്. 127-ാം വകുപ്പുമൂലം ഇന്നു നിലവിലുള്ള വിവിധ നിയമങ്ങളെഅസാധുവാക്കി പ്രഖ്യാപിക്കുകയാണ് ഇതിൽ ചെയ്യുന്നത്. ഈ നിയമങ്ങളെ അസാധുവാക്കി പ്രഖ്യാപിക്കുന്നതിൻെറ പ്രധാന ഉത്തരവാദിത്വം നിങ്ങൾതന്നെ ഏൽക്കണം. കാർഷികബന്ധ നിയമത്തെ കൊല ചെയ്യുന്ന ഈ 127-ാം വകുപ്പ്, ഈ നിയമസഭയിലുള്ള 127 അംഗങ്ങളും തുല്യമായി പങ്കിട്ടെടുക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഇങ്ങിനെ കൊണ്ടുവന്നതെന്നു തോന്നുന്നു. നിങ്ങൾക്ക ഭൂരിപക്ഷമുള്ള ഈ സഭ ചെയ്യുന്ന ഇത്തരം അനീതികളെ സഹായിക്കാനോ അതിന് കൂട്ടുനിൽക്കാനോ ഞങ്ങൾ തയ്യാറില്ല. ആകെ 127 വകുപ്പുള്ളതിൽ ഒരൊററ വകുപ്പിൻേറയും പാപഭാരം ഏറെറടുക്കാൻ ഈ ഭാഗത്തുള്ള ഞങ്ങളാരും തയ്യാറല്ല. മറു ഭാഗത്തുള്ളവർതന്നെ ആ പാപഭാരം മുഴുവനും ഏറെറടുത്തുകൊള്ളണം. അതിരിക്കട്ടെ. ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം എനിക്ക് പ്രത്യേകിച്ചും ഈ സഭയോട് അഭ്യർത്ഥിക്കുവാനുള്ളത് പാട്ടം നിജപ്പെടുത്താൻവേണ്ടി ഹർജി കൊടുത്തവർക്ക കിട്ടിയിട്ടുള്ള ആനുകൂല്യങ്ങൾ മുഴുവൻ ഹർജിക്കാർക്കും, അതായത് ഭൂമി വിലക്കെടുക്കാൻ ഹർജി കൊടുത്തവർക്കുംകൂടി കിട്ടുമാറ് ഒരു പ്രൊവൈസോ എങ്കിലും ഇതിനകത്ത് ചേർക്കണമെന്നാണ്. അവയെ സംബന്ധിച്ചിടത്തോളം വ്യക്തമായ രണ്ടു ഭേദഗതികൾ വന്നിട്ടുണ്ട്; ഒന്ന് ശ്രീ. സി. അച്യുതമേനോൻെറ ഭേദഗതിയാണ്. ഫെയർ റെൻറിനു അപേക്ഷ കൊടുത്തവർക്കും മുൻ നിയമത്തിലെ മുഴുവൻ ആനുകൂല്യങ്ങളേയും ഇതിൽ ഉൾക്കൊള്ളിക്കണമെന്നു അതിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അതേമാതിരി ശ്രീമതി ഗൗരിയമ്മയും ഒരു ഭേദഗതി കൊടുത്തിട്ടുണ്ട്. അതിൽകാർഷികബന്ധനിയമത്തിലെ 36-ം 18-ം വകുപ്പുപ്രകാരം പർച്ചേസ് റൈററിന് ഹർജി കൊടുത്തിട്ടുള്ള ആളുകളുടെ അപേക്ഷയും ഈ നിയമത്തിലും പരിഗണിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. എനിക്ക് ഒരു കാര്യംകൂടി പറയുവാനുള്ളത്,

LIBRARY ARCHIVES Kerala Legislative Assembly

കളക്ടറേററുകളിൽ ഹർജി കൊടുത്തിട്ടുള്ള ആളുകളെ സംബന്ധിച്ച് ഒരു പ്രശ്നവും ഇതിനകത്ത് ഉന്നയിക്കപ്പെട്ടിട്ടില്ല എന്നാണ്. പാട്ടം ഇളവു ചെയ്തു കിട്ടുന്നതിന് ഹർജി കൊടുത്തിട്ടുള്ളവരുടെ പ്രശ്നം ഇതിനകത്ത് ഉന്നയിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അത്തരക്കാർക്ക് സംരക്ഷണം നൽകാൻ തയ്യാറാകണം. ഒരു ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി തന്നെ ആ കാര്യം ഉന്നയിച്ച് കളക്ടറേററുകളിൽ പാട്ടം ഇളവുചെയ്തു കിട്ടാൻവേണ്ടി ഹർജി കൊടുത്തിട്ടുള്ള ആളുകളുടെ കാര്യം കൂടി പര്യാലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഞങ്ങൾക്ക് ഇനി ഇക്കാര്യത്തിൽ ഭേദഗതി കൊണ്ടുവരാൻ കഴിയുകയില്ലെന്നറിയാമല്ലോ. ഏതായാലും ഇവിടെ മൃതസഞ്ജീവിനി കൊണ്ടുവന്നിട്ടുള്ളത് ആശ്വാസമാണ്. പക്ഷെ അത് മൃതരായ എല്ലാ ആളുകൾക്കും കൊടുക്കണം. മൃതസഞ്ജീവിനി കിട്ടാത്ത ഒരു വിഭാഗം ഇവിടെയുണ്ട്. അവർക്ക് കൂടി കൊടുക്കണം. പണ്ട് രാമരാവണ യുദ്ധത്തിൽ ഹനുമാൻ ചെയ്തമാതിരി ചെയ്യരുത്. രാമരാവണ യുദ്ധത്തിൽ വാനരന്മാരും രാക്ഷസന്മാരും മരിച്ചുപോയി. അപ്പോൾ ഹനുമാൻ പോയി മൃതസഞ്ജീവിനി കൊണ്ടുവന്നു. ഈ മൃതസഞ്ജീവിനിയുടെ മണം കേട്ടാൽ രാക്ഷസന്മാരും ജീവിക്കുമല്ലോ. അതുകൊണ്ട് മരിച്ച രാക്ഷസന്മാരുടെ ശവമെല്ലാം എടുത്തു കടലിലെറിഞ്ഞ് വാനരന്മാരെമാത്രം ജീവിപ്പിച്ചു. അതു മാതിരിയിലുള്ള ഒരു നിലപാട് ഇവിടെ അംഗീകരിക്കരുത്. എല്ലാ വിഭാഗക്കാർക്കും ആനുകൂല്യം നൽകണം. കാർഷികബന്ധ നിയമപ്രകാരം ആരെല്ലാം ഹർജി കൊടുത്തിരുന്നുവോ ആ ഹർജിക്കാരുടെ ഹർജികൾക്കെല്ലാം തന്നെ നിയമ സാധുതയുണ്ടാവത്തക്ക വിധത്തിൽ ഈ വകുപ്പിൽ വേണ്ട ഭേദഗതി വരുത്തി മാററണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീമതി കെ. ആർ. ഗൗരി : 127-ാം വകുപ്പ് റിപ്പീൽ ആൻറ് സേവിംഗ്സ് എന്നു പറഞ്ഞുകൊണ്ടാണ് കൊടുത്തിരിക്കുന്നത്. ഇന്നു നിലവിലിരിക്കുന്ന നിയമങ്ങൾ ഏതെല്ലാം റിപ്പീൽ ചെയ്യണമെന്നും റിപ്പീൽ ചെയ്യുന്ന വകുപ്പുകൾ ഏതെല്ലാമെന്നും, കേസുകൾ നിലനിൽക്കുന്നതിൽ ഏതെല്ലാം വിധത്തിൽ ഭേദഗതി ചെയ്യണമെന്നും, അതെങ്ങനെ പറയണമെന്നുമുള്ളതിനെ സംബന്ധിച്ച് എഴുതിയിരിക്കുന്ന വകുപ്പാണിത്. പ്രധാനമായി ആദ്യം ചില ഭേദഗതി നിർദ്ദേശങ്ങൾ കൊണ്ടുവന്നത് സെലക്ററുകമ്മിററി കഴിഞ്ഞതിനുശേഷം അതിവിടെ ചർച്ചചെയ്തു കഴിഞ്ഞതാണ്. മന്ത്രിയുടെ ഭാഗത്തുനിന്ന് ഉറച്ചുവന്ന മറുപടി കാർഷികബന്ധനിയമം പിൻവലിക്കുമെങ്കിലും, മുൻപ് ആനുകൂല്യങ്ങൾ കാർഷികബന്ധ നിയമപ്രകാരം ലഭിച്ചവർക്ക് തുടർന്ന് ലഭിക്കുമെന്നാണ്. പിൻവലിക്കപ്പെട്ട നിയമത്തിൽ മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിന് അപേക്ഷ കൊടുക്കാനവകാശം, ഉണ്ടായിരുന്നു. അതനുസരിച്ച് പതിനായിരക്കണക്കിന് അപേക്ഷകൾ ബോധിപ്പിച്ചിരുന്നു. പല അപേക്ഷകളും തീരുമാനം ചെയ്തു. മററുള്ളത് Pending ആയി കിടക്കുകയായിരുന്നു. എനിക്കറിയാവുന്നത് കണ്ണൂരും, തൃശ്ശൂരും കുറഞ്ഞത് മുപ്പതിനായിരത്തിനു മുകളിൽ പെററിഷൻ കൊടുത്തിട്ടുണ്ടെന്നാണ്. വളരെ കൂടുതൽ പെററീഷൻസ് കൊടുത്ത സ്ഥലങ്ങളുണ്ട്. അങ്ങനെ അപേക്ഷ മര്യാദപ്പാട്ടം നിശ്ചയിച്ച് വിധിയായിട്ടുള്ള കേസുകൾ മര്യാദപ്പാട്ടത്തെ സംബന്ധിച്ചുമാത്രം രണ്ടാമത് അപേക്ഷ കൊടുക്കേണ്ട ആവശ്യമില്ലെന്നും എന്നാൽ ഭൂമി വാങ്ങുന്ന അവസരത്തിൽ ഇന്നത്തെ നിയമത്തിലെ വ്യവസ്ഥപ്രകാരം പാട്ടം നിശ്ചയിച്ചു വാങ്ങേണ്ടതാണെന്നുമാണ് ഈ നിയമത്തിൽ പറഞ്ഞിരിക്കുന്നത്. പുതിയ നിയമപ്രകാരമുള്ള മര്യാദപ്പാട്ടം കാർഷികബന്ധനിയമത്തിലെ പാട്ടത്തേക്കാൾ എന്തുകൊണ്ടും കൂടുതലാണെന്ന വിവരം അപ്പുറത്തിരിക്കുന്നവർക്കും അറിവുള്ള വസ്തുതയാണ്. അങ്ങനെ തീർച്ചപ്പെട്ട പാട്ടം മര്യാദപ്പാട്ടത്തിനുമാത്രം ചുരുക്കൽ ചെയ്തിരിക്കുകയാണ്. അതു കഴിഞ്ഞതിനുശേഷം നിയമസഭയിൽ മന്ത്രി പറഞ്ഞ വാഗ്ദാനത്തിനുതന്നെ എതിരായി—എന്തു സമ്മർദ്ദത്തിനാണ് അദ്ദേഹം വഴിപ്പെട്ടതെന്ന് എനിക്കറിയില്ല—Whichever is less എന്നുള്ളത് ഇല്ലാതെവന്നു. മന്ത്രിയുടെ ഭാഗത്തുനിന്ന് whichever is less അംഗീകരിക്കുന്നു എന്നു പറഞ്ഞു. അത് കഴിഞ്ഞതിനുശേഷം വളരെ ഭേദഗതികൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ടേബിൾ ചെയ്തിരുന്നു. പക്ഷേ അതൊന്നും മൂവ് ചെയ്തില്ല. ആ ഭേദഗതി നിർദ്ദേശം തന്നെ ഒരു ഭാഗംമാത്രം whichever is less ആയിട്ട് ചിലയിടത്തു് മദ്രാസ് ആക്റ്റുപ്രകാരം കാൺട്രാക്റ്റ് റെന്റാണെന്ന് വകവയ്ക്കുകയും ചെറുകിടക്കാരനെ സംബന്ധിച്ചു വരുന്ന വ്യവസ്ഥകളിൽ, കൂടുതൽ റെന്റ് ഏതാണ് അതു് ഫെയർ റെന്റായിട്ട് കണക്കാക്കുമെന്നുള്ള വകുപ്പ് അംഗീകരിക്കുകയും ചെയ്തു. അതു കഴിഞ്ഞതിനുശേഷവും ഞങ്ങളോടു പറഞ്ഞിരുന്ന വാക്കുകൾ ഫെയർ റെന്റ് ഫൈനലായിട്ട് ഫിക്സു ചെയ്യാത്ത കേസുകളെ സംബന്ധിച്ചിടത്തോളം ഒരു ലക്ഷത്തോളം ആളുകളുടെ പണച്ചെലവുമൊക്കെ കണക്കാക്കിക്കൊണ്ട് റീ ഓപ്പൺ ചെയ്യുന്നതിനു നടപടി ഉണ്ടാവുകയില്ല എന്നാണ്. വളരെ ഭേദഗതികൾ അവതരിപ്പിച്ച കൂട്ടത്തിൽ 127-നെ സംബന്ധിച്ച് 1486-ാമത്തെ ഭേദഗതി മുമ്പു പറഞ്ഞ തത്വത്തിനു കടകവിരുദ്ധമായി മന്ത്രിയുടെ ഭാഗത്തുനിന്നുകൊണ്ടുവന്നതാണ്. ഈ ആക്റ്റുപ്രകാരം ഫെയർ റെന്റ് ഡിസ്പോസ് ചെയ്യുന്ന പ്രൊവിഷൻസിൽ പറയുന്നതു് ഡിക്രിയെ സംബന്ധിച്ച് (ബി)—ൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണ്:

"(b) Where the Land Tribunal constituted or purported to have been constituted under the said Act had passed an order determining the fair rent in respect of a holding, but an appeal or application for revision in respect of such order was pending before the Appellate or revising authority at the time when the said Act was declared unconstitutional by the Supreme Court or the High Court, or the proceedings under the said Act were stayed under the Kerala Tenants and Kudikidappukars Protection Ordinance, 1962, as the case may be, in its or their application to the land comprised in the holding, such appellate or revising authority shall reopen the matter and dispose of it in accordance with the provisions of this Act, and, for that purpose, shall have all the powers of the appellate or revising authority, as the case may be, under this Act;"

and (bb) says—

"(bb) Where the Land Tribunal constituted or purported to have been constituted under the said Act had passed an order determining the fair rent in respect of a holding, but the time for preferring appeal or revision in respect of such order had not expired at the time when the said Act was declared unconstitutional by the Supreme Court or the High Court, or the proceedings under the said Act were stayed under the Kerala Tenants and Kudikidappukars Protection Ordinance, 1962, as the case may be, in its application to the land comprised in the holding, any party aggrieved by the order of the Land Tribunal may, within three months from the commencement of this Act, prefer an appeal or an application for revision against such order before the appellate or revising authority under this Act, and thereupon such authority shall reopen the matter and dispose of it in accordance with the provisions of this Act."

ഈ രണ്ടു വകുപ്പുകളുടെയും അർത്ഥം Land Tribunal പാസ്സാക്കിക്കഴിഞ്ഞ വിധിക്ക് Stay of Eviction of Tenants and Kudikidappukars Act വരുമ്പോൾ appeal-നു് കാലഹരണം വന്നിട്ടില്ല എങ്കിൽ ഏതു കക്ഷികളുടെ അപേക്ഷപ്രകാരം decree reopen ചെയ്യാൻ കോടതിക്ക് ഈ നിയമപ്രകാരം അധികാരം കൊടുക്കുന്നു എന്നാണ്. ഈ രണ്ടു ഭേദഗതികളും ഇന്നത്തെ വകുപ്പിലുള്ള കുടിയാന്റെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തുകയും വാഗ്ദാനത്തിൽനിന്നു പുറകോട്ടു പോകുന്ന നിലയുമാണ് കാണുന്നതു്. ഈ ഭേദഗതി അവതരിപ്പിക്കുമ്പോൾ ഫൈനലൈസു ചെയ്തിട്ടുള്ള decree കൾക്ക് എല്ലാ ഭാഗത്തും ആനുകൂല്യം കൊടുത്തു കാണുന്നുമില്ല. എന്റെ ഭേദഗതികൾ കൊണ്ട് ഞാൻ ഉദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ശിക്കുന്നതു്. കാർഷികബന്ധനിയമം Suspend ചെയ്ത അവസരത്തിൽ നടപ്പിൽ വന്നിരുന്ന വകുപ്പുകളെ സംബന്ധിച്ചു്, എല്ലാ വിഭാഗക്കാർക്കു് decree final ആയിട്ടുണ്ടെങ്കിൽ ആ decree ബാധകമാണെന്നുവയ്ക്കണം. കാർഷികബന്ധനിയമം 18 പ്രകാരം ചെറുകിടക്കാരനു് വസ്തു ഒഴിയാൻ അന്യായം കൊടുക്കാമായിരുന്നു. കുടിയാനു് മുഴുവൻ ഭൂമിയും fixity കിട്ടിയ സ്ഥലങ്ങളിൽ വാങ്ങിക്കാമായിരുന്നു. ഇതിനു രണ്ടിനും ധാരാളം അപേക്ഷകൾ വന്നിരുന്നു. അതുപോലെ കുടിയിരുപ്പുകാരനു് അയാളുടെ കുടിയിരുപ്പു് 12 ഇരട്ടി പാട്ടം കെട്ടിവച്ചു് വാങ്ങാമായിരുന്നു. അതിനു് ധാരാളം അപേക്ഷകൾ കൊടുത്തിരുന്നു. ഇവകളെ സംബന്ധിച്ചു് final decree ആയാൽ reopen ചെയ്യരുതു്.

കാർഷികബന്ധനിയമം സ്റ്റേ ചെയ്തപ്പോൾ പ്രധാനമായിട്ടു് പറയുന്നതു് appeal കൊടുക്കുന്നതിനുള്ള ഉദ്ദേശത്തിലായിരുന്നു എന്നാണു് നിയമം ഭരണഘടനാവിരുദ്ധമല്ലാത്ത പ്രദേശങ്ങളെയും ഭൂമിയേയും സംബന്ധിച്ചാണു് Suspension നടപ്പിൽ വരുത്തിയതു്. കൊച്ചിയുടെ ഭാഗം മുഴുവൻ നിയമം ബാധകമായിരുന്നു. ആ സസ്പെൻഡു് ചെയ്ത കാലഘട്ടത്തിലും പെററിഷൻ കൊടുത്തിട്ടുണ്ടെങ്കിൽ ഈ നിയമപ്രകാരം പ്രധാനമായും ആപ്ളിക്കേഷൻ കൊടുക്കാനും, ഫെയർ റെൻറു് നിശ്ചയിക്കാനും അതുപോലെതന്നെ 18—36 വകുപ്പിലുള്ളതായ നടപടികൾ തുടർന്നു പോകാനും ആ പ്രദേശത്തു സാധിക്കുമായിരുന്നു. കുടികിടപ്പുകാരുടെ പ്രശ്നത്തെ സംബന്ധിച്ചാണെങ്കിൽ വളരെ തുച്ഛമായിട്ടു മാത്രമേ പെററിഷൻ കൊടുക്കാൻ ഒക്കുകയുള്ളു. ഈ 18—ാം വകുപ്പു് ചെറുകിട ഭൂഉടമകളെ സംബന്ധിച്ചുള്ളതാണു്. സ്ഥിരാവകാശം കിട്ടിയിട്ടുള്ള കുടിയാന്മാരെ സംബന്ധിച്ചാണെങ്കിൽ മുഴുവൻ റൈററും വാങ്ങുന്നതിനുള്ള അവകാശം കൊടുത്തിരിക്കുന്നതുകൊണ്ടു് വളരെ കൂടുതൽ ആളുകൾ പർച്ചേസ് ചെയ്യുന്നതിനു് അപേക്ഷ കൊടുത്തിരുന്നു. അതുപോലെതന്നെ തിരുവിതാംകൂർ പ്രദേശത്താണെങ്കിൽ ഫിക്സിററി കിട്ടിയിട്ടില്ലാത്ത ടെനൃവറിനെ സംബന്ധിച്ചു് വസ്തു ഉടമസ്ഥു് പകുതി ഒഴിയാൻ അപേക്ഷ കൊടുക്കാമായിരുന്നു. അതിനു് ധാരാളം അപേക്ഷകൾ ചെറുകിടക്കാർ കൊടുത്തിരുന്നു. കൊച്ചിയിലാണെങ്കിൽ വെറുംപാട്ടം സംബന്ധിച്ചു് സ്ഥിരതകിട്ടിയിരുന്നതിനാൽ കുടിയാന്റെ മുഴുവൻ അവകാശവും വാങ്ങാൻ ഈ നടപ്പിലായ വകുപ്പുകൾ പ്രകാരം പല പെററീഷൻസ് സ്മാൾ ഹോൾഡേഴ്സ് ഒഴിപ്പിക്കാൻ കൊടുത്തിട്ടുണ്ടു്. അതുപോലെതന്നെ പർച്ചേസ് ചെയ്യുന്നതിനു് പല പെററിഷൻസ് കുടിയാന്മാരും കൊടുത്തിട്ടുണ്ടു്. അതിനും പുറമെ പാവപ്പെട്ട കുടിയിരുപ്പുകാർ 36-ാം വകുപ്പു് പ്രകാരം വസ്തു വാങ്ങുന്നതിനു് അവകാശം കൊടുത്തിരുന്നു. ആ വിഭാഗക്കാരും വളരെ അപേക്ഷകൾ ജന്മിയുടെ അവകാശം വാങ്ങുന്നതിനു കൊടുത്തിട്ടുണ്ടു്. അവരുടെ സംഖ്യ 20,000 ആണെന്നു് ഒരു ഭാഗത്തും അല്പ 5,000—മേയുള്ളു എന്നു മന്ത്രിയുടെ ഭാഗത്തുനിന്നും പറയുകയുണ്ടായി. ഏതായാലും പാവപ്പെട്ട കുടിയിരുപ്പുകാരും പല അപേക്ഷകൾ കൊടുത്തു, പലരും പണവും കെട്ടിവച്ചു. ചിലർക്കു വസ്തു നടത്തിക്കിട്ടി. മററുള്ളവർക്കു് കിട്ടിയില്ല. അവർ കൊടുത്ത അപേക്ഷകളെ സംബന്ധിച്ചോ കെട്ടിവച്ച കാശിനെ സംബന്ധിച്ചോ യാതൊന്നും 127 പറയുന്നില്ല. മൂന്നവകാശങ്ങൾ, മര്യാദപ്പാട്ടം നിശ്ചയിക്കാൻ കുടിയിരുപ്പു് പർച്ചേസ് ചെയ്യാനും സ്മാൾ ഹോൾഡറിന്റെ അവകാശം പർച്ചേസ് ചെയ്യാനും ചെറുകിടക്കാർക്കു് ഒഴിപ്പിച്ചെടുക്കാനുമുള്ള അവകാശങ്ങൾ കാർഷികബന്ധനിയമത്തിൽ നടപ്പിൽ വന്ന വകുപ്പുകളാണു്. ഈ വകുപ്പുകൾ പ്രകാരം decree final ആയി വസ്തു നടത്തിയില്ലെങ്കിൽ എന്തു ചെയ്യണമെന്നു് 127—ൽ പറയേണ്ടതായിരുന്നു. പറഞ്ഞിട്ടില്ല, പറയണമെന്നാണു് എന്റെ അഭിപ്രായം. സർ, ഇതു പറയുമ്പോൾ ന്യായം നടത്തണമെങ്കിൽ രണ്ടു ഭാഗത്തേയ്ക്കുംകൂടി ന്യായം നടത്തണമല്ലോ. ഇതിൽ രണ്ടു ഭാഗത്തേക്കും ന്യായം നടത്തിയിട്ടില്ല. സ്മാൾ ഹോൾഡറിനെ സംബന്ധിച്ചു് 18-ാം വകുപ്പും അതുപോലെ മററു വകുപ്പുകളും അവർ കൊടുത്തിരിക്കുന്ന പെററിഷൻ ഫൈനലായിട്ടു് അംഗീകരിക്കുന്നില്ലെങ്കിൽപോലും ആ petition സ്വീകരിച്ചുകൊണ്ടു് തുടരാനുള്ള അവകാശമെങ്കിലും കൊടുക്കേണ്ട. ഇന്നത്തെ നിലയിൽ പണം കെട്ടിവച്ചുകൊണ്ടു് പെററിഷൻസ് കൊടുത്താൽ ഡിക്രിവരെയായിക്കഴിഞ്ഞതിനുശേഷം അതിനെ സംബന്ധിച്ചു് ഒന്നും പറയാതെ ഇരിക്കുക, കുടിയിരുപ്പുകാരെ സംബന്ധിച്ചു് ഒന്നും പറയാതിരിക്കുക ഇതു വളരെ അന്യാ

2/754/S

[ശ്രീമതി കെ. ആർ. ഗൗരി]

യമാണു്. ഒരു ആക്ടിൽ, നടപ്പിൽ വരുത്തുന്നതിനായിട്ടുള്ള വകുപ്പുകളെ സംബന്ധിച്ചു് വ്യക്തമായിട്ടും ധാരണ ഉണ്ടായിരിക്കണം. അതിനുള്ള പ്രൊവിഷൻസ് ഉണ്ടാകണം. അതുകൊണ്ടാണു് പെററിഷൻസിനെ സംബന്ധിച്ചു് ഞാൻ ഭേദഗതി കൊടുത്തിട്ടുള്ളതു്. ഓറൽ അമെൻഡ്മെൻറു് മൂവ് ചെയ്യാൻ സ്പീക്കർ അനുവദിച്ചു, അതു് മൂവ് ചെയ്യുന്നുണ്ടു്. എന്റെ ഭേദഗതിയിൽ പ്രധാനമായി ഞാൻ ഉന്നയിക്കുന്നതു്:

"In clause 127 (1) delete (b)"

എന്നാണു് ചിലതിനെയൊക്കെ സംബന്ധിച്ചു് ആ ഭാഗത്തുനിന്നു് മറന്നുപോകാനിടയുണ്ടു്. ബി–യെ സംബന്ധിച്ചു് നമ്മൾ ഇപ്പോൾ വളരെ പ്രധാനമായി പറഞ്ഞില്ലെങ്കിലും കോടതിയിൽ ന്യായാനുസരണം ആക്കണം വിലകൊടുക്കേണ്ടതു് എന്നുള്ളതിനെ സംബന്ധിച്ചു് മിക്കവാറും ആലോചിക്കും. പക്ഷേ ഇതു സംബന്ധിച്ചു് പ്രത്യേകമായി പറയേണ്ട ആവശ്യമില്ല എന്നുള്ള നിലയ്ക്കാണു് ഭേദഗതി കൊടുത്തിട്ടുള്ളതു്. എനിക്കു് സംശയം, ബി–പറയുന്നതു് ഇതാണു്:

The costs in respect of the suits, appeals, revisions, reviews and execution proceedings stayed by the enactments specified in clause (a) shall be in the discretion of the court.

Sub-clause 3 (b) says "any suit for restoration filed under section 24 or section 26 or sub-section (3) of section 53 of the Malabar Tenancy Act, 1929 or any application for determination of fair rent made under section 16 of that Act or any application for fixation under section 9 of the Madras Cultivating Tenants (Payment of Fair Rent) Act, 1956, and pending disposal at the commencement of this Act shall be disposed of in accordance with the provisions of the said Acts as if those Acts had not been repealed;"

Malabar Tenancy നിയമപ്രകാരം ആരെങ്കിലും ആപ്ലിക്കേഷൻ കൊടുത്തിട്ടുണ്ടെങ്കിൽ ഫെയർ റെൻറു് ഫിക്സ് ചെയ്യണമെന്നാണു്. മലബാർ ടെനൻസി ആക്ടുപ്രകാരമുള്ള എല്ലാ ആപ്ലിക്കേഷനും ഇതുപ്പോൾ പെൻറിംഗായിട്ടു നില്ക്കുന്നതുപോലും ഫെയർറെൻറു് നിശ്ചയിച്ചു് ഫിക്സുചെയ്യാത്തതാണു്. മൂന്നുകൊല്ലം കഴിയുകയാണെങ്കിൽ വസ്തു ഉടമസ്ഥനു് ഫെയർറെൻറു കൂട്ടിക്കിട്ടുന്നതിനു് അപേക്ഷ ബോധിപ്പിക്കാമെന്നുണ്ടു്. കാർഷികബന്ധനിയമം അവതരിപ്പിക്കുന്നതിനു് മുമ്പു് ഇതുപോലെ സ്റേറ ആഫ് എവിക്ഷൻമുതലായവ ആക്ററു പാസ്സാക്കുന്നതിനു മുമ്പു് ഫെയർ റെൻറു് ഫിക്സ് ചെയ്യുന്നതിനു് വസ്തു ഉടമസ്ഥൻ ആപ്ലിക്കേഷൻ കൊടുത്തിട്ടുണ്ടു്. ഇന്നു കിടക്കുന്നതായിട്ടുള്ള പെററിഷനെസംബന്ധിച്ചെങ്കിലും എന്തെങ്കിലും ഒരു തീരുമാനം എടുക്കേണ്ടതാവശ്യമാണു്. നോർമൽ എന്നുള്ളതിന്റെ ഡെഫനിഷനിൽ ഒന്നാംവിളയുടെ പകുതി രണ്ടാംവിളയായി കണക്കാക്കണമെന്നുള്ളതു് എടുത്തു കളഞ്ഞിട്ടുണ്ടു്, അതുകൊണ്ടു് അററാദായത്തിന്റെ പകുതിയാണെന്നു പറയുകയാണെങ്കിൽ ചില ഭാഗങ്ങളിൽ കുറവുവന്നേക്കും. ഇപ്പോഴും വളരെ കൂടുതൽ ആനുകൂല്യങ്ങൾ വസ്തു ഉടമസ്ഥനു കൊടുക്കുന്നതിനുള്ള നടപടികൾ നിറുത്തി വയ്ക്കണമെന്നു പറഞ്ഞുകൊണ്ടു് കർഷകസംഘം പ്രതിനിധികൾ മെമ്മോറണ്ടം കൊടുത്തിട്ടുണ്ടു്. അപ്പോൾത്തന്നെ കൊടുത്തിട്ടുള്ള അപേക്ഷകളുണ്ടു്. അതിനു് ഒരു വകുപ്പു് എഴുതിവയ്ക്കാമായിരുന്നുവല്ലോ?

ഫെയർറെൻറു് കൂട്ടുന്നതിനുള്ള അപേക്ഷ കൊടുത്തിട്ടുള്ള കേസ്സുകളിലെങ്കിലും ഒരു വകുപ്പു എഴുതി വയ്ക്കാമായിരുന്നല്ലോ? മന്ത്രിയുടെ ഭാഗത്തു

11 A. M. നിന്നു ഈ രണ്ടു റെൻറും തമ്മിൽ തിട്ടപ്പെടുത്തി നോക്കിയിട്ടുണ്ടോ എന്നറിവില്ല. മലബാർ ടെനൻസി ആക്ററു പ്രകാരമുള്ള ഫെയർ റെൻറും, പുതിയ ആക്ററു പ്രകാരമുള്ള ഫെയർ റെൻറും ഞങ്ങൾ കണക്കാക്കി നോക്കിയപ്പോൾ ചിലതിലെല്ലാം ഒരുപോലെയാണു്. പകുതിയെന്നു പറഞ്ഞാലും അതു അററാദായത്തിലാണു്. മൊത്താദായത്തിന്റെ നാലിലൊന്നു് എന്നു പറയുന്നതും അഞ്ചിലൊന്നു് തട്ടിച്ചാൽ fair rent ഒരുപോലെ

LIBRARY ARCHIVES Kerala Legislative Assembly

വരും. ചിലതിനെ സംബന്ധിച്ചു കുറവു വരും, ചിലതിൽ കൂടിവരും. ഏതെങ്കിലും കയ്യാണെന്നുള്ളതിനു വല്ല കണക്കും എടുത്തിട്ടുണ്ടോ? ഇതു എത്ര കണ്ടു അഫക്റ്റു ചെയ്യുമെന്നുള്ളതിനു കണക്കെടുത്തിട്ടുണ്ടോ? ഫെയർ റെൻറു എത്ര വരുമെന്നുള്ളതിനു കോടതിയിൽ നിന്നും വസ്തുതകൾ ശേഖരിച്ചിട്ടുണ്ടോ? കാർഷികബന്ധ നിയമപ്രകാരം കുടിയാനു കിട്ടാനുള്ളതു കുടിയാനു ഈ നിയമപ്രകാരം കിട്ടുകയുമില്ല, മലബാർ ടെനൻസി നിയമപ്രകാരം കൂടുതൽ റെൻറു വസ്തു ഉടമസ്ഥന്മാർക്കു കിട്ടേണ്ടതായിട്ടുണ്ടെങ്കിൽ അതു ഈ നിയമപ്രകാരം അവർക്കു കിട്ടുകയും ചെയ്യുന്നു. അങ്ങനെ കൂടുതൽ വസ്തു ഉടമകളുടെ അവകാശം നിലനിറുത്തിക്കൊണ്ടു്, ഒരു കക്ഷിയോടു് ചേർന്നു നിന്നുകൊണ്ടുള്ളതാണു് ഈ 127–ാം വകുപ്പു്. ശ്രീമാൻ നാരായണക്കുറുപ്പു് ആപ്ലിക്കേഷൻ ഇന്ന രീതിയിൽ ആയാൽ പോരെ എന്നു ശ്രീ. ഇ. പി. ഗോപാലനോടു ചോദിച്ചു സമ്മതം വാങ്ങാൻ ഒരു ശ്രമം നടത്തുകയുണ്ടായി. വസ്തു ഉടമസ്ഥന്മാർക്കു കിട്ടേണ്ട അവകാശം കിട്ടുന്നതിനു ഈ ആക്റ്റിൽ അവസരം നൽകുകയും മറ്റുള്ളവർക്കു് അതു നിഷേധിക്കുകയും ചെയ്യുന്നതു തീർച്ചയായും പക്ഷപാതപരമായി പ്രവർത്തിക്കുകയാണു്, കുടിയാനോടു ചെയ്യുന്ന ഒരു ദ്രോഹമാണു്. അതുകൊണ്ടു എനിക്കു പറയുവാനുള്ളതു് ഈ ക്ലാസിൻെറ (ബി) ഉപവകുപ്പു ഒന്നുകിൽ അതിനനുസരണമായി മാററണം. കുടിയാനും ടെനൻറിനും ഗുണകരമായി നിയമം എഴുതിവയ്ക്കണം. അല്ലെങ്കിൽ ഇതിനു മുമ്പു കൊടുത്തിട്ടുള്ള കേസ്സുകൾക്കെങ്കിലും ആ നിയമപ്രകാരം ഡിസ്പോസൽ നടത്തുക. ഇതുമല്ലെങ്കിൽ ഈ (ബി) ഡിലീററു ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക. എൻെറ 1741–ാം നമ്പർ ഭേദഗതി അതാണു്. 'In clause 127 (4) (ii) (a), after "all applications for determination of fair rent" add "and all applications under section 36 for purchasing the rights of the landowner of the kudiyıruppu, and all applications under section 18 for resumption of land from tenants, and all applications for the purchase of the landowner's right under the same section." ഇന്നു fair rent fix ചെയ്യാൻ കൊടുത്തിരിക്കുന്ന അപേക്ഷകൾക്കും പുറമേ 36–ാംവകുപ്പുപ്രകാരം കുടിയിരുപ്പു Parcha e ചെയ്യാൻ കൊടുത്തിട്ടുണ്ടെങ്കിൽ ആ അപേക്ഷയും 18–ാംവകുപ്പുപ്രകാരം കൊടുത്തിരിക്കുന്ന അപേക്ഷകളും എന്നു കൂടി ചേർക്കണമെന്നാണു്. കുടികിടപ്പുകാരനും Share holder -ം കൊടുത്തിരിക്കുന്ന അപേക്ഷകൾ ഈ നിയമപ്രകാരമെങ്കിലും ചർച്ച ചെയ്യത്തക്ക സൗകര്യം കൊടുക്കണം. പുതിയ അപേക്ഷയും അതിനോടനുബന്ധിച്ച ചെലവും ഇല്ലാതിരിക്കാനെങ്കിലും ഇതു സ്വീകരിക്കാമല്ലോ " (b) in cases where, on applications for determination of fair rent filed or purported to have been filed under the said Act, the Land Tribunal had passed orders determining fair rent under the said Act." ഇതിൻെറകൂടെ എൻെറ ഭേദഗതി 'and in cases where on application for purchasing landlords right under section 36 or section 18 and in cases where on application for resumption of land from tenants under section 18 filed or purported to have been filed under this Act," കൂടി ചേർത്തുകൊണ്ടു അതുപ്രകാരം കേസ്സുകൾ ഡിസ്പോസ് ചെയ്യത്തക്കവിധത്തിൽ ആയിരിക്കണം നിയമനിർമ്മാണം കൊണ്ടുവരേണ്ടതു്.

ഇതിൻെറ 'സി' വകുപ്പിനെ സംബന്ധിച്ച പ്രധാനമായ ഭേദഗതികളൊന്നും ഞാൻ കൊടുത്തിട്ടില്ല. കാരണം ശ്രീ. ബലറാം ഒരു ഭേദഗതി കൊണ്ടുവരുന്നുണ്ടു്. ഞാൻ അതിനോടു അനുകൂലിക്കുകയാണു്. ശ്രീ. ബലറാമിൻെറ ഭേദഗതി ഇതാണു്' 'In 127 (4) (d) delete the last portion beginning with 'but such fair rent shall not be taken as the basis for the determination of the purchase price under section 51, and the fair rent for the determination of purchase price shall be the fair rent determined under this Act;' ഇതിൻെറ വകുപ്പു 3 'ബി' യിൽ വ്യക്തമായിട്ടു പറയുന്നില്ല ഇതു ഉപയോഗിക്കുമെന്നോ, ഉപയോഗിക്കുകയില്ലന്നോ എൻെറ അഭിപ്രായത്തിൽ തീർച്ചയായിട്ടും ഉപയോഗിക്കും. അല്ലെങ്കിൽ കോടതിയിൽ നിന്നും പെററിഷൻ പിൻവലിക്കണമെന്നു പറഞ്ഞാൽ അതിനെ ഒബ്ജക്റ്റു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ചെയ്യാൻ ബുദ്ധിമുട്ടുവരും. അതുകൊണ്ടു് എല്ലാവർക്കും ഒരുപോലെ എന്നുള്ള ന്യായം നടത്തുക എന്നുള്ള നിലയിൽ ശ്രീ. ബലറാമിന്റെ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണു്. വേറൊരു വൈഷമ്യം കൂടി വരുന്നുണ്ടു്. അതിനു ഞാൻ 1742-ാം ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതുപോലെ സ്വീകരിക്കുകയാണെങ്കിൽ ഉണ്ടാകുകയില്ല. ഞാൻ കൊടുത്തിരുന്ന ഭേദഗതി പരിപൂർണ്ണമല്ലാത്തതുകൊണ്ടു് ഓറലായിട്ടു ഒരു ഭേദഗതി അവതരിപ്പിക്കുവാൻ സ്പീക്കർ എനിക്കു അനുവാദം തന്നിട്ടുണ്ടു്. പർച്ചേസ് പ്രൈസിനുള്ള പെറ്റിഷൻസ് ഫൈനലയിസ് ചെയ്യണമോ, വേണ്ടയോ എന്നുള്ളതാണു് പ്രശ്നം. ഒന്നുകിൽ അതു അവിടെ നിറുത്തിക്കൊണ്ടു് ഇന്നത്തെ ആക്ടിനു വിധേയമായി പ്രവർത്തിക്കുവാനുള്ള അവകാശം കൊടുക്കണം. രണ്ടു വിധത്തിൽ ഞാൻ എഴുതിയിട്ടുണ്ടു്. ഏതെങ്കിലും ഒന്നു സ്വീകരിച്ചാൽമതി. 'In cases where orders determining the purchase price under section 18 or under section 36 of the Kerala Agrarian Relations Act has been passed by the Land Tribunal or where the tenant has deposited such purchase price consequent on such order the order shall be reopened and tried only to the extent necessary so as to pass orders under the provisions in this Act.'

Or

'In cases where orders determining the purchase price under section 18 or under section 36 of the Agrarian Relations Act has been passed and if there was an appeal the Appellate Court has passed order on the application if there was no appeal the time for appeal has been expired the order under the said Act shall be considered as final and it shall not be reopened under the provisions of this Act.'

എന്റെ ഭേദഗതി രണ്ടുവിധത്തിൽ കൊടുത്തിരിക്കുന്നതിന്റെ അർത്ഥം ഗവണ്മെന്റു് ഏതെങ്കിലും ഒന്നു സ്വീകരിക്കാനാണു്. ഒന്നുകിൽ ഞാനാവശ്യപ്പെടുന്നതു് Order finalise ചെയ്തിട്ടുണ്ടെങ്കിൽ അതുപ്രകാരം വാങ്ങാനും, നടത്തിയെടുക്കാനും ഒഴിപ്പിക്കാനും 18-ം 36-ം പ്രകാരമുള്ള എല്ലാ അവകാശങ്ങളും കുടിയിരുപ്പുകാരനും, ചെറുകിടക്കാരനും, ചെറുകിടക്കാരന്റെ കുടിയാനും കൊടുക്കണമെന്നാണു്. അതിനു മന്ത്രി സമ്മതിക്കുന്നില്ലെങ്കിൽ ഇന്നു കോടതികളിലുള്ള 36-ം 18-ം പ്രകാരം കൊടുത്തിരിക്കുന്ന അപേക്ഷകൾ ഈ നിയമപ്രകാരം reopen ചെയ്യാനെങ്കിലും അവകാശം കൊടുത്താൽ മതി. ജന്മിക്കു് യാതൊന്നും നഷ്ടപ്പെടുന്നില്ല. അപേക്ഷകർക്കു് കോടതിച്ചെലവിന്റെ ലാഭം കാണും അതുമാത്രം. കുടിയിരുപ്പുകാർക്കു ഈ ആക്ടു പ്രകാരം വീണ്ടും പെറ്റിഷൻ കൊടുക്കണമെങ്കിൽ അതിനു Court fees അടയ്ക്കേണ്ടിവരും, വക്കാലത്തു കൊടുക്കേണ്ടിവരും, കേസ്സിനു ആവശ്യമായ തെളിവുകൾ ഹാജരാക്കേണ്ടിവരും, Summons fees-നു വേണ്ടിവരും. ഇതെല്ലാം വളരെ ബുദ്ധിമുട്ടുള്ള കാര്യമാണു്. സ്മാൾ ഹോൾഡേഴ്സിനെ സംബന്ധിച്ചിടത്തോളവും, സ്മാൾഹോൾഡർ ടെനന്റിനെ സംബന്ധിച്ചിടത്തോളവും വളരെയധികം പെറ്റിഷൻസ് കൊടുത്തിട്ടുണ്ടു്. ഈ ക്ലാസ്സിന്റെ ഒന്നാം ഉപവകുപ്പിൽ (1)-ൽ പറഞ്ഞിരിക്കുന്ന പെറ്റിഷൻസ്, സ്റ്റേ വന്നതുകൊണ്ടു് ഡിസ്പോസ് ചെയ്തിട്ടില്ലാത്ത പെറ്റിഷൻസ്, അതുപോലെതന്നെ കേരളാ അഗ്രേറിയൻ റിലേഷൻസ് ആക്ടു പ്രകാരം ഡിസ്പോസ് ചെയ്തിട്ടില്ലാത്ത പെറ്റിഷൻസ്, ഇതെല്ലാം ഈ നിയമപ്രകാരം ഡിസ്പോസ് ചെയ്യാൻ വ്യവസ്ഥ ഉണ്ടായിരിക്കുന്നതിൽ ഈ നിയമം വരുന്നതുകൊണ്ടു് അധികച്ചെലവു ഉണ്ടാകാതിരിക്കുവാൻ ആവശ്യമായ നടപടി നടത്തണം. ഇതിനെ സംബന്ധിച്ച പലരും പല അഭിപ്രായങ്ങളും ഇവിടെ പറഞ്ഞു കഴിഞ്ഞു. പുതുതായി ഒരു നിയമം കൊണ്ടുവരുന്ന അവസരത്തിൽ, ആ നിയമത്തിൽ ഇങ്ങനെ പക്ഷപാതപരമായ ഒരു സമീപനം സ്വീകരിച്ചിരിക്കുന്നതു ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. ഇന്നു ഈ നിയമത്തിലെ വ്യവസ്ഥപ്രകാരം റീ ഓപ്പൺ ചെയ്തില്ല എങ്കിൽ കേസ്സുകാർക്കു കോർട്ടുഫീസ് മുതലായവ ആദ്യം മുതല്ക്കു നൽകേണ്ടിവരും. ഇതു കൂടുതൽ പണച്ചെലവു പാവപ്പെട്ടവരെകൊണ്ടു കൊടുപ്പിക്കുകയാണു്. പാട്ടം കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

കൊടുപ്പിക്കുകയാണ്. ഇങ്ങനെയുള്ള പ്രൊവിഷൻസാണ് ഈ ബില്ലിൽ കാണുന്നത്. ഞാൻ ഈ 127-ാം വകുപ്പിനെ ശക്തിയായി എതിർക്കുകയാണ്. അതിൽ ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള സമീപന രീതിയേയും ശക്തിയായി എതിർക്കുകയാണ്. ശ്രീ. രാഘവൻനായർ പറഞ്ഞു കഴിഞ്ഞു കാർഷികബന്ധ നിയമത്തെ കൊലപാതകം ചെയ്യുന്ന വകുപ്പാണ് ഈ 127 എന്ന്. 127 മാത്രമല്ല, ആദ്യം മുതൽക്കേ കൊലപാതകമാണ്. അതിന്റെ വഞ്ചീശമംഗളം പാടുന്നത് 127 ലാണെന്നുമാത്രം. ഉടമസ്ഥന്മാർക്കു ആനുകൂല്യം കൊടുക്കുന്നതിന്റെ അവസാനത്തെ കരുണ കാണുന്നത് ഈ 127-ാം വകുപ്പിലാണ്, വഞ്ചീശമംഗളം പണ്ടായിരുന്നു. ഇന്നു അതു ഇവിടെ ജന്മിഗീതമായിട്ടോ, സ്തുതിഗീതമായിട്ടോ മാറിയിരിക്കുകയാണ്. അതുപോലെ ജന്മിമാർ എല്ലാംകൂടി വന്ന് സ്തുതിഗീതം പാടിയിരിക്കുന്നത് ഇവിടെയാണ്. ആ സമീപന രീതിയെത്തന്നെ ഞാൻ എതിർക്കുകയാണ്. കാർഷിക റിലേഷൻസ് ആക്ടിലെ എല്ലാം വേണമെന്നു ഞാൻ പറയുകയല്ല; ആ ആക്ടു പ്രകാരം പണം ചെലവു ചെയ്തിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ഒരു ചെറിയ ദാക്ഷിണ്യമെങ്കിലും കാണിക്കണം. ഫൈനലയിസ് ചെയ്തിട്ടുള്ള കേസുകളെങ്കിലും റീ ഓപ്പൺ ചെയ്യരുതെന്നുള്ള നിലപാടെങ്കിലും ഉണ്ടായിരിക്കണം. അതിലേക്കാണ് ഞാൻ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നത്. അതു സ്വീകരിക്കണമെന്നു മന്ത്രിയോടു അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. സി. അച്യുതമേനോൻ</u> : സർ, എന്റെ ഭേദഗതി ഇതാണ്;
In clause 127 rewrite sub-clause (4) (ii) (a) as follows and omit sub-clause (b), (c), and (d):—

'Notwithstanding the repeal of the Kerala Agrarian Relations Act, 1960 all applications for determination of fair rent filed or purported to have been filed under the said Act shall be disposed of in accordance with the provisions of the said Act, notwithstanding any judgment, decree or order of court declaring the said Act to be unconstitutional.' ഈ ഭേദഗതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച ഇതിനുമുമ്പ് ഇവിടെ പ്രസംഗിച്ച പല ബഹുമാനപ്പെട്ട മെമ്പറന്മാരും സൂചിപ്പിക്കുകയുണ്ടായി. കാർഷികബന്ധനിയമം ഭരണഘടനാവിരുദ്ധമാണെന്നു സുപ്രീം കോടതിയും ഹൈക്കോടതിയും വിധിച്ചുവെങ്കിലും അതിന്റെ അടിസ്ഥാനത്തിൽ ഈ രാജ്യത്തു കുറെ അധികം പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 22 മാസക്കാലത്തോളം ഈ രാജ്യത്തു് ഈ നിയമം പ്രാബല്യത്തിൽ ഇരുന്നതുകൊണ്ടു അതുകൊണ്ടു സിദ്ധിക്കുന്ന അവകാശങ്ങൾ നേടാൻ അനവധി ആളുകൾ ട്രൈബ്യൂണലുകളെ ശരണം പ്രാപിച്ചിട്ടുണ്ട്. വളരെ അധികം പണം ഇതിലേക്കു ചെലവഴിക്കുകയും, വളരെ പ്രതീക്ഷയോടുകൂടി അതിന്റെ ഫലം കാത്തുകൊണ്ടിരിക്കുകയും ചെയ്തിരുന്ന അവസരത്തിലാണ് അവിചാരിതമായി ഹൈക്കോടതി വിധിയും സുപ്രീംകോടതി വിധിയും ഉണ്ടായതു്. ഇങ്ങനെ കോടതികളെ ശരണം പ്രാപിച്ചിട്ടുള്ള ആളുകളെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. നിയമനിർമ്മാണത്തിൽ എന്തെങ്കിലും അപാകടം പറ്റിയിട്ടുണ്ടെങ്കിൽ അതിനു ഗവണ്മെന്റിനും നിയമസഭയ്ക്കുമാണ് ചുമതലയുള്ളതു്. നാം ഒരു നിയമം പാസ്സാക്കി, അതിനു ക്രമപ്രകാരമുള്ള പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. മററു നിയമങ്ങളിൽ നിന്നും വിട്ടു അസാധാരണമായ വിധത്തിൽ പ്രസിഡന്റിന്റെ അംഗീകാരത്തിനായി പ്രത്യേകം കാത്തു കിടക്കുകയും, പ്രസിഡന്റു പരിശോധിച്ച വീണ്ടും നിയമസഭയ്ക്കു അയയ്ക്കുകയും, നിയമസഭ വീണ്ടും പരിശോധിച്ചിട്ടു ആവശ്യമായ ഭേദഗതികളോടുകൂടി പ്രസിഡന്റിന്റെ അംഗീകാരത്തിനായി അയച്ചു അംഗീകാരം കൊടുക്കുകയും ചെയ്തിട്ടുള്ള ഒരു നിയമം ഏതെങ്കിലും ഒരു കാരണവശാൽ അസാധുവാകുമെന്നു വിചാരിക്കുവാൻ സാധാരണ നിലയിൽ യാതൊരു ന്യായവുമില്ല. ശ്രീമാൻ തമ്പി പറഞ്ഞതുപോലെ ആദ്യത്തെ ആറുമാസത്തിനിടയിൽ അത്ര അധികം ഹർജികൾ ഉണ്ടായിരുന്നില്ല എങ്കിലും പിന്നീട് ധാരാളം ഹർജികൾ വരാൻ കാരണം അതാണ്.

[ശ്രീ. സി. അച്യുതമേനോൻ]

ഏതാണ്ട് ഒരു ലക്ഷത്തോളം ഹർജി ഈ സംസ്ഥാനത്തു കൊടുത്തിട്ടുണ്ടെന്നാണ് എന്റെ അറിവ്. തൃശ്ശൂർജില്ലയിൽത്തന്നെ പത്തുമുപ്പതിനായിരത്തോളം ഹർജികൾ മൂന്നു ലാൻഡ് ട്രൈബൂണലുകളിലായി കൊടുത്തിട്ടുണ്ട്. ഇത്രയെല്ലാം പ്രതീക്ഷയോടുകൂടി വളരെയധികം ബുദ്ധിമുട്ടു സഹിച്ചു ചെയ്തിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും ഒരൊററയടിക്കു അസാധുവാകുന്ന ഒരു ഏർപ്പാടാണ് ഈ 127-ാം വകുപ്പുകൊണ്ടു ഉണ്ടാകുന്നതു്. അങ്ങനെ നിർബന്ധമായിട്ടു ചെയ്യേണ്ട കാര്യമുണ്ടോ എന്നു പരിശോധിക്കേണ്ടതാണ്. പുതിയ നിയമം പാസ്സാക്കുന്നതിന്റെ അടിസ്ഥാനത്തിൽ പഴയ നിയമം മുഴുവനും റദ്ദാക്കുന്നുവെന്നുമാത്രം പറഞ്ഞാൽ പോരാ.

അവകാശങ്ങൾ ലഭിക്കാൻ പോകുന്നു എന്നുള്ള വിചാരത്തിൽ കോടതികളെ ശരണം പ്രാപിച്ചിട്ടുള്ള ആളുകൾക്കു അവരുടെ കുററംകൊണ്ടല്ലാതെ തീരുമാനം ഉണ്ടാകാതെ വന്നിട്ടുള്ള കേസ്സുകളിൽ അവർ ചെയ്തിട്ടുള്ള പ്രവൃത്തികളെ കഴിയുന്നിടത്തോളം, നമുക്കു സാദ്ധ്യമാകുന്നിടത്തോളം, രക്ഷിക്കാൻ വേണ്ട നടപടികളാണ് ഇന്നു ഈ നിയമത്തിൽ ചെയ്യേണ്ടതു്. അതു ചെയ്യാൻ ഒരുക്കമില്ലാ എന്നുള്ളതാണ് ഇതുകൊണ്ടു കാണുന്നതു്; അതോടുകൂടിത്തന്നെ എനിക്കു വളരെ ശക്തിയായി ചൂണ്ടിക്കാണിക്കുവാനുള്ള ഒരു സംഗതിയുണ്ട്. രണ്ടു വിഭാഗക്കാരെ സംബന്ധിച്ചാണ് ഈ വകുപ്പിൽ പറയുന്നതു്. ട്രിബൂണലിൽ ഹർജി കൊടുത്തിട്ടു അവസാനമായി തീരുമാനമെടുത്തിട്ടുള്ള ഹർജികൾക്കു ഇനി അതു പുനഃപരിശോധിക്കുകയില്ല എന്നു എഴുതിവച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു പതിനെണ്ണായിരമോ അതിൽ കുറച്ചു കൂടുതൽ ആളുകൾക്കോ ഗുണം കിട്ടാൻ പോകുന്നു എന്നുള്ളതിനു തർക്കമില്ല. പക്ഷെ, അങ്ങനെ ഗുണം കിട്ടിയിട്ടുള്ളവരും ഗുണം ലഭിക്കാത്തവരും തമ്മിൽ ഒരു വ്യത്യാസം കാണിക്കുന്നതു ഒരിക്കലും യുക്തമല്ല, ന്യായമല്ല, നീതിയല്ല എന്നാണ് എനിക്കു പറയുവാനുള്ളതു്. ആദ്യമാദ്യം കൊടുത്തിട്ടുള്ളവരുടെ ഹർജികൾ ആദ്യമാദ്യം തീരുമാനംചെയ്തു എന്നു പറഞ്ഞാൽ അതു സമ്മതിക്കാൻ നിർവ്വാഹമില്ല. ഒരു പ്രത്യേക തീയതിക്കു തീരുമാനം ചെയ്തിട്ടുള്ള ഹർജികളെ സംബന്ധിച്ചിടത്തോളം അങ്ങനെ പുനഃപരിശോധന ചെയ്യേണ്ട ആവശ്യമില്ല. എന്നാൽ ആ പ്രത്യേക തീയതിക്കു വിധി കല്പിച്ചില്ല എന്നുള്ള ആ ഒരൊററക്കാരണം കൊണ്ടാണ് വേറെ കുറെ ഹർജികൾക്കു ഗുണം സിദ്ധിക്കാതെ വന്നതു എന്നാണെങ്കിൽ പിന്നെയും കോടതി അതു പുനഃപരിശോധിക്കേണ്ടതാണ്. ഒരു സുപ്രീംകോടതിയുടെയോ ഹൈക്കോടതിയുടെയോ വിധിയുണ്ടായതിന്മേൽ ഈ നിയമം സസ്പെൻഡു ചെയ്തു എന്നുള്ളതൊഴിച്ച് ആ ഹർജി കൊടുത്തു കോടതിയെ ശരണം പ്രാപിച്ച ആളുകളെ സംബന്ധിച്ചിടത്തോളം അവർക്ക് യാതൊരു ഉത്തരവാദിത്വവുമില്ല. അവരുടെ വീഴ്ചകൊണ്ടാണ്, അവർ മടികാണിച്ചതുകൊണ്ടാണ്, അവർ ജാഗ്രത കാണിച്ചില്ല എന്നും മററുമുള്ള ഒരൊററ കുററവും അവരെ സംബന്ധിച്ചു പറയാൻ കാണുകയില്ല, അങ്ങനെ ഹർജി കൊടുത്തിട്ടുള്ള ആയിരം കേസ്സുകളിൽ പത്തോ മുന്നൂറോ കേസ്സുകൾ വിചാരണയ്ക്കു പോയിട്ടുണ്ടാകും. അപ്പോൾ ഈ മുന്നൂറോളംപേർക്കു പഴയ നിയമപ്രകാരം ഗുണംകിട്ടി. ബാക്കിയുള്ളവർക്കു ഗുണം കിട്ടാതെവന്നു. ഇതിൽ എന്താണ് നീതി, എന്താണു ന്യായം.

സർ, ഇനി ഈ നിയമം 9-ാം ഷെഡ്യൂളിൽ ചേർക്കാൻ പോകുന്നു എന്നുകേട്ടു. ഒരുപക്ഷെ ഷെഡ്യൂളിൽപ്പെടുത്തി എന്നുവരാം. അങ്ങനെ 9-ാം ഷെഡ്യൂളിൽപ്പെടുത്തിയാലും ഇല്ലെങ്കിലും ഒരുകാര്യം വ്യക്തമായി പറയാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ ഈ ഭരണഘടനയിൽ എഴുതിവച്ചിട്ടുള്ളതനുസരിച്ചു, ഭരണഘടനയിൽ വാഗ്ദത്തം ചെയ്തിട്ടുള്ളതു പ്രകാരം, ആ വ്യവസ്ഥകൾ അംഗീകരിക്കപ്പെടുമോ എന്നുള്ളതു വളരെ സംശയമാണ്. ഈ നിയമം 9-ാം ഷെഡ്യൂളിൽപെടുത്തിയാൽ പിന്നെ അതു മാററാൻ സാധിക്കുകയില്ല എന്നിരുന്നാൽത്തന്നെയും ഇതിനെ സംബന്ധിച്ചിടത്തോളം അതിനു പ്രത്യേകം കേസ്സുകൊടുക്കാൻ സാദ്ധ്യതയുണ്ട്. അതായതു്, എന്റെ എന്തെങ്കിലും വീഴ്ചകൊണ്ടോ ജാഗ്രതക്കുറവുകൊണ്ടോ ആണു എന്റെ ഹർജിക്കു ഒരു തീരുമാനമുണ്ടാകാതെ വന്നതു് എന്നാണെങ്കിൽ അതു സമ്മതിക്കാം. അതല്ലാ മററു ഏതോ കാരണത്തിന്റെ ഫലമായി എന്നെപ്പോലെയുള്ളവർക്കു കിട്ടുന്ന ഗുണം എനിക്കു കിട്ടുന്നില്ലാ എന്നുള്ളതു ഭരണ

LIBRARY ARCHIVES Kerala Legislative Assembly

ഘടന വാഗ്ദത്തം ചെയ്തിട്ടുള്ള അവകാശ സമത്വത്തിനു വിരുദ്ധമല്ലേ. ഇതു വാസ്തവത്തിൽ യാതൊരു നീതിയും യാതൊരു തത്വദീക്ഷയും ഇല്ലാത്ത ഒരു കാര്യമാണ്. അതുകൊണ്ടു നാമെല്ലാവരും പറഞ്ഞതിന്റെ ഫലമായി, ഈ നിയമസഭയും ഈ ഗവണ്മെന്റും കേന്ദ്രഗവണ്മെന്റും ഒരുതവണയല്ല, രണ്ടുതവണ ഉറപ്പിച്ചു പറഞ്ഞതിന്റെ ഫലമായി ഈ കോടതികളെ ശരണം പ്രാപിച്ചവർക്കു ഗുണം കിട്ടുന്നതിനായിട്ടാണ് എന്റെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. ശ്രീമാൻ ബാലകൃഷ്ണമേനോന്റെ 998-ാമത്തെ ഭേദഗതിയുടെ ഉദ്ദേശവും അതുതന്നെയാണ്. അർത്ഥത്തിലും ഒന്നുതന്നെയാണ്. അതുകൊണ്ടീരണ്ടു ഭേദഗതികളിൽ ഏതെങ്കിലുമൊന്നു് സ്വീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളതു്.

പിന്നെ മറ്റൊന്നു്, അതു സ്വീകരിക്കുന്നില്ലെങ്കിൽ അതിനേക്കാൾ കുറഞ്ഞ ആനുകൂല്യങ്ങൾ കിട്ടാനായിട്ടുള്ള മററു പല ഭേദഗതികളും ഇവിടെ കൊടുത്തിട്ടുണ്ടു്. അതായതു്, ഡി—കു കൊടുത്തിട്ടുള്ള ഭേദഗതി. ഈ നിയമത്തിൽ ട്രിബ്യൂണലുകൾ, മര്യാദപ്പാട്ടത്തെ സംബന്ധിച്ചിടത്തോളം വിധി പ്രസ്താവിച്ചിട്ടുള്ള കേസ്സുകളിൽ അതു പ്രാബല്യത്തിലിരിക്കുമെന്നു എഴുതിവച്ചിട്ടുണ്ടു്. എന്നാൽ അതു മര്യാദപ്പാട്ടത്തെ സംബന്ധിച്ചിടത്തോളം മാത്രമേ ഉണ്ടാകുകയുള്ളു. നേരെമറിച്ചു കുടിയാൻ ജന്മിയുടെ അവകാശം തീറു വാങ്ങാനുള്ള വ്യവസ്ഥ ഉണ്ടായിരിക്കേ അവിടെ അതു ബാധകമാകുകയില്ല, അവർക്കു ഈ പുതിയ നിയമത്തിലെ നിരക്കനുസരിച്ചുതന്നെ കൊടുക്കേണ്ടതായിട്ടുവരും എന്നാണ് ഇതിൽ പറയുന്നതു്. അങ്ങനെ ഒരു വ്യത്യാസം ഇവിടെ ചെയ്തുവച്ചിരിക്കുന്നതിന്റെ കാരണവും ഉപയോഗവും മനസ്സിലാകുന്നില്ല. ശ്രീമാൻ ഈ. പി. ഗോപാലൻ ഇവിടെ അതിനെ സംബന്ധിച്ചു വ്യക്തമായി പ്രസ്താവിച്ചു കഴിഞ്ഞു. ഈ നിയമത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യം കുടിയായ്മ സമ്പ്രദായംതന്നെ അവസാനിപ്പിച്ചു അവർക്കു കൃഷി ചെയ്യുന്ന ഭൂമിയുടെ അവകാശം നൽകുന്നതിനു വേണ്ടീട്ടാണ്. അതിനു വേണ്ടിയാണ് മര്യാദപ്പാട്ടം നിശ്ചയിക്കാനുള്ള വ്യവസ്ഥ ഇതിൽവച്ചിരിക്കുന്നതു്. ഇപ്പോൾ അങ്ങനെ വരുമ്പോൾ മര്യാദപ്പാട്ടത്തെ സംബന്ധിച്ചിടത്തോളം പരിമിതമായിട്ടാണെങ്കിൽത്തന്നെയും പഴയ ആക്ററിന്റെ അടിസ്ഥാനത്തിലുള്ള തത്വം നാം അംഗീകരിച്ചു കഴിഞ്ഞാൽ അതിന്റെ അടിസ്ഥാനത്തിൽ ഈ ഭൂമി വിലയ്ക്കു വാങ്ങാനുള്ള അവകാശവും ആ ആക്ററിന്റെ അടിസ്ഥാനത്തിൽത്തന്നെ കൊടുക്കുന്നതാണ് നല്ലതു്. ഇതേസംബന്ധിച്ച് മററു പല ഭേദഗതികളും എന്റെ സ്നേഹിതന്മാർ കൊടുത്തിട്ടുണ്ടു്. അതിൽ ഏതെങ്കിലും അംഗീകരിക്കണം.

മറെറാന്നു്, ശ്രീമാൻ വിശ്വംഭരൻ ഇവിടെ അവതരിപ്പിച്ച ഭേദഗതിയിൽ പറഞ്ഞിട്ടുണ്ടു്. അതെന്താണെന്നുവച്ചാൽ ഭേദഗതികൾ 999-ലും 1000-ത്തിലും അതായതു്, എന്റെ ഭേദഗതി സ്വീകരിക്കുന്നില്ലെങ്കിൽ സമഗ്രമായ എന്റെ ആ ഭേദഗതി സ്വീകരിക്കുന്നില്ലെങ്കിൽ ഇതെങ്കിലും ആവശ്യം വേണമെന്നാണ് എനിക്കു തോന്നുന്നതു്. അതു പറയാൻ കാരണം, ഈ കാർഷിക ബന്ധനിയമം നടപ്പിൽ വന്നതിനുശേഷം വളരെ അധികം ആളുകൾ മര്യാദപ്പാട്ടം നിശ്ചയിച്ചു കിട്ടുന്നതിനുവേണ്ടി ട്രിബ്യൂണലുകളെ സമീപിക്കുക മാത്രമല്ല ചെയ്തതു, കുറെ ജന്മിമാർ ഏതായാലും ഈ നിയമംവന്ന സ്ഥിതിക്കു ഇനി നാം കുടിയാനുമായിട്ടുള്ള ബന്ധത്തെ സംബന്ധിച്ചിടത്തോളം വെറുതെ കോടതിയിൽപോയി കെട്ടിക്കിടക്കണ്ട, ഇനിയും പണം ചെലവഴിക്കണ്ട, മററു കഷ്ടനഷ്ടങ്ങൾ അനുഭവിക്കണ്ട എന്നു കരുതി. അതുകൊണ്ടു പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ കാര്യങ്ങൾ തീർത്തുകളയാം എന്നു കരുതി കുറെ അധികം, ആയിരക്കണക്കിനു കേസ്സുകൾ, എന്റെ അനുഭവത്തിൽ ത്തന്നെ കുറെ കേസ്സുകൾ ഉണ്ടായിട്ടുണ്ടു്—കുടിയാന്മാരും ജന്മികളും തമ്മിൽ ഒത്തുതീർപ്പു വ്യവസ്ഥയുണ്ടാക്കി അതു ട്രിബ്യൂണലുകളുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടു്. അങ്ങനെയുള്ള ട്രിബ്യൂണലുകളുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ള കേസ്സുകളും പുനഃപരിശോധന ചെയ്യുകയില്ല എന്നുള്ളതിനെ സംബന്ധിച്ചാണ് ഭേദഗതികൾ 999-ം, 1000-ം കൊണ്ടുവന്നിട്ടുള്ളതു്. അതു്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

മന്ത്രികൊണ്ടുവന്നിട്ടുള്ള ഭേദഗതിയിൽ ഇല്ലാ എന്നാണ് കാണാൻ കഴിഞ്ഞതു്. അതുകൊണ്ടു ആ ഭേദഗതികളെങ്കിലും സ്വീകരിക്കുന്നതു വളരെ ആവശ്യമായിരിക്കുമെന്നും അതു സ്വീകരിക്കണമെന്നും ഞാനഭ്യർത്ഥിക്കുന്നു.

പിന്നെ മറ്റൊന്നു്, മന്ത്രികൊണ്ടുവന്ന ഭേദഗതിയെ വളരെ ശക്തിയായിട്ടു എതിർക്കേണ്ടതാണ്. അതായതു്, സെലക്റ്റുകമ്മിറ്റി റിപ്പോർട്ടിൽ നിന്നുപോലും പുറകോട്ടു പോകുകയാണുണ്ടായിട്ടുള്ളതു്. കാർഷികബന്ധ നിയമത്തിന്റെ അടിസ്ഥാനത്തിൽ ട്രിബ്യൂണലുകളിൽ കൊടുത്തിരുന്ന ഹർജികൾ വിചാരണ ചെയ്തു തീരുമാനിച്ചശേഷം അപ്പീലുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആ അപ്പീലുകളുടെ തീർപ്പു് എങ്ങനെയാണ് എന്നാണ് അതിൽ പറയുന്നതു്. അതു സെലക്റ്റുകമ്മറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമാണ് എങ്കിൽ പെൻറിംഗായിട്ടു കിടക്കുന്ന അപ്പീലുകൾ എല്ലാം പഴയനിയമം അനുസരിച്ചുതന്നെ തീർപ്പുകല്പിക്കണമെന്നാണ്. നേരെമറിച്ചു മന്ത്രികൊണ്ടുവന്നിട്ടുള്ള ഭേദഗതി ആ അപ്പീലുകളെല്ലാംതന്നെ പുതിയ കാർഷിക പരിഷ്കരണ നിയമപ്രകാരം തീരുമാനിക്കണമെന്നാണ്. അപ്പോൾ കുറെ കൃഷിക്കാർക്കെങ്കിലും പഴയ നിയമപ്രകാരം ഗുണം കിട്ടുമെന്നുള്ളതു കിട്ടാതെയാണ് വന്നുകൂടുക. അതു വളരെ ശക്തിയായി എതിർക്കേണ്ടതാണ്. ഇവിടെ നടന്ന വാദപ്രതിവാദങ്ങളുടെ കൂട്ടത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടി ഇതിൽ സെലക്റ്റ കമ്മറ്റിയിൽ പങ്കു് എടുത്തില്ല എന്നു പറയുകയുണ്ടായി. ഈ സെലക്റ്റ കമ്മിറ്റിയിൽ പങ്കെടുത്ത ആളുകളോടു ഞാൻ ചോദിക്കുകയാണ്, എന്റെ പി. എസ്സ്. പി. സ്നേഹിതന്മാരോടും മുസ്ലീംലീഗു സ്നേഹിതന്മാരോടും ഞാൻ ചോദിക്കുകയാണ്, നിങ്ങൾ പങ്കെടുത്തിട്ടു എന്തു പ്രയോജനമുണ്ടായി? ന്യായമായിട്ടുള്ള കാര്യങ്ങളിൽപോലും മന്ത്രിയുടെ ഇഷ്ടപ്രകാരം വളരെ പുറകോട്ടു പോയിട്ടുണ്ടു്. അതൊന്നും ഇപ്പോൾ പറഞ്ഞതുകൊണ്ടു വലിയ പ്രയോജനമൊന്നുമില്ല. മന്ത്രി ഇന്നപ്രകാരത്തിൽ വേണമെന്നു തീരുമാനിച്ചിട്ടുണ്ടെങ്കിൽ, അതുപോലെ കാര്യങ്ങൾ നടക്കും. അതു എന്തെല്ലാം സമ്മർദ്ദങ്ങളുടെ ഫലമായിട്ടാണ്, എന്തെല്ലാം താൽപര്യങ്ങളുടെ പേരിലാണ് എന്നു നിശ്ചയമില്ല. അപ്പോൾ ആ താൽപര്യങ്ങളുടെ അടിസ്ഥാനത്തിൽ ഉറച്ചുനില്ക്കുകയാണ്. അതിൽനിന്നും വരവണ്ണം അങ്ങോട്ടുമിങ്ങോട്ടും മാറുകയില്ല. അതുകൊണ്ടു് മന്ത്രി കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ ഞാൻ വളരെ ശക്തിയായി എതിർക്കുകയാണ്. എന്റെ ഭേദഗതി സ്വീകരിക്കണമെന്നു വീണ്ടും ഒന്നുകൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: സർ, 1764-ം, 1765-ം ഭേദഗതികളാണ് ഞാൻ അവതരിപ്പിച്ചതു്. 1765-ാംനമ്പർ ഭേദഗതി സ്വീകരിക്കാൻ ഒരുക്കമാണെങ്കിൽ ഈ 1764-ാംനമ്പർ ഭേദഗതിയുടെ ആവശ്യം വരികയില്ല. സാധാരണ ഗതിയിൽ ഒരു നിയമം നിലവിലിരിക്കുമ്പോൾ, ആ നിലവിലിരിക്കുന്ന നിയമത്തെ അടിസ്ഥാനപ്പെടുത്തി പുറപ്പെടുവിക്കുന്ന ആർഡറുകളും എടുക്കുന്ന മറ്റു നടപടികളും ആ നിയമം ഭേദഗതി ചെയ്യുമ്പോൾ അംഗീകരിക്കുകയും അതിനു നിയമ സാധുത്വം കൊടുക്കുകയും ചെയ്തുകൊണ്ടാണ് ഒരു റിപ്പീൽ പ്രൊവിഷൻ എഴുതിച്ചേർക്കുന്നതു്. എന്നാൽ ഇവിടെ അങ്ങനെയല്ല അതു ചെയ്തതു്. അങ്ങനെ ചെയ്യാതിരുന്നതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ വളരെ വിശദമായി ഇവിടെ ചർച്ചചെയ്തു കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു ഞാൻ ദീർഘമായി അതിലേക്കു കടക്കണമെന്നു വിചാരിക്കുന്നില്ല. പഴയ നിയമത്തിലുണ്ടായിരുന്ന ചില വകുപ്പുകളിൽ പറയുന്ന ചില കാര്യങ്ങൾക്കു നിയമപ്രാബല്യം കൊടുക്കണമെന്നു മന്ത്രി വിചാരിക്കുന്നുണ്ടു്. അതു ഒന്നു്, ലാൻഡു് ട്രിബ്യൂണലിന്റെ മുമ്പാകെ പാട്ടംനിശ്ചയിക്കുന്നതിനു പെറ്റിഷൻ കൊടുത്തു തീരുമാനിക്കപ്പെട്ടിട്ടുള്ള കേസ്സുകളിൽ തീരുമാനിച്ച ഫെയർറെന്റു് കൊടുക്കണമെന്നുള്ളതാണ്. അതേ അവസരത്തിൽ അതേ സ്വഭാവമുള്ള മറ്റു കേസ്സുകളിൽ സംരക്ഷണം കൊടുക്കണം എന്നുള്ളതു കാണുന്നില്ല. അങ്ങനെ ഒരു വൈരുദ്ധ്യം ഇവിടെ കാണുന്നുണ്ടു്. മലബാർ ടെനൻസി ആക്റ്റു അനുസരിച്ചു പാട്ടം നിശ്ചയിക്കാനുള്ള വ്യവസ്ഥ ഇനിയും തുടരുമെന്നും പറയുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു ലക്ഷത്തോളം അപേക്ഷകൾ നമ്മുടെ രാജ്യത്തെ കൃഷിക്കാർ ലാൻഡു ട്രിബ്യൂണലുകളുടെ മുൻപിൽ ഫയൽ ചെയ്തിട്ടുണ്ടായിരുന്നു. അതിൽ 18000—ഓളം അപേക്ഷകൾ ചെറുകിട ഭൂവുടമകളിൽനിന്നും ഭൂമി വിലയ്ക്കു വാങ്ങാനുള്ളതായിരുന്നു. അയ്യായിരത്തോളം അപേക്ഷകൾ കുടിയിരുപ്പു വിലയ്ക്കു് വാങ്ങാനുള്ളതാണു്. ബാക്കിയുള്ള അപേക്ഷകൾ മാത്രമാണു് മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനു കൊടുത്തിട്ടുള്ളതു്. അതുപോലെതന്നെ ടെനൻറിന്റെ കയ്യിലിരുന്ന ഭൂമി ചെറുകിടക്കാരായ ഭൂവുടമകൾ വാങ്ങാനും അപേക്ഷകൾ കൊടുത്തിട്ടുണ്ടായിരുന്നു. ഇങ്ങനെ മൂന്നിനത്തിൽപ്പെട്ട കാര്യങ്ങളിലും അനേകം എണ്ണത്തിൽ തീരുമാനമുണ്ടായിട്ടുണ്ടു്. ചിലതിൽ ഭൂമിവാങ്ങാൻ തവണ കെട്ടിവച്ചിട്ടുണ്ടു്. മര്യാദപ്പാട്ടത്തിനു സംരക്ഷണം കൊടുക്കാമെങ്കിൽ എന്തുകൊണ്ടു് മറ്റുള്ളതിനു സംരക്ഷണം കൊടുത്തുകൂടാ. അതുകൊണ്ടു് ഈ കാര്യങ്ങളിൽ സംരക്ഷണം കൊടുക്കേണ്ടതു് വളരെ ആവശ്യമാണു്. ഈ അപേക്ഷകൾ കൊടുക്കുന്നതു സംബന്ധിച്ചുള്ള ബുദ്ധിമുട്ടു് ഞാൻ പ്രത്യേകം മന്ത്രിയെ പറഞ്ഞറിയിക്കേണ്ട കാര്യമില്ല. വക്കീൽമുഖേനയും, അല്ലാതെ ഏജൻറു മുഖേനയും ആകാം. വക്കീൽഫീസും, ഗുമസ്തനുള്ള എഴുത്തുഫീസും, സ്റ്റാമ്പിനുള്ള ചെലവും ചെയ്യുതിനു പുറമെ അവർ നടന്നു വളരെ വിഷമിച്ചിട്ടുണ്ടു്. അങ്ങനെ പൈസയും സമയവും ചെലവാക്കിയശേഷം അതിനു വലിയ പ്രസക്തിയില്ലാതെ വരുന്നതു ശരിയായിരിക്കുകയില്ല. കഴിഞ്ഞ കൊല്ലത്തിലും, അതിനുമുൻപും നമ്മുടെ രാജ്യത്തു് വലിയ വെള്ളപ്പൊക്കങ്ങൾ ഉണ്ടായി. അതിന്റെ ഫലമായി ഒട്ടനവധി പ്രദേശങ്ങളിൽ കൃഷിനാശം നേരിട്ടിട്ടുണ്ടു്. ആ കൃഷിനാശം നേരിട്ടിട്ടുള്ളവർ പാട്ടം ഇളവുചെയ്യണമെന്നാവശ്യപ്പെട്ട ആയിരക്കണക്കിനു അപേക്ഷകൾ കളക്ടറുടെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടു്. അപൂർവ്വം ചില കേസുകളിലേ തീരുമാനം എടുത്തിട്ടുള്ളു. ബാക്കിയെല്ലാം തീരുമാന മെടുക്കാതെ കിടക്കുകയാണു്. ഇപ്പോൾ പുതിയ നിയമം കൊണ്ടുവരുമ്പോൾ ഈവക കാര്യങ്ങൾക്കു് സംരക്ഷണം കൊടുക്കാതെയിരുന്നാൽ ഇത്രയുംകാലം അവർ മുടക്കിയിട്ടുള്ള പണവും അദ്ധ്വാനവും നഷ്ടമായിപോകും. അതുകൊണ്ടാണു് 1765—ാംനമ്പർ ഭേദഗതി അംഗീകരിക്കണമെന്നു ഞാൻ പറയുന്നതു്. അതു് അംഗീകരിക്കുന്നതിനു വിഷമമുള്ളപക്ഷം 1764 അംഗീകരിക്കണം. ഞാൻ പറഞ്ഞ മൂന്നു കാര്യങ്ങൾക്കുംകൂടി സംരക്ഷണം കൊടുക്കണം. അതിനു മന്ത്രി തയ്യാറാകണമെന്നാണു് എനിക്കു അഭ്യർത്ഥിക്കാനുള്ളതു്.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: ഞാൻ ശ്രീ. കുഞ്ഞച്ചന്റെ 1765-ാം നമ്പർ ഭേദഗതിയെ പിൻതാങ്ങുന്നു. പക്ഷെ അദ്ദേഹം അതല്ലെങ്കിൽ 64എങ്കിലും അംഗീകരിക്കണമെന്നു പറയുകയുണ്ടായി. അതുകൊണ്ടു് എന്റെ ഉദ്ദേശം പൂർത്തിയാകുകയില്ല. മലബാർ കുടിയായ്മ നിയമത്തിൽതന്നെ വെള്ളപ്പൊക്കംകൊണ്ടോ, ചാഴിക്കേടുകൊണ്ടോ കുടിയാനു നിയന്ത്രിക്കാൻ കഴിയാതെ വിളനഷ്ടം വന്നാൽ പാട്ടം ഇളവുചെയ്യുന്നതിനുള്ള വകുപ്പുകൾ ഉണ്ടായിരുന്നു. അതു പലപ്പോഴും ഉപയോഗിച്ചിട്ടുണ്ടു്. കാർഷികബന്ധ നിയമത്തിൽ 23, 24 എന്നീവകുപ്പുകളനുസരിച്ചു് കുടിയാനു നിയന്ത്രിക്കാൻ സാധിക്കാത്തവിധം വിളവു നഷ്ടംവന്നാൽ ഹർജ്ജികൊടുക്കുന്നതിനും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാർ അന്വേഷണം നടത്തി ഇളവുചെയ്യുന്നതിനും വ്യവസ്ഥയുണ്ടു്. കഴിഞ്ഞ രണ്ടു വർഷങ്ങളായി ആയിരക്കണക്കിനു ഹർജ്ജികൾ കുടിയാന്മാർ കൊടുത്തിട്ടുള്ളതു് തീരുമാനമെടുക്കാതെ നിൽക്കുകയാണു്. ഒരു ഹർജ്ജി കിട്ടിക്കഴിഞ്ഞാൽ റവന്യൂ ഇൻസ്പെക്ടറോ, അല്ലെങ്കിൽ തഹശീൽദാരോ പാർട്ടിക്കു് നോട്ടീസു കൊടുത്തു സ്ഥലത്തുപോയി എത്ര വിളവു നഷ്ടപ്പെട്ടിട്ടുണ്ടെന്നു തിട്ടപ്പെടുത്തണം. അതിന്റെ അടിസ്ഥാനത്തിലാണു് റിപ്പോർട്ടു പോകുന്നതും തീരുമാനം എടുക്കുന്നതും. രാജ്യരക്ഷാ പ്രവർത്തനങ്ങളുടെ ഞെരുക്കംകൊണ്ടും മറ്റും ഇത്തരത്തിലുള്ള അപേക്ഷകളെ സംബന്ധിച്ചിടത്തോളം യാതൊരു തീരുമാനവും എടുത്തിട്ടില്ല. കോഴിക്കോട്ടു ജില്ലയിൽതന്നെ പതിനായിരത്തിലധികം അപേക്ഷകളുണ്ടെന്നു് കഴിഞ്ഞദിവസം ശ്രീ. പി. സി. രാഘവൻ നായർ ഇവിടെ പറയുകയുണ്ടായി. കണ്ണൂർ ജില്ലയിൽ ഇരുപതിനായിരത്തിലധികം അപേക്ഷകളുണ്ടെന്നു് എനിക്കറിയാം. അങ്ങനെയിരിക്കെ ബോധപൂർവ്വം ഇത്തരത്തിലുള്ള കൃഷിക്കാർക്കു് യാതൊരു ആനുകൂല്യവും നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly

പാടില്ലെന്ന് വിചാരിച്ചിരിക്കുകയില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. അത്തരത്തിലുള്ളതൊക്കെ ഇതിൽ ഉൾപ്പെടുത്തണമെന്നാണ് ഞാൻ പറയുന്നത്. പാട്ടം നിർണ്ണയിക്കുന്നതിനുവേണ്ടിയും മററും കാർഷികബന്ധ നിയമപ്രകാരം കുടിയാന്മാർക്ക് ലഭിച്ചിട്ടുള്ള അവകാശങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഏറെക്കുറെ തൃപ്തികരമായിട്ടില്ലെങ്കിലും ചില വകുപ്പുകൾ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതു തീരെ വിട്ടുപോയി. 1765-ാം നമ്പർ ഭേദഗതി സ്വീകരിച്ചാൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമോ എന്ന് നിശ്ചയമില്ല. കഴിയുകയില്ലെന്നാണ് എനിക്കു തോന്നുന്നത്. അതുകൊണ്ട് പഴയ നിയമത്തിലെ 23, 24 എന്നീ വകുപ്പുകൾപ്രകാരം ഹർജികൾ കൊടുത്തിട്ടുള്ളത് തീരുമാനിക്കാതെ ഇന്ന് കിടക്കുകയാണെങ്കിൽ അത് പുനർജീവിപ്പിക്കണം. 127(4) ൽ ഇങ്ങനെ പറയുന്നുണ്ട്. all applications for determination of fair rent filed or purported to have been filed under the said Act, in which no order determining the fair rent had been passed by the Land Tribunal, shall be deemed to have been filed under this Act and shall be disposed of according to the provisions of this Act; അതിൽ വിട്ടുപോയിട്ടുള്ളത് റെമിഷൻ പെററിഷനാണെന്നു തോന്നുന്നു. Insert the following in line 2 of Clause 127 (4) (ii) (a), after the word "Fair rent" and before the word 'filed': "or for remission of rent due to damage or failure of crops in process beyond the control of the tenant". In line 4, after the word "fair rent" insert the words "or remission of rent" എന്നു ചേർത്താൽ നന്നായിരിക്കും. മര്യാദപ്പാട്ടം നിശ്ചയിച്ചുകിട്ടുന്നതിനുവേണ്ടി ഹർജികൾ കൊടുത്തിട്ടുള്ളത് നിർണ്ണയിക്കപ്പെട്ടിട്ടില്ലെങ്കിൽ അതോ, അത്തരത്തിലുള്ള കാര്യങ്ങളോ എല്ലാംതന്നെ പെൻഡിംഗായി കിടക്കുന്ന ഹർജികൾ ഈ നിയമപ്രകാരം കൊടുത്തിട്ടുള്ള ഹർജികളായി പരിഗണിക്കുന്നതിനും അതനുസരിച്ച് തീരുമാനം എടുക്കുന്നതിനുമാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. കുടിയാന് നിയന്ത്രിക്കാൻ സാധിക്കാത്തതുകൊണ്ടോ പ്രകൃതികോപം കൊണ്ടോ കൃഷിനാശം നേരിട്ടിട്ടുള്ള കേസിൽ റമിഷനുവേണ്ടി കൊടുത്തിട്ടുള്ള ഹർജികളുംകൂടി ചേർക്കണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇതു വിഷമമില്ലാത്ത കാര്യമാണ്. അതു ചേർക്കണമെന്നാണ് എനിക്കു പറയാനുള്ളത്. കാൽ ലക്ഷത്തിലധികം കുടിയാന്മാർ വിഷമിക്കുന്നുണ്ട്. അതു അവരുടെ കുററംകൊണ്ടല്ല. കാർഷികബന്ധ നിയമം പോയി. അതു പോയതിനുശേഷം ഗവണ്മെൻറ് 1962-ലെ കുടികിടപ്പുകാർസ് പ്രൊട്ടക്ഷൻ ആർഡിനൻസ് കൊണ്ടുവന്നു. ഇതുപ്രകാരമുള്ള ആനുകൂല്യവും പിൻവലിക്കപ്പെട്ടപ്പോൾ ഇപ്പോഴും തീരുമാനമെടുക്കാതെ കിടക്കുന്ന ഹർജികളെ സംബന്ധിച്ചിടത്തോളം ഒരു തീരുമാനമെടുക്കണമെന്നു പറയുന്നത് നീതിനിഷ്ഠമായ കാര്യമാണ്. ആ നിലയിൽ എന്റെ ഓറൽ ഭേദഗതി അംഗീകരിക്കുമെന്നാണു എന്റെ വിശ്വാസം. അതു അംഗീകരിക്കാൻ ദയവുണ്ടാകണം.

ശ്രീ. ടി. എ. തൊമ്മൻ: പ്രിവൻഷൻ ആഫ് എവിക്ഷൻ ഓഫ് കുടികിടപ്പുകാർസ് ആക്ററ് റിപ്പീൽ ചെയ്താലും ജനറൽ ക്ലാസ് ആക്ററ് നാലനുസരിച്ച് റെമിഷൻ ആഫ് റെൻറിനെ സംബന്ധിച്ച കൊടുത്തിട്ടുള്ള പെററീഷനെ സംബന്ധിച്ചിടത്തോളം ട്രൈബ്യൂണലിനു അധികാരം ഉണ്ടായിരിക്കുകയില്ലേ?

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: വ്യക്തമായി ഒരു ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ സംശയത്തിനു അവകാശമുണ്ടാവുകയില്ല. അല്ലെങ്കിൽ മററുതരത്തിൽ വ്യാഖ്യാനിച്ചാൽ വിഷമം ഉണ്ടാകുമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: ശ്രീ. ബാലകൃഷ്ണമേനോന്റെ 998-ാം നമ്പർ ഭേദഗതിയേയും, ശ്രീ. അച്ചുതമേനോന്റെ 1750-ാം നമ്പർ ഭേദഗതിയേയും അനുകൂലിച്ചു രണ്ടുവാക്കു പറയാനാണ് ഞാനാഗ്രഹിക്കുന്നത്. നാം ഇവിടെ ഒരു നിയമം ഉണ്ടാക്കിയതു് സുപ്രീം കോടതിയുടെ വിധിപ്രകാരം ബലത്തിലും, ഫലത്തിലും വരാതെപോയതിനു ഈ രാജ്യത്തെ ജന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളാരും ഉത്തരവാദികളല്ലെന്നു പല തവണയും ഗവണ്മെൻറിനെ അനുസ്മരിപ്പിച്ചിട്ടുണ്ട്. ആ നിയമം നിലവിലുണ്ടായിരുന്ന കാലത്തു് ചില ആനുകൂല്യങ്ങൾ കിട്ടാൻ അവകാശമുണ്ടായിരുന്നു. അന്നു് ലാൻഡു് ട്രിബ്യൂണലിൽ ഹർജികൾ കൊടുത്തു എട്ടും, പത്തും പ്രാവശ്യം അത്തരം കോടതികളിൽ പ്രവേശിച്ച വളരെയധികം കാശും ചെലവുചെയ്താണു് വിധിയുണ്ടായിട്ടുള്ളതു്. ചില കേസുകളിലേ വിധിയുണ്ടായിട്ടുള്ളു. ചിലതിൽ വിധിയുണ്ടായിട്ടില്ല. ഏതെങ്കിലും ഒരു നിശ്ചിത തീയതിയിൽ കൊടുത്തിട്ടുള്ള കേസുകൾ വിധിയാകുകയും അതിനുശേഷമുള്ളതു് വിധിയാകാതെയിരിക്കുകയും ചെയ്ത സംഭവങ്ങൾ ധാരാളമുണ്ടു്. അന്നത്തെ നിയമപ്രകാരം ഏതെങ്കിലും കേസുകളിൽ വിധിയായിട്ടുണ്ടെങ്കിൽ അതിനു സംരക്ഷണം കൊടുക്കുകയും, അല്ലാത്തതിനെ സംബന്ധിച്ചിടത്തോളം ഇന്നത്തെ നിയമം ബാധകമാകുമെന്നുമാണു് ഈ വകുപ്പിലുള്ളതു്. ഇതിനെസംബന്ധിച്ചു് പല സ്നേഹിതന്മാരും സംസാരിച്ചു കഴിഞ്ഞു. വിധി സമ്പാദിച്ചിട്ടുള്ളവർക്കു് ആനുകൂല്യം നൽകുന്നതും, അല്ലാത്തവർക്കു് ആനുകൂല്യം നൽകാതിരിക്കുന്നതുമായ വ്യവസ്ഥയാണു് കൊണ്ടുവന്നിട്ടുള്ളതു്. ഒരേ കമ്പോളത്തിൽ ഒരേ ചരക്കിനു രണ്ടുവില ഉണ്ടാകുന്നതു വളരെ സങ്കടകരമാണു്. അതിലുംവിശേഷിച്ചു് ഗവണ്മെൻറിന്റെ മേൽനോട്ടത്തിൽ നടത്തുന്ന ചന്തയിൽ ഒരേ ചരക്കിനു രണ്ടുതരത്തിൽ വില കൊടുക്കണമെന്നു പറയുന്നതു് കൂടുതൽ ഭയങ്കരമാണു്. അന്നു കോടതികളിൽ ഹർജി കൊടുത്തിട്ടുള്ള എല്ലാവർക്കുംതന്നെ അന്നത്തെ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള പരിതസ്ഥിതി സൃഷ്ടിക്കേണ്ടതാണു്. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബാലകൃഷ്ണമേനോന്റെയും, ശ്രീ. അച്യുതമേനോന്റെയും ഭേദഗതികൾ അംഗീകരിക്കേണ്ടതാണു്. അല്ലെങ്കിൽ അതിന്റെ സാരാംശമെങ്കിലും സ്വീകരിക്കേണ്ടതാണു്. ഇതു ബില്ലിലെ അവസാനത്തെ ക്ലാസാണു്. മുൻപിലത്തെ നിയമപ്രകാരം കിട്ടിയിട്ടുള്ള ആനുകൂല്യങ്ങൾ ഇതിൽ വെട്ടിച്ചുരുക്കുകയാണു് ചെയ്തിട്ടുള്ളതു്. മുൻപു് ആനുകൂല്യങ്ങൾ കിട്ടാൻ കോടതിയെ സമീപിക്കാനുള്ള അവസരം ഉണ്ടായിരുന്നതുകൊണ്ടു് ഇന്നു അവർക്കു് ആ ആനുകൂല്യങ്ങൾ അനുവദിച്ചുകിട്ടാനുള്ളസൗകര്യം ഉണ്ടാക്കണം. ഇല്ലെങ്കിൽ സാധാരണക്കാരായ കുടിയാന്മാരെ സംബന്ധിച്ചിടത്തോളം ഇതു വലിയ പ്രത്യാഘാതം ഉണ്ടാക്കുമെന്നു മനസ്സിലാക്കി ഈ രണ്ടു ഭേദഗതികളിലെയും സാരാംശം ഗവണ്മെൻറു അംഗീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ: സർ, ഈ ബില്ലിലെ 127–ാം വകുപ്പിനെ സംബന്ധിച്ചിടത്തോളം, അതായതു്, വകുപ്പു് 127 സബ്ക്ലാസ് (4)(2)(ഡി) വകുപ്പിലേക്കുവേണ്ടി 1507–ാം നമ്പരായി അവതരിപ്പിച്ച ഭേദഗതിയുടെ തത്വത്തെ ഞാൻ സ്വീകരിക്കുന്നു എങ്കിലും ആ ഭേദഗതി അതുപോലെതന്നെ അംഗീകരിക്കാൻ നിവൃത്തിയില്ലാതാണിരിക്കുന്നതു്. കാരണം, ഫെയർ റെൻറിനെ സംബന്ധിച്ചിടത്തോളം, ആ വകുപ്പിന്റെ സബ്ക്ലാസ് (സി) യിൽ ഡിറ്റർമിൻ ചെയ്യുന്നില്ല. ആ സ്ഥിതിക്കു് അദ്ദേഹത്തിന്റെ ഭേദഗതി അതേപടി സ്വീകരിക്കാൻ നിവൃത്തിയില്ല. എന്നാൽ ഭേദഗതിയുടെ തത്വം സ്വീകരിച്ചുകൊണ്ടു് താഴെ പറയുംപോലെ ഒരു മാററം വരുത്തേണ്ടതു് ആവശ്യമാണു്.

For the words, brackets and letters "the fair rent determined under sub-clause (b) and the fair rent referred to in sub-clause (c)", the words, brackets and letter "the fair rent referred to in sub-clause (c)" shall be substituted.

Then the clause will read like this: "Notwithstanding anything contained in this Act, the fair rent referred to in sub-clause (c) shall be the rent payable by the cultivating tenant but such fair rent shall not be taken as the basis for the determination of the purchase price under section 51, and the fair rent for the determination of purchase price shall be the fair rent determined under this Act:"

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ ഈ വകുപ്പിന്റെ ഉപവകുപ്പുകളായ ഏ. ബി. സി. ഈ ക്ലാസുകളിൽ നിശ്ചയിച്ചിരിക്കുന്ന വ്യവസ്ഥപ്രകാരമുള്ള ഫെയർ റെന്റ് ആയിരിക്കും മേലാൽ ഉള്ളതു്. ഇവിടെ ഉന്നയിച്ച വാദങ്ങളിൽ വളരെ ന്യായമായി തോന്നുന്നതു്, കാർഷികബന്ധ നിയമത്തിലെ 23–ാം വകുപ്പനുസരിച്ച് ഫെയർ റെന്റ് കുറവുചെയ്യുന്നതിനുവേണ്ടി കൊടുത്തിട്ടുള്ള അപേക്ഷകൾ ആരാണ് കൈകാര്യം ചെയ്യേണ്ടതെന്നുള്ളതിലേക്ക് ഈ ബില്ലിന്റെ വകുപ്പ് 127–ൽ ഉള്ള സബ്ക്ലാസ് 2(ബി)യിൽ വ്യവസ്ഥചെയ്തിട്ടില്ലഎന്നുള്ളതാണ്. എന്നാൽ നിയമപരമായി നോക്കുകയാണെങ്കിൽ അങ്ങനെ ഒരു പ്രത്യേക വ്യവസ്ഥയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല, ആ കാരണത്താലാണ വ്യവസ്ഥചെയ്യാത്തതും. ഇവിടെ ശ്രീമാൻ തോമ്മൻ ചൂണ്ടിക്കാണിച്ചതുപോലെ, ജനറൽ ക്ലാസിലെ വ്യവസ്ഥകളനുസരിച്ച് മര്യാദപ്പാട്ടം നിജപ്പെടുത്തുന്നതിനെ സംബന്ധിച്ചുംമററും കൊടുത്തിട്ടുള്ള അപേക്ഷകൾ എല്ലാം തുടർന്നു പരിഗണിക്കുന്നതും, തീരുമാനമെടുക്കുന്നതുമാണ്. അങ്ങനെയാണെങ്കിൽ, ഫെയർ റെന്റിനെപ്പററി ഈ വകുപ്പിൽ എടുത്തുപറഞ്ഞിരിക്കുന്നതു എന്തിനാണെന്നു ചോദിച്ചേക്കാം. ആ കാര്യം എടുത്തുപറയേണ്ടതു് വളരെ ആവശ്യമായിട്ടുള്ളതാണെന്ന് ഈ വകുപ്പിന്റെ സബ്ക്ലാസുകൾ വായിച്ചാൽ മനസ്സിലാകുന്നതാണ്. അതേസമയം ഡിവിഷനെ സംബന്ധിച്ചിടത്തോളം, എടുത്തുപറയേണ്ട കാര്യവുമില്ല.

ഇവിടെ ഉണ്ടായ മററു ആക്ഷേപങ്ങളിൽ പ്രധാനമായതു് കാർഷികബന്ധ നിയമം അനുസരിച്ച് കൊടുത്തിട്ടുള്ള എല്ലാ അപേക്ഷകളെപ്പററിയും പരിഗണിക്കാതെ, അല്പമെങ്കിലും പരിഗണിച്ചിട്ടുള്ളതു് ഫെയർ റെന്റിനെ സംബന്ധിച്ചുമാത്രമാണെന്നാണ്. മാത്രമല്ല, ആകെ കൊടുത്തിട്ടുള്ള അപേക്ഷകളുടെ എണ്ണംകൂടി ഇവിടെ പറയുകയുണ്ടായി. സർ, ഈ കാര്യങ്ങൾക്കുവേണ്ടി ട്രൈബ്യൂണലുകളിലുംമററും കൊടുത്തിട്ടുള്ള അപേക്ഷകളുടെ എണ്ണവും, അവയിൽ തീരുമാനിക്കപ്പെട്ടവയുടെ എണ്ണവും ഈ സഭയുടെ മുമ്പിൽ വയ്ക്കാമെന്നു ഞാൻ വിചാരിക്കുകയാണ്. മുൻ കാർഷികബന്ധ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് ആകെ ട്രൈബ്യൂണൽ കോടതികളുടെ മുമ്പിൽ വന്നിട്ടുള്ള അപേക്ഷകൾ 105238 ആണ്. അവയിൽ തീരുമാനം എടുത്തിട്ടുള്ളതു് 30127–ം, തീരുമാനിക്കാതെ കിടക്കുന്നതു് 75111–ം ആണ്. ഈ അപേക്ഷകളൊക്കെ നീതിപൂർവ്വകമായ നിലയിൽ മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനുവേണ്ടി ഉള്ളതാണ്. കർഷകബന്ധ നിയമം 16–ാം വകുപ്പനുസരിച്ച് 75400 അപേക്ഷകൾ ട്രൈബ്യൂണലുകളിൽ വന്നിട്ടുണ്ട്. അവയിൽ തീരുമാനം എടുത്തിട്ടുള്ളതു്, 21540–ം തീരുമാനിക്കപ്പെടാത്തതു്, 53860–ം ആണ്. ആകെ ഉള്ള 75111 തീരുമാനിക്കാത്ത അപേക്ഷകളിൽ 53190 അപേക്ഷയും മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനുവേണ്ടി ഉള്ളതാണ്. അതിന്റെ കാരണവും വ്യക്തമാണ്. കുടിയാനു് വസ്തുവിന്റെ ഉടമാവകാശം വാങ്ങാൻവേണ്ടിയുള്ള വകുപ്പുകളിൽ പ്രധാനപ്പെട്ട വകുപ്പിനെ സംബന്ധിച്ചിടത്തോളം ഉള്ള വ്യവസ്ഥകൾ ഊർജ്ജിതത്തിൽ വന്നിട്ടില്ല എന്നുള്ളതാണ്. അതേസമയം ഊർജ്ജിതത്തിൽ വന്നിട്ടുള്ളതു് സ്മാൾ ഹോൾഡറെ സംബന്ധിക്കുന്ന 18-ാം വകുപ്പും കുടിയിരിപ്പുകാരെപ്പററിയുള്ള 36-ാം വകുപ്പുമാണ്. ആ സ്ഥിതിക്കു് സ്മാൾ ഹോൾഡറിനു് ട്രൈബ്യൂണലിന്റെ മുമ്പിൽ അപേക്ഷ കൊടുക്കാം. അയാളുടെ കീഴിലുള്ള കുടിയിരിപ്പുകാരനു് ചോയിസിന്റെ പേരിൽ അപേക്ഷ കൊടുക്കാം. അങ്ങനെ കൊടുത്തതിൽ കുറെ കുടിയാന്മാർക്കു് ഇനിയും വസ്തുവിന്റെ ഉടമാവകാശം കിട്ടിയിട്ടില്ല എന്നുള്ളതു് പരമാർത്ഥമാണ്. ചെറുകിടക്കാരും കുടിയാന്മാരും കൊടുത്തതും, കുടിയാന്മാർ ഉടമസ്ഥാവകാശം വാങ്ങാൻ കൊടുത്തിട്ടുള്ളതുമായ അപേക്ഷകൾ 18–ാം വകുപ്പനുസരിച്ച് ട്രൈബ്യൂണൽ കോടതികളുടെ മുമ്പിൽ വന്നിട്ടുള്ളതു് 22855 അപേക്ഷകളാണ്. ഇവയിൽ മുൻപറഞ്ഞ 18–ാം വകുപ്പനുസരിച്ച് ഉടമാവകാശത്തിനുവേണ്ടി കൊടുത്തിട്ടുള്ള അപേക്ഷകളും, മര്യാദപ്പാട്ടത്തിനുവേണ്ടി കൊടുത്തിട്ടുള്ള അപേക്ഷകളും ഉൾപ്പെടെ 22855 അപേക്ഷകളിൽ 7110 അപേക്ഷകൾ തീരുമാനിച്ചിട്ടുണ്ട്. ബാക്കിയുള്ളതു് 15745 അപേക്ഷകളാണ്. ഇതുകൂടാതെ, കുടിയിരിപ്പു വാങ്ങാൻവേണ്ടി 5461 അപേക്ഷകളുണ്ട്. അതിൽ 1073 അപേക്ഷകൾ തീരുമാനം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. ബാക്കിയുള്ളതു് 4368 അപേക്ഷകളാണ്. ഈ കണക്കുകളിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നുണ്ട്. മുമ്പിലത്തെ കാർഷിക നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് കുടിയാന് വസ്തുവിന്റെ ഉടമസ്ഥാവകാശം വാങ്ങാൻ ഉള്ള പ്രധാന വകുപ്പുകൾ ഊർജ്ജിതത്തിൽ വരാത്തതുകൊണ്ടും, മററു വകുപ്പുകൾ തന്നെ ഊർജ്ജിതത്തിൽവന്നതു്. കുറെ കാലതാമസത്തിനു ശേഷമായതു കൊണ്ടും, പ്രധാനമായിട്ടുള്ള അപേക്ഷകളിൽ കുറെ തീരുമാനമെടുത്തിട്ടുള്ളതു് മര്യാദപ്പാട്ടത്തെസംബന്ധിച്ച മാത്രമാണെന്നു കാണാവുന്നതാണ്. എന്നാൽ, പരിഗണിക്കാത്ത അപേക്ഷകളെ സംബന്ധിച്ചിടത്തോളം, അവ പരിഗണിക്കണമെന്നുതന്നെയാണ് വിചാരിക്കുന്നതു്. അതനുസരിച്ച് ചില ഭേദഗതികൾ വരുത്തിയിട്ടുമുണ്ട്. അങ്ങനെ വരുത്തിയതിന്റെ ഫലമായി ഒരു ചെറിയ വിഭാഗത്തിനു വലിയ ഗുണമൊന്നും ഉണ്ടാകുകയില്ലായിരിക്കാം. ചിലപ്പോൾ ചെറുകിടക്കാരെയായിരിക്കും ബാധിക്കുന്നതു്. അല്ലെങ്കിൽ കുടിയാനെയായിരിക്കും ബാധിക്കുന്നതു്. പക്ഷെ അങ്ങനെയായാൽത്തന്നെയും അതുകൊണ്ട് വലിയ ദോഷമൊന്നും വരാനില്ല. വസ്തുവിന്റെ ജന്മാവകാശം വാങ്ങുന്നതിനെ സംബന്ധിച്ചോ, വസ്തു ഒഴിപ്പിക്കുന്നതു സംബന്ധിച്ചോ ഏതെങ്കിലും ഒരു വിഭാഗത്തിനു അല്പസ്വല്പം പ്രതികൂലമാണെങ്കിൽത്തന്നെയും, പൊതുവെ നോക്കുകയാണെങ്കിൽ, എല്ലാ വിഭാഗക്കാർക്കും ഈ വ്യവസ്ഥകൊണ്ട് വലിയ ദോഷമൊന്നും വരാനില്ല, ഗുണമേ ഉണ്ടാവുകയുമുള്ളു. കൂടുതൽ ആനുകൂല്യമുള്ളതു് ഏറിയകൂറും നാലേക്കറിനു താഴെയുള്ള ചെറുകിട ജന്മികൾക്കാണ്. അങ്ങനെ ചെറുകിട ജന്മിമാർക്ക് ഈ ബില്ലുമുഖാന്തിരം ചില ആനുകൂല്യങ്ങൾ സിദ്ധിക്കുന്നുണ്ടെങ്കിൽ, മുമ്പുണ്ടായിരുന്ന കാർഷികബന്ധ നിയമത്തിൽ ഇല്ലാതിരുന്ന ചില ആനുകൂല്യങ്ങളാണ് ചെയ്തുകൊടുത്തിരിക്കുന്നതു് എന്നുള്ളതും സ്മരിക്കേണ്ടതുണ്ട്. ഞാൻ മുൻപറഞ്ഞ അപേക്ഷകളിൽ ഭൂരിപക്ഷവും ചെറുകിട ജന്മിമാരുടെ ഭൂമിസംബന്ധിച്ചുള്ളതുമാണ്. വലിയ വലിയ ജന്മികളെസംബന്ധിച്ചിടത്തോളം അവരുടെ കുടിയാന്മാർ അപേക്ഷകൾ കൊടുത്തിട്ടില്ലെന്നുവേണം ധരിക്കേണ്ടതു്. ചെറുകിട ജന്മിയുടെ വസ്തുവിന്റെ അവകാശം തീറുവാങ്ങാനുള്ള അപേക്ഷകൾ മുഴുവനും അപേക്ഷപ്രകാരംതന്നെ പരിഗണിക്കുകയാണെങ്കിൽ, അവർക്ക് ഈ ബില്ലുകൊണ്ട് യാതൊരു നന്മയും ലഭിക്കാൻ പോകുന്നില്ല എന്നുള്ളതുകൂടി നാം കണക്കിലെടുക്കേണ്ടിയിരിക്കുന്നു.

ഈ നിയമസഭയിൽ, പുതിയ ബില്ലിൽ നാം അംഗീകരിച്ച ചില വ്യവസ്ഥകൾ അനുസരിച്ച്, ചെറുകിട ഭൂവുടമകൾക്ക് ചില ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. അങ്ങനെ ചെയ്തുകൊടുത്ത ആനുകൂല്യങ്ങൾ
12 Noon അവർക്ക് ലഭിക്കണമെങ്കിൽ, കാർഷികബന്ധ നിയമത്തിലെ വ്യവസ്ഥഅനുസരിച്ച്, അവരുടെ ഭൂമിയിലുള്ള ഉടമാവകാശം എല്ലാം വാങ്ങുന്നതിനു് അനുവദിക്കുകയാണെങ്കിൽ സാദ്ധ്യമല്ല. അതുകൊണ്ടാണ് ടെനന്റിനു് ആ അവകാശം വാങ്ങുന്നതിനുള്ള വ്യവസ്ഥ ഇതിൽ ചെയ്യാതിരുന്നിട്ടുള്ളതു്.

ശ്രീ. ജോസഫ് ചാഴിക്കാട്: കാർഷികബന്ധ നിയമപ്രകാരം അപേക്ഷകൾ കൊടുത്തിട്ടുള്ളതിൽ, മുക്കാൽ ലക്ഷമോ, ഒരു ലക്ഷമോ ഇനിയും തീരാതെ കിടപ്പുണ്ടെന്നു പറഞ്ഞു. അവർ, ഈ ഭേദഗതി ചെയ്തുകൊണ്ടുള്ള നിയമം അനുസരിച്ച് വീണ്ടും അപേക്ഷകൾ മാറി കൊടുക്കേണ്ടതായി വരികയില്ലേ? അങ്ങനെ അപേക്ഷ മാറിക്കൊടുക്കേണ്ട ഭാരം വന്നുചേരുകയില്ലേ?

ശ്രീ. പി. ടി. ചാക്കോ: മര്യാദപ്പാട്ടത്തെ സംബന്ധിച്ചിടത്തോളം യാതൊരപേക്ഷയും മാറിക്കൊടുക്കേണ്ടതായി വരികയില്ല. കുടിയാന് ഭൂമിയിലുള്ള ഉടമാവകാശം വാങ്ങുന്നതിനുള്ള അപേക്ഷകൾ പലതും തീരുമാനിക്കപ്പെടാതെയുണ്ടെങ്കിലും പഴയ നിയമത്തിലെ ആ വകുപ്പുകൾ ഊർജ്ജിതത്തിൽ വന്നിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മര്യാദപ്പാട്ടം നിശ്ചയിച്ചുകഴിഞ്ഞ കേസുകളിൽ എന്താണു തടസ്സം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: അതു ഞാൻ പറയാൻ തുടങ്ങുകയായിരുന്നു. നിശ്ചയിച്ചുകഴിഞ്ഞ കേസുകളുടെ കാര്യം പറയുന്നുണ്ടു്. പർച്ചേസു റൈറ്റു കൊടുത്തിട്ടുള്ള അപേക്ഷകൾ, ചെറിയ ഭൂവുടമകളുടെ കീഴിലുള്ള കുടിയാന്മാരിൽ നിന്നുമാത്രം വന്നിട്ടുള്ളതുകൊണ്ടും, ചെറുകിടക്കാർക്കു് കുറെ ആനുകൂല്യങ്ങൾ ഈ നിയമം അനുസരിച്ചു് കൊടുത്തിട്ടുള്ളതു് അവർക്കു് അനുഭവത്തിൽ വരണമെന്നുദ്ദേശമുള്ളതുകൊണ്ടും കഴിഞ്ഞ ആക്റ്റിലെ വ്യവസ്ഥ അനുസരിച്ചു് അവകാശം വാങ്ങിക്കാൻ ഇതിൽ വ്യവസ്ഥ ചെയ്യാതിരുന്നതാണു്.

ശ്രീ. ഇ. പി. ഗോപാലൻ: കുടിയിരിപ്പിനെ സംബന്ധിച്ചിടത്തോളം ചെറുകിട ജന്മിമാരുടെ കീഴിലുള്ളവർമാത്രമല്ല, വൻകിട ജന്മിമാരുടെ കീഴിലുള്ളവരും അയ്യായിരത്തോളം ഹർജികൾ അയച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പി. ടി. ചാക്കോ: ഇടയ്ക്കു ചോദ്യമൊന്നും വേണ്ട; ഞാൻ ഓരോ കാര്യത്തിലേക്കും വരികയാണു്.

ശ്രീമതി കെ. ആർ. ഗൗരി: ചെറുകിടക്കാർക്കു് ഇതിൽകൂടുതൽ ആനുകൂല്യം ചെയ്തുകൊടുത്തിട്ടുള്ളതുകൊണ്ടു പുതിയ നിയമപ്രകാരം കാര്യങ്ങൾ നടത്തണമെന്നു പറഞ്ഞു. പുതിയ ആക്റ്റുപ്രകാരമുള്ള നടപടി, ഇതുസംബന്ധിച്ച ഭാഗംമാത്രം ഒന്നു റീ ഓപ്പൺ ചെയ്യത്തക്കവിധത്തിലാണു് ഞാൻ ഒരു ഓറൽ അമെൻഡ്മെന്റ് കൊണ്ടുവന്നതു്. അതു സ്വീകരിക്കുന്നതിലെന്താണു് വിരോധം? ഒരു കൂട്ടർക്കു് ആനുകൂല്യം ചെയ്തുകൊടുക്കണമെന്നു നിർബന്ധമുള്ളതുപോലെ മറ്റുള്ളവരെ ബുദ്ധിമുട്ടിക്കണമെന്നും ഉണ്ടോ?

രണ്ടാമതു്, ചെറുകിട......

ശ്രീ. പി. ടി. ചാക്കോ: സർ, ഇതു് എത്ര ചോദ്യമാണു്?

ശ്രീമതി കെ. ആർ. ഗൗരി: ചെറുകിടക്കാർക്കു് റിസംപ്ഷൻ റൈറ്റു കൊടുത്തിട്ടുണ്ടു്. തിരുവിതാംകൂർ ഭാഗത്തു് യാതൊരു വിധത്തിലും ഈ നിയമം അനുസരിച്ച വലിയ വ്യത്യാസമൊന്നും വന്നിട്ടില്ല.....

ശ്രീ. പി. ടി. ചാക്കോ: സർ, ഞാൻ വഴങ്ങുന്നില്ല. എന്റെ പ്രസംഗത്തിനിടയ്ക്കു് വേറൊരു പ്രസംഗം ചെയ്യുന്നതു് എനിക്കു് ഇഷ്ടമല്ല. ഒരു ചോദ്യമാണെന്നുവിചാരിച്ചു് ഞാൻ വഴങ്ങിയതു് തെറ്റായിപ്പോയി.

സർ, പർച്ചേസു റൈറ്റിനെ സംബന്ധിച്ച ഞാൻ പറഞ്ഞതുകൂടാതെ മറ്റു കാരണങ്ങളും ഉണ്ടു്. പഴയ ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ചു് പർച്ചേസു റൈറ്റു് അനുവദിക്കണമെന്നല്ല ഉദ്ദേശിച്ചിരുന്നതു്. കുടിയാനു് വസ്തുവിൽ പൂർണ്ണമായ ഉടമാവകാശം കിട്ടുമ്പോൾ കുടിയാൻ എന്തുകൊടുക്കണമെന്നു് ഈ ആക്റ്റിൽ വ്യവസ്ഥചെയ്തിട്ടുണ്ടു്. അങ്ങനെ കൊടുക്കേണ്ടിവരുന്ന ചെറുകിടക്കാരെ സംബന്ധിച്ചും കർഷകബന്ധ നിയമത്തിൽ കൊടുത്തിട്ടുള്ളതിനേക്കാൾ അല്പം കൂടുതൽ ഇതിൽ കൊടുത്തിട്ടുണ്ടു്. പ്രധാനമായി ഞാൻ പറയുന്നതു് വസ്തുവിന്റെ ഉടമസ്ഥാവകാശം വാങ്ങുന്നതിനു് കുടിയാനു് അവകാശം കൊടുക്കുന്ന വകുപ്പുകൾ കർഷകബന്ധ നിയമത്തിൽ ഫലപ്രദമായി പ്രയോഗത്തിൽ വന്നിട്ടില്ല. ആ കാരണംകൊണ്ടും, ചെറുകിടക്കാരുടെ കീഴിലുള്ള കുടിയാന്മാരുടെ കുറെ അപേക്ഷകൾ മാത്രമേ അതുസംബന്ധിച്ചു കിട്ടിയിട്ടുള്ളഎന്നുള്ളതുകൊണ്ടും, ഈ ആക്റ്റു് അനുസരിച്ചു് ചെറുകിടക്കാർക്കു് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ അവർക്കു് അനുഭവപ്പെടണമെന്നുള്ളതുകൊണ്ടും പർച്ചേസു ചെയ്യുന്നതിനുള്ള വ്യവസ്ഥ ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല. അതു ഇതിനുമുൻപു് പറഞ്ഞതനുസരിച്ചു്. കഴിഞ്ഞ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചു നടപ്പാക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടില്ല. അങ്ങനെ വ്യവസ്ഥ ചെയ്താൽ, ഈ നിയമസഭ ഇപ്പോൾ അംഗീകരിച്ചിട്ടുള്ള ചില വകുപ്പുകൾ ആർക്കും പ്രയോജനം ഉണ്ടാകുകയില്ല. അതുകൊണ്ടാണു് പർച്ചേസു് സംബന്ധിച്ചു വന്നിട്ടുള്ള കുറേ അപേക്ഷകൾ സംബന്ധിച്ചു്. അങ്ങനെയൊരു വ്യവസ്ഥ ചെയ്യാതിരുന്നതു്. മര്യാദപ്പാട്ടത്തെപ്പറ്റി പറയുമ്പോഴും ഈ കാര്യം മനസ്സിൽ കണ്ടിട്ടുണ്ടു്. മര്യാദപ്പാട്ടം അവസാനമായി തീരുമാനിച്ച

LIBRARY ARCHIVES Kerala Legislative Assembly

കേസുകളിൽ അതു രണ്ടാമതു് റീ ഓപ്പൺചെയ്യുന്നതു ശരിയായിരിക്കുകയില്ല. അങ്ങനെ നിശ്ചയിച്ചതു്, കോടതികളോടുള്ള ബഹുമാനംകൊണ്ടും, നിയമത്തോടുള്ള ബഹുമാനംകൊണ്ടുമാണു്. കോടതികളുടെ ഉത്തരവു് അതേപടി അനുസരിച്ചു മുമ്പോട്ടുപോകണമെന്നു കരുതി. അതിൽ മറിച്ചൊന്നും ചെയ്യാൻ നിവൃത്തിയില്ല. മര്യാദപ്പാട്ടത്തെ സംബന്ധിച്ചിടത്തോളം അവസാനമായി ഉത്തരവു വന്നിട്ടുള്ള കേസുകളിൽ, അതു മര്യാദപ്പാട്ടമായിട്ടു് പരിഗണിക്കാവുന്നതാണു്. ആ അടിസ്ഥാനത്തിൽ, ഭൂ ഉടമ വാങ്ങുന്നതിനു് പരിഗണന നൽകുകയില്ല. അതു വ്യക്തമായി പറഞ്ഞതാണു്. ഈ ആക്ടനുസരിച്ചു് കൊടുക്കേണ്ടതു് എത്രയാണു്, ഈ ആക്ടനുസരിച്ചു കൊടുക്കേണ്ട രീതി ഇന്നതാണു് എന്നു ഇതിൽ പറഞ്ഞിട്ടുണ്ടു്. അതനുസരിച്ചു് ആയിരിക്കണം പർച്ചേസ് നടത്തേണ്ടതു്. കാർഷികബന്ധ നിയമം അനുസരിച്ചു് ബഹുഭൂരിപക്ഷം കുടിയാന്മാരും പർച്ചേസ് നടത്തിയിട്ടില്ല. ഇനി ഭൂവുടമാവകാശം വാങ്ങുമ്പോൾ, ഈ നിയമത്തിലെ വ്യവസ്ഥയനുസരിച്ചായിരിക്കണം വാങ്ങേണ്ടതു്. പിന്നെ, കുടികിടപ്പുകാരുടെ പർച്ചേസിനെപ്പററി പറഞ്ഞു. നാലായിരത്തിനുമേൽ അപേക്ഷകൾ തീരാതെ കിടപ്പുണ്ടു്. കുടികിടപ്പുകാർ ഉടമാവകാശം വാങ്ങുന്നതിനുള്ള വ്യവസ്ഥയും, കാർഷികബന്ധ നിയമത്തിലുള്ളതുപോലെയല്ല, ഈ നിയമത്തിലുള്ളതു്. കുടികിടപ്പു് എന്നു പറഞ്ഞാൽ, ഇവിടെ ചിലർ പറഞ്ഞതുപോലെ, അവശന്മാരും, ആർത്തന്മാരും, അശരണരും മാത്രമല്ല. കുടികിടപ്പുകാർ എന്നു പറഞ്ഞാൽ എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളം എല്ലാ വിഭാഗത്തിലുമുള്ള ആളുകളുംപെടും. കുറച്ചു ഭൂമിമാത്രം ഉള്ളവർ 5 ഏക്കറും, 10 ഏക്കറും ഉള്ളവർ, അതിൽതന്നെ കമേഴ്സ്യൽ സൈററും കാണും, വളരെ അഭിവൃദ്ധിയുണ്ടായിട്ടുള്ള ഭൂമി കാണും. കുടികിടപ്പുകാർ വാങ്ങി, നല്ലതുപോലെ ഉപയോഗിക്കത്തക്ക വിധത്തിൽ വികസിപ്പിച്ചുകൊണ്ടുവന്നിട്ടുള്ള ഭൂമിയായിരിക്കും. ഇത്തരം കുടികിടപ്പുകാർ, ഈ ആക്ററിലെ വ്യവസ്ഥയനുസരിച്ചു 16 കൊല്ലംകൊണ്ടു് അതിന്റെ പ്രതിഫലം കൊടുത്തുതീർക്കണം. അതു കുടികിടപ്പുകാരെ സംബന്ധിച്ചു് ബുദ്ധിമുട്ടുള്ള ഒരു വ്യവസ്ഥയല്ല. കാർഷികബന്ധ നിയമത്തിലെ വ്യവസ്ഥ ഇതായിരുന്നില്ല. അതുകൊണ്ടു് കുടികിടപ്പുകാരെ സംബന്ധിച്ചു് ഉടമാവകാശം വാങ്ങുന്നതിനുള്ള അപേക്ഷകൾ പെൻഡിംഗായിട്ടുള്ള അപേക്ഷകൾ ഈ ആക്ടനുസരിച്ചുവേണം നടപടിനടത്താൻ എന്നു് ഇതിൽ ചേർത്തിട്ടുണ്ടു്.

ശ്രീ. ഇ. പി. ഗോപാലൻ: മര്യാദപ്പാട്ടം അവസാനമായിട്ടു് തീരുമാനിച്ചതു് കോടതി വിധിയെ ബഹുമാനിച്ചിട്ടാണെന്നു പറഞ്ഞു. കുടികിടപ്പുകാർ ഉടമാവകാശം വാങ്ങുന്നതിനെ സംബന്ധിച്ച കോടതിവിധികളെ ബഹുമാനിക്കണമെന്നില്ലേ? ഏതു കോടതി വിധിയെ മാനിക്കുന്നു, ഏതിനെ മാനിക്കുന്നില്ല എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. പി. ടി. ചാക്കോ: സാമർത്ഥ്യം അനുസരിച്ചു് എങ്ങനെ വേണമെങ്കിലും വാദിക്കാം.

പർച്ചേസിനെ സംബന്ധിച്ചു് ഈ ഒരു നിലപാടാണു് ഈ ബില്ലിൽ സ്വീകരിച്ചതു്. ഈ ആക്ററു് നടപ്പാക്കിയാലും കുറച്ചുനാൾ മര്യാദപ്പാട്ടം കൊടുക്കേണ്ടിവരും. ക്രമേണ അതു അവസാനിക്കും. ഒരു നിശ്ചിത കാലത്തിനുള്ളിൽ കുടിയാന്മാർ പർച്ചേസ് ചെയ്തില്ലെങ്കിൽ ഗവണ്മെൻറുതന്നെ അതിനുവേണ്ടി കുടിയാനെ നിർബ്ബന്ധിക്കും. ഇടക്കാലത്തേക്കുമാത്രമേ മര്യാദപ്പാട്ടം കൊടുക്കേണ്ടതായി വരികയുള്ളു. മര്യാദപ്പാട്ടം എങ്ങനെയിരുന്നാലും, അപ്പീൽ കൊടുക്കുന്നതിനു് ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ചു് അപേക്ഷ കൊടുക്കാം. മര്യാദപ്പാട്ടം നിശ്ചയിക്കുന്നതിനുവേണ്ടി എഴുപത്തയ്യായിരം അപേക്ഷകൾ കിട്ടിയിട്ടുള്ളതിൽ 53800ലധികം ആളുകൾക്കു് മര്യാദപ്പാട്ടം നിശ്ചയിച്ചിട്ടുണ്ടു്. അതുകൊണ്ടു് കൂടുതൽ ആളുകൾക്കു് പ്രയോജനം കിട്ടിയിട്ടുണ്ടു്. ഗവണ്മെൻറു് കുറെ പണം ഇതിനുവേണ്ടി ചെലവാക്കിയിട്ടുള്ളതിനു് തീരെ പ്രയോജനം ഇല്ലാതായിട്ടില്ല. ഏതായാലും 127-ാമത്തെ വകുപ്പു് പാസ്സാക്കിത്തരണമെന്നപേക്ഷിക്കുകയാണു്. ഒരു സ്നേഹിതൻ പറഞ്ഞു, ഈ സഭയിൽ 127 അംഗങ്ങൾ ഉണ്ടു്; മനപ്പൂർവ്വം

LIBRARY ARCHIVES Kerala Legislative Assembly

ഓരോരുത്തർക്കും ഓരോ വകുപ്പ് എന്ന നിലയിൽ ഇതിൽ 127 വകുപ്പുകളും ചേർത്തതാണെന്ന്. അങ്ങനെയൊന്നും ഉദ്ദേശിച്ചിട്ടില്ല; എഴുതി വന്നപ്പോൾ 127 വകുപ്പായി എന്നേയുള്ളു. മാത്രമല്ല, ഇപ്പോൾ ഒരു മെമ്പർ രാജിവച്ചിരിക്കുകയാണ്. എന്റെ ഓർമ്മ ശരിയാണെങ്കിൽ, ഇതിൽ ഒരു വകുപ്പ് വിട്ടുപോയിട്ടുണ്ട്. അങ്ങനെ നോക്കിയാൽ, രാജിവച്ച മെമ്പർ പോയാൽ 126 വകുപ്പും, 126 അംഗങ്ങളും എന്ന കണക്ക് പിന്നെയും ശേഷിക്കുകയാണ്, സർ, ഈ സഭയിലെ 126 അംഗങ്ങളുംകൂടി ഈ വകുപ്പ് പാസ്സാക്കിത്തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

Mr. Speaker: Shri Koran, do you press your amendments?

Shri. O. Koran: I am not pressing.

Amendment No. 992 moved by Shri O. Koran was by leave withdrawn.

Amendment No. 995 moved by Shri O. Koran was by leave withdrawn.

Mr. Speaker: Do you press your amendments?

Shri. P. Viswambharan: I press amendments 998 and 999 only.

Amendment No. 998 moved by Shri. P. Viswambharan was put and lost.

Amendment No. 999 moved by Shri P. Viswambharan was put and lost.

Shri. O. Koran: Sir, I demand a poll.

A poll was taken when the House divided as follows:

AYES 33

1 Shri P. Abdul Majeed
2 ,, C. Achutha Menon
3 ,, P. C. Adichan
4 Smt. K. O. Aisha Bai
5 Shri. P. Balachandra Menon
6 ,, C. K. Balakrishnan
7 ,, N. E Balaram
8 ,, K. Bhargavan
9 ,, D. Damodaran Potti
10 ,, E. P. Gopalan
11 ,, N. Gopala Kurup
12 Smt K. R. Gouri
13 Shri. K. V. John
14 ,, Joseph Chazhikattu
15 ,, O. Koran
16 ,, K. Krishnan
17 ,, M. Krishnan
18 ,, R. Krishnan
19 Shri. K. Krishna Pillai
20 ,, P. K. Kunjachan
21 ,, P. M. Kunhiraman Nambiar
22 ,, Muhasin Bin Ahmed
23 ,, P. K. Narayanan Nambiar
24 ,, T. C. Narayanan Nambiar
25 ,, P. Narayanan Thampi
26 ,, K. V. Narayanan
27 ,, P. C. Raghavan Nair
28 ,, A. K. Ramankutty
29 ,, T. K. Ramakrishnan
30 ,, P. Ravindran
31 ,, E. M. Sankaran Namboodiripad
32 ,, R. Sugathan
33 ,, P. Viswambharan

NOES 48.

1 Shri. P. K. Abdulkad'r
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. K. Balakrishnan
5 ,, P. C. Balakrishnan Nambiar
6 ,, N. Bhaskaran Nair
7 ,, P. Chacko
8 Shri. P. T. Chacko
9 ,, G. Chandrasekhara Pillai
10 ,, P. C. Cherian
11 ,, K. A. Damodara Menon
12 ,, T. A. Dharmaraja Iyer
13 ,, P. R. Francis
14 ,, K. M. George
15 ,, P. Gopalan

LIBRARY ARCHIVES Kerala Legislative Assembly

16	Shri M. Gopalankutty Nair	31	Shri V. Madura
17	,, Malethu Gopinatha Pillai	32	,, M. M. Mathai
		33	,, C .A Mathew
18	,, M. P. Govindan Nair	34	Smt. A. Nafeesath Beevi
19	,, Vayala Idicula	35	Shri. K. Narayana Kurup
20	,, A. L. Jacob	36	,, M. Narayana Kurup
21	,, Thomas John	37	,, E. P. Poulose
22	,, George Joseph Podipara	38	,, A. A. Rahim
23	,, K. G. Karunakara Menon	39	,, R. Raghava Menon
		40	,, R. Sankar
24	,, T. Krishnan	41	Smt. O. T. Sarada Krishnan
25	,, N. S. Krishna Pillai	42	,, K. R. Saraswathi Amma
26	,, P. Kumaran	43	Shri C. M. Stephen
27	,, K. Kunhambu	44	,, K. T. Thomas
28	Smt. Kusumam	45	,, T. A. Thomman
29	,, Leela Damodara Menon	46	,, P. P. Ummer Koya
		47	,, K. R. Vijayan
30	Shri. P. Madhavan	48	,, K. K. Viswanathan

Mr. Speaker: For the amendment–33

Against the amendment–48

Neutrals–Nil.

The amendment is lost.

Amendment No. 1000 moved by Shri. P. Viswambharan was, by leave, withdrawn.

Mr. Speaker: Are you pressing your amendments.

Shri R. Krishnan: Yes, Sir.

Amendment No. 1001 moved by Shri. R. Krishnan was put and lost.

Amendment No. 1003 moved by Shri. R. Krishnan was put and lost.

Mr. Speaker: Do you press your amendments?

Shri N. E. Balaram: Yes, Sir.

Amendment No. 1395 moved by Shri. N. E. Balaram was put and lost.

Amendment No. 1508 moved by Shri. N. E. Balaram was put and lost.

Amendment No. 1509 moved by Shri. N. E. Balaram was put and lost.

Amendment No. 1511 moved by Shri. N. E. Balaram was put and lost.

Amendment No. 1763 moved by Shri. N. E. Balaram was put and lost.

Mr. Speaker: Do you press your amendment?

Shri T. K. Ramakrishnan: I press.

Amendment No. 1396 moved by Shri. T. K. Ramakrishnan was put and lost.

2/754/S

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Are you pressing your amendments?

Shri P. C. Raghavan Nair: Yes, Sir.

Amendment No. 1897 moved by Shri. P. C. Raghavan Nair was put and lost.

Amendment No. 1510 moved by Shri. P. C. Ragbavan Nair was put and lost.

Mr. Speaker: Do you press your amendment?

Shri E. P. Gopalan: Yes, Sir.

Amendment No. 1481 moved by Shri. E. P. Gopalan was put and lost.

Shri. E. P. Gopalan: Sir, I demand a poll.

A poll was taken when the House divided as follows:

AYES—32

1	Shri P. Abdul Majeed	19	Shri P. K. Kunjachan
2	,, C. Achutha Menon	20	,, P. M. Kunhiraman Nambiar
3	,, P. C. Adichan	21	,, Muhasin Bin Ahmed
4	Smt. K. O. Aisha Bai	22	,, P. K. Narayanan Nambiar
5	Shri P. Balachandra Menon	23	,, T. C. Narayanan Nambiar
6	,, C. K. Balakrishnan	24	,, P. Narayanan Thampi
7	,, N. E. Balaram	25	,, K. V. Narayanan
8	,, K. Bhargavan	26	,, P. C. Raghavan Nair
9	,, D. Damodaran Potti	27	,, A. K. Ramankutty
10	,, E. P. Gopalan	28	,, T. K. Ramakrishnan
11	,, N. Gopala Kurup	29	,, P. Ravindran
12	Smt. K. R. Gouri	30	,, E. M. Sankaran Namboodiripad
13	Shri K. V. John	31	,, R. Sugathan
14	,, O. Koran	32	,, P. Viswambharan
15	,, K. Krishnan		
16	,, M. Krishnan		
17	,, R. Krishnan		
18	,, K. Krishna Pillai		

NOES—49

1	Shri P. K. Abdulkadir	14	Shri P. R. Francis
2	,, K. C. Abraham	15	,, K. M. George
3	,, M. C. Abraham	16	,, P. Gopalan
4	,, K. T. Achuthan	17	,, M. Gopalankutty Nair
5	,, K. K. Balakrishnan	18	,, Malethu Gopinatha Pillai
6	,, P. C. Balakrishnan Nambiar	19	,, M. P. Govindan Nair
7	,, N. Bhaskaran Nair	20	,, Vayala Idicula
8	,, P. Chacko	21	,, A. L. Jacob
9	,, P. T. Chacko	22	,, Thomas John
10	,, G. Chandrasekhara Pillai	23	,, George Joseph Podipara
		24	,, K. G. Karunakara Menon
11	,, P. C. Cherian	25	,, T. Krishnan
12	,, K. A. Damodara Menon	26	,, N. S. Krishna Pillai
		27	,, P. Kumaran
13	,, T. A. Dharmaraja Iyer	28	,, K. Kunhambu

LIBRARY ARCHIVES Kerala Legislative Assembly

29	Smt. Kusumam	40	Shri R. Raghava Menon
30	,, Leela Damodara Menon	41	,, R. Sankar
31	Shri P. Madhavan	42	Smt. O. T. Sarada Krishnan
32	,, V. Madura	43	,, K. R. Saraswathi Amma
33	,, M. M. Mathai		
34	,, C. A. Mathew	44	Shri C. M. Stephen
35	Smt. A. Nafeesath Beevi	45	,, K. T. Thomas
36	Shri K. Narayana Kurup	46	,, T. A. Thomman
37	,, M. Narayana Kurup	47	,, P. P. Ummer Koya
38	,, E. P. Poulose	48	,, K. R. Vijayan
39	,, A. A. Rahim	49	,, K. K. Viswanathan

Mr Speaker: For the amendment–32
Against the amendment–49
Neutrals–Nil

The amendment is lost.

The following amendments moved by the hon. Minister, were put and carried, namely:–

(i) 'In clause 127, for sub clause (4) (ii) (b), the following shall be substituted, namely:

" (b) where the Land Tribunal constituted or purported to have been constituted under the said Act had passed an order determining the fair rent in respect of a holding, but an appeal or application for revision in respect of such order was pending before the appellate or revising authority at the time when the said Act was declared unconstitutional by the Supreme Court or the High Court, or the proceedings under the said Act were stayed under the Kerala Tenants and Kudikidappukars Protection Ordinance, 1962, as the case may be, in its or their application to the land comprised in the holding, such appellate or revising authority shall reopen the matter and dispose of it in accordance with the provisions of this Act, and, for that purpose, shall have all the powers of the appellate or revising authority, as the case may be, under this Act:

(bb) where the Land Tribunal constituted or purported to have been constituted under the said Act had passed an order determining the fair rent in respect of a holding, but the time for preferring appeal or revision in respect of such order had not expired at the time when the said Act was declared unconstitutional by the Supreme Court or the High Court, or the proceedings under the said Act were stayed under the Kerala Tenants and Kudikidappukars Protection Ordinance, 1962, as the case may be, in its application to the land comprised in the holding any party aggrieved by the order of the Land Tribunal may, within three months from the commencement of this Act, prefer an appeal or an application for revision against such order before the appellate or revising authority under this Act, and thereupon such authority shall reopen the matter and dispose of it in accordance with the provisions of this Act;"

(ii) In clause 127 in sub-clause (4) (ii) (d) for the words, brackets and letters "the fair rent determined under sub-clause (b) and the fair rent referred to in sub-clause (e)" the words brackets and letter 'the fair rent referred to in sub-clause (e)' shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Do you press your amendments?

Smt. K. R. Gouri: I press.

Amendment No. 1740 moved by Smt. K. R. Gouri was put and lost.

Amendment No. 1741 moved by Smt. K. R. Gouri was put and lost.

Amendment No. 1742 moved by Smt. K. R. Gouri was put and lost.

Smt. K. R. Gouri: Sir, what about my oral amendments? That may also be put to vote.

The oral amendments moved by Smt. K. R. Gouri were put and lost.

Mr. Speaker: Do you press your amendment ?

Shri C. Achutha Menon: I press.

Amendment No. 1750 moved by Shri. C. Achutha Menon was put and lost.

Shri C. Achutha Menon: Sir, I demand a poll.

A poll was taken when the House divided as follows:

AYES—32

1	Shri.	P. Abdul Majeed	19	Shri.	P.K. Kunjachan
2	,,	C. Achutha Menon	20	,,	P. M. Kunhiraman Nambiar
3	,,	P. C. Adichan	21	,,	Muhasin Bin Ahmed
4	Smt	K. O. Aisha Bai	22	,,	P. K. Narayanan Nambiar
5	Shri.	P. Balachandra Menon	23	,,	T.C. Narayanan Nambiar
6	,,	C. K. Balakrishnan	24	,,	P. Narayanan Thampi
7	,,	N. E. Balaram	25	,,	K. V. Narayanan
8	,,	K. Bhargavan	26	,,	P. C. Raghavan Nair
9	,,	D. Damodaran Potti	27	,,	A. K. Ramankutty
10	,,	E. P. Gopalan	28	,,	T. K. Ramakrishnan
11	,,	N. Gopala Kurup	29	,,	P. Ravindran
12	Smt.	K. R. Gouri	30	,,	E. M. Sankaran Namboodiripad
13	Shri	K. V. John	31	,,	R. Sugathan
14	,,	O. Koran	32	,,	P. Viswambharan
15	,,	K. Krishnan			
16	,,	M. Krishnan			
17	,,	R. Krishnan			
18	,,	K. Krishna Pillai			

NOES—49

1	Shri	P. K. Abdulkadir	11	Shri	P. C. Cherian
2	,,	K. C. Abraham	12	,,	K. A. Damodara Menon
3	,,	M. C. Abraham	13	,,	T. A. Dharmaraja Iyer
4	,,	K. T. Achuthan	14	,,	P. R. Francis
5	,,	K. K. Balakrishnan	15	,,	K. M. George
6	,,	P. C. Balakrishnan Nambiar	16	,,	P. Gopalan
7	,,	N. Bhaskaran Nair	17	,,	M. Gopalankutty Nair
8	,,	P. Chacko	18	,,	Malethu Gopinatha Pillai
9	,,	P. T. Chacko	19	,,	M. P. Govindan Nair
10	,,	G. Chandrasekhara Pillai	20	,,	Vayala Idicula

LIBRARY ARCHIVES Kerala Legislative Assembly

21	Shri	A. L. Jacob	35	Smt.	A. Nafeesath Beevi
22	,,	Thomas John	36	Shri	K. Narayana Kurup
23	,,	George Joseph Podipara	37	,,	M. Narayana Kurup
24	,,	K.G. Karunakara Menon	38	,,	E. P. Poulose
25	,,	T. Krishnan	39	,,	A. A. Rahim
26	,,	N. S. Krishna Pillai	40	,,	R. Raghava Menon
27	,,	P. Kumaran	41	,,	R. Sankar
28	,,	K. Kunhambu	42	Smt.	O. T. Sarada Krishnan
29	Smt.	Kusumam	43	,,	K. R. Saraswathi Amma
30	,,	Leela Damodara Menon	44	Shri	C. M. Stephen
			45	,,	K. T. Thomas
31	Shri	P. Madhavan	46	,,	T. A Thomman
32	,,	V. Madura	47	,,	P. P. Ummer Koya
33	,,	M. M. Mathai	48	,,	K. R. Vijayan
34	,,	C. A. Mathew	49	,,	K K. Viswanathan

Mr. Speaker: For the amendment—32.

Against the amendment—49.

Neutrals—Nil.

The Amendment is lost.

Mr. Speaker: Do you press your amendments?

Shri P. K. Kunjachan: Yes, I press.

Amendment No. 1764, moved by Shri P. K. Kunjachan was put and lost.

Amendment No. 1765, moved by Shri P. K. Kunjachan was put and lost.

The question that clause 127, as amended, stand part of the Bill was put and carried.

Clause 127, as amended, was added to the Bill.

New Clause after Clause 127.

Mr. Speaker: Amendment No. 1743 is in the name of Shri Kurur Neelakantan Nambudiripad. The honourable member is not in his seat.

SCHEDULE—I.

Mr. Speaker: Amendment Nos. 1004 to 1007, 1398 and 1399 are for the deletion of this Schedule. These amendments are barred by the acceptance of sub-clause (27) of clause 2.

Amendment No. 1466 by Shri P. C. Raghavan Nair for the inclusion in this Schedule all the remaining taluks in the State is frivolous and need not be moved.

The question that Schedule I stand part of the Bill was put and carried.

Schedule I was added to the Bill.

SCHEDULE—II.

Mr. Speaker: The following amendments may be moved:
No. 1012 by Shri Joseph Chazhikatt.
Nos. 1013, 1016, 1018, and 1023 by Shri K. Hassan Gani.

LIBRARY ARCHIVES Kerala Legislative Assembly

Nos. 1014, 1017, 1020 by Shri B. V. Seethi Thangal.
No. 1015 by Shri K. Krishnan.
No. 1019 by Shri Avukadarkutty Naha.
No. 1022 by Shri Moideenkutty Hajee.
No. 1402 by Shri Hameed Ali Shemnad.
No. 1467 by Shri P. C. Raghavan Nair.
Nos. 1588, 1592, 1593 and 1598 by Shri P. S. Srinivasan.
Nos. 1589, 1591, 1594, 1599, 1602, 1605 by Shri K. Bhargavan.
Nos. 1590, 1600, 1603, 1607 and 1611 by Shri K. Krishna Pillai.
Nos. 1595, 1596, 1597, 1609, 1612, 1613, 1615 and 1616 by Shri N. Gopala Kurup.

No. 1024 by Shri Thomas John.

No. 1751 and 1752 by Smt. K. R. Couri.

No. 1766 and 1767 by Shri P. K. Kunjachan.

Nos. 1008 to 1011, 1400 and 1401 are for deletion of the schedule. These are barred by acceptance of clause 2 (55).

No 1021 by Shri C M. Kutty is not clear and specific.
No. 1601 is the same as No. 1600.
No. 1604 and 1606 are the same as No. 1603.
No. 1608 is the same as No 1607.
No. 1610 is the same as No. 1609.
No. 1614 is covered by Nos. 1612 and 1613.

Shri K. Krishnan: Sir, I move:

1015. In Schedule II Part I, recast all items in Palghat District as follows:—

" 1.	Garden	1.00 acres
2.	Dry land principally cultivated with cashew	2.00 acres
3.	Other dry land	3.00 ,,
4.	Palliyal land	3.00 ,,
5.	Rubber plantation	1.00 ,,
6.	Tea plantation	50 cents
7.	Coffee plantation	75 ,,

Shri P. C. Raghavan Nair: Sir, I move:

1467. In Schedule II, Part I, Kozhikode District, in item 1, Garden, insert, "1.00 acre" instead of '0.75' acre.

Mr. Speaker: Shri Joseph Chazhikatt, Shri K. Hassan Gani, Shri B. V. Seethi Thangal, Shri Avukadarkutty Naha, Shri Moideen kutty Hajee, Shri Hameed Ali Shemnad, Shri P. S. Sreenivasan are not in their seats.

Shri K. Bhargavan: Sir, I move the following amendments.

1589. In schedule II, Part I, under Trivandrum District, delete entries 1 to 10 and substitute the following:

" 1.	Garden	1.00 acre
2.	Dry land principally cultivated with cashew	2.00 acre
3.	Other dry land	3.00 ,,

LIBRARY ARCHIVES Kerala Legislative Assembly

4.	Palliyal land	3.00 acres
5.	Rubber Plantation	1.00 ,,
6.	Tea Plantation	0.75 ,,
7.	Coffee	1.00 ,,
8.	Cardamom	1.00 ,,

1591. In schedule II, Part I, under Quilon District, delete all the entries and substitute the following:

1.	Garden	1.25 acres
2.	Dry land principally cultivated with cashew	2.00 ,,
3.	Other dry land	2.00 ,,
4.	Palliyal land	2.00 ,,
5.	Rubber Plantation	1.00 ,,
6.	Tea Plantation	0.75 ,,
7.	Coffee Plantation	1.00 ,,
8.	Cardamom Plantation	1.00 ,,

1594. In schedule II, Part I, under Alleppey District, delete all the entries and substitute the following:

1.	Garden	1.00 acre
2.	Dry land principally cultivated with cashew	2.00 ,,
3.	Other dry land	2.50 ,,
4.	Palliyal land	2.50 ,,
5.	Rubber Plantation	0.75 ,,
6.	Tea Plantation	0.75 ,,
7.	Coffee Plantation	1.00 ,,
8.	Cardamom Plantation	1.00 ,,

1599. In schedule II, Part I, under Kottayam District, delete all the entries and substitute the following:

1.	Garden	1.00 acres
2.	Dry land principally cultivated with cashew	2.00 ,,
3.	Other dry land	2.00 ,,
4.	Palliyal land	2.00 ,,
5.	Rubber Plantation	0.75 ,,
6.	Tea Plantation	0.75 ,,
7.	Coffee Plantation	1.00 ,,
8.	Cardamom Plantation	1.00 ,,

1602. In schedule II, Part II, in entry 2, substitute "1·75" for "2·00".

1605. In schedule II, Part II, in entry 3, substitute '1.75' for "2.00"

Shri K. Krishna Pillai: Sir, I move the following amendment.

1590. In schedule II, Part I, for the entries under the headings Trivandrum District, Quilon District, Alleppey District and Kottayam District, substitute the following:

LIBRARY ARCHIVES Kerala Legislative Assembly

Trivandrum District.

1.	Garden	1.00 acre
2.	Dry land principally cultivated with cashew	2.50 ,,
3.	Other dry land	3.00 ,,
4.	Palliyal land	3.00 ,,
5.	Rubber plantation	1.00 ,,
6.	Tea plantation	0.75 ,,
7.	Coffee plantation	0.75 ,,

Quilon District.

1.	Garden	1.25 acres
2.	Dry land principally cultivated with cashew.	2.50 ,,
3.	Other dry land	2.50 ,,
4.	Palliyal land	2.50 ,,
5.	Rubber plantation	1.00 ,,
6.	Tea plantation	0.75 ,,
7.	Coffee plantation	0.75 ,,

Alleppey District.

1.	Garden	1.00 acre
2.	Dry land principally cultivated with cashew	2.50 ,,
3.	Other dry land	3.00 ,,
4.	Palliyal land	3.00 ,,
5.	Rubber plantation	1.00 ,,
6.	Tea plantation	0.75 ,,
7.	Coffee plantation	0.75 ,,

Kottayam District.

1.	Garden	1.00 acre
2.	Dry land principally cultivated with cashew	2.00 ,,
3.	Other dry land	3.00 ,,
4.	Palliyal land	3.00 ,,
5.	Rubber plantation	1.00 ,,
6.	Tea plantation	0.75 ,,
7.	Coffee plantation	1.00 ,,
8.	Cardamom plantation	1.50 ,,

1600. In schedule II, Part II, in entry 2, under the heading Double Crop nilam, substitute "1.00" for "1.25'.

1603. In schedule II, Part II, in entry 3, under the heading Double crop nilam, substitute '1.00' for '1.25'.

1607. In schedule II, Part II, in entry 4, under the heading Double crop nilam substitute '1.00' for '1.50'

1611. In schedule II, Part II, in entry 5 under the heading Single crop nilam, substitute "2.00" for '3.00'.

Shri N. Gopala Kurup: Sir, I move the following amendments:

1595. In schedule II, Part I, under Alleppey District, in item 4, substitute '3' for '4'.

LIBRARY ARCHIVES Kerala Legislative Assembly

1596. In schedule, II, Part I, under Alleppey District, in item 4, substitute '3' for '4'.

1597. In Schedule II, Part I, under Alleppey District, in item 5, substitute '1' for '1.75'.

1609. In Schedule II, Part II, item 5, delete "2.00" and insert '1.50'.

1612. In Schedule II, Part II, item 6, delete "1.50" and insert '1.00'.

1613. In Schedule II, Part II, item 6, delete '2.50' and insert '2.00'.

1615. In schedule II, Part II, item 7, delete '1.25' and insert '1.00'.

1616. In schedule II, Part II, item 7, delete '2.50' and insert '2.00'.

Mr. Speaker: Mr. Thomas John is not present. Smt. K. R. Gouri may move amendment Nos. 1751 and 1752.

Smt. K. R. Gouri: Sir, I move the following amendments :

1751. In Schedule II, Part I, for items in Alleppey District substitute the following:

Alleppey District.

Class of land.	Standard acres
1. Garden	
(1) Shertalai	1 ,,
(2) Ambalapuzha	1 ,,
(3) Karthikappalli	1.25 ,,
(4) Kuttanad	1 ,,
(5) Mavelikara	1 ,,
(6) Chengannoor	1.25 ,,
(7) Thiruvalla	1 ,,
2. Dry land principally cultivated with cashew	2 acres for all taluks
3. Other Dry land	
(1) Shertalai	4 acres
(2) Ambalapuzha	4 ,,
(3) Karthikappalli	3 ,,
(4) Mavelikara	3 ,,
(5) Chengannoor	3 ,,
(6) Kuttanad	2 ,,
(7) Thiruvalla	3 ,,
4. Palliyal land	4 acres for all taluks
5. Rubber plantation	
(1) Shertalai	Nil
(2) Ambalapuzha	Nil
(3) Kuttanad	Nil
(4) Thiruvalla	1 acre
(5) Chengannoor	1 ,,
(6) Mavelikara	1 ,,
(7) Karthikappalli	Nil

2/754/S

LIBRARY ARCHIVES Kerala Legislative Assembly

6.	Tea plantation	Nil in the District
7.	Cardamom	do.
8.	Cinnamon and Cocoa plantation	Nil in the District
9.	Coffee plantation	
	(1) Shertalai	Nil
	(2) Ambalapuzha	Nil
	(3) Karthikappalli	
	(4) Mavelikara	
	(5) Chengannoor	
	(6) Kuttanad	Nil
	(7) Thiruvalla	,,

1752. In schedule II Part II, for items in Alleppey District substitute the following:

"*Standard Acre of Nilam*

Taluk	*Double crop*	*Single crop*
Karthikappalli	1.25	2.00
Mavelikara	1.25	2.00
Chengannoor	1.25	1.50
Thiruvalla	1.25	1.50
Kuttanad	1.25	1.25
Ambalapuzha	1.50	2.00
Shertalai	1.50	2.00"

SCHEDULE—II

Shri P. K. Kunjachan: Sir, I move:—

1766. In schedule II, Part I, for items equivalent to standard acres in Alleppey District, substitute the following:

"3.	Other dry land	..	3 acres
5.	Rubber plantation	..	1 acre"

1767. In schedule II Part II, for items equivalent to standard acres in respect of nilams in Alleppey District substitute the following:

	"Taluk	*Double crop*	*Single crop*
		acres	acres
4.	Chengannur Thiruvalla Kuttanad	1.25	2.00

ശ്രീ. കെ. കൃഷ്ണൻ: സർ, സ്റ്റാൻഡേർഡ് ഏക്കർ നിർണ്ണയിക്കുന്നതിന് ഗവണ്മെൻറ് എടുത്തിട്ടുള്ളതായ മാനദണ്ഡം Statistical ഡിപ്പാർട്ടുമെൻറിൻെറ ചില കണക്കുകളാണെന്നു ഇവിടെ പറയുകയുണ്ടായി. പക്ഷെ ആ കണക്കുകൾ നമ്മുടെ നാട്ടിൽ കാണുന്ന ഓരോ ഏക്കറിൽനിന്നും കിട്ടുന്ന വരുമാനത്തെ സംബന്ധിച്ചിടത്തോളം പരമ അബദ്ധമാണെന്നാണ് കാണുന്നതു്. മററു സ്ഥലങ്ങളെ സംബന്ധിച്ചുള്ള വിവരം എനിക്ക് വേണ്ടത്ര അറിയാൻപാടില്ലാത്തതുകൊണ്ടു് പാലക്കാട്ട് ജില്ലയെ സംബന്ധിച്ചുള്ള ഓരോ ഏക്കറിൽ നിന്നും കിട്ടുന്ന വരവിനെ സംബന്ധിച്ച് എനിക്കറിയാവുന്ന ധാരണവച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഗാൻഡനും താരതമ്യേന ഡ്രൈലാൻറും പള്ളിയാൽ ലാൻറും റബ്ബർ പ്ലാൻേറഷനുമെല്ലാം എങ്ങനെയായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് അതിന് സാധാരണ തോതു നിർണ്ണയിക്കണമെന്നു കാണിക്കുന്ന ഒരു ഭേദഗതിയാണ് ഞാൻ കൊടുത്തിട്ടുള്ളത്. ഏററവുമധികം വരവ് കിട്ടുന്ന ഒന്നാണ് ഈ റബ്ബർ പ്ലാൻേറഷൻ. റബ്ബർപ്ലാൻേറഷന് കൂടുതൽ എക്കറേജ് നീക്കിവച്ചുകൊണ്ടുള്ള സ്റ്റാൻഡേർഡ് എക്കറാണ് ഇവിടെ നിശ്ചയിച്ചിട്ടുള്ളത്. അതുപോലെ പള്ളിയാൽ ലാൻറ് എന്നു പറയുന്നതിൽ ഒരുപ്പൂഭൂമിയും പെടുന്നു. അതിന് നാലേക്കർ വരെ വച്ചുകൊടുക്കുന്നു. അങ്ങനെ കൂടുതൽ എക്കറേജ് പരിധിക്കുള്ളിൽ കിട്ടത്തക്കവണ്ണമുള്ള കണക്കുകളാണ് ഇവിടെ കാണിച്ചിട്ടുള്ളത്. അങ്ങനെയുള്ള കണക്കുകൾകൊണ്ട് ജന്മിമാർക്ക് കൂടുതൽ ഭൂമി കിട്ടാനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കുക എന്നുള്ളതിൽ കവിഞ്ഞ് വേറെയാതൊന്നുമില്ല. അതുകൊണ്ട് സ്റ്റാൻഡേർഡ് എക്കർ, ഭൂമിയുടെ സീലിംഗ് നിശ്ചയിക്കുന്ന അവസരത്തിൽ ഒന്നു പരിമിതപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. പി. സി. രാഘവൻനായർ: ഷെഡ്യൂൾ രണ്ടിൽ കോഴിക്കോട് ജില്ലയിലെ തെങ്ങിൻതോപ്പുകളെ സംബന്ധിച്ചിടത്തോളം സ്റ്റാൻഡേർഡ് എക്കർ കണക്കാക്കുന്നത് മുക്കാൽ എക്കർ തെങ്ങിൻതോപ്പ് സമം ഒരു സ്റ്റാൻഡേർഡ് എക്കറെന്നാണ്. കേരളത്തിലുള്ള ഒൻപതു ജില്ലകളിൽ നിന്ന് വ്യത്യസ്തമായ ഒരു നിലപാട് കോഴിക്കോട് ജില്ലയോട് കാണിച്ചിരിക്കുകയാണ്. ഒന്നര എക്കർ തെങ്ങിൻതോപ്പ് സമം ഒരു സ്റ്റാൻഡേർഡ് എക്കർ എന്നാണ് തിരുവനന്തപുരം ജില്ലയെ സംബന്ധിച്ചിടത്തോളം കണക്കാക്കിയിട്ടുള്ളത്. കോട്ടയം ജില്ലയെ സംബന്ധിച്ചിടത്തോളം ഒന്നേകാൽ എക്കർ സമം ഒരു സ്റ്റാൻഡേർഡ് എക്കർ തെങ്ങിൻതോപ്പ് എന്നാണ് കണക്കാക്കിയിട്ടുള്ളത്. മററുള്ള ആറു ജില്ലകളെ സംബന്ധിച്ചിടത്തോളം കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് കണ്ണൂർ എന്നീ ആറു ജില്ലകളെ സംബന്ധിച്ചിടത്തോളം ഒരേക്കർ തെങ്ങിൻതോപ്പ് എന്നു പറഞ്ഞാൽ ഒരു സ്റ്റാൻഡേർഡ് എക്കർ എന്നുതന്നെയാണ് കണക്കാക്കിയിട്ടുള്ളത്. കോഴിക്കോട് ജില്ലയിൽ മാത്രമാണ് മുക്കാൽ എക്കർ തെങ്ങിൻതോപ്പുകൊണ്ട് ഒരു സ്റ്റാൻഡേർഡ് എക്കറാകുന്നത്. തിരുവനന്തപുരത്താണെങ്കിൽ കോഴിക്കോട് ജില്ലയെക്കാൾ ഇരട്ടി സ്ഥലം അനുവദിച്ചിട്ടുണ്ട്. ഒന്നര എക്കർ തെങ്ങിൻതോപ്പ് തിരുവനന്തപുരം ജില്ലയിൽ ഉണ്ടാകുകയാണെങ്കിൽ അതേ സമയത്ത് അതേവിളവ് കോഴിക്കോട് ജില്ലയിലുള്ള മുക്കാൽ എക്കർ തെങ്ങിൻ തോപ്പുകൊണ്ട് കിട്ടുമെന്നാണ് ഈ കണക്കുകളിൽ നിന്നും മനസ്സിലാകുന്നത്. സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിന്റെ വിശദീകരണത്തെ സംബന്ധിച്ചിടത്തോളം ഇവിടെ ചർച്ച ചെയ്തപ്പോൾ അന്നു ഞാൻ പറയുകയുണ്ടായി, തികച്ചും അശാസ്ത്രീയമായിട്ടുള്ള കണക്കിന്റെ അടിസ്ഥാനത്തിലാണ് ഇതു് തയ്യാറാക്കിയിട്ടുള്ളതെന്ന്. സർ, തിരുവനന്തപുരം കോഴിക്കോട് ജില്ലകൾ തമ്മിലുള്ള വ്യത്യാസം നേരെ ഇരട്ടി എന്നു പറഞ്ഞാൽ അതു തികച്ചും തെററായ കണക്കിന്റെ അടിസ്ഥാനത്തിലാണെന്നുള്ളതിനെ സംബന്ധിച്ച് യാതൊരു സംശയവുമില്ല. അൽപ്പസ്വൽപ്പ വ്യത്യാസം ഉണ്ടാകുകയില്ലെന്നു ഞാൻ പറയുന്നില്ല. കോഴിക്കോട് ജില്ലയിൽതന്നെ ഏതാനും ചില ഭാഗങ്ങളിൽ ഒരു പക്ഷേ നന്നായി വളമിട്ട് കൃഷി ചെയ്തതിന്റെ ഫലമായി അല്ലെങ്കിൽ മണ്ണിന്റെ സ്വതേയുള്ള ഗുണത്തിന്റെ ഫലമായി നല്ല വിളവുണ്ടാകും. അതു് ആ ജില്ലയെ ആകെ ബാധിക്കുമെന്നു പറഞ്ഞാൽ അതു് തികച്ചും തെററാണ്. കോഴിക്കോട് ജില്ലയുടെ വടക്കേ അതിർത്തി കണ്ണൂർ ജില്ലയോട് തൊട്ടുകിടക്കുന്ന പ്രദേശമാണ്. ആ കണ്ണൂർ ജില്ലയിൽ നിന്നു വ്യത്യസ്തമായിട്ടാണ് കോഴിക്കോട് ജില്ലയിലെ മയ്യഴിപ്പുഴയുടെ അപ്പുറത്തും ഇപ്പുറത്തുമുള്ള വിളവ് കണക്കാക്കിയിട്ടുള്ളത്. മയ്യഴിപ്പുഴയുടെ അപ്പുറത്തും ഇപ്പുറത്തുമുള്ള വിളവ് തമ്മിൽ വ്യത്യാസമുണ്ടെന്നു പറഞ്ഞാൽ ആ കണക്കു തയ്യാറാക്കിയിട്ടുള്ളത് ഒരിക്കലും ശരിയായിട്ടല്ല. അതേമാതിരിതന്നെ കോഴിക്കോട് ജില്ലയുടെ ഇങ്ങേയററത്തുള്ള മലപ്പുറത്തിനടുത്തുള്ള കൂടിലുങ്ങാടിപ്പുഴയുടെ അപ്പുറം പാലക്കാട് ജില്ലയിലാണ്. പുഴയ്ക്കു

[ശ്രീ. പി. സി. രാഘവൻ നായർ]

പ്പുറത്തു് ഒരേക്കറും ഇപ്പുറത്തു് മുക്കാൽ ഏക്കറും എന്നു പറഞ്ഞാൽ ഒരിക്കലും ശാസ്ത്രീയമായ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതല്ല ആ കണക്കു്. അതുകൊണ്ടു് ആ ആറു ജില്ലകളുടെ കൂട്ടത്തിലെങ്കിലും കോഴിക്കോടു് ജില്ലയെ ഉൾപ്പെടുത്തണം. എങ്കിൽ മാത്രമേ ശാസ്ത്രീയമായ അടിസ്ഥാനത്തിലുള്ള ഒരു കണക്കായി ഇതു മാറുകയുള്ളു. അതല്ലാതെവരികയാണെങ്കിൽ കോഴിക്കോടു് ജില്ലയോടു് എടുക്കുന്ന ഒരു പക്ഷപാതപരമായ നിലപാടായിരിക്കും അതെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ഒരു ഏക്കർ സമം ഒരു സ്റ്റാൻഡേർഡു് ഏക്കർ എന്നുള്ള തത്വം കോഴിക്കോടു് ജില്ലയെ സംബന്ധിച്ചുള്ള തെങ്ങിൻതോപ്പുകളെ കണക്കാക്കണമെന്നാണു് എന്റെ ഭേദഗതി. ഈ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നാണു് എന്റെ അഭിപ്രായം.

ശ്രീ. കെ. രാഘവൻ: എന്റെ ഭേദഗതി ഷെഡ്യൂളിലെ പാർട്ടു് 2-നെ മുഴുവൻ ബാധിക്കുന്ന ഒന്നാണു്. ഇതിൽ ഡിസ്ട്രിക്റ്റു് വാറായി ഭൂമിയെ തരം തിരിച്ചിരിക്കുന്നതിനെ സംബന്ധിച്ചാണു് എനിക്കു് അഭിപ്രായവ്യത്യാസമുള്ളതു്. ഓരോ ഡിസ്ട്രിക്റ്റിലും ഗാർഡൻ ലാൻറു്, ഡ്രൈലാൻറു് റബ്ബർപ്ലാൻറേഷൻ, ടീ പ്ലാൻറേഷൻ ഇവയെല്ലാം എന്തടിസ്ഥാനത്തിലാണു് തീരുമാനിച്ചിരിക്കുന്നതെന്നു എനിക്കു് മനസ്സിലാകുന്നില്ല. ഇതൊക്കെതന്നെ ആരെയോ പ്രീണിപ്പിക്കാൻവേണ്ടി ചെയ്തിട്ടുള്ളതു് എന്നതിൽ കവിഞ്ഞു് വേറെ വല്ല ഉദ്ദേശവുമുണ്ടെന്നുതോന്നുന്നില്ല. അതോന്നും ഞാൻ ആവർത്തിച്ചു പറയുവാൻ ആഗ്രഹിക്കുന്നില്ല. ഈ ഡിസ്ട്രിക്റ്റുവാറായി തിരിച്ചുവച്ചിരിക്കുന്നതിൽ യാതൊരു അർത്ഥവുമില്ലെന്നാണു് എനിക്കു് ആദ്യമായി പറയുവാനുള്ളതു്. അതൊക്കെ മുഴുവൻ സാങ്കല്പികങ്ങളാണു്. ഓരോ ഡിസ്ട്രിക്റ്റിനും പരിധി നിശ്ചയിച്ചിട്ടുണ്ടു്. ആ പരിധി നിശ്ചയിക്കുന്നതിനു് ഇവിടെ യാതൊരു മാനദണ്ഡവും സ്വീകരിച്ചിട്ടില്ല. ഓരോ ഡിസ്ട്രിക്റ്റിന്റേയും ലാൻറിന്റെ ഇക്വേഷനിൽ യാതൊരു അടിസ്ഥാനവുമില്ലെന്നാണു് എന്റെ അഭിപ്രായം. ഒരേക്കർ ഇരുപ്പുനിലം ഒരേക്കർ ഗാർഡനു തുല്യമാണെന്നു പറയുന്നതു് നാഞ്ചിനാട്ടിനെ സംബന്ധിച്ചിടത്തോളം ശരിയായിരിക്കും. അതു് പാലക്കാടിനെ സംബന്ധിച്ചിടത്തോളം ശരിയാകാൻ വഴിയില്ല. ഇവിടെ ആദായത്തിന്റെ അടിസ്ഥാനത്തിലാണു് പരിധി നിശ്ചയിച്ചിട്ടുള്ളതെന്നവാദം പൊങ്ങിവരികയുണ്ടായി. ശരാശരി ഒരേക്കർ നിലത്തിൽ നിന്നു് കൂടിയാൽ ഒരു 200 രൂപയുടെ നെല്ലു് കിട്ടും. ഗാർഡൻ ലാൻറു് എന്നു പറഞ്ഞാൽ അതിന്റെ ആദായം തുല്യമായി നിശ്ചയിക്കാൻ പ്രയാസമാണു്. എങ്കിലും 400 രൂപ മുതൽ ആയിരം രൂപവരെ കിട്ടുന്നതാണു്. അതു് കൃഷിയുടെ വ്യത്യാസം അനുസരിച്ചായിരിക്കും. അരക്കനെട്ടിനു് ഒരേക്കറിൽ നിന്നു് 1500 രൂപവരെ കിട്ടുന്ന സ്ഥലങ്ങളുണ്ടു്. ഒരേക്കറിൽ നിന്നു് 400 രൂപ കിട്ടുന്ന സ്ഥലങ്ങളുമുണ്ടു്. അതൊക്കെ കൃഷി രീതിയെ ആശ്രയിച്ചാണിരിക്കുന്നതു്. അടിസ്ഥാനപരമായി ആദായത്തിൽ വരുന്ന വ്യത്യാസം അധികവും കൃഷി രീതിയെ ആശ്രയിച്ചാണു് വരുന്നതു്. മണ്ണിന്റെ ക്വാളിററിയും, മഴയും മറ്റും എടുത്താൽ വലിയ വ്യത്യാസം നമ്മുടെ സംസ്ഥാനത്തില്ല. അതുകൊണ്ടു് ആദായത്തിൽ വലിയ വ്യത്യാസം വരാനിടയില്ല. കൃഷിചെയ്യുന്ന രീതിയെ ആശ്രയിച്ചാണു് ആദായത്തിൽ വ്യത്യാസം വരുന്നതു്, അതു പരിഹരിക്കുന്നതിനു് ഷെഡ്യൂൾ പൂർണ്ണമായി തിരുത്താൻ സാധിക്കുമെന്നു് എനിക്കഭിപ്രായമില്ല. സ്റ്റാൻഡേർഡു് ഏക്കർ എന്ന മാനദണ്ഡം അംഗീകരിച്ചതാണു് വൈഷമ്യങ്ങൾക്കെല്ലാം കാരണം. സ്റ്റാൻഡേർഡു് ഏക്കർ നമ്മുടെ സംസ്ഥാനത്തിനു ചേർന്നതല്ല. ടെക്നോളജി ആഫ് പ്രൊഡക്ഷൻ—ഉൽപ്പാദനത്തിന്റെ സാങ്കേതിക നിലവാരം—തീർച്ചയായിട്ടും ഉണ്ടായതുതന്നെ യൂറോപ്യൻ രാജ്യങ്ങളിലാണു്. ജപ്പാനാണു് സ്റ്റാൻഡേർഡു് ഏക്കർ എന്ന തത്വം ആദ്യമായി പ്രായോഗികമാക്കാൻ ഒരുങ്ങിയതു്. അവിടെ ടെക്നോളജി ആഫ് പ്രൊഡക്ഷൻ—ഉൽപ്പാദനത്തിന്റെ സാങ്കേതിക നിലവരം വളരെ ആധുനികമാണു് അതു് ശാസ്ത്രീയമായിട്ടുവരുകയും ചെയ്തിരുന്നു. അതുകൊണ്ടു് അവിടെ സ്റ്റാൻഡേർഡു് ഏക്കർ നിശ്ചയിക്കാൻ കഴിയും. ഇവിടെ അങ്ങനെയല്ല. നന്നായി കൃഷിചെയ്താൽ നല്ല ആദായം കിട്ടും. നല്ലരീതിയിൽ കൃഷിചെയ്യുന്നവക്കു് ഒരേക്കറിൽ ആയിരവും രണ്ടായിരവും രൂപവരെ കിട്ടും. റബ്ബർതന്നെ

LIBRARY ARCHIVES Kerala Legislative Assembly

168 പൗണ്ടുവരെ ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങളുണ്ട്. നെല്ല് ഏക്കറിന് എണ്ണായിരവും പതിനായിരവും പൗണ്ടുവരെ ഉൽപ്പാദിപ്പിക്കുന്നു. ശരാശരി ആയിരം പൗണ്ടാണ്. നെൽകൃഷിയായാലും റബ്ബർകൃഷിയായാലും മറ്റേതു ക്രോപ്പായാലും വരുമാനത്തിന്റെ 10 ഇരട്ടി വരെ വ്യത്യാസം കൃഷിചെയ്യുന്ന രീതികൊണ്ടുണ്ടാവും. അതുകൊണ്ട് ആദായം നിശ്ചയിക്കുന്നത് എപ്പോഴും തെറ്റായിരിക്കും. സംസ്ഥാനത്ത് സ്റ്റാൻഡേർഡ് ഏക്കറിന്റെ അടിസ്ഥാനത്തിൽ ആദായം തീരുമാനിക്കുന്നത് എപ്പോഴും തെറ്റായിരിക്കുമെന്ന ബലമായ അഭിപ്രായമാണ് എനിക്കുള്ളത്. ഒരു പ്രദേശംതന്നെ എടുത്താൽ കൃഷി ചെയ്യുന്ന രീതിയനുസരിച്ച് ആദായത്തിൽ വളരെ വ്യത്യാസം കാണുന്നവയുണ്ട്. അതുകൊണ്ട് ആദായത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാൻഡേർഡ് ഏക്കർ നിശ്ചയിക്കുന്നത് പരമാബദ്ധമാണ്. കാരണം കൃഷിയെ സംബന്ധിച്ച് നമുക്ക് ഒരു ധാരണയുമില്ലെന്ന് ഇതുകൊണ്ട് വ്യക്തമാകുന്നതാണ്. അതുകൊണ്ട് ഇതിന്റെ ആശയം മുഴുവൻ തെറ്റാണ് എന്നു പറയാതെ നിവൃത്തിയില്ല.

രണ്ടാമത്തെ കാര്യം ഇന്നത്തെ രീതിയിൽതന്നെ ആവറേജ് ഇൻകം കണക്കാക്കിയാൽ വളരെയേറെ വ്യത്യാസമുണ്ടാവും. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റു തരുന്ന കണക്കുകളൊക്കെ സഭയിൽ നമ്മളും പലരും പറയാറുണ്ട്. ഫിസിക്കൽ വെരിഫിക്കേഷൻ അനുസരിച്ച് ഹൈപ്പോതറ്റിക്കലായിട്ടാണ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ് ഇപ്പോഴും കണക്കാക്കുന്നത്. അതിന് യാഥാർത്ഥ്യവുമായി അടുത്ത ഒരു ബന്ധംപോലും ഉണ്ടായിരിക്കുകയില്ല. ഇവിടെ പലപ്പോഴും ചെയ്യുന്നത് കൊല്ലം ഡിസ്ട്രിക്റ്റിൽ ശരാശരി ഒരേക്കറിൽനിന്നും കിട്ടാവുന്ന ആദായം കണക്കാക്കി ഓരോ താലൂക്കിൽനിന്നും ഒന്നോ, രണ്ടോ പറ നെല്ലെടുക്കും. എന്നിട്ട് അതിന്റെ ശരാശരി എടുക്കും. എന്നിട്ട് കൊല്ലം ഡിസ്ട്രിക്റ്റിന്റെ മൊത്തമായി കണക്കാക്കും. ഇങ്ങനെയാണ് അവർ കണക്കു ശേഖരിക്കുന്നത്. ഇതുപോലെ അബദ്ധംപിടിച്ച ഒരു കണക്ക് വേറെ കാണുകയില്ല. അതുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള സ്റ്റാറ്റിസ്റ്റിക്സ് കൊണ്ടു രക്ഷയില്ല. ഏതുവിധമായാലും ഈ സ്റ്റാറ്റിസ്റ്റിക്സിൽ വളരെയധികം വ്യത്യാസം ഉണ്ടെന്നു കാണിക്കാൻ ഞാൻ തയ്യാറാണ്. ലോകനാഥൻ കമ്മിറ്റി തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടും, അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റും, സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റും തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടും പരിശോധിച്ചാൽ വളരെ വലിയ അന്തരം ഉണ്ടെന്നു തെളിയിക്കാൻ പ്രയാസമില്ല. ഇവിടെ തന്ന ഒരു കണക്കുപ്രകാരം തെളിയിക്കാൻ ഒരു വിഷമവുമില്ല. ഒരേക്കർ നിലത്തിൽ നിന്നുകിട്ടുന്ന ആദായം 211 രൂപയാണ്. പിന്നെ പെപ്പറിന് 300-ൽചില്വാനമാണ്, റബ്ബറിൽനിന്നു കിട്ടുന്നത് 500-ൽചില്വാനമാണ്. കാപ്പിയിൽനിന്നു കിട്ടുന്നത് 390 ആണ്. ഈ കണക്കുകളുംതന്നെ എടുത്താൽ മുഴുവൻ തെറ്റാണ്. കാരണം ഒരേക്കർ ഗാർഡനിൽനിന്ന് 400 ഉറുപ്പികയോളം കിട്ടും. ഒരേക്കർ പ്യാഡി ലാൻറിൽനിന്ന് 200 ഉറുപ്പികയോളം കിട്ടും. ആദായത്തിന്റെ വ്യത്യാസം ഇരട്ടിയാണ്. ഒരേക്കർ ഗാർഡൻ എന്നു പറയുന്നത് ഒന്നേമുക്കാൽ ഏക്കർ റബ്ബർതോട്ടത്തിനു തുല്യമാണ്. റബ്ബറാണെങ്കിൽ 500 മുതൽ 1000 രൂപ വരെ കിട്ടും. ഒരേക്കറിന് 200 രൂപ കിട്ടുന്ന ഒരേക്കർ നിലവും, 1000 രൂപവരെ കിട്ടുന്ന ഒരേക്കർ റബ്ബർതോട്ടവും ഒരുപോലെയാണെന്നു പറയുന്നു. അപ്പോഴും വ്യത്യാസം 10 ഇരട്ടിവരുന്നു. അംഗീകരിച്ചിരിക്കുന്ന സ്റ്റാൻഡേർഡ് ഏക്കർ അനുസരിച്ചുതന്നെ 10 ഇരട്ടി വ്യത്യാസം വരുന്നു. ഇത്ര അബദ്ധജഡിലമായ, കേവലമര്യാദപോലുമില്ലാത്ത ഒരു ചാപ്റ്റർ എങ്ങനെ തയ്യാറാക്കി വച്ചു എന്ന് എനിക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. റബ്ബറിന് ഒന്നേമുക്കാലേക്കർ എന്തടിസ്ഥാനത്തിലാണ് കണക്കാക്കിയിരിക്കുന്നത്. പല സ്ഥലത്തും ഇങ്ങനെയാണ് കണക്കാക്കിയിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ ഈ സ്ഥലങ്ങളിലെല്ലാം റബ്ബറിന് ഒന്നേമുക്കാൽ ഏക്കറാണ്. ഒന്നാംതരം തെങ്ങിൻതോട്ടമായാൽ പോലും ശരാശരി 500 രൂപയിൽ കൂടുതൽ കിട്ടുകയില്ല. നമ്മുടെ ഒരു തെങ്ങിൽനിന്ന് ശരാശരി 40 തേങ്ങ കിട്ടുമെന്നാണ് കണക്ക്. ശരാശരി 500—ൽ കൂടുതൽ കിട്ടുകയില്ല. ഒന്നേമുക്കാൽ ഏക്കർ റബ്ബർതോട്ടത്തിൽനിന്ന് കുറഞ്ഞത് 1000 ഉറുപ്പിക കിട്ടും. 1000 പൗണ്ടു റബ്ബർ കിട്ടുന്നിടവുമുണ്ട്. 168 പൗണ്ട് ലഭിക്കുന്നിടവുമുണ്ട്. ശരാശരി 400

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഭാർഗ്ഗവൻ]

പൗണ്ടാണ്. 400 പൗണ്ടെന്നു പറയുമ്പോൾ 600 രൂപയിൽ അധികം കിട്ടും. അങ്ങനെ ഒന്നേമുക്കാലേക്കറായാലും മിനിമം 1000 രൂപയിൽ അധികംകിട്ടും. ഗാർഡൻ ലാൻറിൽനിന്ന് 400—500 രൂപയിൽ അധികം കിട്ടുന്നില്ല. നമ്മുടെ ഗവണ്മെൻറു തയ്യാറാക്കിയ കണക്കനുസരിച്ചും അതിലധികം കിട്ടുന്നില്ല. അപ്പോൾ ഈ ചാപ്റ്ററനുസരിച്ച് 500 രൂപ ആദായം കിട്ടുന്ന ഒരേക്കർ തെങ്ങിൻതോട്ടവും, എത്ര കുറഞ്ഞാലും 1000 രൂപ ആദായംകിട്ടുന്ന ഒന്നേമുക്കാൽ ഏക്കർ റബ്ബർതോട്ടവും തുല്യമാണ്. കൊല്ലം ജില്ലയെ സംബന്ധിച്ചാണെങ്കിൽ ഏകദേശം ഒന്നേകാലേക്കർ ഇരുപ്പൂനിലം ഒരേക്കർ തെങ്ങിൻതോട്ടത്തിനു തുല്യമാണ്. പരമാവധി രണ്ടു പൂവിലുംകൂടി 16 പറ നെല്ലിലധികം വിളയുകയില്ല. ഏറിയാൽ 20 പറ കിട്ടും. അങ്ങനെയായാൽ അയാൾക്ക് ഈ പറയുന്ന കണക്കനുസരിച്ച് ഏകദേശം 600 രൂപ വരെ പരമാവധി ആദായം കിട്ടും. 600 രൂപ ആദായം കിട്ടുന്ന ഒരേക്കർ നിലവും 1000 രൂപ കിട്ടുന്ന ഒന്നേകാലേക്കർ തെങ്ങിൻതോട്ടവും തുല്യമായിരിക്കും. ഇതു് ഇരട്ടിവരും. ചില സ്ഥലങ്ങളിൽ 10 മേനിയിൽ കൂടുതൽ കിട്ടുകയില്ല. അവിടെ 250 രൂപയിൽ കൂടുതൽ ആദായമില്ല. 250 രൂപ ആദായം 1000 രൂപയ്ക്കു തുല്യമായി വരും. ചുരുക്കത്തിൽ രൂപയായിട്ടു പറഞ്ഞാൽ 250 രൂപ 1000 രൂപയ്ക്കു തുല്യമായിരിക്കുമെന്നാണ്. 500 ആയിരത്തിനു തുല്യമായിരിക്കും. ഇതു് വളരെ അബദ്ധം നിറഞ്ഞതാണെന്നു തെളിയിക്കാൻ ഇതിൽ കൂടുതൽ പറയണമോ. അതുകൊണ്ട് എന്റെ അമെന്റുമെന്റിൽ റബ്ബറിന്റെ ഏക്കറേജ് കുറയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. മറ്റൊന്ന് ഡ്രൈലാൻറിന്റെ വിസ്തൃതി കുറയ്ക്കണം. ഏററവും നന്നായി കൃഷിചെയ്താൽ 750—ൽചിലപ്പോൾ രൂപവരെ ആദായം കിട്ടുന്നവരുണ്ട്. വളരെ ആദായകരമായിട്ട് ഇതു നടത്താൻ കഴിയും. പക്ഷെ വൃഥാ ഇട്ടിരുന്നാൽ ആദായം കിട്ടുകയില്ല. മരച്ചീനി മാത്രം കൃഷിചെയ്യുന്നവരുണ്ട്. ഓർമ്മയിൽ വയ്ക്കേണ്ട ഒരു സംഗതിയാണ് അദ്ധ്വാനം ചെയ്യുന്നതിന് പെനാൽററി വയ്ക്കാൻ പാടില്ല എന്നുള്ളതു് നന്നാക്കുന്നതു് ഒരു സൗകര്യമായി കണക്കാക്കാനും പാടില്ല. അതുകൊണ്ട് ഡ്രൈലാൻറിന്റെ വിസ്തീർണ്ണം എപ്പോഴും കുറച്ചേ വയ്ക്കാൻ പാടുള്ളൂ. ഡ്രൈലാൻറ് എന്നു പറയുന്നതിൽ പലതും പ്രത്യക്ഷമായി തീരപ്രദേശങ്ങളിൽ ഡ്രൈലാൻറ് ആകുകയില്ല. പിന്നെ കാണുന്നതു് മലയോരങ്ങൾക്കടുത്ത പ്രദേശങ്ങളാണ്.

<u>ശ്രീ. ഈ. പി. പൗലോസ്:</u> ഒന്നേമുക്കാലേക്കർ റബ്ബർ തോട്ടത്തിൽ നിന്ന് ആയിരം രൂപ കിട്ടുമെന്നു പറഞ്ഞു. കണക്കൊക്കെ നോക്കുമ്പോൾ ഒരേക്കർ റബ്ബറിന്റെ ആദായം നെല്ലിനെക്കാൾ വളരെ കൂടുമെന്നാണ് കാണുന്നതു്. ഒരേക്കർ റബ്ബർതോട്ടം കൊടുത്താൽ ഒരേക്കർ നിലം കിട്ടുന്ന സ്ഥലം എവിടെയെങ്കിലുമുണ്ടോ?

<u>ശ്രീ. കെ. ഭാർഗ്ഗവൻ:</u> കിട്ടും. കോട്ടയത്തുതന്നെ ഉണ്ടാവും.

<u>ശ്രീ. ഈ. പി. പൗലോസ്:</u> കിട്ടുമെന്നുണ്ടെങ്കിൽ വാങ്ങാൻ പല സുഹൃത്തുക്കളേയും ഏർപ്പാടു ചെയ്യാം.

<u>ശ്രീ. കെ. ഭാർഗ്ഗവൻ:</u> നിർബന്ധമാണെങ്കിൽ ഞാൻ വാങ്ങിച്ചുതരാം. വാങ്ങാൻ തയ്യാറായിരിക്കണം. ഒരേക്കർ റബ്ബർതോട്ടം തന്നാൽ ഒരേക്കർ നിലം തരും. അതിനു തയ്യാറുണ്ടോ; വാങ്ങാൻ തയ്യാറുണ്ടെങ്കിൽ ഇപ്പോൾ പറയണം. ശ്രീ. പൗലോസിനു് അത്യാവശ്യമാണെങ്കിൽ ഞാൻതന്നെ വാങ്ങിത്തരാം.

<u>ശ്രീ. ഈ. പി. ഗോപാലൻ:</u> ഭൂമി എവിടെവച്ചും കച്ചവടം ചെയ്യാമെന്നു പറഞ്ഞാൽ അതു വിഷമമാണ്. ഇവിടെ ഏതായാലും കച്ചവടം വേണ്ട.

<u>ശ്രീ. കെ. ഭാർഗ്ഗവൻ:</u> ഒരേക്കറിൽ ആയിരം പൗണ്ടിലധികം ഉല്പാദനം കിട്ടുന്ന സ്ഥലങ്ങളുണ്ട്. 168 പൗണ്ടു കിട്ടുന്ന സ്ഥലങ്ങളുമുണ്ട്. അതു കൃഷിയെ മാത്രം ആശ്രയിച്ചിരിക്കുന്നതാണ്. ഏററവും മോശമായി കൃഷിചെയ്താൽ ഏററവും മോശമായ വിളവുകിട്ടും. നല്ലവണ്ണം കൃഷിചെയ്താൽ 1600 പൗണ്ടുവരെ ഉല്പാദിപ്പിക്കാവുന്നതാണ്. 1500 ഉറപ്പിക കിട്ടുന്ന റബ്ബർ തോട്ടങ്ങൾ കേരളത്തിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. തോമസ്: റിപ്പോർട്ടിൽ ആദായം പറഞ്ഞിരിക്കുന്നതു് നെററ്‌ഇൻകം ആയാണോ, അതോ ഗ്രോസ്‌ഇൻകമായാണോ?

ശ്രീ. കെ. ഭാർഗ്ഗവൻ: റബ്ബറിനു് കൂടുതൽ വരുമെന്നു് എല്ലാവർക്കുമറിയാം. നെൽക്കൃഷിക്കു് തീരെ ചെലവില്ലെന്നു ധാരണ ശരിയല്ല.

ശ്രീ. പി. ടി. ചാക്കോ: ഈ പറയുന്നതെല്ലാം ശാസ്ത്രീയഗ്രന്ഥമായിട്ടു് പ്രസിദ്ധീകരിച്ചുതരുമോ?

ശ്രീ. കെ. ഭാർഗ്ഗവൻ; എന്തായാലും ശ്രീ. ചാക്കോ നന്നാകുമെന്നു തോന്നുന്നില്ല. ഗ്രന്ഥം തയ്യാറാക്കി കൊടുത്താലും നന്നാകുകയില്ല. റബ്ബർ കൃഷിക്കാർ അധികമുള്ളിടത്തു് അദ്ദേഹത്തിനു് പ്രത്യേക താല്പര്യമുണ്ടു്. അവർക്കു് കൂടുതൽ ഭൂമി കൈവശം വയ്ക്കാൻ സൗകര്യം അദ്ദേഹം കൊടുക്കുന്നുണ്ടു്. അതിനു പ്രത്യേക ഉദ്ദേശമുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ: ഒരു സ്റ്റാൻഡേർഡു് ഗ്രന്ഥം ഉണ്ടാക്കാനാണു് ആദ്യം ശ്രമിക്കേണ്ടതു്.

ശ്രീ. കെ. ഭാർഗ്ഗവൻ: അതൊന്നും വേണ്ട. ഇല്ലാതെതന്നെ റബ്ബർ കൾട്ടിവേഷനു് പ്രത്യേകം സൗകര്യം കൊടുത്തിട്ടുണ്ടെന്നു് എല്ലാവർക്കുമറിയാം. റബ്ബർ കൃഷി നെൽക്കൃഷിയെക്കാൾ ആദായം കുറഞ്ഞതാണെന്നു് ഈ തിരുവിതാംകൂർ ഭാഗത്തു് ആരെങ്കിലും ചിന്തിക്കുമെന്നു തോന്നുന്നില്ല. ഇന്നുതന്നെ നാം കാണുന്നതെന്താണു്? നെൽക്കൃഷിപോലും നശിപ്പിച്ചു് അവിടെ റബ്ബർ നടുകയാണു്. ഇന്നു് നാട്ടിൻപുറത്തു് ഏററവും ഇഷ്ടമുള്ള കൃഷി റബ്ബറാണു്. കാർഷികബന്ധനിയമം ഇവിടെ ആദ്യം അവതരിപ്പിച്ചപ്പോൾ കാഷ്യൂനട്ടു് പ്ലാന്റേഷൻ റബ്ബർ പ്ലാന്റേഷനായി കൺവെർട്ടു് ചെയ്യാൻ ഇടയായി. ഇന്നു് എല്ലാ കൃഷിക്കാർക്കും ആദായകരമായ കൃഷി റബ്ബറാണെന്നു ബോദ്ധ്യമായിട്ടുണ്ടു്. അങ്ങനെ കൃഷിക്കാർ ഇന്നു് വിശ്വസിച്ചിരിക്കുകയാണു്. ഇന്നേററവും മോശമായ കൃഷി, ട്രൈലാന്റു കഴിഞ്ഞാൽ ഏററവും ആദായം കുറഞ്ഞ കൃഷി റബ്ബറാണെന്നു കണക്കാക്കിയിരിക്കുകയാണു്. ഇതു് എന്തടിസ്ഥാനത്തിലാണു്. കണക്കനുസരിച്ചുള്ള വസ്തുതയല്ല. പിന്നെ ട്രൈലാൻറിനെ സംബന്ധിച്ചും ഞാൻ ഉറച്ചുതന്നെ നിൽക്കുകയാണു്. ട്രൈലാൻറിനു് അധികം വിസ്തീർണ്ണം കൊടുക്കാൻ പാടില്ല. നല്ലവണ്ണം കൃഷിനടത്തുന്നവർക്കു് നല്ലവണ്ണം ആദായംകിട്ടും. അതുകൊണ്ടു് കൃഷി ചെയ്യാതിരിക്കുന്നതിനു് കൂടുതൽ ഭൂമി കൊടുക്കുകയല്ല വേണ്ടതു്. പിന്നെ റബ്ബർ കാർഡമം, ടീ ഇതിനെയൊക്കെ സംബന്ധിച്ചു് ഒരു കാര്യം പ്രത്യേകം പരിഗണിക്കണം. പെപ്പറിനു് ശരാശരി കണക്കാക്കുന്നതു് എപ്പോഴും തെററാണു്. അതിന്റെ വിലയെ സംബന്ധിച്ചു് സ്റ്റാബ്ലൈസേഷനില്ല. റബ്ബറിന്റെ വില വളരെ സ്റ്റേബിളാണു്. റബ്ബറിന്റെ പ്രൈസിനോടു് പെപ്പറിന്റെ പ്രൈസ് തുല്യപ്പെടുത്താൻ നാം വിചാരിച്ചാൽ സാദ്ധ്യമല്ല. 1952-നും 1963-നും ഇടയ്ക്കു് പെപ്പറിന്റെ വില വളരെയധികം ഇടിഞ്ഞുപോയിട്ടുണ്ടു്. പെപ്പറിന്റെ നിലവാരത്തിലുള്ള ഈ താഴ്ച തുടരുമെന്നാണു് വിചാരിക്കാനിടയുള്ളതു്. എന്തായാലും ഈ വസ്തുത ഓർത്തിരിക്കണം. എന്നാൽ കോക്കനട്ടിന്റെയും, അരക്കനട്ടിന്റെയും നില അതല്ല. ഈ വസ്തുതകൾ നമ്മുടെ ഓർമ്മയിൽ വേണം. പിന്നെ ഒന്നു് നിലങ്ങളെ സംബന്ധിച്ചും ആദായത്തിനു് വ്യത്യാസമുണ്ടു്.

Mr. Speaker: Order, Order. Mr. Bhargavan can continue in the afternoon. The House will meet at 4 P. M. in the afternoon and can complete the Second Reading of the Bill. Tomorrow there

1 P. M. will be no sitting and so also on the 2nd and the 3rd December 1963. The House will meet on the 4th December, 1963 in the morning and evening and complete the Third Reading of the Bill. Now, we will adjourn and meet again at 4 P. M. today.

The House adjourned at 1 P. M. and re assembled at 4 P. M. with the Deputy Speaker in the Chair.

ശ്രീ. കെ. ഭാർഗ്ഗവൻ: സർ, ഞാൻ പരസ്പരബന്ധം ഇല്ലാതെയാണു് എന്നും നീതിയുടെ അടിസ്ഥാനത്തിൽ അല്ല ഇതു തയ്യാറാക്കിയിട്ടുള്ളതെന്നും ആണു് ഇവിടെ പറഞ്ഞതു്. സീനമൺ പ്ലാൻേറഷൻ ഉണ്ടെന്നാണു പറയുന്നതു്.

4 P. M.] ഏതോ ഒരു സ്ഥലത്തുണ്ടു്. അതിനു ഡിസ്ട്രിക്ററിൽ എല്ലായിടത്തും ഉള്ളതായി പറഞ്ഞുകൊണ്ടു് എട്ടു് ഒൻപതു ഐററം എഴുതിവയ്ക്കേണ്ട ആവശ്യമില്ല. അതുപോലെ തിരുവനന്തപുരത്തു് സ്റ്റാൻഡേർഡു് ഏക്കർ ഒരേക്കറും മററുള്ളിടത്തു ഒന്നരയും രണ്ടും ഏക്കറോളവും വരുന്നുണ്ടു്. തിരുവനന്തപുരത്തെ നിലം നല്ലതാണെന്നുള്ള ഒരു ധാരണയുണ്ടായിരുന്നു. നാഞ്ചിനാടുകൂടി തിരുവനന്തപുരം ഡിസ്ട്രിക്ററിൽ ഉൾപ്പെട്ടിരുന്ന കാലത്താണു് തിരുവനന്തപുരത്തെ നിലം നല്ലതാണെന്നുള്ള ധാരണ നിലവിലുണ്ടായിരുന്നതു്. ഇന്നും അങ്ങനെതന്നെ കരുതുന്നതു ശരിയാണോ എന്നു എനിക്കു സംശയം ഉണ്ടു്. നാഞ്ചിനാടു് തിരുവിതാംകൂർ പ്രദേശത്തെ ഏററവും കൂടുതൽ വിളവുകിട്ടിക്കൊണ്ടിരുന്ന സ്ഥലമാണു്. അതുപോലെ ഇപ്പോൾ ചിറയിൻകീഴും, നെടുമങ്ങാടും ഉള്ള നിലങ്ങളെ കണക്കാക്കുന്നതു ശരിയാണെന്നു് എനിക്കഭിപ്രായമില്ല. മററു ഡി സ്ട്രി ക് ററി ലെ ചില നിലങ്ങളെക്കാൾ മോശപ്പെട്ടവയാണെന്നും വേണമെങ്കിൽ പറയാം. ഒരു ഏക്കർ എന്നുള്ളതു വർദ്ധിപ്പിക്കണമെന്നു വാദിക്കുവാൻ വേണ്ടിയല്ല ഞാൻ ഇതു പറയുന്നതു്. അതുപോലെതന്നെ കൊല്ലം, കരുനാഗപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ ഒരു ഏക്കറായി കുറവു ചെയ്യുകയായിരിക്കും നല്ലതു്. അമ്പലപ്പുഴ ചേർത്തല തുടങ്ങിയ താലൂക്കുകളിൽ രണ്ടു് ഏക്കർ ഇ രു പ്പൂ നി ല മാ ണു് സ്റ്റാൻഡേർഡു് ഏക്കറായി വച്ചിരിക്കുന്നതു്. കുട്ടനാട്ടു് ഒന്നേകാൽ ഏക്കർ എന്നു വച്ചിരിക്കുന്നതു് ശരിയല്ല. കുട്ടനാടു് കുറെ മെച്ചപ്പെട്ടതാണു്. അതുപോലെ കാർത്തികപ്പള്ളി, ഓണാട്ടുകര തുടങ്ങിയ സ്ഥലങ്ങളിൽ ഒന്നേകാൽ എന്നു വച്ചിരിക്കുന്നതു് എന്തായാലും ശരിയായ സമ്പ്രദായമല്ല. നെടുമങ്ങാട്ടുള്ള നിലങ്ങൾ പത്തനാപുരം താലൂക്കിലുള്ളതിനേക്കാൾ നല്ലതാണു്. ചേർത്തല താലൂക്കിൽ എങ്ങനെയാണെന്നു എനിക്കറിവില്ല. പണ്ടത്തെ നിയമം അനുസരിച്ചു് അവക്കു് ഈ ആനുകൂല്യം ഒന്നും കിട്ടുകയില്ല. ഒരേക്കർ എന്നുള്ള അടിസ്ഥാനതത്വം എല്ലായിടത്തും രണ്ടേക്കറായി വരും. ആ രണ്ടേക്കർ ഒന്നര ഏക്കറായി കുറയ്ക്കണമെന്നുള്ളതിനു ഭേദഗതിയുണ്ടു്. അതു അംഗീകരിക്കണമെന്നാണു് എൻെറ അഭിപ്രായം. നിലത്തിനെ സംബന്ധിച്ചു് എല്ലാ ഷെഡ്യൂളിലും കൊടുത്തിരിക്കുന്നതിൻെറ പരസ്പരബന്ധം ശരിയല്ല. തിരുവനന്തപുരം ഡിസ്ട്രിക്ററിനെ സംബന്ധിച്ചു് തീർച്ചയായും ഷെഡ്യൂളിൽ കൊടുത്തിരിക്കുന്ന കണക്കു് വളരെ തെററാണു്. പണ്ടു് റവന്യൂ ഉദ്യോഗസ്ഥന്മാർ താലൂക്കുകളിലെ വിവരം എഴുതി വയ്ക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. നാഞ്ചിനാടുകൂടി ഉൾപ്പെട്ടിരുന്ന കാലത്തു് തിരുവനന്തപുരം ഡിസ്ട്രിക്ററു് നല്ലതാണെന്നു് അന്നു് എഴുതി വച്ചിട്ടുണ്ടായിരുന്നിരിക്കും. അതിനെ പ്രസ്യൂം ചെയ്താണു് ഇപ്പോൾ കണക്കാക്കിയിരിക്കുന്നതു്. പൊതുവിൽ റബ്ബർപ്ലാൻേറഷനു് കൊടുത്തിരിക്കുന്നതു വളരെയധികമാണു്. ഒന്നേമുക്കാൽ ഏക്കർ എന്നു പറഞ്ഞിരിക്കുന്നതു ഒരേക്കറായി കുറയ്ക്കണം. ഇങ്ങനെയുള്ള കാര്യങ്ങൾ മാത്രമേ എനിക്കു ഇപ്പോൾ പറയുവാനുള്ളു.

ശ്രീ. കെ. കൃഷ്ണപിള്ള: സർ, സ്ററാൻഡേർഡു് ഏക്കർ നിശ്ചയിച്ചിരിക്കുന്നതിനെ പററി ബില്ലിലെ രണ്ടാം വകുപ്പു ചർച്ച ചെയ്യപ്പോഴും ഷെഡ്യൂളിൻെറ ഇപ്പോഴത്തെ ചർച്ചയിലും വളരെ വിശദമായ ചർച്ച പല ബഹുമാനപ്പെട്ട മെമ്പറന്മാരും ചെയ്തിട്ടുണ്ടു്. ഈ ചർച്ചകളിൽ ഉന്നയിക്കപ്പെട്ടിരുന്ന പ്രധാനമായ ആക്ഷേപം ഇങ്ങനെ സ്ററാൻഡേർഡു് ഏക്കർ നിശ്ചയിക്കുന്നതിനു് ഡിസ്ട്രിക്ററുകളെ യൂണിററായി എടുത്തു എന്നുള്ളതിനെ സംബന്ധിച്ചാണു്. ഞാൻ ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ടു്. ആ ഭേദഗതികൾ സ്വീകരിച്ചാൽ പോലും ഇതിൽ ശാസ്ത്രീയമായ അടിസ്ഥാനം ഉണ്ടായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. കാരണം നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം ഭൂ പ്രകൃതിയിലും മററുമുള്ള വ്യത്യാസംകൊണ്ടു് ഭൂമിയുടെ ആദായത്തിനും വ്യത്യാസം വരുമെന്നുള്ളതു വ്യക്തമാണു്. ആ നിലയ്ക്കു് ഏതു അടിസ്ഥാനം സ്വീകരിച്ചാലും അതു പരിപൂർണ്ണമായും ശാസ്ത്രീയമായിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

മെന്നു് ആക്ഷം അവകാശപ്പെടാൻ സാദ്ധ്യമല്ല. താലൂക്കു് യൂണിററായി നിശ്ചയിച്ചാൽ അതും കൃത്യമായിരിക്കുമെന്നു ആക്ഷം പറയുവാൻ സാദ്ധ്യമല്ല ഇപ്പോൾ സ്വീകരിച്ചിരിക്കുന്നതിന്റെ അടിസ്ഥാനതത്വം ചോദിച്ചപ്പോൾ മന്ത്രി പറഞ്ഞതു് സ്ററാററിസ്ററിക്സ് ഡിപ്പാർട്ടുമെൻറിൽ നിന്നും ലഭിച്ചിട്ടുള്ള ചില കണക്കുകളെ ആധാരമാക്കിയാണെന്നാണു്. അതിനു വലിയ അത്ഥമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. യാതൊരു അടിസ്ഥാനതത്വവും നോക്കിയല്ല എന്നു പറയുവാൻ സാധ്യമല്ലാത്തതു കൊണ്ടു് സ്ററാററിസ്ററിക്സ് ഡിപ്പാർട്ടുമെൻറു തന്നിട്ടുള്ള കണക്കുകൾ ആധാരമാക്കിയാണെന്നു പറഞ്ഞതിൽ കൂടുതൽ വില ഇതിനു കല്പിക്കേണ്ടതില്ല. എല്ലാ ഡിസ്ത്രിക്ററിലും ഭൂമിശാസ്ത്രപരമായി ഒരു പോലെയുള്ള പ്രദേശങ്ങൾ ഉണ്ടു്. കടലോര പ്രദേശം, മലനാടു്, ഇടനാടു്. ഇവിടെ ഒരു ഡിസ്ത്രിക്ററിൽ എല്ലാസ്ഥലത്തും ഒരു ക്രോപ്പിനു ഒരേ ആദായമാണു് കണക്കാക്കിയിരിക്കുന്നതു്. കേരളത്തിൽ പ്ലാന്റേഷൻ ക്രോപ്പ് ഒഴിച്ച് മററുള്ളതെല്ലാം എല്ലാസ്ഥലത്തും കൃഷി ചെയ്യുന്നുണ്ടു്. പക്ഷേ ആദായത്തിൽ വ്യത്യാസം ഉണ്ടു്. മണ്ണിന്റെ ഗുണവും മഴയുടെ തോതും അനുസരിച്ച് ആദായത്തിൽ വ്യത്യാസം കാണും. തീരപ്രദേശങ്ങളിൽ തെങ്ങിൽ നിന്നും ആദായം വളരെ കൂടുതലാണു്. നേരെ മറിച്ചു കിഴക്കോട്ടു പോകുമ്പോൾ കൊട്ടാരക്കര, പത്തനാപുരം, പത്തനംതിട്ട തുടങ്ങിയ സ്ഥലങ്ങളിൽ തെങ്ങിന്റെ ആദായം കുറവാണു്. ഈ വകുപ്പ് എഴുതി വരുമ്പോൾ ഈ വ്യത്യാസം കൂടി കണക്കിലെടുക്കേണ്ടതായിരുന്നു. കുറെ കൂടി ന്യായമായിട്ടു ചെയ്യുന്നതിനു് ഡിസ്ത്രിക്ററു അടിസ്ഥാനം സ്വീകരിക്കാതെ താലൂക്കെങ്കിലും അടിസ്ഥാന യൂണിററായി എടുക്കണമെന്നാണു് എനിക്കുപറയുവാനുള്ളതു്. അങ്ങനെയായാൽ പോലും പരിപൂണ്ണമായിട്ടും ശാസ്ത്രീയമായ അടിസ്ഥാനം ഉണ്ടാകുമെന്നു എനിക്കഭിപ്രായമില്ല, വില്ലേജ് യൂണിററായി സ്വീകരിച്ചാൽ പോലും വ്യത്യസ്തമായ ആദായം വരും. ഭൂപ്രകൃതിയും മണ്ണിന്റെ ഗുണവും അനുസരിച്ച് വ്യത്യസ്തമായ വരുമാനം വരും. എന്നിരുന്നാലും കുറെയെങ്കിലും നീതിപൂവ്വമായി ചെയ്യുന്നതിനു് കഴിയുമായിരുന്നു, താലൂക്കു യൂണിററായി സ്വീകരിച്ചിരുന്നുവെങ്കിൽ. അതു പോലെതന്നെ റബ്ബർ പ്ലാന്റേഷനെ സംബന്ധിച്ച് കൊടുത്തിരിക്കുന്ന ഒന്നേമുക്കാൽ ഏക്കർ ശ്രീമാൻ രാഘവൻ പറഞ്ഞതു പോലെ കുറെ കൂടുതലാണു്. മററു കാര്യങ്ങളിലും ഈ വ്യത്യാസം ഉണ്ടു്. അതിന്റെ വിശദാംശങ്ങളിലേക്കു ഞാൻ പോകുന്നില്ല. ഏതായാലും ഡിസ്ത്രിക്ററു അടിസ്ഥാന യൂണിററായി സ്വീകരിച്ചിരിക്കുന്നതു കൊണ്ടു് കുറെ അനീതി ഇതിൽ ഉണ്ടു്. അതുപോലെ ഇരുപ്പുനിലങ്ങളിൽ ഷെഡ്യൂൾ 2 പ്രകാരം പത്തനാപുരം, ഓണാട്ടുകര തുടങ്ങിയ സ്ഥലങ്ങളിൽ ഒന്നേകാൽ ഏക്കറാണു് ഉള്ളതു്. അതു പോലെ തന്നെ ചെങ്ങന്നൂരും കുട്ടനാട്ടും തിരുവല്ലയിലും ഒന്നര ഏക്കറാണു് വച്ചിരിക്കുന്നതു്. അതുപോലെ തന്നെ അമ്പലപ്പുഴ ചേർത്തല താലൂക്കുകളിൽ രണ്ടേക്കർ വച്ചിരിക്കുന്നു. ഇവ തമ്മിൽ വലിയ വ്യത്യാസം ഉണ്ടെന്നു തോന്നുന്നില്ല. അതിനെ സംബന്ധിച്ച് ചില ഭേദഗതികൾ നൽകുകയും ചെയ്തിട്ടുണ്ടു്. കരുനാഗപ്പള്ളിയിൽ ഒരേക്കറും, അമ്പലപ്പുഴയിൽ ഒന്നരയേക്കറും ആയിട്ടു ഭേദഗതി ചെയ്യണമെന്നതാണു് എന്റെ നിർദ്ദേശം. ആ ഭേദഗതികൾ സ്വീകരിക്കണമെന്നു മാത്രമേ എനിക്കു് അഭ്യർത്ഥിക്കുവാനുള്ളു.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു് ആലപ്പുഴ ഡിസ്ത്രിക്ററിനെ സംബന്ധിച്ച് മാത്രമാണു്. ഭേദഗതികൾ രണ്ടു അടിസ്ഥാനത്തിലാണു് കൊടുത്തിരിക്കുന്നതു്. ഒന്നു് സ്റ്റാൻഡാർഡു് ഏക്കർ ആ District-നെ സംബന്ധിച്ച് തിട്ടപ്പെടുത്തിയപ്പോൾ ആ District-ൽ ഇല്ലാത്ത കൃഷിയും അതുപോലെ ചില താലൂക്കിലില്ലാത്ത കൃഷി ആ താലൂക്കിലും ഉള്ളതായി കണക്കാക്കി Standard ചെയ്തിരിക്കുന്നു. Cardamom Tea ഇവ ആ District ൽ ഒരു താലൂക്കിലും ഇല്ല. Tea അവിടെ ഉണ്ടാകുകയില്ല. Altitude എങ്കിലും നോക്കണമല്ലോ. Cardamom ഇല്ല. കാടില്ലാത്ത District ആണു്. പിന്നെ Statistics department ഒരു സ്ഥലത്തും പരീക്ഷണം നടത്താതെ Sample Survey പോലും നടത്താതെ ഇങ്ങനെ Standard ചെയ്തു് Standard acre ന്റെ ശാസ്ത്രീയവശം അതോടുകൂടി പൊളി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ഞ്ഞിരിക്കുന്നു. മറ്റൊന്നു് എനിക്കു പറയുവാനുള്ളതു് ഓരോ ഇനം പ്ലാന്റിനേയും സംബന്ധിച്ചുള്ള സ്റ്റാൻഡേർഡൈസേഷനെ സംബന്ധിച്ചാണു്. ഉദാഹരണമായി തെങ്ങുകൃഷിതന്നെ എടുക്കുക. ആലപ്പുഴ ഡിസ്ട്രിക്റ്റിൽ ഏററവും കൂടുതൽ തെങ്ങുകൃഷിയുള്ളതു കടൽപ്പുറം പ്രദേശങ്ങളിലാണു്. എങ്കിലും കാർത്തികപ്പള്ളി തുടങ്ങിയ താലൂക്കുകളിൽ ഇന്നു തെങ്ങിനുനേരിട്ടിട്ടുള്ള രോഗം കാരണം ഈ കൃഷി ആ താലൂക്കിൽ വളരെ മോശമാണു്. യാതൊരു ആദായവും കിട്ടുകയില്ല. സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റു കണക്കെടുത്തപ്പോൾ നല്ലപോലെ വളം ഇട്ടു നല്ലതുപോലെ സംരക്ഷിക്കപ്പെടുന്ന ഒരേക്കറോമറ്റോ മാതൃകയാക്കിയെടുത്തുകൊണ്ടു് അതിൽനിന്നും കിട്ടുന്ന യീൽഡനുസരിച്ചതരുന്ന ഈ താലൂക്കിനെ സംബന്ധിച്ചു് ശരിയല്ല. മിക്ക പ്രദേശങ്ങളിലും രോഗം ബാധിച്ചിട്ടുള്ളതാണു്. അഗ്രിക്കൾച്ചറൽ റിസർച്ചു ഡിപ്പാർട്ടുമെന്റു എന്തെല്ലാം ചെയ്തിട്ടും തെങ്ങിന്റെ വേരിനും ഇലയ്ക്കും ഉള്ള സുഖക്കേടു മാററാൻ കഴിഞ്ഞിട്ടില്ല. അടുത്തകാലത്തു നാളികേരം ആ പ്രദേശങ്ങളിൽനിന്നും വളരെ കുറഞ്ഞിട്ടുണ്ടു്. ആ സ്ഥലങ്ങളിൽ എത്ര നല്ല വളം ഇട്ടാലും രോഗത്തിൽനിന്നു രക്ഷകിട്ടാതെ മററു പ്രദേശത്തെ തെങ്ങുമായി Standardise ചെയ്തിരിക്കുന്നതു ശരിയല്ല—തെററാണു്. ചേർത്തല താലൂക്കിലും അമ്പലപ്പുഴ താലൂക്കിലും സ്ഥിതി കുറെ കൂടി മെച്ചപ്പെട്ടതാണു്. ഇതെല്ലാം കൂടി ഒരുപോലെ താരതമ്യപ്പെടുത്തുവാൻ സാദ്ധ്യമല്ല. അവിടെ തെങ്ങുമാത്രമേയുള്ളു. കമുകോ കുരുമുളകോ കൃഷിയില്ല. എങ്കിലും ചേർത്തല, അമ്പലപ്പുഴ പ്രദേശങ്ങളിൽ നല്ലതുപോലെ കൃഷി ചെയ്യുകയാണെങ്കിൽ ഒരു ഏക്കറിൽനിന്നും 480 രൂപവരെ ആദായം കിട്ടും. എന്നാൽ കാർത്തികപ്പള്ളി, ചെങ്ങന്നൂർ തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥിതി അതല്ല. ഈ താലൂക്കിൽ ചേർത്തലയിലേയും അമ്പലപ്പുഴ താലൂക്കിലേയും ഒരേക്കർ തെങ്ങിൽനിന്നുംകിട്ടുന്ന ആദായം ഒന്നര ഏക്കറിൽനിന്നേ കിട്ടുകയുള്ളു. അല്ലായെങ്കിൽ ഈ പ്രദേശങ്ങളിൽ ഒന്നേകാൽ ഏക്കറെങ്കിലും വേണം. അതുപോലെ തിരുവല്ലാ കുട്ടനാട്ടു് ഈ പ്രദേശങ്ങളിൽ ഒരേക്കർ വേണം എന്നുമാണു് ഞാൻ ആവശ്യപ്പെടുന്നതു്. സയന്റിഫിക്കായിട്ടു ഇപ്പോൾ സ്റ്റേററിൽ മൊത്തത്തിൽ എടുക്കുകയാണെന്നു പറഞ്ഞു. എന്നാൽ താലൂക്കുകൾതന്നെ നാം എടുത്തുനോക്കുകയാണെങ്കിൽ അതു വ്യത്യസ്തമാണെന്നു കാണാം. അപ്പോൾ ഓരോ ഡിസ്ട്രിക്റ്റിനെയും ഓരോ യൂണിററാക്കി വച്ചുകൊണ്ടു ഇങ്ങനെ കണക്കുകൾ തയാറാക്കുന്നതുതന്നെ മാറേറണ്ടതാണു്. അങ്ങനെ താലൂക്കുകൾ പ്രത്യേകമായിട്ടു് എടുത്തുനോക്കുകയാണെങ്കിൽ ഇതു സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിൽനിന്നും തന്നിട്ടുള്ള കണക്കുകളെ അടിസ്ഥാനപ്പെടുത്തി തയാറാക്കിയിട്ടുള്ളതാണെന്നു മന്ത്രി പറഞ്ഞാൽത്തന്നെയും ഞാൻ പറയുന്നതു്, ചേർത്തല, അമ്പലപ്പുഴ, മാവേലിക്കര, കുട്ടനാട്ടു് ഈ പ്രദേശങ്ങളിൽ ഒരേക്കർ തെങ്ങു് കാർത്തികപ്പള്ളി ചെങ്ങന്നൂർ ഇവിടത്തെ ഒന്നേകാൽ ഏക്കർ എന്നാക്കണം എന്നാണു്. അതുപോലെ ചെങ്ങന്നൂർ താലൂക്കിൽ കുരുമുളകുകൃഷി വളരെ സമൃദ്ധിയായിട്ടല്ല എങ്കിലും ഉണ്ടു്. എന്നാൽ അവിടെയും കാർത്തികപ്പള്ളി താലൂക്കിലും ഒന്നേകാൽ ഏക്കറെന്നും ബാക്കിയുള്ള സ്ഥലങ്ങളിൽ ഒരേക്കർ എന്നുമാണു് എഴുതിയിരിക്കുന്നതു്. ഇതുവളരെ അൺസയന്റിഫിക്കായിട്ടാണു് തയാറാക്കിയിരിക്കുന്നതു് എന്നു ശ്രീമാൻ ചാക്കോ എന്നും മറ്റും പറയുകയുണ്ടായി. മററുള്ള സ്ഥലങ്ങളിൽ സ്റ്റാൻേറർഡു ഏക്കർ വച്ചിട്ടുള്ളതും ശരിയായി കണക്കാക്കിവച്ചിട്ടുള്ളതല്ല. മിക്കവാറും സ്ഥലങ്ങളിൽ സ്റ്റാൻേറർഡു് ഏക്കർ ഏകദേശം ഒരുപോലെ വച്ചിരിക്കുകയാണു്. എന്നാൽ കാർത്തികപ്പള്ളിത്താലൂക്കിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഇന്നു് അവിടെ തെങ്ങുകൾക്കു ബാധിച്ചിരിക്കുന്ന രോഗത്തിന്റെ ഫലമായി അവിടെനിന്നുമുള്ള ആദായം വളരെ കുറഞ്ഞുപോയിരിക്കുന്നതുകൊണ്ടു് അവിടെ ഒന്നേകാൽ ഏക്കർ എന്നു വയ്ക്കണം. അതുപോലെ ക്യാഷ്യുവിന്റെ കാര്യത്തിൽ ചേർത്തലയിലെ കാര്യം ഞാൻ സമ്മതിച്ചിരിക്കുകയാണു്. കാരണം ചേർത്തലയിൽ ചൊരിമണലാണു്. അവിടെ ക്യാഷ്യൂ അത്ര നല്ലതുപോലെ വളരുന്നതല്ല. എങ്കിലും അവിടെ വളരുന്നുണ്ടു്. ചേർത്തല, അമ്പലപ്പുഴ മുതലായ താലൂക്കുകളിൽ നല്ലതുപോലെ ഉണ്ടാകുന്ന സ്ഥലങ്ങളല്ല. കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ

LIBRARY ARCHIVES Kerala Legislative Assembly

ഇവിടങ്ങളിൽ കശുമാവ് നല്ലതുപോലെ വളരുന്ന സ്ഥലങ്ങളാണ്. കുട്ടനാടിനെ സംബന്ധിച്ചാണെങ്കിൽ അവിടെ മണലേ ഇല്ല. അത്രയും ചെളി പ്രദേശമാണ്. ചെങ്ങന്നൂരിനെ സംബന്ധിച്ച മൂന്നും എന്നാൽ കുട്ടനാടിനെ സംബന്ധിച്ച് രണ്ട് എന്നും വച്ചിരിക്കുകയാണ്. കുട്ടനാട് ഏററവും നല്ല ഫലഭൂയിഷ്ഠമായ സ്ഥലമാണ്. ചെളി പ്രദേശമാണ്. അമ്പലപ്പുഴയും ചേർത്തലയും മറേറതു സ്ഥലംവച്ചുനോക്കിയാലും കുട്ടനാടിൽ ഒരു തരിമണൽ കാണുകയില്ല. അത്രയും നല്ല ചെളി പ്രദേശമാണ്. അവിടെ സാധാരണ കശുമാവ് കൃഷിയില്ല. അവിടെ കരഭൂമി വളരെ കുറവാണ്, കശുമാവുതോട്ടം ഇല്ല എന്നെഴുതുകയാണ് വേണ്ടതു്. റബ്ബറിന്റെ വരുമാനത്തെ സംബന്ധിച്ചു പറഞ്ഞപ്പോൾ കൃഷി വകുപ്പുമന്ത്രി വലുതായ ഒരു സമരത്തിൽ ഏർപ്പെടുന്നതുകണ്ടു. മൂവാററുപുഴയിലെ നിലങ്ങൾക്ക നല്ല വിലയുണ്ട്, ശരിയാണ്. നിലത്തിനു വിലയുണ്ടെന്നു പറയുന്നതു അതിനകത്തുനിന്നും കിട്ടുന്ന വരുമാനത്തിനനുസരിച്ചാണ്. മൂവാററുപുഴ, ചെങ്ങന്നൂർ ഈ സ്ഥലങ്ങളിലെ നിലങ്ങൾക്ക നല്ല വിലയുണ്ട്. ഇപ്പോൾ ഈ അടുത്തകാലത്താണ് ഈ റബ്ബർ ഒക്കെ കൃഷിചെയ്തു വരുന്നതു്. അതിനുമുമ്പ് അവിടങ്ങളിലൊക്കെ മരച്ചീനിയാണ് കൃഷിചെയ്തു വന്നിരുന്നതു്. ഇപ്പോഴാണ് റബ്ബർകൃഷിയുണ്ടായിരിക്കുന്നതു്. അതുകൊണ്ട് റബ്ബറിൽനിന്നുള്ള വരുമാനം കുറവാണെന്നു കണക്കാക്കാമോ? ഒരേക്കർ മൂവാററുപുഴയിലുള്ള നിലത്തിൽനിന്നുകിട്ടുന്ന ആദായത്തെക്കാൾ കൂടുതൽ ആദായം കിട്ടും തീർച്ചയാണ്. അന്നു ആ പറമ്പുകൾ എല്ലാം നോക്കുമ്പോൾ വെറും ഡ്രൈലാൻറിലാണു വരുന്നതു്. മരച്ചീനിയും മറെറല്ലാ സാധനങ്ങളും വളരുന്ന സ്ഥലം അന്നു ഡ്രൈലാൻറായിട്ടാണു വച്ചിരുന്നതു്. ഇപ്പോഴാണെങ്കിൽ റബ്ബർ തോട്ടങ്ങൾക്കുവേണ്ട സ്ഥലം വാങ്ങിക്കാൻ കിട്ടുകയില്ല. ചിലർ എന്നോടു ചോദിച്ചിട്ടുണ്ട്, നിങ്ങളുടെ ചേർത്തല താലൂക്കിൽ റബ്ബർവച്ചു നോക്കീട്ടില്ലേ എന്നു്. ആരും ഇതുവരെ അതിനുവേണ്ടി ശ്രമിച്ചില്ല. ശ്രമിച്ചാൽ കൃഷിചെയ്യാം എന്നു തോന്നുന്നു. നനച്ചാൽ മതി. അതു എങ്ങനെയാണെന്നു അറിഞ്ഞുകൂടാ. ഏതായാലും റബ്ബർ പ്ലാന്റേഷനെ സംബന്ധിച്ചു വ്യക്തമായിട്ടുള്ള ഒരു ധാരണ വേണം. റബ്ബറിൽ നിന്നുള്ള വരുമാനം വളരെ കൂടുതലാണ്. തെങ്ങിൻതോപ്പിൽനിന്നു കിട്ടുന്നതിനേക്കാൾ കൂടുതലാണ്. എന്നാൽ ആലപ്പുഴ ഡിസ്ട്രിക്‌ററിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി ഈ പ്രദേശങ്ങളിൽ ഇപ്പോൾ റബ്ബർ പ്ലാന്റേഷൻ ഇല്ല. തിരുവല്ലാ താലൂക്കിലും അതുതന്നെയാണു വച്ചിട്ടുള്ളതു്. അവിടെയുള്ള റബ്ബർ നല്ല റബ്ബർതോട്ടങ്ങളാണ്. ഈ സ്ഥലങ്ങളിൽ രണ്ടേക്കർ ഒരു Standard acre ആക്കിവച്ചിരിക്കുന്നതു് ആക്ഷേപമുണ്ടാക്കാനാണ് എന്നു വിചാരിക്കുന്നതിൽ തെററുണ്ടോ. അതുപോലെ കാർത്തികപ്പള്ളിതാലൂക്കിന്റെ കാര്യം. അവിടെ തെങ്ങുകൃഷിയെ സംബന്ധിച്ചിടത്തോളം ഈ റൂട്ട് ആൻഡ് ലീഫ് ഡിസീസ് ബാധിച്ചതുകൊണ്ടു ഒരു പത്തിരുപതുകൊല്ലക്കാലത്തേക്കു അവിടെനിന്നും നല്ല ആദായം ലഭിക്കാൻ പോകുന്നില്ല. അവിടെ ബാധിച്ചിട്ടുള്ള തെങ്ങുരോഗം കണ്ടിട്ടു നമ്മുടെ മുഖ്യമന്ത്രിതന്നെ പറഞ്ഞിട്ടുണ്ട്, ഈ രോഗത്തിനു് ഇതുവരെ ലോകത്തു എവിടെയും മരുന്നു കണ്ടുപിടിച്ചിട്ടില്ല എന്നു്. അതുകൊണ്ട് അവിടെ നാളീകേരം വളരെ കുറവാണ്. ഉണ്ടാകുന്ന നാളീകേരത്തിനുതന്നെ ഉള്ളിനു കട്ടികുറവുമാണ്. അപ്പോൾ അവിടെ കിട്ടുന്ന വരുമാനം സ്വാഭാവികമായി വളരെ കുറവായിരിക്കും. എന്നാൽ റബ്ബർപ്ലാന്റേഷനു് ഒന്നേമുക്കാൽ ഏക്കർ എന്നാണ് വച്ചിരിക്കുന്നതു്. അതു എന്താണെന്നു അറിഞ്ഞുകൂടാ. ഇതു റബ്ബർകൃഷിക്കുവേണ്ടി ആളുകളെ കൂടുതലായി പ്രേരിപ്പിക്കുന്നതിനുവേണ്ടിയാണോ എന്നു സംശയിക്കുന്നു. ഈ നിയമത്തിൽത്തന്നെയാണെങ്കിലും റബ്ബർപ്ലാന്റേഷനെ കംപ്ലീററായിട്ട് ഒഴിച്ചിരിക്കുകയാണ്. സാധാരണ മനുഷ്യർക്ക് ഇതു കാണുമ്പോൾ മനസ്സിലാകുന്നതാണ്. അതിനു സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റു വേണ്ട. സയൻസും വേണ്ട. എന്താണ് ഒരു സ്ഥലത്തുനിന്നുമുള്ള വരുമാനം എന്നുനോക്കി ആ വിധത്തിൽ കണക്കിട്ടാൽ മതിയാകും. അപ്പോൾ ഈ ഒന്നേമുക്കാൽ ഏക്കർ എന്നുള്ളതു് ഈ സ്ററാൻേറർഡു ഏക്കറിനെ ഒന്നുകൊണ്ടും ബാധിക്കുകയില്ല. ഇതിനെ സംബന്ധിച്ചിടത്തോളം ചിലതിനു ഡിസ്ക്രിമിനേഷൻ ഉണ്ടോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

എന്നു നോക്കിയാൽ ഉണ്ടെന്നുള്ളതു കാണാൻ സാധിക്കും. അതേസംബന്ധിച്ച പരാതിപ്പെടാനുള്ള അവകാശവും ഈ ബില്ലിൽ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയാൽ പിന്നെയില്ല. ഇതു തിട്ടപ്പെടുത്തിയതു നാം സാധാരണയായി പ്രാഥമികമായിട്ട് ഒന്നു നോക്കീട്ടാണല്ലോ. അതുവച്ചുകൊണ്ടു നോക്കുമ്പോഴെങ്കിലും കുറച്ചു ശരിയായിരിക്കേണ്ടേ. ഏതായാലും വേറെ എന്തെങ്കിലും തത്വത്തെ അടിസ്ഥാനമാക്കി ഈ സ്റ്റാൻഡേർഡ് ഏക്കർ കണക്കാക്കുന്നകാര്യത്തിൽ ഒരു സയൻറിഫിക്ക് അപ്രോച്ചുകൊണ്ടെങ്കിലും ഒരേക്കറിൽകൂടുതൽ വയ്ക്കേണ്ട ആവശ്യമില്ല. നല്ല റബ്ബറിനു നല്ല വിളവു കിട്ടും. ഇതു ഡെവലപ്പ് ചെയ്യുന്നതിനുവേണ്ടി റബ്ബർബോർഡിൽനിന്നും കടമായും സഹായധനമായും മററും പണം കൊടുക്കുന്നുമുണ്ട്. ഇതെല്ലാംവച്ചുനോക്കുമ്പോൾ ഒരു ഏക്കറിൽ കൂടുതൽവയ്ക്കേണ്ട ആവശ്യമില്ല. ചേർത്തല താലൂക്കിൽ ഈ റബ്ബർ പ്ലാൻേറഷനൊന്നുമില്ല. അവിടെയുള്ളതു തെങ്ങിൻതോപ്പുകളാണ്. അതുകൊണ്ടു എൻെറ ഭേദഗതിയിൽ ചേർത്തലയിൽ റബ്ബർ 'nil' അമ്പലപ്പുഴയിൽ 'nil' കുട്ടനാട്ടിൽ റബ്ബർ 'nil' എന്നു കാണിച്ചിരിക്കുകയാണ്. കുട്ടനാട്ടിൽ ബാക്കി ഭൂമിതന്നെയില്ല. എങ്കിൽത്തന്നെ ഈ ചിറകളിൽ ഈ 24000, ആർ...ബ്ലോക്ക് ഇവയുടെ എല്ലാ ചിറകളും ഈ നിലങ്ങൾക്കു ചുററുമുള്ള സ്ഥലങ്ങൾ എല്ലാംകൂടിയുള്ള ഏക്കറേജു കണക്കിലെടുത്തുകൊണ്ട് ഇത്ര ഏക്കറിൽ കൂടുതലാണെങ്കിൽ അവരെയും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ഒരു ചാൻസു കൊടുക്കരുത്. കൺവർഷനുള്ള വകുപ്പ് ഇതിൽ എടുത്തുകളഞ്ഞതുകൊണ്ടു പറയുകയാണ് അതും ഗാർഡൻതന്നെയായിട്ടു പരിഗണിക്കുമെന്ന്. അങ്ങനെ ചെയ്തിരിക്കുന്നതു പ്ലാൻേറഷൻസ് ഡെവലപ്പു ചെയ്യാൻവേണ്ടീട്ടാണെന്നാണു പറയുന്നത്. സ്ഥലത്തു കൃഷിയില്ലാത്തതു് ഇല്ലാ എന്നു ധൈര്യമായി പറഞ്ഞാൽ എന്തെങ്കിലും ഉണ്ടോ ഇല്ലെങ്കിൽ ഇല്ലാ എന്നു പറയുന്നതു സയൻസിൽ തെററാണെന്നു വരുകയില്ല. അപ്പോൾ ആ നിലയിൽ ഇല്ലാത്ത സ്ഥലത്തു ഇല്ലാ എന്നു പറയുക. കാർത്തികപ്പള്ളി താലൂക്കിൽ 'nil' ആണ്. റബ്ബർ പ്ലാൻേറഷനെ സംബന്ധിച്ചും 'nil' ആണ്. അവിടെ tea പ്ലാൻേറഷനുമില്ല. കാർഡമം പ്ലാൻേറഷനുമില്ല. ആകെ ആ ഡിസ്ട്രിക്ററിൽ അല്പം കാട് കല്ലൂപ്പാറയിലെ ഉള്ളു. അവിടെ ഏലക്കൃഷി ഇല്ല. അവിടെ കാടില്ലാത്ത ഡിസ്ട്രിക്ററാണെന്നാണ് പൊതുവെ പറയുക. അവിടെ നിലങ്ങളും ഭൂമികളും ഗാഡൻസുമൊക്കേയുള്ളു. കല്ലൂപ്പാറയിൽ അടുത്തെങ്ങാനും വല്ല കാടുകളും സർപ്പക്കാവുകളും കണ്ടേക്കാമെന്നല്ലാതെ കാടുകളില്ല. അതുകൊണ്ടു കാർഡമം ഇല്ല, ടീയുമില്ല, സിനമൺ ഇല്ല, കൊക്കോ പ്ലാൻേറഷനുമില്ല. അതൊന്നും ഞങ്ങളുടെ ഡിസ്ട്രിക്ററിൽ ഇല്ലാ എന്നു പറഞ്ഞാൽമതി. ടീപ്ലാൻേറഷനു ഹൈ ആൾട്ടിററ്യൂഡ് വേണം. അവിടെയാണെങ്കിൽ പൊങ്ങിയ ഒരൊററ പ്രദേശവുമില്ല. അതുപോലെതന്നെ ഇവിടെ ആരോ പറയുന്നകേട്ടു നമ്മുടെ വെള്ളായണിയിലുള്ള കാളേജിൽ ഏലംനട്ടു വളർത്തിയതിനുശേഷം അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറു ഏലം താഴ്വരയിലും വളരും എന്നു പ്രസിദ്ധീകരണം നൽകിയതായിട്ട്—എന്നാൽ ഏലം പൂക്കുകമാത്രമേ ചെയ്യുകയുള്ളു. കായ്ക്കുകയില്ല എന്നു പിന്നീടാണ് കണ്ടതു് എന്ന്. പിന്നെ കാഫിപ്ലാൻേറഷൻ. അതു ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി, കുട്ടനാട് ഒഴിച്ചുള്ള പ്രദേശങ്ങളിൽ 75 സെൻറു് എന്നുള്ളതു ഞാൻ അംഗീകരിക്കുകയാണ്. മുൻപറഞ്ഞ താലൂക്കുകളിൽ കാപ്പി പ്ലാൻേറഷൻ ഇല്ല. നിലത്തെ സംബന്ധിച്ച് എൻെറ ഭേദഗതി ഇതാണ്. കാർത്തികപ്പള്ളി 1.25 സിംഗിൾ ക്രാപ്പ് ആണ്. അതുപോലെ മാവേലിക്കര, ചെങ്ങന്നൂർ 1.25 എന്നാണ്.

ശ്രീ. കെ. ഭാർഗ്ഗവൻ: ഒരേക്കർ റബ്ബർതോപ്പിനു പകരം ഒരേക്കർ നിലം കൊടുത്താൽ അതു വാങ്ങിക്കാൻ തയാറുണ്ടോ? ഒന്നേമുക്കാൽ ഏക്കർ റബ്ബർ തോട്ടത്തിനു രണ്ടേക്കർ നിലമെന്നാണ് ഷെഡ്യൂളിൽ പറയുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: എനിക്കു നിലം കൊടുക്കാനും വാങ്ങാനും ഒന്നും ഇല്ല. ഉള്ളതുപോയി. സമയവുമില്ല. മി. പൗലോസിനോടു ചോദിക്കുക. അല്ലാതെ എന്നോടു ചോദിച്ചാൽ എനിക്കു ബാങ്ക് ബാലൻസൊന്നുമില്ല. അതുകൊണ്ടു എന്നെക്കൊണ്ട് അതു വാങ്ങാൻ സാദ്ധ്യമല്ല. ഏതായാലും തൽക്കാലം ഈ മൂന്നു സിംഗിൾ ക്രാപ്പ് നിലം എന്നുവച്ചിരിക്കു

ന്നതു് ഞങ്ങളുടെ നാട്ടിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ സിംഗിൾ ക്രാപ്പ് നിലമാണു് നല്ലതു്. പ്രത്യേകിച്ചും ഞങ്ങളുടെ പ്രദേശത്തുള്ള കരിനിലങ്ങളാണു്. അവിടത്തെ സായിൽ ഇതുവരെ ടെസ്റ്റു ചെയ്തിട്ടില്ല. അവിടെ ചേർക്കേണ്ട വളങ്ങളെന്തെല്ലാമാണെന്നു കണ്ടുപിടിച്ചിട്ടില്ല. കാരണം. അവിടത്തെ മണ്ണു ടെസ്റ്റു ചെയ്തിട്ടാണല്ലോ അതു തീരുമാനിക്കേണ്ടതു്. അവിടെ ഒരു ക്രാപ്പ് നാം എടുക്കുകയാണെങ്കിൽ അവിടെനിന്നും കിട്ടുന്നതായിട്ടുള്ള യീൽഡ് വളരെക്കൂടുതലാണു്. ആ സ്ഥലത്തെ നിലങ്ങളിൽനിന്നു ഒരു ക്രാപ്പിൽ കിട്ടുന്ന വിളവ് 140 പറയാണു്. മൂന്നു ഏക്കർ നിലത്തിൽ നിന്നു് 420 പറ നെല്ലുകിട്ടും. ഏകദേശം ആയിരം രൂപ വരുമാനം. ഈ ഒരുപ്പു നിലമായ കരിനിലക്കാരുമായിട്ടു് എന്തോ ഒത്തുകളിയുടെ ലക്ഷണമുണ്ടു്. ഈ കരിനിലത്തിന്റെ ഉടമസ്ഥരും 200—300 ഏക്കർ പാട്ടക്കാരും ആകെ എട്ടുപത്തു പേരാണു്. തെക്കേ അററത്തു കിടക്കുന്നതു് കോച്ചയുടെ നിലങ്ങളാണു്. അതിന്റെ അടുത്തു തിരുമല ദേവസ്വം വക നിലങ്ങളാണു്. തിരുമല ദേവസ്വത്തിന്റെതന്നെ 200 ഏക്കർ വീതം പുപ്പള്ളിക്കുട്ടികളും മക്കാരും ഉണ്ടു്. അതിനപ്പുറത്തു തരകന്മാരുടെയും, കർത്താക്കന്മാരുടെയും നിലങ്ങളാണു്. മററുള്ളതെല്ലാം ഇരുപ്പൂനിലങ്ങളാണു്. അവിടത്തെ പുറംപ്രദേശങ്ങളിൽനിന്നു കിട്ടുന്ന ചെളി വെട്ടിക്കൊണ്ടുവന്നു നിലത്തിൽ കലക്കിനിറുത്തി വെള്ളം ഒലിച്ചുപോകാതെ കൃഷിചെയ്യുന്നതിനു് ഇരുപ്പൂനിലങ്ങളിൽ വളരെ ചെലവു ചെയ്യണം. വളവും ഇറിഗേഷൻ സൗകര്യവും ഉണ്ടെങ്കിൽ നല്ലതുപോലെ കൃഷി ചെയ്യാൻ കഴിയും. സാധാരണ ഒന്നര ഏക്കർ ഒരുപ്പൂനിലത്തിൽനിന്നു രണ്ടു പ്രാവശ്യം കിട്ടുന്നതിനെക്കാൾ കുറവായിരിക്കും രണ്ടേക്കർ ഇരുപ്പൂനിലത്തിൽ നിന്നും കിട്ടുന്നതു്. അതുകൊണ്ടു് രണ്ടും ഒരേക്കർ എന്നുമതി. എനിക്കു് ആ നാട്ടിലെ കൃഷിയുമായി ബന്ധമുണ്ടു്. അവിടെനിന്നുംകിട്ടുന്ന വരുമാനം എത്രയാണെന്നും അറിയാം. താരതമ്യപഠനം ചെയ്യുമ്പോൾ അവിടത്തെ മണ്ണിന്റെ സ്വഭാവവും, ഇറിഗേഷൻ സൗകര്യങ്ങളും നോക്കിയാണു് സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റു കണക്കു തയ്യാറാക്കിയിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഒന്നോ രണ്ടോ സ്ഥലങ്ങളിൽപോയി ഒരു സാമ്പിൾ സർവ്വേ നടത്തിയിരിക്കും. നാട്ടിൽ കയറിനോക്കിയും കാണുകയില്ല. ആലപ്പുഴ ഡിസ്ട്രിക്റ്റ് എന്നു പറയുമ്പോൾ കുട്ടനാട്ടിലെ നിലങ്ങൾ നല്ല നിലങ്ങളല്ലേ? ആ നിലങ്ങളിൽനിന്നും ഒരേക്കറിൽ കിട്ടുന്നതു് അവിടത്തെ മററു പ്രദേശങ്ങളിലുള്ള രണ്ടേക്കറിൽനിന്നു കിട്ടാതെ വരും. അതുകൊണ്ടു് സ്റ്റാൻഡർഡൈസേഷൻ 280 മുതൽ 600 രൂപവരെ ആദായം എന്നുള്ള നിലയിൽ കണക്കെടുത്തു് അതിന്റെ ഇടയ്ക്കുവരുന്ന ഭൂമികളെ സംബന്ധിച്ചിടത്തോളം ഒരു താരതമ്യപഠനം നടത്തി ഇതിൽ ഉൾപ്പെടുത്തണമെന്നാണു് എനിക്കു പറയാനുള്ളതു്. ഒട്ടും വളവും മററും ഇല്ലാതെ കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ വരുമാനം കുറഞ്ഞിരിക്കും. വളരെ നല്ല നിലയിൽ വളവും മററും ഇട്ടു കൃഷിചെയ്യുന്നിടത്തു് കൂടുതൽ വരുമാനം കാണും. ഏതായാലും താരതമ്യ പഠനം ചെയ്യുകയാണെങ്കിൽ സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റു തന്നതിനേക്കാൾ ശാസ്ത്രീയമായിട്ടുള്ളതു് എന്റെ ഭേദഗതിയിലുള്ളതാണു്. അതുകൊണ്ടു് എന്റെ ഭേദഗതി അംഗീകരിക്കണമെന്നപേക്ഷിക്കുന്നു.

<u>ശ്രീ. പൊന്നറ ജി. ശ്രീധർ:</u> വാസ്തവത്തിൽ ഈ സ്റ്റാൻഡാർഡൈസേഷനെപ്പോലെ ഇത്ര അശാസ്ത്രീയമായി ഞാനൊന്നും കണ്ടിട്ടില്ല. ആദ്യം തൊട്ടുതന്നെ അങ്ങനെയാണു്. കടശിയിൽ വന്നിരിക്കുന്നതു് ആരു വായിച്ചാലും ചിരിച്ചുപോകും. ഇതൊരുപക്ഷേ ഹൈക്കോടതിയിൽപോയാൽ കുഴപ്പമുണ്ടാകുകയില്ലെന്നാണു വിചാരിക്കുന്നതെങ്കിൽ അതു് ശരിയായിരിക്കുകയില്ല. ഇങ്ങനെ വസ്തുനിഷ്ഠമല്ലാതെ കൃഷിയെ സംബന്ധിച്ചു യാതൊരു വിവരവുമില്ലാതെ കണക്കെഴുതിവച്ചു് ഏതെങ്കിലും ഡിപ്പാർട്ടുമെന്റു തന്നതാണെന്നു പറഞ്ഞാൽ ഒരു ഹൈക്കോടതിയും അതംഗീകരിക്കുമെന്നു വിചാരിക്കരുതു്. തിരുവനന്തപുരം ഡിസ്ട്രിക്റ്റിലെ കാര്യംതന്നെ എടുക്കാം. ഇന്നു ഇവിടെയിരിക്കുന്ന ആരെങ്കിലും ഇവിടെ ഏതെങ്കിലും ഒരു സ്ഥലത്തുനിന്നു എത്ര പാട്ടം കിട്ടുമെന്നു് അന്വേഷിച്ചിട്ടുണ്ടോ? ഇവിടെ നിലം പാട്ടത്തിനു വാങ്ങാൻ ആളില്ല. പാതിവാരക്കൃഷിയാണു് നടത്തുന്നതു്. എത്ര വിളവു കിട്ടുമെന്നു തീരുമാനിക്കാൻ കഴിയാതെവരുമ്പോഴാണു് പാതിവാര

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പൊന്നറ ജി. ശ്രീധർ]

ഏർപ്പാടുണ്ടാകുന്നതു്. വിത്തും കൊററും മാററിവച്ചുകിട്ടുന്നതിനെ രണ്ടായി പകുത്തെടുക്കുന്നതാണു പാതിവാരം. അങ്ങനെയുള്ള പാതിവാരകൃഷിയെ ഇവിടെ കാണാൻകഴിയൂ. ഇതു് വെറുതെ പറയുകയാണെന്നു, ആരും ധരിക്കരുതു്. എനിക്കും അല്പസ്വല്പം നിലമുണ്ടു്. പാതിവാരകൃഷിയാണു നടത്തുന്നതു്. ഇവിടെ അടുത്തുള്ള ആറന്മൂർ ഏലായിലാണു് ഏററവും നല്ല നിലങ്ങൾ ഉള്ളതു്. അവിടെപ്പോലും എക്കലും വണ്ടലും വന്നുകയറുന്ന നിലങ്ങൾമാത്രമേ സാധാരണ ആളുകൾ പാട്ടത്തിനു വാങ്ങുകയുള്ളു. ഇങ്ങനെയിരിക്കുമ്പോഴാണു് ഇതിൽ ഇരുപ്പൂനിലം ഒരേക്കർ സ്റ്റാൻഡേർഡായി തിരുവനന്തപുരം ഡിസ്ട്രിക്ററിൽ എഴുതിയിട്ടുള്ളതു്. മററുചില ഡിസ്ട്രിക്ററുകളെ സംബന്ധിച്ചു നോക്കുകയാണെങ്കിൽ ഈ സ്റ്റാററിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറുകാർ ആ സ്ഥലത്തൊന്നും പോയിട്ടില്ലേ എന്നു സംശയം തോന്നും. അതങ്ങനെ പോകട്ടെ. ഇനി ഗാർഡനെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതു് ഇതിനെക്കാൾ ഭയങ്കരമാണു്. റബ്ബർ പ്ലാൻറേഷൻ നോക്കുകയാണെങ്കിൽ അതു് മിക്കവാറും എല്ലാ ഡിസ്ട്രിക്ററുകളിലും ഒരുപോലെയാണു് കൊടുത്തിട്ടുള്ളതു്. എറണാകുളം മുതൽ അങ്ങോട്ടുള്ള ഡിസ്ട്രിക്ററുകളിൽ രണ്ടേകാൽ ഏക്കറെന്നു പറഞ്ഞിട്ടുണ്ടു്. കോട്ടയംവരെയുള്ളതു് ഒന്നേമുക്കാൽ ഏക്കറാണു്. റബ്ബർ പ്ലാൻറേഷൻ എവിടെയെല്ലാം ഉണ്ടാകും, ടീ എവിടെയെല്ലാം ഉണ്ടാകും, കാപ്പി എവിടെയെല്ലാം ഉണ്ടാകും, അതിനു് എത്ര അടി ഉയരമുള്ള സ്ഥലമായിരിക്കണം എന്നൊന്നും നോക്കിയിട്ടുള്ളതായി തോന്നുന്നില്ല. ആലപ്പുഴ ഡിസ്ട്രിക്ററിൽ കാപ്പിപ്ലാൻറേഷൻ ഉണ്ടാകുമോ? ചെങ്ങന്നൂർ താലൂക്കു് അതിൽ ഉൾപ്പെടുന്നുവെന്നു് എനിക്കറിയാം. അവിടെയും കാപ്പിപ്ലാൻറേഷൻ ഉണ്ടെന്നു എനിക്കു് വിശ്വാസമില്ല. ഈ മാതിരിയെല്ലാം എഴുതിവച്ചു് ഒരു ഷെഡ്യൂൾ കൊണ്ടുവന്നാൽ ഹൈക്കോടതി ന്യായമാണെന്നു വിചാരിക്കുമോ? എന്തെങ്കിലും എഴുതിവച്ചു ആരുടെയെങ്കിലും കണ്ണിൽ മണ്ണിടാമെന്നുവിചാരിച്ചാൽ സാധിക്കുകയില്ല. ന്യായം നടത്തണമെന്നു ആഗ്രഹമുണ്ടെങ്കിൽ ഈ ഷെഡ്യൂൾ മാററി കുറച്ചു ന്യായമായ വിധത്തിൽ ഷെഡ്യൂൾ കൊണ്ടുവന്നു പാസ്സാക്കുന്നതായിരിക്കും നല്ലതു്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളതു് മാററുന്നതു കുറവാണെന്നു വിചാരിച്ചാൽ നാളെ ഒരുകാലത്തു് ആപത്തിനു ഇടയാകും.

Shri P. T. Chacko: Madam, the wonder of creation is said to be the diversity that is seen in the apparent unity. There is individuality for every human being and thus one human being can be differentiated from another. Just like that, even in the animal Kingdom among plants also, we will find this individuality. One cocoanut tree in the same locality may not be having the same vitality and energy as the productivity of another tree in the same area. Therefore, in making a common assessment, there is bound to be arbitrariness and I do not claim that this Schedule is completely devoid of anything that is arbitrary. But I do claim that as far as possible Government have endeavoured to make it more logical and more rational. Every hon. Member can, I am sure, point out instances where there are variations between one district and another; not only regarding rubber plantation and cocoanut garden but regarding any variety of land. It is possible to point out such variations even in a village. But when this principle underlying the standardisation was discussed at first, I have explained on the floor of this Assembly what the Government have done. Government cannot go beyond statistics that were supplied by these specialised people who are working in this field and they are working with certain norms and rules and they are working like that not only in Kerala but in the whole country. So, Government have tried to collect this statistics from them and to standardize as far as possible on a rational basis.

LIBRARY ARCHIVES Kerala Legislative Assembly

Regarding paddy cultivation, they could supply us statistics regarding every taluk. But regarding the cultivation of other crops, they do not have such statistics but we have to go by the available statistics. To make a variation would make the Schedule absurd, Madam. Any member can say that why not make this 1½ into 2 acres. But what is the basis? They may say that the basis which is relied upon by the Government is not completely correct. I confess that it may not be completely correct. But even then, it is based on some data. The change proposed by any member is based on nothing. The only basis that can be adopted is the statistics supplied by the specialists. If that be so Madam, what is the meaning in saying that in my district or in the district nearby, it should be 2 acres, or it should be 3 acres or it should be 1½ acres. There was much criticism regarding the standardization of areas under rubber cultivation. As was stated by Smt. Gouri, it has not got much practical application in this Act. Of course it is applicable in one case where a small holder is having an acre of rubber plantation but in other cases all the plantations are practically exempted. Therefore even if there is something wrong in the statistics supplied by the Statistics Department, I would very humbly submit that it is the only way by which we can somehow rationalise the standardization. Therefore, I request the hon. Members to consider whether it would be proper for any member to say that because there is a certain amount of arbitrariness apparently the acreage in a particular area should be changed. What is the guarantee that if it is changed it would become more workable. There is absolutely no guarantee that it wounld be just. If we change anything that would become more arbitrary. Therefore I do not want to dwell on this problem verymuch, because, when we first discussed this matter, I have brought to the notice of the House that Government have relied on the statistics supplied by the Statistics Department to standardize the different categories of land. Therefore my only request is to rely on the statistics that are available even though they may be defective to some extent.

Then again Madam, the minimum that can be held by an unmarried adult and a family is 15 acre s and the maximum that can be held is only 36 acres. If any variation occurs, it is only regarding persons who hold more than 15 acres in extent and less than 36 acres in extent. There may be an instance where an individual probably cannot hold an acre or two because of the defective statistics on which the standardization is based. Even then, I would like to submit Madam, that there is no other surer way of standardizing the various categories of land under cultivation in this State. Therefore, I humbly request the hon. Members to accept the Schedule as such.

Deputy Speaker: Do you press your amendment?

Shri K. Krishnan: I press.

Amendment No. 1015 moved by Shri. K. Krishnan was put and lost.

Deputy Speaker: Do you press your amendment?

Shri P. C. Raghavan Nair: Yes, I press.

Amendment No. 1467 moved by Shri. P. C. Raghavan Nair was put and lost.

LIBRARY ARCHIVES Kerala Legislative Assembly

Deputy Speaker: Are you pressing your amendments?

Shri K. Bhargavan: Yes.

Amendment No. 1589 moved by Shri. K. Bhargavan was put and lost.

Amendment No. 1591 moved by Shri K. Bhargavan was put and lost.

Amendmend No. 1594 moved by Shri K. Bhargavan was put and lost.

Amendment No. 1599 moved by Shri K. Bhargavan was put and lost.

Amendment No. 1602 moved by Shri K. Bhargavan was put and lost.

Amendment No. 1605 moved by Shri K. Bhargavan was put and lost.

Deputy Speaker: Do you press your amendments?

Shri K. Krishna Pillai. Yes, I press.

Amendment No. 1590 moved by Shri. K. Krishna Pillai was put and lost.

Amendment No. 1600 moved by Shri K. Krishna Pillai was put and lost.

Amendment No. 1603 moved by Shri K. Krishna Pillai was put and lost.

Amendment No. 1607 moved by Shri K. Krishna Pillai was put and lost.

Amendment No. 16.1 moved by Shri K. Krishna Pillai was put and lost.

Deputy Speaker: Amendment Nos. 1595, 1596, 1597, 1609, 1612, 1613, 1615, and 1616 were moved by Shri N. Gopala Kurup. The hon. member is not in his seat.

Deputy Speaker: Do you press your amendments?

Smt. K. R. Gouri: Yes, I press.

Amendment No. 1751 moved by Smt. K. R. Gouri was put and lost.

Amendment No. 1752 moved by Smt. K. R Gouri was put and lost.

Deputy Speaker: Are you pressing your amendments?

Shri P. K. Kunjachan: Yes.

Amendment No. 1766 moved by Shri P. K. Kunjachan was put and lost.

Amendment No 1767 moved by Shri P. K. Kunjachan was put and lost.

The question that the Schedule II stand part of the Bill was put and carried.

Schedule II was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

SCHEDULE—III

Deputy Speaker: The following amendments may be moved:

Amendment Nos. 1025, 1031and 1035 by Shri R. Krishnan:

Amendment No. 1026 by Shri P. M. Kunhiraman Nambiar.

Amendment No. 1029 by Shri K. R. Vijayan

Amendment No. 1033 by Shri O. Koran

Amendment No. 1403 by Shri K. Krishnan

Amendment No. 1404 by Shri T. K. Ramakrishnan

Amendment Nos. 1405, 1413 and 1769 by Shri N. E. Balaram.

Amendment Nos. 1406, 1412, 1414, 1420, 1422, 1425 and 1770 by Shri T. C. Narayanan Nambiar.

Amendment Nos. 1407 to 1411 and 1415 to 1419 and 1421, 1423, 1424 and 1469 by Shri E. P. Gopalan.

Amendment No. 1468 by Shri P. C. Raghavan Nair

Amendment Nos. 1753 to 1761 by Smt. K. R. Gouri

Amendment No. 1768 by Shri P. K. Kunjachan.

Amendment Nos. 1027 and 1028 are the same as amendment No. 1026.

Amendment No. 1030 is the same at amendment No. 1029.

Amendment Nos. 1032 and 1034 are the same as amendment No. 1033.

Shri P. T. Chacko: Madam, I want to move an oral amendment. On page 104, Sl. No. 3, dry land, delete the words "whichever is higher" and add "at the option of the tenant". With this oral amendment it will read thus: "1/8 of the gross produce of the crop grown on the land or Rs. 4 per acre, at the option of the tenant."

Shri K. R. Vijayan: Madam, I may also be allowed to move amendment No. 1029.

Deputy Speaker: Substantially amendment Nos. 1030 and 1029 are the same. So amendment No. 1029 alone be moved.

Shri R. Krishnan: I move amendments Nos. 1025, 1031 and 1035.

1025. "In Schedule III substitute the rate of fair rent (column 3) against Sl. No. 1 items (i), (ii) and (vii) as follows:

1. Nilams—

(i) 1/9 of the gross paddy produce

(ii) 1st crop—1/5 of the gross paddy produce
2nd crop—1/12 do.

(vii) (a) 1/20 of the gross paddy produce
(b) 1/12 of the gross paddy produce

1031. "In Schedule III substitute the rate of fair rent (column 3) against Sl. No. 2 items (i) to (iii) and (v) as follows:

2. Garden—

(i) 1/12 of the gross coconut produce

(ii) 1/3 of the gross produce

2/754/S

LIBRARY ARCHIVES Kerala Legislative Assembly

(iii) 1/14 of the gross produce

(iv) 1/10 of the gross produce."

1035. "In Schedule III substitute the rate of fair rent (column 3) against Sl. Nos. 3 and 4 as follows:—

3. Dry land—1/12 of the crop grown on the land or Rs. 3 per acre whichever is less.

4. Pallial land—1/12 of the gross produce or Rs. 4 per acre whichever is less."

Shri P. M. Kunhiraman Nambiar: I move amendment No. 1026. "1026. In Schedule III Sl. No. 1 Nilams item (ii) under column (3) insert instead the following:—"1/5 of the gross paddy produce in the Malabar and Cochin areas and 1/4 of the gross paddy produce in other areas of the State."

Shri K. R. Vijayan: I move amendment No. 1029.
1029. "In Schedule III Sl. No. 1 item (viii) column 2 after the words "where fishing is carried on for part of the year" add the words "by a varamdar as defined in clause 2, sub-clause (60)"

Deputy Speaker: Amendment No. 1033 is in the name of Shri O. Koran. The hon. member is not in his seat.

Shri K. Krishnan: I move:

1403. In schedule III, recast the following items as follows:

(1)			(2)	(3)
1.	Nilams			
	(i)		Lands converted to nilam by tenants labour not falling under items (v), (vi) and (vii).	1/10 of the gross paddy produce
	(ii)		Other nilams not falling under items (v), (vi) and (vii)	1/6 do.
	(vii)	(1)	Nilam in Devicolam, Peermade and Udumbanchola taluks—	
			(a) converted by tenants labour	1/16 of the gross produce
			(b) other wet land	1/8 do.
		(2)	Nilam in the Attappady valley—	
			(a) converted by tenants labour	1/25 of the gross produce or contract rent
			(b) other wet land	1/16 do.
3.	Dry land			1/12 of the gross produce of the crop grown on the land or Rs. 2 whichever is less or contract rent,

LIBRARY ARCHIVES Kerala Legislative Assembly

4.	Palliyal land	1/12 of the gross produce of the crop grown on the land or Rs. 2 whichever is less or contract rent
6.	Land under sugar cane cultivation—	
	(a) Land converted into sugar cane field by tenants labour	1/10 of the gross sugar cane produce or contract rent
	(b) other sugar cane fields	1/6 of the gross sugar cane produce or contract rent."

Shri T. K. Ramakrishnan: I move:

1404. Recast schedule III as the following.

"*Sl. No.*	*Class of land*	*Rate of fair rent*
1.	Nilams	
	1 Land converted into nilam by tenant's labour not falling under items (v) and (vi)	1/9 of the gross produce
	2 Single crop nilam converted into double crop nilam by tenant's labour	
	(i) for first crop	1/5 of the gross produce
	(ii) for second crop	1/12 of the gross produce
	3 Kole lands	1/5 do.
	4 Land not being karinilam cultivated on—	
	(1) Kaipad system	1/12 do.
	(2) Palliyal system	1/12 do.
	5 Nilam in Wynad taluk	
	(i) converted by Tenant's labour	1/20 do.
	(ii) not falling under item (i) above	1/12 do.
	6 Nilams in Taluks Devikulam, Peermade, Udumbanchola and Attappadi valley—	
	(i) converted by tenant's labour	1/20 of the gross produce
	(ii) not falling under item (i)	1/12 do.
	7 Karinilam	
	(a) converted by tenant's labour	1/12 do.
	(b) other karinilams	1/6 do.

LIBRARY ARCHIVES Kerala Legislative Assembly

Sl. No.	*Class of land*	*Rate of fair rent*
8	Nilams where fishing is carried on for part of the year	Aggregate of rent fixed as for nilam and 1/16 of the gross annual income derived from fishing in such manner as may be prescribed
2.	Garden	
	(a) Coconut trees in respect of which the landlord is bound to pay compensation under the Kerala Compensation for Tenants Improvements Act, 1958	1/12 do.
	(b) Coconut trees in respect of which the landlord is not bound to pay compensation under the Kerala Compensation for Tenants Improvements Act, 1958	1/3 of the gross produce
	(c) Arecanut trees—	
	item (i)	1/14 do.
	item (ii)	1/4 do.
	(d) Pepper-vines—	
	item (i)	1/10 do.
	item (ii)	1/4 do.
3.	Paramba	1/12 do.
4.	Tarisu land cultivated	
	(a) with groundnut or other crops	1/8 do.
	(b) Tharisu land not falling under item (1) above	Rs. 5 per acre."

Shri N. E. Balaram: I move:

1405. "In schedule III, substitute the rate of fair rent (column 3) against serial No. (1) items (i), (ii) and (iv) as follows:

(i) 1/9 of the gross paddy produce.

(ii) 1/5 of the gross paddy produce in the Malabar and Cochin areas and 1/4 of the gross paddy produce in other areas of the State.

(iv) 1/9 of the gross paddy produce (for the districts of Cannanore, Ernakulam, Alleppey and Kottayam)".

1413. "In schedule III, substitute the rate of fair rent against serial number 2, Garden as follows:

(i) 1/12 of the gross coconut produce

(ii) 1/16 of the gross coconut produce

(iii) 1/14 of the gross arecanut produce

LIBRARY ARCHIVES Kerala Legislative Assembly

(iv) 1/7 of the gross arecanut produce
(v) 1/16 of the gross pepper produce
(vi) 1/12 of the gross pepper produce."

1769. "In schedule III, after serial number 7 add a new item as follows:

Lands in the possession of cultivating tenants including those deemed to be tenants under section 4 and 7 for which they are not at present paying any rent or for which there is no stipulation to pay any rent.	Rs. 3 per acre.

Shri T. C. Narayanan Nambiar: I move:

1406. "In schedule III Sl. No. 1 Nilams, against item (i) and (ii) for the existing rates of fair rent in column (3) substitute the following:—

(i) 1/9 of the gross produce (paddy)
(ii) 1st crop: 1/5 of the gross produce
2nd crop: 1/12 of the gross produce."

1412. "In schedule III Sl. No. 1 Nilams item (vii)—

(i) in column (2) after 'Udumbanchola Taluks' insert 'Irikkur Firka in Cannanore District' " and
(ii) for the existing rates of fair rent in column (3) substitute the following:—

"(a) 1/20 of the gross paddy produce
(b) 1/12 of the gross paddy produce."

1414. "In schedule III Sl. No. 2 Garden for the existing rates of fair rent against items (i), (ii), (iii), (iv) and (v) substitute the following:—

(i) 1/12 of the gross coconut produce
(ii) 1/3 of the gross coconut produce
(iii) 1/14 of the gross produce
(iv) 1/10 of the gross produce
(v) 1/10 of the gross produce"

1420. "In schedule III, Sl. No. 3 Dry land for the existing rate of fair rent in column (3) substitute the following: 1/12 of the gross produce or Rs. 3 per acre whichever is higher."

1422. "In schedule III, Sl. No. 4 Palliyal land for the existing rate of fair rent in column (3) substitute the following:

1/12 of the gross produce or Rs. 3 per acre whichever is higher".

1425. "In schedule III, Sl. No. 7 Lands not falling under any of the above items for the existing rate of fair rent in column (3) substitute the following:—

75% contract rent."

LIBRARY ARCHIVES Kerala Legislative Assembly

1770. "In schedule III, under Sl. No. 1 Nilams, insert a new sub-clause after (i) and renumber:—

Nilams converted into double crop by tenant's labour shall be deemed to be that of a single crop nilam for the purpose of this section."

Madam, I may be permitted to move two oral amendments to my amendment Nos. 1406 and 1414.

1406. In 1406, item No. (ii) delete the words 'first crop'; and delete second crop and put "(iv) Kaipad 1/12".

1414. In item (ii) instead of 1/3 put 1/6.

In item (vi) instead of 1/10 put 1/5."

Shri E. P. Gopalan: I move:

1407. "In schedule III, in Sl. No. (1) class of land (i), delete 1/8 and substitute 1/10."

1408. "In schedule III, in Sl. No. (1) class of land (ii), delete 1/4 and substitute 1/5."

1409. "In schedule III, in Sl. No. (1) class of land (ii), delete 1/4 and substitute 1/6."

1410. "In schedule III, in Sl. No. (1) class of land (iii) delete 1/6 and substitute 1/7."

1411. "In schedule III, in Sl. No. (1) class of land (iv), delete 1/6 and substitute 1/7."

1415. "In schedule III, in Sl. No. 2, class of land (i), delete 1/10 and substitute 1/11."

1416. "In schedule III, in Sl. No. 2, class of land (ii), delete 1/3 and substitute 1/4."

1417. "In schedule III, in Sl. No. 2, class of land (iii), for 1/10 substitute 1/12."

1418. "In schedule III, in Sl. No. 2, class of land No. (v), delete 1/8 and substitute 1/10."

1419. "In schedule III, in Sl. No. 2, class of land No. (v) delete 1/8 and substitute 1/9."

1421. "In schedule III, in Sl. No. 4 delete 1/8 and substitute 1/10."

1423. "In schedule III, in Sl. No. 6, for 1/4 substitute 1/5."

1424. "In schedule III, in Sl. No. 6, for 1/4 substitute 1/6."

1469. "In schedule III, Sl. No. 2 class of land (i), in column (3) for 1/10 substitute 1/12."

Shri P. C. Raghavan Nair: I move:

1468. "In schedule III, substitute column 3.

(1) Nilam (i) 1/10 instead of 1/8 of the gross paddy produce

(ii) 1st crop 1/5 of the gross paddy produce
2nd crop 1/10 of the gross paddy produce

(viii) delete.

LIBRARY ARCHIVES Kerala Legislative Assembly

(2) Garden (i) 1/12 instead of 1/10
(iii) 1/14 instead of 1/10
(v) 1/10 instead of 1/8.

(3) Dry land—delete 'whichever is higher' and insert 'whichever is less'

(4) Palliyal land—delete 'whichever is higher' and insert 'whichever is less.' "

Smt. K. R. Gouri: I move amendment Nos. 1753 to 1761.

Smt. K. R. Gouri: I move:

1753. In Schedule III, under Sl. No. 1 Nilams, under item (i), for the existing entries in column (3) substitute "1/9 gross produce for the Travancore-Cochin area and 1/12 for Malabar area".

1754. In Schedule III, under Sl. No. 1 Nilams, under item (ii), for the existing entries in column (3) substitute "1/4 gross produce for Travancore-Cochin area and 1/5 for Malabar area".

1755. In Schedule III, under Sl. No. 1 Nilams, after item (ii), add a new item as item (iii) and renumber:

"(iii) Single crop nilam converted into double crop nilam—

(a)	for the first crop	1/5 gross produce
(b)	for the second crop	1/8 gross produce

1756. In Schedule III, under Sl. No. 1 Nilams, delete "(viii) Nilam where fishing is carried on for part of the year".

1757. In Schedule III, under Sl. No. 1 Nilams, under item (viii), for the existing entries in column (3), substitute "Aggregate of rent fixed as for nilam and 1/16 of the gross annual income derived from fishing. For fixing the rent for the nilam for fishing income derived from the nilam, the income derived from fishing for the last three years will be taken into consideration."

1758. In Schedule III, under Sl. No. 2 Garden, redraft item (i) as follows:

'(i)	Coconut trees in respect of which the landlord is bound to pay compensation under Kerala Compensation for Tenants Improvements Act, 1958.	1/16 of the gross produce.'

1759. In Schedule III, under Sl. No. 2 Garden, in item (iii), in column (3), for "1/10" substitute "1/16".

1760. In Schedule III, under Sl. No. 2 Garden in item (v) in column (3), for "1/8" substiute '1/16'.

LIBRARY ARCHIVES Kerala Legislative Assembly

1. In Schedule III, after Sl. No. 6, add a new item as 7 as follows:

"7. Lands in the possession of cultivating tenants, the tenant is not paying any rent, or where there is no stipulation in the contract of tenancy to pay any rent.	Rs. 2 per acre in addition to taxes and cesses due to Government and local authorities."

Madam, I may be permitted to move an oral amendment to my amendment No. 1755.

In item (iii) add the words "at tenant's labour" at the end.

Shri P. K. Kunjachan: I move:

1768. "In schedule III, in respect of the item stated below, substitute the following as the rate of fair rent:

1. Nilams	(i)	1/9 of the gross paddy produce	
	(ii)	1/5	
	(v)	(a)	1/10
		(b)	1/6
2. Garden	(i)	1/12 of the gross coconut produce	
	(iii)	1/12 of the gross arecanut produce	
		1/5 of the gross sugarcane produce."	

ശ്രീ. ആർ. കൃഷ്ണൻ: സർ, ഞാൻ ഇവിടെ ഷെഡ്യൂം 3-നെ സംബന്ധിക്കുന്ന 1025, 1031, 1035 ഈ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചിട്ടുള്ളതിൽ ആദ്യത്തെ 1025-ാം നമ്പർ ഭേദഗതി മുതലാണ് സംസാരിക്കാൻ തുടങ്ങുന്നതു്.

ഈ ഷെഡ്യൂളിൽ ഐററം 5, 6, 7 ഈ ഇനങ്ങളിൽ ഉൾപ്പെടാത്ത നിലങ്ങളെ സംബന്ധിച്ചിടത്തോളം, അതായത്തു് കുടിയാന്റെ പ്രയത്നം കൊണ്ടു നിലമാക്കിയിട്ടുള്ളതാണെങ്കിൽ, മര്യാദപ്പാട്ടം എട്ടിലൊന്നു് എന്നുള്ളതു് ഒൻപതിൽ ഒന്നാക്കണമെന്നും ഐററം 5, 6, 7 എന്നിവയിൽ പെടാത്ത മററുനിലങ്ങൾക്കാണെങ്കിൽ ഒന്നാംവിളയ്ക്കു നാലിൽ ഒന്നു് എന്നുള്ളതു് അഞ്ചിലൊന്നു് എന്നാക്കുകയും, രണ്ടാംവിളയ്ക്കു് ആറിലൊന്നു് എന്നുള്ളതു് പന്ത്രണ്ടിലൊന്നു് എന്നാക്കി നിശ്ചയിക്കുകയും വേണ്ടതാണു്. ദേവികുളം പീരുമേടു്, ഉടുമ്പൻചോല, അട്ടപ്പാടി എന്നിവിടങ്ങളിൽ കുടിയാന്റെ പ്രയത്നം കൊണ്ടു്, നിലമാക്കിയവയ്ക്കു് മൊത്ത വിളവിന്റെ പതിനാറിലൊന്നു് എന്നുള്ളതു് ഇരുപതിലൊന്നാക്കുകയും, അല്ലാത്ത നിലങ്ങളെ സംബന്ധിച്ചിടത്തോളം എട്ടിലൊന്നു് എന്നുള്ളതു് പന്ത്രണ്ടിലൊന്നാക്കുകയും വേണ്ടതാണു്. അടുത്തതായി ഗാർഡൻകളെപ്പററിയാണു് പറയാനുള്ളതു്. നാളികേരത്തെ സംബന്ധിച്ചിടത്തോളം മര്യാദപ്പാട്ടം പത്തിലൊന്നു് എന്നു നിശ്ചയിച്ചിട്ടുള്ളതു് കുടിയാന്റെ ചമയമാണെങ്കിൽ പന്ത്രണ്ടിലൊന്നാക്കുകയും ജന്മിയുടെ ദേഹണ്ഡമാണെങ്കിൽ മര്യാദപ്പാട്ടം മൂന്നിലൊന്നാക്കുകയും വേണ്ടതാണു് അതു പോലെ അടക്കയെപ്പററിയാണെങ്കിൽ നിശ്ചയിച്ചിട്ടുള്ള മര്യാദപ്പാട്ടം പത്തിലൊന്നു് എന്നുള്ളതു് കുടിയാന്റെ ചമയമാണെങ്കിൽ അതു്, പതിനാലിലൊന്നാക്കുകയും അതുപോലെ കുരുമുളകിനെപ്പററിയാണെങ്കിൽ, ബില്ലിൽ നിശ്ചയിച്ചിട്ടുള്ള എട്ടിലൊന്നിനുപകരം പത്തിലൊന്നാക്കി നിശ്ചയിക്കേണ്ടതാണു്.

അടുത്തതായി പറയുവാനുള്ളതു്, ഡ്രൈ ലാൻഡിനെ സംബന്ധിച്ചാണു്. ഏക്കറിനു് മൊത്തവിളവിന്റെ എട്ടിലൊന്നോ അല്ലെങ്കിൽ 4 രൂപയോ

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതു് ഏക്കറിനു്, മൊത്തവിളവിന്റെ പന്ത്രണ്ടിലൊന്നോ അല്ലെങ്കിൽ 3 രൂപയോ, ഇതിലേതാണു കുറവു്, അതായി നിജപ്പെടുത്തുകയാണു വേണ്ടതു്, ബില്ലിൽ ഏതാണോ കൂടുതൽ, അതു കൊടുക്കണമെന്നാണു പറഞ്ഞിരിക്കുന്നതു്. പക്ഷെ ആ നിബന്ധന കുടിയാനെസംബന്ധിച്ചിടത്തോളം ദുർവ്വഹമായിരിക്കും. അതുപോലെ, പള്ളിയാൽ ലാൻഡിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, മൊത്തവിളവിന്റെ എട്ടിലൊന്നോ 4 രൂപയോ ഇതിൽ ഏതാണു് കൂടുതൽ അതു മര്യാദപ്പാട്ടമായി കൊടുക്കണമെന്നു പറയുമ്പോഴും, മര്യാദപ്പാട്ടം, ഏക്കറിനു് പന്ത്രണ്ടിലൊന്നോ, അല്ലെങ്കിൽ 4 രൂപയോ എന്നുള്ളതിൽ ഏതാണോ കുറവു് അതു കൊടുത്താൽ മതിയെന്നു നിജപ്പെടുത്തേണ്ടതാണു്. സർ, ഈ നിയമത്തിൽ മര്യാദപ്പാട്ടത്തിന്റെ തോതു വർദ്ധിപ്പിച്ചിരിക്കുമ്പോഴും മുൻനിയമത്തിൽ ഈ തോതു് എപ്രകാരമായിരുന്നു നിജപ്പെടുത്തിയിരുന്നതു് എന്നുകൂടി നോക്കേണ്ടതുണ്ടു്. പാലക്കാട്ടു് മുതലായ സ്ഥലങ്ങളിൽ കുടിയാന്റെ പ്രയത്നംകൊണ്ടു നിലമാക്കിത്തീർത്തിട്ടുള്ളതിനു് കൂടുതൽ പാട്ടം വാങ്ങിക്കുന്ന പതിവില്ല. ഒരു പറമ്പു് ഒരുപ്പൂനിലമോ, ഇരുപ്പൂനിലമോ ആക്കി മാററിയാലും ആ പറമ്പിനു് മുമ്പു് എന്തു പാട്ടമാണോ കൊടുത്തുവന്നതു്, ആ പാട്ടം കൊടുത്താൽ മതിയാകും. കാരണം, പാട്ടക്കരാർ അനുസരിച്ചു് പാട്ടം കൂട്ടാൻ പാടില്ലാത്ത വ്യവസ്ഥയുടെ ഫലമായിട്ടാണു് അപ്രകാരം കൂടുതൽ പാട്ടം വാങ്ങാത്തതു്. വസ്തു വിലയ്ക്കു വാങ്ങണമെങ്കിൽ കരാർ പാട്ടത്തിന്റെ 12 ഇരട്ടി കൊടുത്താൽ മതിയായിരുന്നു. എന്നാൽ ഈ ബില്ലിന്റെ ആവിർഭാവത്തോടുകൂടി മിക്ക നിലങ്ങൾക്കും, കുടിയിരുപ്പുകാർക്കും മര്യാദപ്പാട്ടം, മുമ്പുണ്ടായിരുന്ന എല്ലാ വ്യവസ്ഥകളേയും അതിലംഘിച്ചു കൊണ്ടു കൂട്ടുകയാണു ചെയ്യുന്നതു്. തന്മൂലം കുടിയാന്റെ പ്രയത്നം കൊണ്ടു് ഭൂമി നന്നാക്കിയതാണെങ്കിൽ തന്നെയും ചെറുകിടക്കാർക്കു വർദ്ധിച്ച തോതിലുള്ള പാട്ടം പിരിക്കാം. മാത്രമല്ല, ക്രയവില കണക്കാക്കാൻ ഈ നിയമമനുസരിച്ചുള്ള മര്യാദപ്പാട്ടം കണക്കാക്കി വരുമ്പോൾ, കൂടുന്ന പാട്ടത്തോതു് അനുസരിച്ചു പ്രതിഫലം കൊടുക്കേണ്ടിയും വരുന്നു.

സർ, കുടിയാന്റെ പ്രയത്നംകൊണ്ടു് നല്ല നിലമാക്കി തീർക്കുന്നതിൽ നിന്നുണ്ടാകുന്ന ആദായത്തിന്റെ ഓഹരി ജന്മിമാർക്കു് അവകാശ
5 P. M. പ്പെടാൻ ഇടയാകുന്ന ഈ വകുപ്പിന്റെ ആവശ്യമില്ല. കാരണം, കരാർ പാട്ടമോ, മര്യാദപ്പാട്ടമോ ഏതാണോ കുറവു് അതു കൊടുത്താൽ മതിയെന്ന തത്വം മുൻ നിയമത്തിൽ അംഗീകരിച്ചിരുന്നതു കൊണ്ടു്, മുൻ നിയമങ്ങളിൽ ഇത്തരത്തിൽ പാട്ടം വർദ്ധിപ്പിക്കാൻ ഇട വന്നിട്ടില്ല. ഒരു പറമ്പു് കുടിയാൻ കുടിയായ്മ അവകാശപ്രകാരം, കൈവശം വച്ചിരിക്കുന്നു എന്നിരിക്കട്ടെ. മുൻ നിയമ പ്രകാരം, അതിനു് ഒരു സംഗതി വശാലും പാട്ടം കൂട്ടുകയില്ല അതിനു ഫലമായി കരാർ പാട്ടം കൊടുക്കേണ്ടതായിട്ടേ വരുമായിരുന്നുള്ളു. ഈ നിയമം അനുസരിച്ചു്, ചെറുകിട ഭൂ ഉടമകൾക്കു് മര്യാദപ്പാട്ടത്തിന്റെ തോതു കണക്കാക്കി കൂടുതൽ പാട്ടം വരുമെങ്കിൽ അത്രയും ഈടാക്കാൻ അവകാശമുണ്ടു്. വൻകിട ജന്മിമാരാണെങ്കിലും അവകാശം വില വാങ്ങുമ്പോൾ, 16 ഇരട്ടി വാങ്ങാമെന്നുണ്ടു്. അതു കൊണ്ടു് ഇങ്ങനെ വർദ്ധിച്ചതരത്തിലുള്ള പാട്ടനിരക്കു് വരികയാണെങ്കിൽ കുടിയാന്മാർക്കും, കുടിയിരുപ്പുകാർക്കും വളരെ അധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നുള്ളതു് ഒരു പരമാർത്ഥമാണു്. അതിനു് ഒരു മറുവാദം എന്നുള്ള നിലയിൽ പറയുമായിരിക്കും, കേരള സംസ്ഥാനം ഒട്ടാകെ ഒരു നിയമം നടപ്പാക്കുമ്പോൾ ഇങ്ങനെ വ്യവസ്ഥ ചെയ്യേണ്ടിവരുമെന്നു്. എന്നാൽ സ്റ്റേററിന്റെ ഏതെങ്കിലും ഒരു ഭാഗത്താണെങ്കിലും ഒരിക്കൽ അംഗീകരിച്ചിട്ടുള്ള അവകാശങ്ങൾ, കുടിയാന്മാർ അനുഭവിക്കുന്ന അവകാശങ്ങൾ മറെറാരു നിയമംകൊണ്ടു് ഇല്ലായ്മ ചെയ്യുന്നതു ശരിയല്ല. കുടിയാന്മാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന അവകാശങ്ങൾ നഷ്ടം സംഭവിക്കുകയാണെങ്കിൽ അതു വലിയ കുഴപ്പമായിരിക്കുമെന്നാണെന്റെ അഭിപ്രായം. ഒരു ഉദാഹരണം പറയാം, നാലണയ്ക്കോ, എട്ടണയ്ക്കോ, പാട്ടത്തിനു ഒരു കുടിയിരിപ്പു പറമ്പു ഏററു വാങ്ങിയിട്ടു്, വല്ല ചമയങ്ങളും അതിൽ ഉണ്ടാക്കുകയാണെങ്കിൽ, തെങ്ങു വയ്ക്കുകയോ മററു അഭിവൃദ്ധി വരുത്തുകയോ ചെയ്താൽ അതിന്റെ ആദായത്തിന്റെ ഒരംശം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. കൃഷ്ണൻ]

ജന്മിക്കു കൊടുക്കണമെന്നു പറഞ്ഞാൽ, അതു കുടിയാനു വലിയ ഭാരമായിരിക്കും. അതിൽ ഉണ്ടാകുന്ന ഉല്പന്നങ്ങളുടെ എട്ടിലൊന്നോ, പത്തിലൊന്നോ പാട്ടം കൊടുക്കണമെന്നു പറഞ്ഞാൽ അതു കുടിയാനു് താങ്ങാനാവാത്ത ഒരു ഭാരമായിരിക്കും. അതുകൊണ്ടാണു് ഈ ഷെഡ്യൂൾ ഇത്തരത്തിൽ മാററണമെന്നു ഞാൻ ആവശ്യപ്പെടുന്നതു്.

ഈ നിയമത്തിൽ, ഡ്രൈലാൻഡിനു് ഏക്കറിനു് നാലു രൂപയോ, മൊത്ത വിളവിന്റെ എട്ടിലൊന്നോ ഏതാണു കൂടുതൽ അതുപ്രകാരം പാട്ടം കൊടുക്കണമെന്നു് നിശ്ചയിച്ചിരിക്കുകയാണു്. അതു വളരെ കൂടുതലാണെന്നാണു് എന്റെ അഭിപ്രായം. കുടിയാന്മാർക്കു് അതു വളരെയധികം ഭാരമായിരിക്കുമെന്നുള്ളതിനു സംശയമില്ല. ഇപ്പോൾ ക്ലാസ്സ് 42 അനുസരിച്ചു് മൊത്തവിളവു കണക്കാക്കുമ്പോൾ, യഥാർത്ഥത്തിലുള്ള വിളവു് കണക്കാക്കുന്നതിനു പകരം അതാതു സ്ഥലത്തെ സ്ഥിതിവിവരക്കണക്കുദ്യോഗസ്ഥന്മാർ അംഗീകരിക്കുന്ന വിളവു കണക്കാക്കുകയായിരിക്കും ചെയ്യുക. സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്ന ഉദ്യോഗസ്ഥന്മാർ ഓരോ പ്രദേശത്തെയും ഏതെങ്കിലും ഒരു ഭാഗത്തെ കൂടിയ വിളവിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും തോതു നിശ്ചയിക്കുന്നതു്. ആ തോതുവച്ചുകൊണ്ടായിരിക്കും മൊത്തവിളവു കണക്കാക്കുന്നതു്. ടാർജററു് ഒപ്പിച്ചു കാണിക്കാൻ ബാദ്ധ്യസ്ഥരായ എൻ. ഇ. എസ്സ്. ഉദ്യോഗസ്ഥന്മാരോ, ഗ്രാമസേവകന്മാരോ ഇത്തരം സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചാൽ, യഥാർത്ഥത്തിലുള്ളതിൽ തീർച്ചയായിട്ടും തോതു കൂടുതലായിരിക്കും എന്നുള്ളതു ഒരു വസ്തുതയാണു്. ഷെഡ്യൂൾ 2, പാർട്ടു 2-ൽ, നിലത്തിന്റെ സ്ററാൻഡേർഡു ഏക്കർ കണക്കാക്കിയിരിക്കുന്നതു്, ചിററൂർ, ആലത്തൂർ, പാലക്കാടു് എന്നീ താലൂക്കുകളിൽ, ഡബിൾ ക്രോപ്പുനിലം ഒരേക്കറിനു്, സിംഗിൾ ക്രോപ്പുനിലം രണ്ടേക്കറും; ഒററപ്പാലം, പെരുന്തൽമണ്ണ, ഏറനാടു് ഈ താലൂക്കുകളിൽ, ഡബിൾക്രോപ്പു ഒന്നേകാൽ ഏക്കറിനു്, സിംഗിൾ ക്രോപ്പു് രണ്ടര ഏക്കറുമാണു് കണക്കാക്കിയിരിക്കുന്നതു്. എല്ലാവർക്കും അറിയാം, പാലക്കാട്ടു ജില്ലയിൽ ഏററവും നല്ല ഭൂമി പെരുന്തൽമണ്ണ താലൂക്കിലാണെന്നു്. ചുനങ്ങാടു് പ്രദേശത്തു് അനങ്ങനടി എന്ന സ്ഥലത്തു് 100 മേനി വിളവുണ്ടാകുന്ന സ്ഥലമുണ്ടു്. പൊന്നു വിളയുന്ന ഇത്തരം പ്രദേശങ്ങളും അവിടെയുള്ള അത്രയും വിളവുണ്ടാകാത്ത മററു പ്രദേശങ്ങളും ഒരേ തോതിൽ കണക്കാക്കുന്നതു എത്രമാത്രം ശരിയായിരിക്കുമെന്നു് ആലോചിക്കാവുന്നതേയുള്ളു. സ്ഥിതിവിവരക്കണക്കുകളിൽ ഇങ്ങനെ എത്രയോ വ്യത്യാസം വരാവുന്നതാണു്. ഇത്തരം സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ മര്യാദപ്പാട്ടം നിശ്ചയിക്കുന്നതു് കുടിയാനും, കുടിയിരുപ്പുകാർക്കും വളരെയധികം ഭാരമായിരിക്കും. അതു് അവർക്കു താങ്ങാൻ വയ്യാത്തതായിരിക്കും. അതു കൊണ്ടു് എന്റെ ഭേദഗതികളിൽ ആവശ്യപ്പെടുന്ന രീതിയിൽ മാററണമെന്നാണു് എനിക്കു പറയാനുള്ളതു്. കുറേക്കൂടി കുടിയാനും, കുടിയിരുപ്പുകാർക്കും സഹായകമായ രീതിയിൽ ഇതിൽ വ്യവസ്ഥ ചെയ്യാൻ ഈ ഭേദഗതികൾ സ്വീകരിക്കണമെന്നു് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ: മൂന്നാം ഷെഡ്യൂളിൽ, സീരിയൽ നമ്പർ 1-ൽ, നിലം ഐററം 2-ൽ മൊത്ത വിളവിന്റെ നാലിലൊന്നു ഫെയർ റെൻറായി പറഞ്ഞിരിക്കുന്നതു്, മലബാർ ഭാഗത്തും, കൊച്ചി പ്രദേശത്തും അഞ്ചിലൊന്നായും മററു ഭാഗങ്ങളിൽ നാലിലൊന്നായും ഭേദഗതി ചെയ്യണമെന്നാണു് എന്റെ അഭിപ്രായം. അങ്ങനെയാണു് എന്റെ ഭേദഗതി. ഈ നിയമത്തിൽ ചെറുകിടക്കാർക്കു് കുറെ ആനുകൂല്യങ്ങൾ നാം നൽകിയിരിക്കുകയാണു് അവരുടെ കീഴിൽ എത്രയോ കുടിയാന്മാരുണ്ടു്. ചെറുകിടക്കാർക്കു ആനുകൂല്യങ്ങൾ കൊടുത്തതുകൊണ്ടു്, അവരുടെ കീഴിലുള്ള കുടിയാന്മാർക്കു പാട്ടം വർദ്ധിക്കാൻ ഇടയുണ്ടു്. ആ പാട്ടം കൊടുക്കാൻ കുടിയാൻ നിർബ്ബന്ധിതനായിത്തീരുന്നതാണു്. ചെറുകിടക്കാരുടെ കീഴിലുള്ള കുടിയാന്മാർക്കു കുറേ ആശ്വാസം നൽകാനുള്ള വ്യവസ്ഥ ഇതിൽ ഇല്ലാതിരുന്നാൽ ബുദ്ധിമുട്ടുണ്ടാകും. അതുകൊണ്ടു് ഇതിലെ വ്യവസ്ഥ മാററി, എന്റെ ഭേദഗതി സ്വീകരിക്കുന്നതു നന്നായിരിക്കും. മുൻ നിയമത്തിൽ അഞ്ചിലൊന്നായിരുന്നു നിശ്ചയിച്ചിരുന്നതു്. ഇപ്പോൾ അതു നാലിലൊന്നായി വർദ്ധിപ്പിച്ചിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ നാം കുറേ പിന്നോക്കം പോയിരിക്കുകയാണ്. കുടിയാനെ കുറേക്കൂടി വിഷമിപ്പിക്കുകയായിരിക്കും ഇതിന്റെ ഫലമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടാണ് ഞാൻ ഈ ചെറിയ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. വിശേഷിച്ച്, ഈ നിയമപ്രകാരം ചെറുകിടക്കാർക്ക് നൽകിയിരിക്കുന്ന ആനുകൂല്യങ്ങൾ അനുസരിച്ച് അവർ പാട്ടം ഈടാക്കുമ്പോൾ അതു സാധാരണ കുടിയാന്മാർക്കു താങ്ങാനാവാത്ത ഒരു ഭാരമായിരിക്കും. എന്റെ ഈ ഭേദഗതി സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. കെ. ആർ. വിജയൻ: മൂന്നാം ഷെഡ്യൂളിൽ, 8–ാം ഐറ്റം സംബന്ധിച്ചാണ് എന്റെ ഭേദഗതി. പുതിയ നിയമത്തിൽ, ഫിഷിംഗിനു വേണ്ടി നിലം കൊടുത്താൽ, അതിൽ നിന്നു കിട്ടുന്ന ആദായത്തിന്റെ എട്ടിലൊന്നു കൂടി പ്രതിഫല സംഖ്യയോടു കൂട്ടിച്ചേർത്തു കൊടുക്കണമെന്നാണു പറഞ്ഞിരിക്കുന്നത് ഈ രൂപത്തിലുള്ള ഒരു വ്യവസ്ഥ മുൻ നിയമത്തിലില്ലായിരുന്നു. ഫിഷിംഗിനു വേണ്ടി ഇപ്രകാരം കൊടുക്കുന്ന നിലങ്ങളെ സംബന്ധിച്ച് ഇങ്ങനെയൊരു ഭേദഗതി അവതരിപ്പിക്കേണ്ടി വന്നത്, എറണാകുളം ജില്ലയിൽ പല ഭാഗത്തും വാര കൃഷിക്കായി സ്ഥലം വാങ്ങിയിട്ടു, അതിൽ നെൽക്കൃഷി ചെയ്തു കഴിഞ്ഞാൽ പിന്നെ പരിപൂർണ്ണമായ ആദായം ജന്മിക്കു വിട്ടുകൊടുക്കുകയാണു ചെയ്യുന്നത്. നിലങ്ങൾ ഫിഷിംഗിനായി വാങ്ങിയാൽ അതിന്റെ ആദായം മുഴുവൻ ജന്മിക്കു കിട്ടിക്കൊണ്ടിരുന്ന ഒരു അവസ്ഥയുണ്ടായിരുന്നു. വസ്തുവിലുള്ള അവകാശം പൂർണ്ണമായി കുടിയാനു കൊടുത്തിട്ടുള്ള സ്ഥിതിക്കും അതിലുണ്ടാകുന്ന എല്ലാ ആദായവും എടുക്കുന്നതിനു കുടിയാനവനു് അവകാശമുണ്ട്. ഫിഷിംഗിനായി വാരനിലങ്ങളും, പാട്ടനിലങ്ങളും ഉപയോഗിച്ചു വരുന്നുണ്ട്. മൂന്നാം ഷെഡ്യൂളിൽ, സീരിയൽ നമ്പർ 1–ൽ 8–ാം ഐറ്റം വായിച്ചാൽ, അതു പാട്ടനിലത്തെ കൂടി ബാധിക്കും എന്നു് എനിക്കു തോന്നുന്നു. പാട്ടനിലത്തെ ബാധിക്കുകയാണെങ്കിൽ ജന്മിയും കുടിയാനും തമ്മിൽ കരാറു ചെയ്തിട്ടുള്ളതിൽ കൂടുതൽ പാട്ടം കൊടുക്കാൻ ഇടയാകും എന്ന സംശയം ഒഴിവാക്കാൻ വേണ്ടിയാണ് ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളത്. വാരനിലങ്ങൾക്കു മാത്രം ഇങ്ങനെയൊരു വിഹിതം പ്രതിഫലത്തിൽ കൊടുക്കണമെന്നു് എഴുതേണ്ടതാണ്. ഇപ്രകാരം ഒന്നില്ലാത്തതുകൊണ്ട് മുൻ കാലങ്ങളിൽ വളരെ അധികം വിഷമം ഉണ്ടായിട്ടുണ്ട്. അതു കൊണ്ട് വാരം വസ്തുക്കളെ സംബന്ധിച്ചു മാത്രം ഫിഷിംഗിന്റെ ആദായത്തിൽ എട്ടിലൊന്നു പ്രതിഫലം കൊടുക്കണമെന്നു വ്യക്തമാക്കാനാണ് എന്റെ ഭേദഗതി. ഈ ഭേദഗതിയോടു യോജിക്കത്തക്കവിധത്തിലാണ് 1030-ാമത്തെ ഭേദഗതിയും. അതു കൂടുതൽ സ്വീകാര്യമായിരിക്കുമെന്നു ചൂണ്ടിക്കാണിച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻ: മാഡം, ജന്മിമാർക്കു ഈ നിയമത്തിൽ വളരെ ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. മുഖ്യ വിളവിന്റെ പകുതിയാണ് രണ്ടാം വിളവെന്നുള്ള തത്വം ഈ നിയമത്തിൽ സ്വീകരിച്ചിട്ടില്ല. അതു പോലെ തന്നെ മററു പല ആനുകൂല്യങ്ങളും ജന്മിമാർക്കു കൊടുത്തിട്ടുള്ളതിന്റെ ഫലമായിട്ട്, ഇനിയും നാലിലൊന്നു പാട്ടം നിശ്ചയിച്ചാൽ അവർക്കു കിട്ടുന്ന ആനുകൂല്യങ്ങൾ ഇരട്ടിക്കാനാണിടയുള്ളത്. കാർഷിക ബന്ധനിയമത്തിൽ, 5–ൽ, 1 ആയിരുന്നു പാട്ടം നിശ്ചയിച്ചിരുന്നത് 5–ൽ 1 ആയിരുന്നാൽ പോലും ഇന്നത്തെ നിലയ്ക്കു് ജന്മിമാർക്കു കൂടുതൽ ആനുകൂല്യം കിട്ടുമാനാണിടയുള്ളത്. എന്റെ ഭേദഗതിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്, 6–ൽ 1 എന്നു ഭേദഗതി ചെയ്യണമെന്നാണ്.

കുടിയാന്റെ അധ്വാന ഫലമായി, ഭൂമി ഇരുപ്പൂനിലമായി മാററിയാൽ അതിന്റെ 10–ൽ, 1 പാട്ടം എന്നു ഭേദഗതി ചെയ്യണമെന്നു മറെറാരു ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. ദേവികുളം, പീരുമേട്, ഉടുമ്പൻചോല ഈ പ്രദേശങ്ങളിലെ നിലങ്ങൾക്കു മൊത്തവിളവിന്റെ 16–ൽ 1–ം, അട്ടപ്പാടിവാലി നിലങ്ങൾക്ക് 8–ൽ 1–ം പാട്ടം നിശ്ചയിക്കണമെന്നു ആവശ്യപ്പെടാൻ പ്രത്യേകം കാരണമുണ്ട്. അട്ടപ്പാടിയിലെ കൃഷിയും, വിളവും വ്യത്യസ്തമാണ്. കൃഷിസമ്പ്രദായത്തിലും സാരമായ വ്യത്യാസമുണ്ട്. അതുകൊണ്ട് ഇങ്ങനെ ഒരു തരംതിരിപ്പ് ആവശ്യമാണ്. ഈ പ്രദേശങ്ങൾ മലയുടെ മുകളിലാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൃഷ്ണൻ]

ണെങ്കിലും ശീതോഷ്ണാവസ്ഥ ഒരേ രീതിയിലാണെങ്കിലും ഒരു രീതിയിലുള്ള പാട്ടം നിശ്ചയിക്കുന്നതു ശരിയല്ല. അതു കൊണ്ടാണ് അട്ടപ്പാടിയിലേക്കു ഒരു പ്രത്യേകതരം പാട്ടം നിശ്ചയിക്കണമെന്നു പറയുന്നതു്.

പിന്നെ എന്റെ ഒരു ഭേദഗതി, പള്ളിയൽ ലാൻഡിനെയും ഡ്രൈലാൻഡിനെയും സംബന്ധിക്കുന്നതാണ്. ഈ രണ്ടിനം നിലങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നു് കാൺട്രാക്റ്റു പാട്ടം വളരെ കുറവാണ്. ചെറുകിട ജന്മിമാർക്കു ഇന്നനുവദിച്ചിരിക്കുന്ന ആനുകൂല്യങ്ങൾ അനുസരിച്ച് കാൺട്രാക്റ്റു പാട്ടത്തെക്കാൾ കൂടുതൽ കൊടുക്കേണ്ട ഒരു പരിതഃസ്ഥിതി വന്നു ചേരുന്നതാണ്. ഒന്നുകിൽ കാൺട്രാക്റ്റു പാട്ടം കൊടുക്കുക, അല്ലെങ്കിൽ ഏക്കറിനു് 2 രൂപാ കൊടുക്കുക—4 രൂപാ എന്നാണ് ഇതിൽ ചേർത്തിരിക്കുന്നതു്—അതിൽ ഏതാണോ കുറവ് അതു കൊടുക്കാൻ വ്യവസ്ഥ ചെയ്യണമെന്നാണ് എന്റെ ഭേദഗതി.

പിന്നെ ഞാൻ കൊടുത്തിട്ടുള്ള ഒരു ഭേദഗതി കരിമ്പു കൃഷിയെ സംബന്ധിച്ചുള്ളതാണ്. കരിമ്പു കൃഷിയെ സംബന്ധിച്ചിടത്തോളം ഇന്നു കൊടുത്തിരിക്കുന്നതിൽ കൂടുതൽ ആനുകൂല്യം നൽകണമെന്നാണ് എന്റെ ഭേദഗതിമൂലം ആവശ്യപ്പെടുന്നതു്. എന്റെ ഭേദഗതി സ്വീകരിച്ചാൽ തന്നെയും ജന്മിമാർക്കു കിട്ടുന്ന ആനുകൂല്യങ്ങൾ വളരെ കുറയുകയില്ല. അവരുടെ ആനുകൂല്യങ്ങൾ ഒന്നു പരിമിതപ്പെടുത്തണമെന്നേ എന്റെ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നുള്ളു. അങ്ങനെ ഒന്നു പരിമിതപ്പെടുത്തിയില്ലെങ്കിൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ ഭാരമായിരിക്കും. ഈ ഭാരം താങ്ങാൻ അവർക്കു നിവൃത്തിയില്ലാതെ വരുമെന്നുള്ളതു കൊണ്ടു് ഈ ഭേദഗതി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മാഡം, ഈ ബില്ലിൽ കൊടുത്തിട്ടുള്ള മൂന്നാമത്തെ ഷെഡ്യൂൾ ആകെ മാററി പഴയനിയമത്തിലുള്ള രീതിയിൽ തന്നെ ചെറിയ ഒരു ഭേദഗതി വരുത്തിക്കൊണ്ടു് ഇതിൽ ചേർക്കണമെന്നാണ് എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു്. പാട്ടം കൂട്ടുന്നതിനെ സംബന്ധിച്ചും മററു പല കാര്യങ്ങളെപ്പററിയും ഇവിടെ പരാമർശിക്കപ്പെട്ടിട്ടുണ്ടു്. നിലത്തിന്റെ കാര്യത്തിൽ വിളവിന്റെ കാര്യത്തിൽ പാട്ടം നിശ്ചയിക്കുമ്പോൾ മൊത്തവിളവിന്റെ ആറിലൊന്നു്, അഞ്ചിലൊന്നു്, നാലിലൊന്നു് ഇങ്ങനെ നിശ്ചയിക്കണമെന്നായിരുന്നു മുൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നതു്. അതു റൂൾസിൽ കൊണ്ടുവന്ന വ്യവസ്ഥയാണ്. നാലിലൊന്നിൽ കുറയാൻ പാടില്ലെന്നും ആറിലൊന്നിൽ കൂടാൻ പാടില്ലെന്നുമാണ് ആക്റ്റിൽ ഉൾക്കൊള്ളിച്ചിരുന്നതു്. അടിസ്ഥാനപരമായ നിലയ്ക്കു് ഏററവും പാട്ടം കൂടുതൽ കൊടുക്കേണ്ട നിലപാടാണ് ഈ ഗവണ്മെന്റു് റൂൾ ഉണ്ടാക്കിയ സന്ദർഭത്തിൽ പാട്ടത്തോതു് നിശ്ചയിച്ചിട്ടുള്ളതു്. പഴയ നിയമപ്രകാരം പാട്ടം മൊത്തവിളവിന്റെ ആറിലൊരുഭാഗം മലബാർ പ്രദേശത്തും, അഞ്ചിലൊന്നു് തൃശ്ശൂരിലും, നാലിലൊന്നു് മററു ജില്ലകളിലും കൊടുത്താൽ മതിയായിരുന്നു. ഇപ്പോൾ അതു് മാററിയിട്ടു് എല്ലായിടത്തും മൊത്തവിളവിന്റെ നാലിലൊരുഭാഗം പാട്ടമായിട്ടു് കൊടുക്കണമെന്നുള്ള വ്യവസ്ഥ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. അങ്ങനെ ഉൾക്കൊള്ളിച്ചിരിക്കുന്നതിന്റെ കാരണം പറയുന്നതു് എറണാകുളം ജില്ലയിൽ നാലിലൊന്നായിരുന്നു, അതുകൊണ്ടു് ഞങ്ങൾ എല്ലായിടത്തും ഒരുപോലെയാക്കിയെന്നാണ്. ഇതു് വെറും പ്രചരണത്തിനുവേണ്ടി ഉപയോഗപ്പെടുത്താമെന്നല്ലാതെ കൃഷിക്കാർക്കു് യാതൊരുവിധത്തിലുള്ള ഗുണവും ഇതുകൊണ്ടു് ലഭിക്കുകയില്ല. ഈ ബില്ലിന്റെ രണ്ടാം വകുപ്പിൽ മര്യാദപാട്ടം നിശ്ചയിക്കുന്നതിനെ സംബന്ധിച്ച് പരാമർശനങ്ങൾ തുടങ്ങി ഇതുവരെ നടത്തിയിട്ടുള്ള പരാമർശനങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കും പാട്ടത്തിന്റെ അടിസ്ഥാനമായ മൊത്തവിളവു് കണക്കാക്കുന്നതിൽ വളരെയധികം ദോഷങ്ങൾ കൃഷിക്കാർക്കു് വന്നിട്ടുണ്ടു് എന്നു്. അതിന്റെ അടിസ്ഥാനത്തിൽ പാട്ടത്തോതു് വളരെയധികം കൂടാനിടയുണ്ടു്. എല്ലാ ഭാഗത്തും കൃഷിക്കാർക്കു് ദ്രോഹം ചെയ്യുകയെന്നുള്ള ഒരു നിർബന്ധബുദ്ധിയാണ് ഗവണ്മെന്റു് ഈ ബില്ലിൽ സ്വീകരിച്ചിരിക്കുന്നതു്. അതു് മാററിയിട്ടു് കൃഷിക്കാർക്കു് കുറച്ചെങ്കിലും ഗുണം കിട്ടണമെങ്കിൽ മൊത്തവിളവിന്റെ തോതു് നിശ്ചയിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സമയത്തു് പാട്ടത്തോതു് ആറിലൊന്നു് എന്നുള്ള നിരക്കു് സ്വീകരിക്കുകയെങ്കിലും ചെയ്യേണ്ടതാണു്. ഈ ബില്ലിന്റെ എല്ലാഭാഗത്തും കാവൽ ഭടന്മാരെ ജന്മിമാർക്കുവേണ്ടി സൂക്ഷിച്ചു നിറുത്തിയിരിക്കുന്നതുപോലെ, കൃഷിക്കാർ ചെല്ലുന്നിടത്തു് എല്ലാം അവരെ തോൽപ്പിക്കത്തക്കവിധത്തിലുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരിക്കുകയാണു്. ഈ ബിൽ ചർച്ചചെയ്തുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ പോലും കൃഷിക്കാർക്കു് എതിരായിട്ടുള്ള അടികൾ തന്നെയാണു് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും കൃഷിക്കാരുടെ മേൽ വന്നു വീണുകൊണ്ടിരിക്കുന്നതു്. ഇക്കാര്യത്തിൽ ഒരു ദയാബുദ്ധിയെങ്കിലും കൃഷിക്കാരുടെ മേൽ കാണിക്കണമെന്നാണു് എനിക്കു് അപേക്ഷിക്കുവാനുള്ളതു്. അതായതു് മൊത്തവിളവു നിശ്ചയിച്ചു് അതിന്റെ അടിസ്ഥാനത്തിൽ പാട്ടത്തോതു് ആറിലൊന്നു് കൊടുത്താൽ മതി എന്നുള്ള രീതി സ്വീകരിക്കുകയാണെങ്കിൽ കുറച്ചാശ്വാസം ലഭിക്കും. ഞാൻ എല്ലാ കാര്യങ്ങളെപ്പറ്റിയും വിശദീകരിക്കാൻ പോകുന്നില്ല. ഇവിടെ പല ബഹുമാനപ്പെട്ട മെമ്പറന്മാരും ഇതിനെപ്പറ്റി പല കാര്യങ്ങളും വിശദമായി പറഞ്ഞിട്ടുണ്ടു്. അക്കാര്യങ്ങളോടു് ഞാനും യോജിക്കയാണു്.

എനിക്കു് ഒരു കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു് ഫിഷിംഗിന്റെ ആകെ വിഹിതത്തിൽ എട്ടിലൊന്നു് കൊടുക്കണമെന്നുള്ളതിനെപ്പറ്റിയാണു്. ഈ ബില്ലിൽ പുതിയതായ ഒരു ഐറ്റമാണു് ഇതു്. ശ്രീമതി കെ. ആർ. ഗൗരി ഈ ഐറ്റം അതേപടി എടുത്തുകളയണമെന്നു കാണിച്ചു് ഒരു ഭേദഗതി കൊടുത്തിട്ടുണ്ടു്. അതിന്റെ തത്വത്തോടു ഞാൻ യോജിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ആ ഭേദഗതി സ്വീകരിക്കുമെങ്കിൽ ഞാൻ ഇതിൽ കൊടുത്തിട്ടുള്ള ഭേദഗതി പ്രസ് ചെയ്യാതിരിക്കുന്നതിനും തയ്യാറാണു്. പഴയ നിയമത്തിൽ ഈ വിഹിതം കൊടുക്കേണ്ട ബാദ്ധ്യത ഉണ്ടായിരുന്നില്ല. ശ്രീ. വിജയൻ പറയുകയുണ്ടായി എറണാകുളം ജില്ലയിൽ പറവൂർ, കണയന്നൂർ എന്നീ സ്ഥലങ്ങളിലും വൈക്കത്തുമാണു് മുഖ്യമായും മത്സ്യാദായം കിട്ടുന്നതു് എന്നു്. ഇതിനു മുമ്പു ഇതിൽ ഒരു വ്യവസ്ഥ സ്വീകരിക്കേണ്ടതിനെപ്പറ്റി ഞാൻ ഒരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുകയുണ്ടായില്ല. അന്നു് അതു് സ്വീകരിക്കാത്തതിനു് അദ്ദേഹം ന്യായമൊന്നും പറഞ്ഞില്ല. വാര നിലത്തിൽനിന്നാണു് മത്സ്യം പിടിക്കുന്നതെന്നും, ആ നിലത്തിൽ മര്യാദ പാട്ടം നിശ്ചയിക്കുന്നതിനുള്ള നടപടികൾ എടുക്കുകയും പിന്നീടു് അങ്ങനെ നിശ്ചയിച്ച തോതിന്റെ പന്ത്രണ്ടു് ഇരട്ടി റൊക്കം കെട്ടിവച്ചാൽ കൃഷിക്കാരനു് വാരനിലം സ്വന്തമാക്കാൻ കഴിയും. അങ്ങനെ നിലം സ്വന്തമായാൽ പിന്നീടു് മത്സ്യം ആദായം കൃഷിക്കാരനുതന്നെ എടുക്കാനും കഴിയും. അങ്ങനെ എന്റെ ഭേദഗതി സ്വീകരിക്കാതിരിക്കുന്നതിനുള്ള കാരണം കൃഷിക്കാരനു് ഇന്നുള്ള അവകാശം നഷ്ടപ്പെടാനിടയാകുമെന്നുള്ള നിലയിലാണെന്നു തോന്നുന്നു. പക്ഷെ അന്നു് ബഹുമാനപ്പെട്ട മന്ത്രി അതിനു് വ്യക്തമായ മറുപടി പറഞ്ഞില്ല. എനിക്കു് പറയുവാനുള്ളതു് മത്സ്യപിടുത്താദായത്തിന്റെ വിഹിതം ജന്മിക്കു് കൊടുക്കേണ്ടതില്ലായിരുന്നു. ഇപ്പോൾ അതിന്റെ എട്ടിലൊരുഭാഗം ജന്മിക്കുകൂടി കൊടുക്കണമെന്നുള്ള ഒരു പുതിയ വ്യവസ്ഥ ഉൾക്കൊള്ളിച്ചിരിക്കുകയാണു്. ഈ വ്യവസ്ഥ ഉൾക്കൊള്ളിക്കുന്ന സമയത്തു് മത്സ്യപിടുത്തത്തിനുവേണ്ടി വരുന്ന ചിലവും അതിൽനിന്നും കിട്ടുന്ന ആദായവും എല്ലാം കൂടി പരിശോധിക്കേണ്ടതാണു്. വൈപ്പിൻ കരയിൽ മത്സ്യപിടുത്തം ആരംഭിക്കുന്നതിനു മുമ്പു ഒരു ഏക്കർ നിലത്തിൽ നിന്നു് ശരാശരി 120 പറയോളം നെല്ലുകിട്ടുമായിരുന്നു. പാട്ടം അറുപതു പറ കൊടുക്കണം. ഇതു് അവിടെയുള്ള ചില കൃഷിക്കാർ അവരുടെ അനുഭവത്തിലുള്ളതു് എഴുതി അറിയിച്ചുതന്നിട്ടുള്ള വിവരങ്ങളിൽ നിന്നാണു് ഞാൻ പറയുന്നതു്. എന്നാൽ ഇപ്പോൾ മത്സ്യം പിടുത്തം വന്നതിനുശേഷം 120 പറ നെല്ലുകിട്ടിക്കൊണ്ടിരുന്നിടത്തുനിന്നു് 75 പറയാണു് കിട്ടുന്നതെന്നു് ഏതാണ്ടു് 150 രൂപയോളം കൃഷിക്കുവേണ്ടി ചിലവുവരുന്നുണ്ടു്. അങ്ങനെ കിട്ടുന്ന 75 പറയിൽ നിന്നും ഇപ്പോഴും അറുപതുപറ പാട്ടം കൊടുക്കണം. ഇതിന്റെ ഫലമായി കൃഷിക്കാർക്കു് യാതൊരുവിധത്തിലുള്ള ഗുണവും കിട്ടാൻ ഇടയില്ല. ഇങ്ങനെ 120 പറ കിട്ടിക്കൊണ്ടിരുന്നിടത്തു് 75 പറയായി ചുരുങ്ങാനുള്ള കാരണം മത്സ്യം പിടുത്തം കൊണ്ടാണു്. മത്സ്യം പിടിക്കുന്നതിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. കെ. രാമകൃഷ്ണൻ]

സമയത്തു് കൃഷിയിറക്കാൻ സാധിക്കുന്നില്ല. അതിന്റെ ഫലമായി വിളവു് താരതമ്യേന കുറയുന്നു. അങ്ങനെ വരുന്ന നഷ്ടം നികത്തുന്നതിനു് മത്സ്യം പിടുത്തം മൂലം കിട്ടുന്ന ആദായം ആണു് ഉപയോഗിച്ചുകൊണ്ടിരിക്കുന്നതു്. അതു് ഈ പുതിയ വ്യവസ്ഥ പ്രകാരം ജന്മിക്കു് കൊടുക്കണമെന്നു വരുന്നതോടുകൂടി കൃഷിക്കാർക്കു് വളരെയധികം ഉപദ്രവം ഉണ്ടാകുന്നതാണു്. അതുകൊണ്ടു് മത്സ്യാദായത്തിന്റെ വിഹിതം കൊടുക്കണമെന്നുള്ളതു് എടുത്തുകളയണമെന്നുള്ളതാണു് എനിക്കു് പറയുവാനുള്ളതു്.

<u>ശ്രീ. കെ. ആർ. വിജയൻ :</u> കൃഷികഴിഞ്ഞു് നിലം വെറുതെ ഇടുമ്പോഴാണു് ചെമ്മീൻകെട്ടു് ആരംഭിക്കുന്നതു്. അതുകൊണ്ടു് യാതൊരുതരത്തിലും ചെമ്മീൻകെട്ടുള്ളതുകൊണ്ടു് വിളവു് മോശമാകുകയോ കൃഷിയിറക്കുന്നതിനു് തടസ്സമുണ്ടാകുകയോ ചെയ്യുകയില്ല. അതുകൊണ്ടു് ഇങ്ങനെ വസ്തുനിഷ്ഠമല്ലാത്ത കാര്യങ്ങൾ സഭയിൽ പറയുന്നതു് ശരിയാണോ ?

<u>ശ്രീ. ടി. കെ. രാമകൃഷ്ണൻ :</u> ഇതിനെപ്പററി അനുഭവമുള്ള ആളുകൾ എഴുതി അയച്ചതും ഇതിനെപ്പററി ചർച്ചചെയ്തിട്ടുള്ളതുമായ അഭിപ്രായമാണു് ഞാൻ പറയുന്നതു്.

<u>ശ്രീമതി കെ. ആർ. ഗൗരി :</u> സാധാരണ നിലങ്ങളിൽ നിന്നു് ചെമ്മീനും മററു മത്സ്യങ്ങളും പിടിക്കുന്നതു് ഉപ്പുവെള്ളം നിലത്തിൽ കയററിയിട്ടാണെന്നറിയാമോ ? അങ്ങനെ ഉപ്പുവെള്ളം നിലത്തിൽ കയററുന്നതു് കൃഷിയെ സാരമായി ബാധിക്കുമെന്നുള്ളതും അറിയാമോ ?

<u>ശ്രീ. ടി. കെ. രാമകൃഷ്ണൻ :</u> ഉപ്പുവെള്ളം കയററിയാണു് മത്സ്യം പിടിക്കുന്നതു്. അതിന്റെ ഫലമായി കൃഷിക്കു് വളരെ ദോഷം ഉണ്ടാകുന്നുണ്ടു്.

<u>ശ്രീ. പി. ടി. ചാക്കോ :</u> അനുഭവമുള്ളവർ എഴുതി അറിയിച്ചതിന്റെ വെളിച്ചത്തിൽനിന്നാണു് പറയുന്നതെന്നു പറഞ്ഞു. എനിക്കു് വലിയ നിശ്ചയമില്ലാത്ത ഒരു ഏർപ്പാടാണു് ഇതു്. പാട്ടം കൊടുക്കുന്ന നിലത്തിൽ നിന്നും വാരം കൊടുക്കുന്ന നിലത്തിൽ നിന്നും മത്സ്യാദായം കൊടുക്കുന്നതിൽ വല്ല വ്യത്യാസവും ഉണ്ടോ ? ഇന്നു് നിലവിലിരിക്കുന്ന വ്യവസ്ഥ എന്താണെന്നു പറയാമോ ?

<u>ശ്രീ. ടി. കെ. രാമകൃഷ്ണൻ :</u> വാരം കൊടുക്കുന്ന നിലത്തിൽ വിളവെടുത്തു കഴിഞ്ഞാൽ ആ നിലങ്ങൾ മത്സ്യാദായം എടുക്കുന്നതിനുവേണ്ടി വാരക്കാരുടെ കൈവശത്തിൽനിന്നെടുത്തു് ജന്മികൾ ലേലം ചെയ്തുകൊടുക്കുന്നു. ലേലത്തിൽ ഏററവും കൂടുതൽ സംഖ്യ കിട്ടുന്ന ആൾക്കു് ആ നിലത്തിൽ നിന്നും മത്സ്യം പിടിക്കാൻ അനുവദിക്കുകയും ചെയ്യും.

<u>ശ്രീ. പി. ടി. ചാക്കോ :</u> ഞാൻ ചോദിച്ചതു് വാരനിലവും പാട്ടനിലവും തമ്മിൽ വ്യത്യാസമുണ്ടോയെന്നാണു് ?

<u>ശ്രീ. ടി. കെ. രാമകൃഷ്ണൻ :</u> വാരനിലത്തിലാണെങ്കിൽ മത്സ്യം പിടിക്കുന്നതിനു് വിളവെടുത്തുകഴിഞ്ഞതിനുശേഷം ലേലംചെയ്തുകൊടുക്കും. പാട്ടനിലത്തിലാണെങ്കിൽ അതിലെ കൃഷിക്കാർക്കു് തന്നെ മത്സ്യം പിടിക്കുന്നതിനുള്ള അവകാശമുണ്ടു്. എനിക്കു് പറയുവാനുള്ളതു് വാരക്കാർക്കുകൂടി മത്സ്യം പിടിക്കുന്നതിനുള്ള അവകാശം കൊടുക്കണമെന്നാണു്. മാത്രമല്ല ഇങ്ങനെ ലേലം ചെയ്തുകൊടുക്കുന്നതിന്റെ ഫലമായി അവർക്കു് വീണ്ടും കൃഷിചെയ്യാൻ ഇടയാകാതെ വരുന്നു. കാരണം, കൃഷിക്കാരുടെ കൈവശത്തിൽനിന്നെടുത്താണു് മത്സ്യം പിടിക്കുന്നതിനു് ലേലം ചെയ്തുകൊടുക്കുന്നതു്. അങ്ങനെ ലേലം ചെയ്തുകൊടുത്തു മത്സ്യാദായം എടുത്തതിനുശേഷം വീണ്ടും കൃഷിയിറക്കാൻ സമയമാകുമ്പോൾ കൃഷിക്കാർക്കു് ജന്മിമാർ നിലം കൊടുക്കുന്നില്ല. അതിന്റെ ഫലമായി വളരെയധികം കുഴപ്പങ്ങളുണ്ടാകുന്നുണ്ടു്. വാരനിലത്തിലും പാട്ടനിലത്തിലും തമ്മിൽ മത്സ്യം പിടിക്കുന്നതിലുള്ള വ്യത്യാസം

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കുന്നതിനുവേണ്ടി ഇവിടെ ഒരു ഭേദഗതി അവതരിപ്പിച്ചിരുന്നു. ആ ഭേദഗതി സ്വീകരിച്ച് മത്സ്യാദായം എടുക്കുന്നതിനുള്ള അവകാശം കൃഷിക്കാർക്ക് കൊടുത്താലും അവർക്ക് കുറെ നഷ്ടം വരാനിടയുണ്ട്. ആ നഷ്ടം നികത്തുന്നതിനുവേണ്ടി ആദായത്തിന്റെ എട്ടിലൊന്ന് ജന്മിക്ക് കൊടുക്കണമെന്നുള്ളത് മാററിയിട്ട് പതിനാറിലൊന്നാക്കണമെന്നാണ് എന്റെ ഭേദഗതികൊണ്ട് ആവശ്യപ്പെടുന്നത്.

ശ്രീ. പി. ടി. ചാക്കോ: ഇതിനുമുമ്പ് വാരനിലങ്ങളിൽ കൃഷിക്കാർക്ക് കൃഷിയിൽ ഒരവകാശവും ഇല്ലായിരുന്നുവെന്നും, മുഴുവൻ അവകാശവും ജന്മിക്കായിരുന്നുവെന്നാണോ പറയുന്നത്?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആദ്യമാദ്യം വാരനിലങ്ങളിൽ നിന്നും മത്സ്യാദായം എടുക്കുന്നതിനും കൃഷിചെയ്യുന്നതിനുമുള്ള അധികാരം കൃഷിക്കാർക്ക് തന്നെയായിരുന്നു. ഇന്നും ചിലസ്ഥലങ്ങളിൽ അങ്ങനെയുണ്ട്. പിന്നെ നിയമം വന്നതോടുകൂടി മത്സ്യാദായം എടുക്കുന്നതിനുള്ള അവകാശത്തിന് ജന്മി ലേലംചെയ്തുകൊടുക്കും. അങ്ങനെ ലേലം ചെയ്തുകൊടുത്ത് മത്സ്യാദായം എടുത്തതിനുശേഷം വാരക്കാർക്ക് നിലം കൃഷിചെയ്യുന്നതിന് ജന്മിമാർ വിട്ടുകൊടുക്കുകയില്ല. ഇതിന്റെ ഫലമായി അഞ്ചെട്ടു കേസുകൾ ഉണ്ടായിട്ടുള്ളതായി ശ്രീ. വിജയനു തന്നെ അറിയാവുന്നതാണ്. ഇങ്ങനെയുള്ള കുഴപ്പങ്ങളൊന്നും വരാതിരിക്കുന്നതിനുവേണ്ടിയാണ് വാരനിലങ്ങളിൽ നിന്നും മത്സ്യാദായം എടുക്കുന്നതിനുള്ള അവകാശം വാരക്കാർക്ക് തന്നെ കൊടുക്കണമെന്ന് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് വാരക്കാർക്ക് മുമ്പില്ലാതിരുന്ന ആനുകൂല്യങ്ങളാണ് ഈ ബിൽ മുഖേന കൊടുക്കുന്നതെന്ന്. കൃഷിക്കാർക്ക് മത്സ്യാദായമെടുക്കാനുള്ള ആനുകൂല്യം ഉണ്ടായിരുന്നു. ചിലേടത്തു ഇപ്പോഴും ഉണ്ട്. പനമ്പുകാട് തുടങ്ങിയ സ്ഥലങ്ങളിൽ പിന്നെ വാരക്കാർക്ക് സ്ഥിരാവകാശം വന്നപ്പോഴാണ് ജന്മിമാർ കൃഷിക്കാരെ തോൽപ്പിക്കാൻകൂടി ഈ ആനുകൂല്യം നിഷേധിച്ചതാണ്. ആക്കാര്യത്തിൽ ഗവണ്മെന്റ് കൃഷിക്കാരെ സഹായിച്ചില്ല.

ഏതായാലും എനിക്ക് പറയുവാനുള്ളത് ഒന്നുകിൽ ഇതിൽ ശ്രീമതി ഗൗരി അവതരിപ്പിച്ചിട്ടുള്ള അമെന്റുമെന്റ് അനുസരിച്ച് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസ്ഥ അതേപോലെ എടുത്തുകളയണം. അല്ലെങ്കിൽ വാരനിലങ്ങളിൽ മത്സ്യാദായം എടുക്കുന്നതിനുള്ള അവകാശം കൃഷിക്കാർക്ക് വിട്ടുകൊടുക്കുകയും ആദായത്തിന്റെ എട്ടിലൊന്ന് വിഹിതമായി കൊടുക്കണമെന്ന് പറയുന്നത് പതിനാറിലൊന്നാക്കുന്നമെന്നുമാണ് എന്റെ ഭേദഗതിമൂലം ആവശ്യപ്പെടുന്നത്. ഇതിൽ ഏതെങ്കിലും ഒരു ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Deputy Speaker: Order, Order. The House will now adjourn for tea for ten minutes. The members of the Press are also invited.

(The Assembly adjourned at 5.30 p.m. and re-assembled at 5.40 p.m. with the Deputy Speaker in the Chair.)

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: എന്റെ ഭേദഗതി യാതൊരു പ്രയാസവും കൂടാതെ ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വീകരിക്കണമെന്നുണ്ടെങ്കിൽ സ്വീകരിക്കാവുന്നതാണ്. എന്റെ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ അതുകൊണ്ട് ബഹുഭൂരിപക്ഷം വരുന്ന അദ്ധ്വാനിക്കുന്ന കൃഷിക്കാർക്ക് ഗുണം ഉണ്ടാകും. അതല്ല എന്റെ ഭേദഗതി സ്വീകരിക്കുന്നില്ലെങ്കിൽ "പാററിത്തീനികളും ഇത്തിക്കണ്ണികളുമായ" കുറെ ജന്മിമാർക്ക് ഗുണം കിട്ടും.

ശ്രീ. ആർ. രാഘവമേനോൻ: ജന്മിമാരെപ്പററി എന്താണ് പറഞ്ഞത്? ജന്മിമാരുടെ വക അനുഭവിച്ചുകൊണ്ട് ഇങ്ങനെതന്നെ പറയണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഞാൻ ജന്മിമാരെപ്പററി പറഞ്ഞതു് "പററിത്തീനികളും ഇത്തിക്കണ്ണികളുമായ" എന്നാണു്. അതായതു് കൃഷിക്കാർ അദ്ധ്വാനിക്കുന്നതിന്റെ ഓഹരിപററി മണ്ണിൽ വേല എടുക്കാതെ സുഖമായി കഴിഞ്ഞുകൂടുന്നവരാണു് ജന്മിമാർ. ഇത്തിക്കണ്ണികളെന്നു പറയുന്നതു് വടക്കെ മലബാറിലൊക്കെ പുല്ലുന്നി എന്നുപറയും. ഈ ചെടി മുരുക്കിലും മററു വൃക്ഷങ്ങളിലുമൊക്കെ പടർന്നുപിടിച്ചുകിടക്കും. ഇതിനു് വേരില്ല. ഈ ചെടി അതു പടർന്നുപിടിച്ചുകിടക്കുന്ന വൃക്ഷം എടുക്കുന്ന ആഹാരത്തിൽ നിന്നു് ഓഹരിപററിക്കൊണ്ടു് സുഖമായി കഴിഞ്ഞുകൂടുകയാണു്. ആ ചെടി സ്വന്തമായി ആഹാരം സമ്പാദിക്കുകയോ മറെറാന്നും ചെയ്യുന്നില്ല. അതുപോലുള്ള കുറേ ജന്മിമാർ നമ്മുടെ നാട്ടിലുണ്ടു്. കൃഷിക്കാർ ഭൂമിയിൽ അദ്ധ്വാനിച്ചുണ്ടാക്കുന്നതിൽനിന്നു് പാട്ടപ്പണം വാങ്ങി ജന്മിമാർ മാന്യമായി, സുഖമായി ജീവിക്കുകയാണു്. പക്ഷേ അവർ മണ്ണിൽ കൈകുത്താറില്ല. ഈ അർത്ഥത്തിലാണു് ഞാൻ "പററിത്തീനികളും ഇത്തിക്കണ്ണികളു"മെന്നു പറഞ്ഞതു്.

ഇവിടെ ഭൂമി കൃഷിക്കാരുടെ അദ്ധ്വാനം കൊണ്ടാണു് നിലമാക്കി മാററീട്ടുള്ളതു്. വയനാടു്, ഉടുമ്പൻചോല എന്നീ താലൂക്കുകൾ ഒഴികെയുള്ള അത്തരം ഭൂമികളെ സംബന്ധിച്ചിടത്തോളം മൊത്തം വിളവിന്റെ 1/8 പാട്ടം കൊടുക്കണമെന്നാണു് ഇതിൽ പറയുന്നതു്. ഞാൻ ഭേദഗതി കൊടുത്തിട്ടുള്ളതു് അതു് 1/9 ആക്കണമെന്നാണു്. ആ നിലയിൽ വലിയ വ്യത്യാസം അതിനു് വരുന്നില്ല. നേരേമറിച്ചു് അതു് പഴയനിയമത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാവുന്ന ഒന്നാണു്. പിന്നെ ഞാൻ വേറൊരു ഭേദഗതി കൊടുത്തിട്ടുണ്ടു്. മലബാർ കുടിയായ്മ നിയമത്തിലെ 6, 7, 8 വകുപ്പുകളനുസരിച്ചു് നോക്കിയാൽ നമുക്കു് ഒരു കാര്യം കാണാൻ കഴിയുന്നതാണു്. അതിൽ ഒരു പ്രത്യേകഇനത്തിന്റെ കാര്യം പറഞ്ഞിട്ടുണ്ടു്. കൃഷിപ്പറമ്പുകളോ കൃഷിസ്ഥലമോ ഇരുപ്പൂനിലമായി കൃഷിക്കാരൻ അദ്ധ്വാനിച്ചു് മാററിയിട്ടുണ്ടെങ്കിൽ ആ സ്ഥലത്തിന്റെ പാട്ടം ഇന്നതാണെന്നു അതിൽ പറഞ്ഞിട്ടുണ്ടു്. ഒരുപ്പൂനിലംതന്നെ കൃഷിക്കാരൻ അദ്ധ്വാനിച്ചതിന്റെ ഫലമായിട്ടാണു് ഇരുപ്പൂനിലമായി മാററിയിട്ടുള്ളതു്. മലബാർ കുടിയായ്മ നിയമത്തിൽ ഒരു കാര്യം വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. കുടിയാൻ അദ്ധ്വാനിച്ചതിന്റെ ഫലമായി ഒരുപ്പൂനിലം ഇരുപ്പൂനിലമായി മാറിയിട്ടുണ്ടെങ്കിൽ പാട്ടം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം അതു ഒരുപ്പൂവായി മാത്രമേ പരിഗണിക്കാവൂ എന്നു് മലബാർ കുടിയായ്മ നിയമത്തിൽ പറഞ്ഞിട്ടുണ്ടു്. അതു ഈ നിയമത്തിൽ ഇല്ല. ഇതിന്റെ ഫലമായി കൃഷിക്കാരൻ അദ്ധ്വാനിച്ചു് കഷ്ടപ്പെട്ടു ഉണ്ടാക്കിയതു് ജന്മിക്കു് കൂടുതൽ പാട്ടമായി കൊടുക്കാൻ ഇടവരുത്തുന്നു. പ്രത്യേകിച്ചും നമ്മുടെ മലയോരപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളവും അതിനു് തൊട്ടുകിടക്കുന്ന സ്ഥലങ്ങളിലുമെല്ലാം തന്നെ ആയിരക്കണക്കിനു് ഏക്കർ ഒരുപ്പൂനിലങ്ങൾ ഇരുപ്പൂനിലങ്ങളായി മാററാൻ സാധിക്കുന്നതാണു്. അദ്ധ്വാനംകൊണ്ടു് ഇത്തരം സ്ഥിതിവിശേഷം ഈ നിലങ്ങളെ സംബന്ധിച്ചു് ഉണ്ടാക്കാൻ കഴിയുമെന്നുള്ളതിന്റെ ഉത്തമദൃഷ്ടാന്തം വടക്കേ മലബാറിലെ പൈതൽമല ചുവടിലൊക്കെ കാണാൻ സാധിക്കും. അങ്ങനെയുള്ള അദ്ധ്വാനത്തിനു് ഒരു പ്രോൽസാഹനം കൊടുക്കത്തക്കരീതിയിലാണു് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്. എന്റെ ഭേദഗതി ഇതാണു്.

'Nilam converted into double crop by tenant's labour shall be deemed to be that of a single crop nilam for the purpose of this section."

കൃഷിക്കാരന്റെ അദ്ധ്വാനഫലമായി ഒരുപ്പൂനിലം ഇരുപ്പൂനിലമായി മാററിയിട്ടുണ്ടെങ്കിൽ ആ നിലത്തിനു് പാട്ടം കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഒരുപ്പൂനിലമായി മാത്രമേ പരിഗണിക്കാവൂ എന്നാണു് എന്റെ ഭേദഗതി. ഈ വ്യവസ്ഥ മലബാർ കുടിയായ്മ നിയമത്തിലുള്ളതാണു്. ഇതു് കാലാകാലമായി കൃഷിക്കാരൻ അനുഭവിച്ചു വന്നിട്ടുള്ള ഒരു അവകാശമാണു്. അതു് ഇവിടെ വിട്ടുപോയതാണെന്നാണു് എനിക്കു് തോന്നുന്നതു്. അതുകൊണ്ടു് എന്റെ ഈ ഭേദഗതി സ്വീകരിക്കണമെന്നു് ഞാൻ ഗവണ്മെന്റിനോടു് അഭ്യർത്ഥിക്കുന്നു.

അടുത്തതു് കൈപ്പാട്ട് കൃഷിയെ സംബന്ധിച്ചുള്ളതാണു്. ഇന്നു് പ്രത്യേകമായിട്ടു് റവന്യൂ റിക്കാർഡുകളെല്ലാംതന്നെ മറെറാരുവിധത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടു്. അങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള സ്ഥിതിക്കു് കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ദുർ വ്യാഖ്യാനം ചെയ്യാൻ ഇടവരുത്തരുതെന്നുള്ളതുകൊണ്ടാണു് പ്രത്യേകിച്ചു് അതു ചേർക്കണമെന്നു് ഞാൻ പറയുന്നതു്. ഇവിടെത്തന്നെ പാട്ടം കണക്കാക്കുന്ന സ്ഥലത്തുതന്നെ അതു വ്യക്തമായി പറഞ്ഞാൽ സംശയത്തിനു് ഇടവരുകയില്ല. കണ്ണൂർ, എറണാകുളം, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലാണു് ഇത്തരത്തിലുള്ളതായ കൃഷി നടത്തുന്നതെന്നു ഷെഡ്യൂളിൽ പറയുന്നുണ്ടു്. മററു സ്ഥലങ്ങളിലെ കൃഷിയുടെ സ്വഭാവം എന്താണെന്നു് എനിക്കറിഞ്ഞുകൂടാ. ഞങ്ങളുടെ സ്ഥലങ്ങളിലെല്ലാം കൈപ്പാട്ടു കൃഷി ഉപ്പുവെള്ളം കെട്ടിക്കിടന്ന സ്ഥലങ്ങളിൽ മണ്ണു കുത്തിയിട്ടു് അതിന്റെ മേലാണു് ചെയ്യുന്നതു്. അതിനു് കുതിരു എന്നാണു് പറയുന്നതു്. ഇതു് വളരെ വിഷമമുള്ള ഒരു കൃഷിയാണു്. അതുകൊണ്ടാണു് മലബാർ കുടിയായ്മ നിയമത്തിൽ ഇതിനു് പാട്ടം വളരെ കുറച്ചുകൊടുത്തിട്ടുള്ളതു്. ആറിലൊന്നു് പാട്ടം കൊടുക്കേണ്ടിവന്നാൽ ഇത്തരം കൃഷിചെയ്യുന്ന കൃഷിക്കാർക്കു് യാതൊന്നും കിട്ടുകയില്ല. അതുകൊണ്ടു് ഇത്തരത്തിലുള്ള കൃഷിതന്നെ ഉപേക്ഷിക്കാൻ പ്രചോദനം നൽകിയേക്കും. അതുകൊണ്ടു് പന്ത്രണ്ടിലൊന്നു് എന്നാക്കണമെന്നാണു് എന്റെ ഭേദഗതി.

പിന്നെ വേറൊരു കാര്യം പാട്ടത്തിനെ സംബന്ധിച്ചും മററും ആർബിട്ടറിയായിട്ടു് മാത്രമേ നിശ്ചയിക്കാൻ പാടുള്ളു എന്നാണു് പറഞ്ഞിട്ടുള്ളതു്. വാസ്തവത്തിൽ ഈ പാട്ടം ഓരോ താലൂക്കിൽ തന്നെയും വ്യത്യസ്തപ്പെട്ടതാണു്. ഓരോ ഗ്രാമങ്ങളിലോ മറോ ആണെങ്കിൽ മനസ്സിലാക്കാൻ കഴിയും. എനിക്കു് ഉദാഹരണമായി കുറെ സ്ഥലങ്ങളെ എടുത്തുപറയാൻ കഴിയും. പശ്ചിമഘട്ടത്തിൽ വൈതൽമല എന്നു പറയുന്ന പ്രദേശത്തിനുതൊട്ടു് കിടക്കുന്ന പ്രദേശങ്ങളിലുള്ള ഗ്രാമങ്ങളിലെല്ലാം തന്നെ വളരെ കുറച്ചുമാത്രമേ വിളയുന്നുള്ളു. അവിടെയെല്ലാം തന്നെ കുരകെട്ടി താമസിച്ചാണു് കൃഷിചെയ്യേണ്ടതു്. പ്രത്യേകിച്ചും തൽക്കാല ഷെഡ്ഡുകൾ കെട്ടിവച്ചുകൊണ്ടാണു് കൃഷിചെയ്യുന്നതു്. കന്നുകാലികളെ കൊണ്ടുപോകാനും ഉഴാനുമൊക്കെ വളരെ വിഷമതകളുണ്ടു്. വേറൊരുസ്ഥലത്തുനിന്നു വന്നു് കൃഷിചെയ്യുന്നതുകൊണ്ടു് ചെലവു് അധികമാണു്, മേനി വളരെ കുറവുമാണു് ഇരിക്കൂർ ഫർക്കയിലെ കാര്യം മാത്രമല്ല, തളിപ്പറമ്പ, ഹോസ്ദുർഗ് താലൂക്കു്, ഇരിക്കൂർ മട്ടന്നൂർ ഫർക്കയുടെ ചിലഭാഗങ്ങൾ, വേശ്രൂർ, മരത്തടി, എരുവേലി, കാഞ്ഞിരശ്ശേരി പടിയൂർ, കല്യാണി, പായം ഈ പ്രദേശങ്ങളെപ്പററിയൊക്കെ എനിക്കു് നേരിട്ടു പരിചയമുള്ളതാണു്. വാസ്തവത്തിൽ ഈ ഭൂമിയുടെ നിമ്നോന്നതയെ കണക്കിലെടുത്തുകൊണ്ടു് ഈ നാട്ടിലെ സ്ഥിതിഗതികളെ കണക്കിലെടുത്തുകൊണ്ടുമാണു് ഉടുമ്പൻചോലയിലും മററും കുറഞ്ഞ പാട്ടത്തോതു നിശ്ചയിച്ചിട്ടുള്ളതു് ഇത്ര ഉയരത്തിലല്ലെന്നിരിക്കിലും ഈ പറഞ്ഞ പ്രദേശങ്ങളിലെല്ലാംതന്നെ മേനി വളരെ കുറച്ചേ ഉണ്ടാവുകയുള്ളു. അവിടെ കൃഷിക്കാർക്കു് അദ്ധ്വാനം കൂടുതലാണു്, ചെലവു് വളരെ കൂടുതലാണു്. അതു് കൊണ്ടു് കൃഷിക്കാർക്കു് ചുരുങ്ങിയ തോതിലുള്ള പാട്ടം ഇവിടങ്ങളിൽ നിശ്ചയിച്ചെങ്കിൽ മാത്രമേ ആ പ്രദേശങ്ങളിൽ കൃഷി നടത്താൻ സാധിക്കുകയുള്ളു. അധികവും പറമ്പുകൃഷിയാണു്. പുനം കൃഷിയും അതുപോലുള്ള ഡ്രൈലാൻറു് കൃഷിയുമാണു് ധാരാളം നടക്കുന്നതു്. വാരങ്ങളാണെങ്കിലും കൃഷിചെയ്യാൻ ആരും മെനക്കെടാറില്ല, കാരണം ഭാരിച്ച ചെലവാണു്. വളരെ ക്ലേശവുമുണ്ടു് അതുകൊണ്ടു് അവിടെ ഈ നെൽകൃഷി നടത്തുന്നതിനു് ഒരു പ്രചോദനം നൽകുന്നതിനുവേണ്ടി, പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി പാട്ടത്തോതു് കുറയ്ക്കണമെന്നുള്ളതാണു് വാസ്തവത്തിൽ എന്റെ ആർഗ്ഗുമെൻറു്.

തെങ്ങിനെ സംബന്ധിച്ചു് ഇവിടെ വളരെ അധികം ഭേദഗതികൾ കൊണ്ടുവന്നു് മററു മെമ്പറന്മാർ സംസാരിച്ചിട്ടുണ്ടു്. കുഴിക്കൂർ ചമയങ്ങൾക്കു് കുടിയാൻ ജന്മിക്കു് പത്തിലൊന്നു് മൂന്നിലൊന്നു്, ഇങ്ങനെ കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ടു്. മൂന്നിലൊന്നു് എന്നുള്ളതു് ആറിലൊന്നു് എന്നും, പത്തിലൊന്നു

2/754/S.

[ശ്രീ. ടി. സി. നാരായണൻനമ്പ്യാർ]

എന്നുള്ളതു് പന്ത്രണ്ടിലൊന്നു് എന്നും മാററണമെന്നുള്ളതാണു് എന്റെ ഭേദഗതി. കുരുമുളകു കൃഷിയെ സംബന്ധിച്ചിടത്തോളം പത്തിലൊന്നു് എന്നാക്കണം. കുടിയാൻ വച്ചിട്ടുള്ള കുരുമുളകുവള്ളിക്കു് മലബാർ കുടിയായ്മ നിയമത്തിലാണെങ്കിൽ 12 കൊല്ലക്കാലം പാട്ടം കൊടുക്കേണ്ട, അതിനുശേഷം ഇത്ര കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ടു്. അതുതന്നെ കൊടുക്കാൻ സാധിക്കാത്തതിന്റെ ഫലമായിട്ടു് നിവേദനങ്ങളും പ്രക്ഷോഭണങ്ങളും ഉണ്ടായിട്ടുണ്ടു്. വാസ്തവത്തിൽ കുരുമുളകുകൃഷി വളരെ പ്രധാനമായ ഒന്നാണു്. ചില പെപ്പർസ്റ്റേഷനുകളും ഉണ്ടായിട്ടുണ്ടെങ്കിലും പറയത്തക്ക പ്രയോജനമൊന്നും ഉണ്ടായിട്ടില്ല. ഇതു് നിശ്ചയിച്ചുകഴിഞ്ഞാൽ whicheve: is less ആണെന്നു പറയും. പക്ഷേ, രേഖയില്ലാത്തിടത്തെല്ലാം തന്നെ ഈ നിയമം പാസ്സാകുന്നതോടുകൂടി വാസ്തവത്തിൽ വർദ്ധിച്ച പാട്ടം വാങ്ങുന്നതിനുള്ള വ്യഗ്രത ജന്മിമാരുടെ ഭാഗത്തുനിന്നുണ്ടാവും. ഇന്നുതന്നെ അഞ്ചിലൊന്നു് എന്നാണു് ഇവിടെ പറയുന്നതു്. അതു് പത്തിനു് ഒന്നെന്നും, പന്ത്രണ്ടിൽ ഒന്നെന്നും പറഞ്ഞുള്ള ഒരു തട്ടിപ്പുപ്രസ്ഥാനം മലബാർ ഭാഗങ്ങളിൽ നടക്കുന്നുണ്ടു്. ഇതിനെതിരായി വമ്പിച്ച പ്രക്ഷോഭണം കൃഷിക്കാർ നടത്തിയിട്ടുണ്ടു്. ഇപ്പോഴും അതു് ഇവിടെ അഞ്ചിലൊന്നു് എന്നാക്കണമെന്നാണു് ഞാൻ കൊടുത്തിട്ടുള്ള ഭേദഗതി. എട്ടിലൊന്നു് ജന്മിക്കു് കുരുമുളകുകൃഷിക്കു് പാട്ടം കൊടുക്കണമെന്നാണെങ്കിൽ അതു് പത്തിലൊന്നു് എന്നാക്കണമെന്നാണു് എന്റെ ഭേദഗതി. ഡ്രൈലാൻറിനെ സംബന്ധിച്ചിടത്തോളം പന്ത്രണ്ടിലൊന്നു്, അതായതു് 3 രൂപ എന്നാക്കണം. പിന്നെ ഈ നിയമത്തിൽ പ്രത്യേകം പേരെടുത്തു പറഞ്ഞിട്ടില്ലാത്ത നിലങ്ങളെ സംബന്ധിച്ചിടത്തോളം കരാർ പാട്ടം കൊടുക്കണമെന്നാണു് നിയമത്തിൽ പറഞ്ഞിട്ടുള്ളതു്. ഞാൻ കരാർ പാട്ടത്തിന്റെ 75 ശതമാനം കൊടുത്താൽ മതിയെന്നാണു് ഭേദഗതി കൊടുത്തിട്ടുള്ളതു്. ഇന്നുതന്നെ പഴയ പാട്ടബാക്കിയെ സംബന്ധിച്ചിടത്തോളം 75 ശതമാനം കൊടുത്താൽ മതിയെന്നു് ഗവണ്മെൻറു തന്നെ അംഗീകരിച്ചിട്ടുണ്ടു്. ഇന്നുള്ള പാട്ടം വർദ്ധിച്ചതാണെന്നു് ഇതുകൊണ്ടു് ഗവണ്മെൻറുതന്നെ സമ്മതിക്കുകയാണു്. പാട്ടക്കോടതികളിലും ലാൻഡു് ട്രൈബ്യൂണലുകളിലും കുടിയാന്മാർ കൊടുത്തിട്ടുള്ള ഹർജികളെ സംബന്ധിച്ചിടത്തോളം പല കേസുകളിലും 60 ശതമാനമോ, 40 ശതമാനമോ കൊടുത്താൽ മതിയെന്നു വിധിയുണ്ടായിട്ടുണ്ടു്. ഏതായിരുന്നാലും പാട്ടബാക്കി വന്നതു തന്നെ കൃഷിക്കാരനു് വർദ്ധിച്ച പാട്ടം കൊടുക്കാൻ കഴിയുകയില്ലെന്നുള്ളതിന്റെ ഒന്നാംതരം തെളിവാണു്. ഇക്കൊല്ലം 100 പറ നെല്ലു് പാട്ടം കൊടുക്കാനുള്ളതു്, ലാൻഡു് ട്രൈബ്യൂണലുകളിൽ ഹർജികൊടുത്തതിന്റെ ഫലമായി 50 പറയായി വെട്ടിക്കുറച്ചിട്ടുണ്ടു്. 6 കൊല്ലം പാട്ടബാക്കിയുണ്ടെങ്കിൽ 63 വരേക്കും പകുതിമാത്രം കൊടുത്താൽ മതിയെന്നു് പലസ്ഥലത്തും വിധിയുണ്ടായിട്ടുണ്ടു്. അപ്പോഴും കൊടുക്കാൻ വയ്യാത്ത പാട്ടമാണു് ഇതേവരെ ഉണ്ടായിരുന്നതെന്നുള്ളതിനു് ഇതു് ഒന്നാംതരം തെളിവാണു്. അതുകൊണ്ടു് കരാർപാട്ടം കൊടുക്കണമെന്നുപറയുന്ന സ്ഥലത്തു് കരാർപാട്ടത്തിന്റെ 75 ശതമാനം കൊടുത്താൽ മതിയാകുമെന്നുള്ളതാണു് എന്റെ ഭേദഗതി. അതു സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ: മാഡം, മൂന്നാം ഷെഡ്യൂളിനു് എല്ലാം തന്നെ ഞാൻ ഭേദഗതികൾ കൊടുത്തിട്ടുണ്ടു്. അവയെ സംബന്ധിച്ചു് വിസ്തരിച്ചു് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പ്രധാനപ്പെട്ട ചില ഐറ്റംസ് എടുത്തിട്ടു് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഷെഡ്യൂൾ സോദ്ദേശമായി കൊണ്ടുവന്നതാണെന്നും, അതു് കുടിയാന്മാർക്കു് വിരോധമായിട്ടു കൊണ്ടുവന്നതാണെന്നും, ജന്മിമാരെ പ്രീണിപ്പിക്കാൻവേണ്ടി കൊണ്ടുവന്നതാണെന്നും തെളിയിക്കുക മാത്രമേ ചെയ്യാൻ ഞാൻ ഉദ്ദേശിക്കുന്നുള്ളു. മാഡം, അഗ്രേറിയൻ റിലേഷൻസ് ആക്ടിന്റെ ഭാഗമായി ഒരു ഷെഡ്യൂൾ ഈ നിയമസഭ മുമ്പു് പാസ്സാക്കിയിട്ടുണ്ടു്. അതു് 1961-ലാണു്. അഗ്രേറിയൻ റിലേഷൻസ് ആക്ടിൽ ഷെഡ്യൂളില്ല. ഗവണ്മെൻറു് ഒരു നോട്ടിഫിക്കേഷൻ ഇറക്കി, അതു് നിയമസഭയുടെ മുമ്പാകെ വച്ചു് നിയമസഭ അക്കാര്യത്തിൽ തീരുമാനമെടുത്തു. അതാണു് ഷെഡ്യൂളായിട്ടു് അംഗീകരിച്ചിട്ടുള്ളതു്. കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

ബന്ധനിയമത്തിലെ ഷെഡ്യൂളാണതാണ്. അതും ഈ ബില്ലിലെ ഷെഡ്യൂളും തമ്മിൽ അന്തരമുണ്ട്. ഈ കഴിഞ്ഞ രണ്ടു കൊല്ലത്തിനുള്ളിൽ അന്നു പാസ്സാക്കിയിട്ടുള്ള ഷെഡ്യൂളിൽ നിന്ന് തോതുകൾ വർദ്ധിപ്പിക്കാൻ തക്ക എന്തു സംഭവമുണ്ടായിയെന്ന് ഈ ക്ലാസ്സ് അവതരിപ്പിച്ച മന്ത്രി പറയുകയുണ്ടായിട്ടില്ല. ഈ ബില്ലിന്റെ ചർച്ചയുടെ ഒരു ഘട്ടത്തിലും ഈ കാര്യം അദ്ദേഹം വ്യക്തമാക്കുകയുണ്ടായിട്ടില്ല. പാട്ടത്തോത് വർദ്ധിപ്പിച്ചതിന് ഒരു ഉദാഹരണം എടുത്തു നോക്കാം. ഈ ഷെഡ്യൂളിൽ സീരിയൽ നമ്പർ 1—ൽ നിലമെന്ന ഹെഡിംഗിന് ചുവടെ സ്മാരം 2ൽ പറയുന്നു:—

Other nilams not falling under items 5, 6 and 7—¼ of the gross produce.

സാധാരണയുള്ള ഡബിൾ ക്രോപ്സും സിംഗിൾക്രോപ്സും നിലങ്ങളെ ബാധിക്കുന്നതാണ് ഈ സബ്ക്ലാസ്സ്. നിലവിലുള്ളനിയമത്തിലെ ഷെഡ്യൂൾ പ്രകാരം മേൽപറഞ്ഞ നിലങ്ങൾക്ക് ഗ്രോസ് പ്രൊഡ്യൂസിന്റെ അഞ്ചിലൊന്നാണ് പാട്ടമായി കണക്കാക്കിയിരുന്നത്. 1961—ൽ അഞ്ചി

6 p. m ലൊന്ന് മര്യാദപ്പാട്ടമായിരുന്നു. 1963 ആകുമ്പോൾ ഗ്രോസ് പ്രൊഡ്യൂസിന്റെ നാലിലൊന്നായി പാട്ടം വർദ്ധിപ്പിക്കുവാൻ എന്തുണ്ടായി? ഗ്രോസ് പ്രൊഡ്യൂസിന്റെ അഞ്ചിലൊന്ന് മര്യാദപ്പാട്ടമായി നിശ്ചയിച്ചിട്ടുള്ള ലാൻറ് ട്രൈബ്യൂണൽ വിധികൾ വന്നു കഴിഞ്ഞിട്ടുണ്ട്. അഞ്ചിലൊന്നാണ് മര്യാദപ്പാട്ടമെന്ന നിയമം പ്രാബല്യത്തിൽ വന്നതാണ്. കുറെ കേസുകൾ ലാൻറ് ട്രൈബ്യൂണലുകളുടെ മുമ്പിൽ നിലവിലുണ്ട്. ഇപ്പോൾ അതു നാലിലൊന്നാക്കി വർദ്ധിപ്പിക്കാൻ കാരണമെന്ത്? അഞ്ചിലൊന്നായിട്ടു നിജപ്പെടുത്തിയപ്പോൾ, അതു കുടിയാനു ഗുണകരമായി ഒട്ടുവളരെ കേസ്സുകളിൽ അഞ്ചിലൊന്നായി, പാട്ടം നിജപ്പെടുത്തി കരാറ് പാട്ടത്തിൽ കുറവാണ് ഇങ്ങിനെ നിശ്ചയിക്കുന്ന മര്യാദപ്പാട്ടം, ആ കുറവ് നികത്താൻ വേണ്ടിയാണ് ഗ്രോസ് പ്രൊഡ്യൂസിന്റെ നാലിലൊന്നായി വർദ്ധിപ്പിക്കുന്നത് എന്ന് വ്യക്തമായില്ലേ? ഇതു പരസ്യമായ ഒരനീതി കാണിക്കലല്ലേ? ഗ്രോസ് പ്രൊഡ്യൂസിന്റെ അഞ്ചിലൊന്നു മര്യാദപ്പാട്ടം നിശ്ചയിച്ചതു നിങ്ങൾ, ഇതിനെക്കാൾ ഭൂരിപക്ഷത്തോടുകൂടി ഭരിച്ചിരുന്ന കാലത്താണ്. കോൺഗ്രസും, പി. എസ്. പി.യും മുസ്ലീം ലീഗും ഒന്നിച്ചു നിന്നുകൊണ്ട് ഭരിച്ചപ്പോഴാണ് അങ്ങിനെ നിശ്ചയിച്ചത്. ഇപ്പോൾ കോൺഗ്രസ്സ് ഒററയ്ക്കായപ്പോൾ നാലിലൊന്നാക്കി വർദ്ധിപ്പിച്ചിരിക്കയാണ്. എന്താണ് ഇതിന്റെ അർത്ഥം? ഇതിനകത്തു നീതിയുണ്ടോ, മര്യാദയുണ്ടോ? കുടിയാന്റെ കൈയിൽ നിന്നും കൂടുതൽ പാട്ടം വാങ്ങി ജന്മിക്കു കൊടുക്കുവാൻ ഏററുപോന്ന മട്ടുണ്ടല്ലോ? ഭൂമി ഉടമസ്ഥന്മാരും ഭരണാധികാരികളും കൂടി നടത്തിയ ഒരു ഗൂഢാലോചനയുടെ ഫലമായിട്ടാണ് ഈ പാട്ടവർദ്ധനവുണ്ടാകുന്നതെന്ന കുററം ഞാൻ ആരോപിക്കുന്നു. ഷെഡ്യൂൾ ആകെ എടുത്തു നോക്കിയാൽ എല്ലാ ഐററത്തിലും വാസ്തവത്തിൽ വർദ്ധനവു ഉണ്ടായിട്ടുണ്ട്. അതെല്ലാം വളരെ ബോധപൂർവ്വം സാധിച്ചിട്ടുള്ള വർദ്ധനവു ആണ്. ഇതിനാണ് നിങ്ങൾക്കു ഭൂരിപക്ഷം സീററു കിട്ടിയതെന്നു വരുമ്പോൾ നിങ്ങൾക്കു വോട്ടുതന്നിട്ടുള്ള കർഷകരുടെ കഥയോർത്തു ഞാൻ കഷ്ടം വയ്ക്കുകയാണ്. ഇതിനെല്ലാം ഉത്തരം പറയേണ്ടി വരില്ലെ? പാട്ടം വർദ്ധിപ്പിക്കുവാൻ കൽപ്പിച്ചുകൂട്ടി നടത്തുന്ന ഒരു ശ്രമമാണ് ഇവിടെ കാണുന്നത്. പാട്ടം കൊടുക്കുവാൻ ബാദ്ധ്യതപ്പെട്ടവനേ ഇതിന്റെ വേദന അറിയൂ. വാങ്ങുന്നവനു രസമാണ്. നിയമത്തേയും നിയമക്കോടതിയേയും പററി ബഹുമാനമുണ്ട് എന്നു പറയുന്നതു കേട്ടു. നിങ്ങൾക്കു പററുന്ന നിയമത്തോടും കോടതിയോടും മാത്രം അല്ലാതതിൽ ബഹുമാനക്കുറവും ഇവിടെ കണ്ടു. യഥാർത്ഥത്തിൽ നിങ്ങൾക്കു പത്തായത്തോടും പണപ്പെട്ടിയോടും മാത്രമെ ബഹുമാനമുള്ളു. മററാക്കെ വെറുതെ പറയുകയാണ്. പാട്ടത്തോതു കൂട്ടാൻ ഇപ്പോൾ ഒരുമ്പെട്ടതെന്തുകൊണ്ട്? 1960—ൽ ഈ പണി ചെയ്യാമായിരുന്നില്ലേ? ഇതു ഞാൻ വെറുതെ പറയുകയല്ല. 1961—ൽ ഷെഡ്യൂൾ ഈ സഭ ചർച്ച ചെയ്ത അവസരത്തിൽ നാലിലൊന്ന എന്ന് ആക്കിയെങ്കിൽ അന്തസ്സാകുമായിരുന്നു. അന്ന് അഞ്ചിലൊന്ന് ഇപ്പോൾ നാലിലൊന്നാക്കുന്നതു് ഉചിതമല്ല. ഈ രണ്ടു കൊല്ലത്തിനകം ഇവിടെ എന്തുമാററം ഉണ്ടായി? ജന്മിമാർ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

തളർന്നോ? അതോ കർഷകരുടെ സ്ഥിതി കൂടുതൽ മെച്ചപ്പെട്ടോ? കൂടുതൽ പാട്ടം ജന്മിമാർക്ക് കൊടുപ്പിക്കാൻ എന്തുമാൻഡെററ് കിട്ടി? ഈ മാതിരി കാര്യങ്ങൾ കൊണ്ടുവരുമ്പോൾ പൊതുവെ ഈ രാജ്യത്തെ ജനങ്ങളുടെ അഭിപ്രായം ആരായേണ്ടതല്ലേ? കുടിയാന്റെ കൈയിൽ നിന്നും ജന്മിക്കു പാട്ടം വർദ്ധിപ്പിച്ചു വാങ്ങിക്കൊടുക്കുവാനുള്ള ഹീനമായ ഒരു ശ്രമമാണ് ഇവിടെ നടത്തിയിരിക്കുന്നത്. മലബാർ ഭാഗത്തെ സംബന്ധിച്ചിടത്തോളം ഒരു കാര്യം പറയേണ്ടതുണ്ട്. 1954–ലെ മലബാർ ടെനൻസി അമെൻറുമെൻറു ആക്ട് അനുസരിച്ചു കൃഷിച്ചെലവു കഴിച്ചു ബാക്കിയുള്ളതിന്റെ നേർപകുതി പാട്ടം എന്ന തോതായിരിക്കും ഇതിനെക്കാൾ കുടിയാനു കൂടുതൽ ഗുണപ്പെടുക. ഗ്രോസ്സ് പ്രോഡ്യൂസ് കണക്കാക്കിയിട്ടാണല്ലോ പാട്ടത്തിന്റെ തോതു നിശ്ചയിക്കുന്നത്. ഗ്രോസ്സ് പ്രോഡ്യൂസ് കണക്കാക്കുന്നതെങ്ങിനെയെന്നും ഇതിനു മുമ്പ് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രോസ് പ്രോഡ്യൂസ് കണക്കാക്കുന്നതിൽ കുടിയാനു എതിരായിട്ടുള്ള ഒരു നിലപാട് സ്വീകരിച്ചിരിക്കുകയാണ്. ഇന്നു കുടിയാൻ അനുഭവിച്ചുകൊണ്ടിരുന്ന ചില സൗകര്യങ്ങൾ വെട്ടിക്കുറച്ചു. നേരത്തെ തന്നെ ഇറിഗേഷൻ സൗകര്യങ്ങൾ കിട്ടുന്ന പ്രദേശങ്ങളിൽ അതുമൂലം ഉണ്ടാകുന്ന ഉൽപ്പാദന വർദ്ധനവും കണക്കിലെടുക്കുന്നു. ഇപ്പോൾ ഉണ്ടാകുന്ന വിളവിന്റെ അടിസ്ഥാനത്തിലാണ് ഗ്രോസ്സ് പ്രോഡ്യൂസ് കണക്കാക്കുന്നതു. ഇതെല്ലാം കുടിയാനു എതിരായിട്ടാണ് വരുന്നത്. പ്രധാനവിളവിന്റെ നേർപകുതിയാണ് രണ്ടാം വിള എന്നു മലബാർ ഭാഗത്തു പ്രവർത്തനക്ഷമമായിരുന്ന ആ വ്യവസ്ഥ മലബാർ ഭാഗത്തു നിലനിർത്തണമെന്നു ഞങ്ങൾ ഭേദഗതി മൂലം ആവശ്യപ്പെട്ടിരുന്നതു തള്ളപ്പെട്ടു. ഇതിന്റെയൊക്കെ ഫലമായിട്ടു ജന്മിക്കു ഗുണവും കുടിയാനു ദോഷവും വന്നു. ഗ്രോസ്സ് പ്രോഡ്യൂസ് എന്താണെന്നു കണക്കാക്കുന്ന അവസരത്തിൽത്തന്നെ ചെയ്യാവുന്നിടത്തോളം അനീതിയും ദ്രോഹവും കുടിയാനു ചെയ്തുകഴിഞ്ഞിരിക്കുന്നു. അതെല്ലാം പരോക്ഷമായിട്ടാണെന്നു വേണമെങ്കിൽ പറയാം. എന്നാൽ ഗ്രോസിന്റെ നാലിലൊന്നായി പാട്ടം കയററിയതു നേരിട്ടു കുടിയാനെ ദ്രോഹിക്കലാണ്. പ്രത്യക്ഷമായി പറഞ്ഞിരിക്കുകയാണ് അഞ്ചിലൊന്നു പാട്ടം കണക്കാക്കിയിരിക്കുന്നതു പോരാ, നാലിലൊന്നായിട്ടു വർദ്ധിപ്പിക്കണം എന്നു; പ്രത്യക്ഷമായ അനീതിയാണിത്. സ്മാൾഹോൾഡേഴ്സിന്റെ കുടിയാന്മാർക്കാണ് ഇതു മൂലം ഏററവും വലിയ ദോഷം തട്ടുന്നത്. ഇതറിഞ്ഞുകൊണ്ടു ചെയ്തതാണെന്നു മന്ത്രി സമ്മതിക്കുന്നുണ്ട്. ഒന്നിലധികം തവണ അദ്ദേഹം മധുരമായി ഇക്കാര്യം പറഞ്ഞു, എല്ലാ സ്മാൾഹോൾഡേഴ്സിനും ബിഗ്ഹോൾഡേഴ്സിനും പാട്ടം നാലിലൊന്നായി വർദ്ധിപ്പിച്ചു കൊടുക്കുന്നു. സ്മാൾഹോൾഡേഴ്സിന്റെ കുടിയാന്മാർക്കു പാട്ടവർദ്ധനവിന്റെ കാര്യത്തിൽ നിയന്ത്രണമൊന്നുമില്ല. "വിച്ച് എവർ ഈസ് ലസ്സ്" അവർക്കു ബാധകമല്ല. ഏറിയാൽ കാർ പാട്ടത്തോളമേ വർദ്ധിക്കാവൂ എന്നില്ല. ഈ ബിൽ പ്രകാരം നിശ്ചയിക്കുന്ന മര്യാദപ്പാട്ടം മര്യാദകേടായിട്ടുള്ള പാട്ടമായി വന്നിരിക്കുകയാണ്. ഈ ഷെഡ്യൂളിൽ മിക്കവാറും എല്ലാ ഐറ്റത്തിലും പാട്ടത്തോതു വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതു ഭൂരിപക്ഷം വരുന്ന കുടിയാന്മാരോടു ചെയ്യുന്ന ഒരു അനീതിയാണ്. ഞാൻ 1408–ാം നമ്പർ ഭേദഗതി കൊടുത്തിട്ടുണ്ട്. 1409–ാം നമ്പർ ആയി വേറൊരു ഭേദഗതിയും കൊടുത്തിട്ടുണ്ട്. ഇതു രണ്ടും കൊടുക്കുവാനുള്ള കാരണം പറയാം.

ശ്രീ. പി. നാരായണൻതമ്പി : സർ, ഒരു പോയിന്റു ഓഫ് ഓർഡർ, ശ്രീമാൻ ഗോപാലൻ വളരെ ഊർജ്ജിതമായും രസമായും പ്രധാനപ്പെട്ട കാര്യങ്ങളെപ്പററി സംസാരിക്കുമ്പോൾ ഉത്തരവാദപ്പെട്ട മന്ത്രി ഇരുന്നു ഉറങ്ങുന്നതു ശരിയാണോ?

ശ്രീ. പി. ടി. ചാക്കോ : ഉറങ്ങുന്നതിൽ തെററില്ല. എവിടെയെങ്കിലും രണ്ടുമൂന്നു വാക്കു കേട്ടാൽ മതിയാകുമല്ലോ?

ശ്രീ. ഈ. പി. ഗോപാലൻ : ഇവിടെ പറയുന്ന കൂടുതൽ യാഥാർത്ഥ്യങ്ങൾ കേൾക്കാൻ മനസ്സില്ലാത്ത മന്ത്രി ഉറങ്ങുന്നതിൽ അത്ഭുതമൊന്നുമില്ല. ഉറങ്ങാം,

LIBRARY ARCHIVES Kerala Legislative Assembly

വിരോധമില്ല. പത്തായത്തിനും പണപ്പെട്ടിക്കും പാറാവു നിൽക്കുന്നവർ ഇതെല്ലാം കേൾക്കുമ്പോൾ ഉറങ്ങുകമാത്രമല്ല, അതിനപ്പുറവും ചെയ്യും. എൻെറ ഭേദഗതികളെപ്പററി പറയുന്നതു് തുടരട്ടെ. ഒന്നു്, അഞ്ചിലൊന്നാക്കണമെന്നു്, മറെറാന്നു് ആറിലൊന്നാക്കണമെന്നുമാണു്. ആറിലൊന്നു ആക്കിയാൽ പോലും 60–ലെ ആക്ററു് പ്രകാരം ജന്മിക്കു കിട്ടിയിരുന്ന പാട്ടത്തോതിനെക്കാൾ കുറയുകയില്ല. കാരണം ഗ്രോസ് പ്രോഡ്യൂസ് കണക്കാക്കുന്നതിൽ അവക്കു് ചെയ്തിരുന്ന വിട്ടുവീഴ്ചയുടെ ഫലമായി മെച്ചം കിട്ടുന്നുണ്ടു്. അതെല്ലാം വിട്ടുംവെച്ചു 'ഇപ്പോൾ, നാലിലൊന്നാക്കി, പാട്ടം വർദ്ധിപ്പിക്കുകയാണു്. ഇതുവരെ ഈ ബില്ലിൽ ചെയ്തിട്ടുള്ളതിനെക്കാൾ നഗ്നമായ കുടിയാൻ വിരോധമാണു് ഇപ്പോൾ കാണിച്ചിരിക്കുന്നതു്. ഓരോ ഐററവും പ്രത്യേകം പ്രത്യേകം പരിശോധിച്ചാൽ അങ്ങോളം ഇങ്ങോളം ആ ടെൻറാണു് കാണുന്നതു്. കുടിയാൻ വച്ചു പിടിപ്പിച്ചിട്ടുള്ള തെങ്ങിൻെറയും കമുകിൻെറയുംകൂടി പാട്ടത്തോതു വർദ്ധിപ്പിച്ചിരിക്കുന്നു. എന്നു വേണ്ട, എല്ലായിടത്തും ഈ അനീതി മുഴച്ചു കാണാം. ശ്രീമതി ഗൗരി ചില ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജു്: ഇങ്ങനെ നാലിലൊന്നായിട്ടു മാററിയതുകൊണ്ടു് എത്ര ജന്മികൾക്കു പ്രയോജനമുണ്ടാകുന്നു എന്നുള്ളതിനു വല്ല കണക്കുമുണ്ടോ? മെമ്പറുടെ സ്ഥലത്തുനിന്നുള്ള കണക്കെങ്കിലും പറയാമോ? ഇറിഗേഷൻ സ്കീം വന്നതോടുകൂടി വിളവു എത്രമാത്രം വർദ്ധിച്ചിട്ടുണ്ടെന്നും പറയാമോ?

ശ്രീ. ഈ. പി. ഗോപാലൻ: ഓരോന്നിനും വ്യക്തമായ മറുപടി പറയാൻ ശ്രമിക്കാം. പാലക്കാട്ടു ഏരിയ ഇറിഗേഷൻ ഉള്ള സ്ഥലമാണു്. വള്ളുവനാട്ടു് ഇറിഗേഷൻ ഇല്ലാത്ത സ്ഥലമാണു്. ഏതെല്ലാം വിവരമാണു് ബഹുമാനപ്പെട്ട മെമ്പർക്കു് അറിയേണ്ടതു്?

ശ്രീ. കെ. എം. ജോർജ്ജു്: രണ്ടു സ്ഥലത്തുള്ളതിൻെറയും വിവരം അറിയണം.

ശ്രീ. ഈ. പി. ഗോപാലൻ: ഒരുപ്പൂ നിലമുണ്ടു്; ഇരുപ്പൂവുണ്ടു്. ഏതിൻെറ കണക്കാണു് അറിയേണ്ടതു്?

ശ്രീ. കെ. എം. ജോർജ്ജു്: ബഹുമാനപ്പെട്ട മെമ്പർ അതിൽ നിന്നും ഒഴിഞ്ഞു പോകുവാൻ നോക്കുകയാണു്. അതിനുള്ള ശ്രമമാണു്.

ശ്രീ. ഈ. പി. ഗോപാലൻ: ഒഴിഞ്ഞു മാറുവാൻ എനിക്കല്ല ആഗ്രഹം. ഏതായാലും നാലിലൊന്നായി പാട്ടം വർദ്ധിപ്പിച്ചപ്പോൾ അതുകൊണ്ടുതന്നെ കുടിയാൻ കൂടുതൽ പാട്ടം കൊടുക്കണമെന്നുള്ളതു സമ്മതിച്ചല്ലോ? അഞ്ചിലൊന്നിനെക്കാൾ കൂടുതലാണു് നാലിലൊന്നു് എന്നു് സമ്മതിക്കുന്നില്ലേ?

ശ്രീ. പി. ടി. ചാക്കോ: ശ്രീമാൻ ഈ. പി. ഗോപാലനോടു് ചോദിച്ചു വിവരം അറിയാമെന്നു വച്ചു ശ്രീ. ജോർജ്ജിനെ എന്തു ചെയ്യണം.

ശ്രീ. ഈ. പി. ഗോപാലൻ: ഗോപാലനോടു ചോദിച്ചാൽ വേണ്ട വിവരം കിട്ടും. വിവരം അറിഞ്ഞതുകൊണ്ടുള്ള അസുഖം കൊണ്ടാണു് ഇങ്ങനെ പറയുന്നതു്.

ശ്രീ. ജോർജ്ജു് ജോസഫ് പൊടിപ്പാറ: ശ്രീ. ജോർജ്ജു് ചോദിച്ച ചോദ്യം തന്നെ ഞാനും ചോദിക്കുന്നു. ഞങ്ങളുടെ പ്രദേശത്തു കുറെ പുഞ്ചനിലമുണ്ടു്, അവിടെ എന്തളവു വരും?

ശ്രീ. ഈ.പി. ഗോപാലൻ: നിലത്തിൻെറ അളവാണോ അറിയേണ്ടതു്? അതു വേറെ കാര്യമാണു്.

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോഴും ഇവിടെ ഉണ്ടായിട്ടുള്ള ചോദ്യങ്ങളുടെയൊക്കെ ഫലമായിട്ടു ഈ ഗ്രോസ് പ്രൊഡ്യൂസ് നിശ്ചയിക്കുന്നതു യാതൊരു വിവരവും ഇല്ലാതെയാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് ബോദ്ധ്യമായോ?

ശ്രീ. ഇ. പി. ഗോപാലൻ: ഗ്രോസ് പ്രോഡ്യൂസ് നിശ്ചയിച്ചിരിക്കുന്നതു ജന്മിക്കു പാട്ടം വർദ്ധിപ്പിച്ചുകൊടുക്കണമെന്നുള്ള ഒരേയൊരു ഉദ്ദേശത്തോടുകൂടിയാണെന്നുള്ളതു തികച്ചും വ്യക്തമാണ്.

ശ്രീ. കെ. ഭാർഗ്ഗവൻ: ഇറിഗേഷൻ ആനുകൂല്യവും ഗ്രോസ് പ്രോഡ്യൂസ് ഇറിഗേഷൻ ആനുകൂല്യവും എല്ലാം കൂടി കണക്കാക്കീട്ടു ഇനിയും പാട്ടം കൂടുന്നതു എങ്ങനെയാണെന്നു മനസ്സിലാക്കിക്കാൻ സാധിക്കുമെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

ശ്രീ. ഇ. പി. ഗോപാലൻ: ഇക്കാര്യത്തിൽ യാതൊരു സംശയത്തിനും ഇടയില്ല. ഗ്രോസ് പ്രോഡ്യൂസ് കണക്കാക്കുന്നതും പാട്ടം വർദ്ധിപ്പിക്കാനാണ്. അഞ്ചിലൊന്ന് എന്നു് മാററി നാലിലൊന്നാക്കുന്നതും പാട്ടം വർദ്ധിപ്പിക്കാനാണ്. ഒരുപ്പു 160 പറ നെല്ലു വിളവുണ്ടാകുന്ന സ്ഥലത്തു് ഒരു കൊല്ലം 320 പറ നെല്ലു കിട്ടുന്നു. അതിന്റെ അഞ്ചിലൊന്ന് 64 പറയും നാലിലൊന്ന് 80 പറയും അല്ലേ? ഈ തോതിൽ പാട്ടം വർദ്ധിക്കുന്നു എന്നു് കാണാൻ ഒരു പ്രയാസവുമില്ല. ഷെഡ്യൂളിൽ വരുത്തുന്ന മാററം കൊണ്ടു മാത്രമാണിതെന്നു് വ്യക്തമാണ്.

ഈ ഷെഡ്യൂളിനെ ആസ്പദമാക്കിയിട്ടുള്ള കണക്കാണ് ഞാൻ പറഞ്ഞതു്. 60 പറ നെല്ലു പാട്ടമുള്ള സ്ഥലത്തു ഈ ബിൽ പ്രകാരം എൺപതും തൊണ്ണൂറും പറ നെല്ല് പാട്ടം കൊടുക്കേണ്ടതായിട്ടു വരും. കൂടുതൽ വിളവുണ്ടാക്കിയാൽ പാട്ടവും കൂടും. വിളവു കുറവാണെങ്കിൽ പാട്ടവും കുറയും. കൃഷി പരീക്ഷണങ്ങളുടെയും പരിഷ്കൃത കൃഷി സമ്പ്രദായത്തിന്റെയും ഫലമായി മാക്സിമം വിളവുണ്ടാക്കാൻ ശ്രമം നടക്കുന്നുണ്ട്. അതിന്റെ അർത്ഥം മാക്സിമം തോതിലുള്ള പാട്ടം കൊടുക്കേണ്ടി വരും എന്നാണ്. ഇക്കാര്യം കണക്കിലെടുത്താലെ, അഞ്ചിലൊന്നു മാററി, നാലിലൊന്നാക്കുന്നതിന്റെ അർത്ഥം വ്യക്തമാവുകയുള്ളൂ. നിലവിലുള്ള നിയമപ്രകാരം കിട്ടിയ ഒരാനുകൂല്യത്തെ വെട്ടിക്കളയാനാണിതു്. കാർഷികബന്ധനിയമമനുസരിച്ചു് മര്യാദപ്പാട്ടം കണക്കാക്കുന്നതിലും അധികമാണ്, ഈ ബില്ലനുസരിച്ചുള്ള മര്യാദപ്പാട്ടം. പകുതിയും അതിലേറെയും വർദ്ധിക്കും. ചെറുകിടക്കാരന്റെ കുടിയാൻ, വർദ്ധിപ്പിച്ചതത്രയും കൊടുക്കണം. മററുള്ളവർ, കരാർപാട്ടത്തോളവും. ബിഗ്ഹോൾഡേഴ്സിന്റെ കുടിയാനു് യാതൊരു ഗുണവുമില്ല. ദോഷം ഉണ്ടുതാനും. മറു വിഭാഗത്തിനു് കണക്കില്ലാത്ത രീതിയിൽ പാട്ടം വർദ്ധിക്കും. ഈ അനീതിക്കാണിവിടെ വകുപ്പുകൾ എഴുതിവച്ചിട്ടുള്ളതു്. 1961-ലെ ഷെഡ്യൂൾ മാററേണ്ട ആവശ്യം എങ്ങിനെ ഉണ്ടായി? ഭരണകക്ഷിക്കു അതു മാററണമെന്നുതോന്നി, അങ്ങിനെ ചെയ്തു. ഇതു് രാഷ്ട്രീയമായിട്ടുള്ള ഒരു ചൂതാട്ടമാണ്. ഈ രാഷ്ട്രീയചൂതാട്ടത്തിന്റെ ഫലമായി ലക്ഷക്കണക്കിനു കുടിയാന്മാർ കഷ്ടപ്പെടാൻ ഇടയാകുന്നു എന്നു് ധരിക്കണം. ഈ മാററം അനാവശ്യമാണ്. മാഡം, ഈ ഷെഡ്യൂൾ ജന്മിക്കനുകൂലമായി മാററാൻ തക്കവണ്ണം ഇവിടെ എന്തുണ്ടായി. ലാൻഡ് ട്രിബ്യൂണലിൽ മര്യാദപ്പാട്ടം നിജപ്പെടുത്തുന്നതിനു ഹർജികൊടുത്തിട്ടുള്ളവരുടെ കാര്യത്തിൽ കോടതികളേയും കോടതി വിധികളേയും മാനിക്കേണ്ടതുണ്ടെന്നു് മന്ത്രി പറയുകയുണ്ടായി. എന്നാൽ കുടിയിരുപ്പുകൾ വിലയ്ക്കു വാങ്ങാൻ വിധിവന്ന കേസ്സുകൾ മന്ത്രി തള്ളിക്കളഞ്ഞു. അവിടെ കോടതിയുമില്ല, കോടതിവിധിയുമില്ല. ഈ വിവരം മന്ത്രിക്കില്ലേ: ഗോപാലൻ നൽകുന്ന ഈ വിവരത്തെപ്പററി എന്തുപറയുന്നു?

ശ്രീ. പി. ടി. ചാക്കോ: ശ്രീമാൻ ഗോപാലനോടു ഒരു ചോദ്യം ചോദിച്ചു വിവരം മേടിക്കാം എന്നു ശ്രീമാൻ ജാർജ്ജ് വിചാരിച്ചതു വലിയ തെററാണെന്നാണ് ഞാൻ പറയുന്നതു്. അദ്ദേഹം ചോദ്യത്തിനു മറുപടി പറയും.

ശ്രീ. ഇ. പി. ഗോപാലൻ: എന്തിനിപ്പോൾ മാറിപ്പറയണം. അങ്ങേയ്ക്ക് എന്തും പറയാം. ശ്രീമാൻ ജാർജ്ജിന്റെ ചോദ്യത്തിനും ഞാൻ മറുപടി പറഞ്ഞിരിക്കയാണ്. അപ്പോൾ കുടിയിരിപ്പുകളുടെ കാര്യത്തിൽ കോടതിവിധി മാനിക്കേണ്ടതില്ല അല്ലേ? ഇവിടെയാണെങ്കിൽ പാട്ടം നിജപ്പെടുത്തുന്ന കാര്യത്തിൽ ഈ ഷെഡ്യൂൾ പ്രകാരം ഒരു കൊല്ലത്തെ പാട്ടത്തിന്റെ 18 ഇരട്ടിയാണ് പ്രതിഫലമായി നിശ്ചയിച്ചിട്ടുള്ളത്. പാസ്സായിപ്പോയ ക്ലാസിനെപ്പറ്റി എന്തിനാണ് ഞാൻ എടുത്തുപറയുന്നതു എന്ന് ചോദിച്ചേക്കാം. കോടതിവിധികൾ അംഗീകരിക്കാത്തതിന്റെ ഫലമായി ഈ ഷെഡ്യൂൾ അനുസരിച്ച്, പ്രതിഫലം നിശ്ചയിച്ചു കഴിഞ്ഞ കുടിയിരുപ്പുകാരിൽ നിന്നുകൂടി, കൂടുതൽ പ്രതിഫലം വാങ്ങി, ഭൂമി ഉടമസ്ഥന്മാർക്ക് കൊടുക്കാനുള്ള കുത്സിതമായ ഒരു പണിയാണ് ഇതു എന്നു വ്യക്തമാക്കാൻ വേണ്ടിയാണ്. പക്ഷം പിടിച്ചുകൊണ്ടുള്ള പോക്കിനു് ഒരു തെളിവു കൂടിയാണ് ഇതിലെ ഷെഡ്യൂൾ. പാട്ടം വർദ്ധിപ്പിക്കാൻ മാത്രമുള്ളതാണിതു്. അൽപമെങ്കിലും ന്യായം കുടിയാനു ചെയ്യണമെന്നുണ്ടെങ്കിൽ സാമാന്യ മര്യാദയുടെ പേരിൽ ഈ ഷെഡ്യൂളാകെ മാററണമെന്നാണെന്റെ അഭിപ്രായം. 61-ലെ ഷെഡ്യൂൾ ഉണ്ടല്ലോ. അതുപോരെ? 63-ലെ ഈ ഷെഡ്യൂൾ കുടിയാനു പാട്ടം കയററാനാണ്, പ്രതിഫല സംഖ്യ കൂട്ടാനാണ്. ജന്മിയുടെ പത്തായം നിറയ്ക്കാനാണ്. കുടിയാനെ പൊളിക്കാനാണ്. പാട്ടം കൂട്ടുകയും പ്രതിഫല സംഖ്യ വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഈ നിയമം ബന്ധപ്പെട്ടവർ പഠിക്കും. നിങ്ങളിതിനെല്ലാം മറുപടി പറയേണ്ടി വരുമെന്ന് ഞാൻ ഉറപ്പിച്ചു പറയുന്നു. 1960-ൽ ചെയ്ത കുററത്തിന്റെ ശിക്ഷ നമ്മുടെ കുടിയാന്മാരും കുടികിടപ്പുകാരും കുടിയിരിപ്പുകാരും ഇപ്പോൾ അനുഭവിക്കാൻ തുടങ്ങുന്നു. അവരെല്ലാം ഇതു് മനസ്സിലാക്കി പ്രവർത്തിച്ചുകൊള്ളും. ഇതിലും കഠിനമായ ഒരനീതി വേറെയുണ്ടോ? സാമാന്യ മര്യാദയുണ്ടെങ്കിൽ, 61-ലെ ഷെഡ്യൂൾ നിലനിറുത്താൻ ശ്രമിക്കുകയായിരുന്നു. എങ്കിൽ കൂടിയും പാട്ടം കൂടും പ്രതിഫല സംഖ്യയും കൂടും. അതും പോരാഞ്ഞിട്ടാണ് ഇതു കൂടി ചെയ്യുന്നതു്. 1959-ലെ നിയമസഭയല്ല, 1960-ൽ പുതിയ തിരഞ്ഞെടുപ്പു കഴിഞ്ഞു ഇന്നു നിലവിലിരിക്കുന്ന നിയമസഭ പാസ്സാക്കിയ ഒരു ഷെഡ്യൂളാണ് ഇപ്പോൾ കുടിയാനെതിരായി, ജന്മിക്കനുകൂലമായി മാററുന്നതു്. ഞങ്ങൾ അന്നു കൊടുത്തിരുന്ന ഭേദഗതികൾ എല്ലാം തള്ളിക്കളഞ്ഞു. പാസ്സാക്കിയ ഷെഡ്യൂളിൽ, പാട്ടം അഞ്ചിലൊന്നായിട്ടു നിശ്ചയിച്ചതാണ്. ഇന്നു നിങ്ങൾ അതു ആർബിററേറിയായി നാലിലൊന്ന് എന്നാക്കി ഉയർത്തുന്നു. എല്ലാതരത്തിലുമുള്ള കുടിയാന്മാർക്കും എല്ലാ തരത്തിലുമുള്ള ഭൂമികൾക്കും ആർബിററേറിയായി പാട്ടം വർദ്ധിപ്പിക്കുന്നു. അതിനു മറുപടി പറയേണ്ടവർ തക്കസമയത്തു് പറഞ്ഞുകൊള്ളും. ഞാനീ ഷെഡ്യൂളിനെ സംബന്ധിച്ചു കൊടുത്തിട്ടുള്ള എല്ലാ ഭേദഗതികളും അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. സി. രാഘവൻ നായർ: മാഡം, ഞാനെന്റെ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു. ജന്മിമാർ അദ്ധ്വാനിച്ചുണ്ടാക്കീട്ടുള്ള കുഴിക്കൂറുകളിന്മേൽ കണക്കാക്കിയിട്ടുള്ള പാട്ടത്തിൽ യാതൊരു മാററവും വരുത്താൻ ഞാനാവശ്യപ്പെട്ടിട്ടില്ല. അതേ സമയം തെങ്ങു്, കമുകു്, കുരുമുളകു് ഇവയുടെ വിളവിനെ സംബന്ധിച്ചിടത്തോളം കുടിയാന്മാരുടെ അദ്ധ്വാനത്തിന്റെ ഫലമായി ഉണ്ടാക്കിയിട്ടുള്ള വിളവിൽ പത്തിലൊന്നാക്കി ചുരുക്കണം എന്നുള്ളതാണ് എന്റെ ഭേദഗതി കൊണ്ടുദ്ദേശിക്കുന്നതു്. മററു നിലങ്ങളെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിൽ നാലിലൊന്ന് എന്നുവച്ചിട്ടുള്ളതു ഒരുപ്പൂ നിലങ്ങളെ സംബന്ധിച്ചിടത്തോളം അഞ്ചിലൊന്നും ഇരുപ്പൂ നിലങ്ങളെ സംബന്ധിച്ചിടത്തോളം പത്തിലൊന്നും എന്നുമാററി കുടിയാന്റെ പാട്ടം കുറയ്ക്കണം എന്നാണെന്റെ അഭിപ്രായം. എന്നാൽ ഡ്രൈ ലാൻറ്സിനെ സംബന്ധിച്ചിടത്തോളവും പള്ളിയാൽ ലാൻറ്സിനെ സംബന്ധിച്ചിടത്തോളവും മന്ത്രിതന്നെ ഒരു ഭേദഗതി ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. കുടിയാന്റെ ഇഷ്ടാനുസരണം കൊടുക്കുന്നതേതോ എന്നുള്ള ഭേദഗതി സ്വീകരിച്ചിട്ടുണ്ട്. എന്റെ മറെറാരു ഭേദഗതി ഈ നിലത്തിൽ ഫിഷിംഗ് നടത്തിക്കിട്ടുന്ന ആദായത്തിന്റെ എട്ടിലൊന്നു ജന്മിക്കു് കൊടുക്കണമെന്നുള്ളതു എടുത്തുകളയണമെന്നുള്ളതാണ്,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. സി. രാഘവൻ നായർ]

മര്യാദപ്പാട്ടം നിജപ്പെടുത്തുന്നതിനുവേണ്ടി 27—ാം വകുപ്പിൽ പറഞ്ഞിട്ടുള്ളതനുസരിച്ച്—വിച്ച് എവർ ഈസ് ലെസ്—ഫലത്തിൽ ആ തത്വം പ്രായോഗികമായി വരാതിരിക്കത്തക്ക വിധത്തിൽ പാട്ടത്തോതു വർദ്ധിപ്പിക്കാനുള്ള ഒരു ഷെഡ്യൂളാണ് ഇതിൽ എഴുതിവച്ചിരിക്കുന്നത്. അതു ഒന്നു ഭേദഗതി ചെയ്യുന്നതിനും കുടിയാന്മാർക്കു കുറെ ആശ്വാസം നൽകുന്നതിനും ഈ ഇരുപത്തിനാലാം മണിക്കൂറിലെങ്കിലും ഇനിയും സന്ദർഭമുണ്ട്. ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പാസ്സാക്കി ഈ ബില്ലിന്റെ രണ്ടാം വായന പൂർത്തിയാക്കുന്നതിന് ഇനി 35 മിനിട്ടു മാത്രമേയുള്ളു. ഈ 35 മിനിട്ടിനിടയിൽതന്നെ കുടിയാന്മാർക്കു സംരക്ഷണം നൽകാൻ ഉപകരിക്കുന്ന ഭേദഗതികൾ ഇനിയും ഈ നിയമത്തിൽ കൊണ്ടുവരാൻ സാധിക്കും. ഈ നിയമം കൊണ്ടുവരുന്ന അവസരത്തിൽ നിലവിലുള്ള പാട്ടം വർദ്ധിക്കും എന്നു ആരും സ്വപ്നത്തിൽ പോലും ധരിപ്പിച്ചിരുന്നില്ല. 27—ാം വകുപ്പുമൂലം പാട്ടം ചുരുങ്ങുന്നില്ലെന്നുള്ളതു വ്യക്തമാണ്. ഇപ്പോൾ ഇതുമൂലം പാട്ടം വർദ്ധിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ ചെറുകിട ജന്മിയുടെ കീഴിലുള്ള കുടിയാനാണെന്നു പറയുമായിരിക്കാം. അയാളും കുടിയാൻ തന്നെയല്ലേ. 'വിച്ച് എവർ ഈസ് ലെസ്' എന്നു പറയുകയും പക്ഷേ, അതേസമയം ഈ തരത്തിൽ ഒരു പട്ടിക അംഗീകരിച്ചും കൊണ്ട് ചെറുകിട ഭൂവുടമയുടെ കീഴിലുള്ള കുടിയാനെക്കൊണ്ട് കവിഞ്ഞ പാട്ടം കൊടുപ്പിക്കുകയുമാണ് ഈ നിയമംകൊണ്ടു ചെയ്യുന്നത്. പാട്ടം വർദ്ധിക്കുകയില്ല എന്നു പറഞ്ഞ അതേ സന്ദർഭത്തിൽ തന്നെ വർദ്ധിപ്പിച്ചുകൊണ്ടുള്ള വ്യവസ്ഥയുംകൂടി അതോടൊപ്പം ഉണ്ടാക്കിവെച്ചിരിക്കുകയാണ്. ഈ പട്ടികയിൽ ഭേദഗതി വരുത്തണം.

അടുത്തത് മത്സ്യം പാട്ടം കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളമാണ്. മലബാറിൽ പണ്ട് മദ്രാസ് ഗവണ്മെന്റിന്റെ കീഴിലായിരുന്ന കാലത്തു മദ്രാസ് ഗവണ്മെന്റു അംഗീകരിച്ചിരുന്ന ഒരു നിയമത്തിൽ അതായതു് മലബാർ ടെനൻസി ആക്റ്റിൽ വസ്സോൽ പാട്ടമായി ജന്മിക്കു കൊടുക്കണമെന്നു വ്യവസ്ഥയുണ്ടായിരുന്നു. വളരെക്കാലമായി അവിടത്തെ ജനങ്ങൾ പ്രക്ഷോഭണം കൂട്ടിയതിന്റെ ഫലമായിട്ടു മലബാർ കുടിയാൻ നിയമത്തിലുണ്ടായിരുന്ന ആ വ്യവസ്ഥ മാററീട്ടു വസ്സോൽ പാട്ടം കൊടുക്കണമെന്നുള്ളതു നിറുത്തലാക്കുകയുണ്ടായി. അന്നു മദ്രാസിലുള്ളവർ ചോദിക്കുകയുണ്ടായിട്ടുണ്ട് മലബാറിലെ ജന്മിമാർ വസ്സോൽ തിന്നുമോ എന്ന്. അന്നു മദ്രാസ് നിയമസഭതന്നെ ആ വസ്സോൽ കൊടുക്കണമെന്നുള്ള വ്യവസ്ഥ എടുത്തുകളഞ്ഞു. പണ്ടു കാലത്തു ഒന്നുംതന്നെയില്ലാത്ത ഒരു വ്യവസ്ഥയാണ് മൽസ്യത്തിന്റെ എട്ടിലൊന്നു പാട്ടം കൊടുക്കണമെന്നുള്ളത്. ഇവിടെ അതിനെ സംബന്ധിച്ചു ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു അങ്ങനെ നടപ്പുണ്ടെന്നാണ്. മലബാറിന്റെ വിവിധ ഭാഗങ്ങളിൽ ഞാൻ പോയിട്ടുണ്ട്. അവിടെയെങ്ങും ഈ തരത്തിൽ മത്സ്യത്തിന്റെ എട്ടിലൊന്നും പത്തിലൊന്നും ജന്മിക്കു കൊടുക്കണമെന്നുള്ള വ്യവസ്ഥയില്ല. അതുകൊണ്ടു ഇതുവരെ മലബാർ ഭാഗത്തു ഇല്ലാതിരിക്കുന്ന ഒരു വ്യവസ്ഥ ഇതുമൂലം ഉണ്ടാക്കാൻ പോകുകയാണ്. എറണാകുളത്തും മററും കിട്ടുന്ന മൽസ്യത്തിന്റെ എട്ടിലൊന്നു കൊടുക്കണമെന്നുള്ള വ്യവസ്ഥയുണ്ടായിരിക്കാം. പക്ഷേ, മലബാർ ഭാഗത്തെ ജന്മിമാർക്കും മത്സ്യം പാട്ടം വാങ്ങാനുള്ള പ്രചോദനം ഉണ്ടാക്കുകയാണ് ഈ വ്യവസ്ഥകൊണ്ട് ചെയ്യുന്നത്. ഇതു തികച്ചും തെററായ ഒരു നടപടിയാണ്. പഴയ സമ്പ്രദായത്തിലുള്ള നാട്ടാചാരങ്ങളുടെ മടങ്ങിവരവാണ്. നാട്ടാചാര വിഹിതങ്ങൾ കൊടുക്കുന്നതിനു എതിരായിട്ടു ഈ നിയമത്തിൽ വകുപ്പുകൾമൂലം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ പഴയ പാരമ്പര്യത്തിലേക്ക് വീണ്ടും നാം പോകുകയല്ലേ എന്നു ഞാൻ സംശയിക്കുകയാണ്. ഓണം തുടങ്ങിയിട്ടുള്ള വിശേഷങ്ങൾക്കു കുടിയാന്മാർ ജന്മിമാർക്കു പലവിധ സാധനങ്ങളും കാഴ്ചയായി കൊടുക്കണമെന്നു പലയിടങ്ങളിലും നാട്ടു വ്യവസ്ഥയുണ്ട്. ഈഴവരായിട്ടുള്ള കുടിയാന്മാർ നായന്മാരായിട്ടുള്ള ജന്മിമാർക്കു മൽസ്യവും മററും കാഴ്ച വയ്ക്കണം എന്നൊരു സമ്പ്രദായമുണ്ടായിരുന്നു. ഇന്നു ആ സമ്പ്രദായം നാമാവശേഷമായിട്ടുണ്ട്. കാർഷികബന്ധനിയമത്തിൽ അതുപോലും എടുത്തുകളഞ്ഞിട്ടുണ്ട്. അങ്ങനെ നാട്ടാചാര വിഹിതങ്ങൾ കൊടുക്കേണ്ടതില്ല എന്നു

LIBRARY ARCHIVES Kerala Legislative Assembly

വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കാലത്ത് കുടിയാന്മാർ അവർക്ക് കിട്ടുന്ന മൽസ്യത്തിന്റെ എട്ടിലൊന്നു ജന്മിക്കു കൊടുക്കണമെന്ന് ഒരു പുതിയ വ്യവസ്ഥ എഴുതിയുണ്ടാക്കി പഴയ ഒരു വ്യവസ്ഥ പുനഃസ്ഥാപിക്കുകയെന്നതു് ഇന്നത്തെ കാലഘട്ടത്തിനു യോജിച്ചതല്ല. പല സ്ഥലങ്ങളിലും ഇന്നു കക്കാ വാരുന്ന സമ്പ്രദായമുണ്ട്. അപ്പോൾ ഈ കക്കാവാരുന്നതും ഉപ്പു വിളയിക്കുന്നതുമായ നിലങ്ങളിൽനിന്നും കിട്ടുന്ന കക്കായുടെയും ഉപ്പിന്റെയും വിഹിതവും ജന്മിക്കു കൊടുക്കണമെന്നു നിയമനിർമ്മാണം നടത്തുകയാണെങ്കിൽ പിന്നെ വാഴ, കമ്പളം, ചേന ഇവ കൃഷി ചെയ്യുകയാണെങ്കിൽ അതിന്റെ വിഹിതവും ജന്മിക്കു കൊടുക്കേണ്ടതായിവരും. അതുകൊണ്ടു പഴയകാലത്തെ നാട്ടാചാര വിഹിതങ്ങളടക്കം കൊടുക്കുന്നതു് ആവശ്യമില്ല എന്നു നിയമപുസ്തകത്തിൽ എഴുതിവച്ചിരിക്കെ ഇപ്പോഴത്തെ ഈ വ്യവസ്ഥയും എടുത്തുകളയണം. ഇത്തരത്തിൽ ഒരു വ്യവസ്ഥ എഴുതിവച്ചിരിക്കുന്നതു 1963—ാം വർഷത്തിനു അപമാനകരമാണ്. മനുഷ്യർക്ക് അപമാനകരമായ വ്യവസ്ഥകൾ നിയമത്തിൽ എഴുതിവയ്ക്കരുതു്.

ശ്രീമതി കെ. ആർ. ഗൗരി: രണ്ടാമത്തെ ഷെഡ്യൂൾ ശാസ്ത്രീയമായും, ന്യായമായും ഇരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് താലൂക്കുകൾ അടിസ്ഥാനമാക്കി എടുത്തിട്ടുള്ളതു്. 1961-ലെ കാർഷികബന്ധനിയമത്തിൽ റെന്റിനെ സംബന്ധിച്ചിടത്തോളം ഒരു സയന്റിഫിക് ബേസിസ്സാണ് കണക്കിലെടുത്തിരുന്നതു്. അതിൽ നാലിലൊന്ന്, ആറിലൊന്ന് എന്നിങ്ങനെ കൊടുത്തിരുന്നെങ്കിലും ഓരോ താലൂക്കുകളെ സംബന്ധിച്ചും വിവിധ തരത്തിലുള്ള നിലങ്ങളെസംബന്ധിച്ചും പ്രത്യേകമായി റെന്റ് ഏർപ്പെടുത്തണമെന്നുള്ള അടിസ്ഥാനത്തിൽ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏകദേശം പത്തുമുപ്പതു പേജ് വരുന്ന നോട്ടിഫിക്കേഷനിൽ ഓരോ താലൂക്കുകളെ സംബന്ധിച്ചും, അവിടെയുള്ള പ്രത്യേക നിലങ്ങളെ സംബന്ധിച്ചും പാട്ടം ഇത്രയായിരിക്കണമെന്നു വ്യക്തമാക്കിയിട്ടുണ്ട്. ആ ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ 1961 മാർച്ച് 8-ാം തീയതി നിയമസഭ ചർച്ച ചെയ്തു ആവശ്യമായ ഭേദഗതികൾകൂടി അംഗീകരിച്ചു ഗവണ്മെന്റു പ്രസിദ്ധീകരിച്ചു. ആ നിയമത്തിലംഗീകരിച്ചിരുന്ന തത്വത്തിൽനിന്ന് വ്യത്യസ്തമായ ഒരു സമീപനമാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നതു്. ശാസ്ത്രീയമാണോ, കുടിയാന്റെ അദ്ധ്വാനത്തിന്റെ അടിസ്ഥാനത്തിലാണോ, വിളവിന്റെ അടിസ്ഥാനത്തിലാണോ, പ്രാദേശികാടിസ്ഥാനത്തിലാണോ എന്നുള്ളതൊന്നും കണക്കാക്കാതെ, ഇതു പാസ്സായിക്കഴിഞ്ഞാൽ പഴയ നിയമത്തിൽ draft രണ്ടാമതു ചർച്ച ചെയ്തതുപോലെ ചർച്ച ചെയ്യാൻ അവകാശമുണ്ടായിരിക്കുകയുമില്ല. ഇവിടെ ശ്രീ. ഇ. പി. ഗോപാലന്റെ കയ്യിൽനിന്നും എന്തെങ്കിലും വിവരം കിട്ടാൻ വിഷമമാണെന്നു മന്ത്രി അല്പംമുമ്പു പറയുകയുണ്ടായി. യാതൊരു വിവരവും ഇല്ലായിരുന്ന കുറെ ആളുകളാണോ സെലക്റ്റ് കമ്മിററിയിൽ ഇരുന്നതു്. നിയമത്തിൽ fair rent schedule ചേർത്തതിനുശേഷം വിവരം ഇങ്ങോട്ടു ചോദിക്കുന്നു. ഇപ്പോൾ അവർതന്നെ ഇങ്ങോട്ടു വിവരങ്ങൾ ചോദിക്കുകയാണ്. ഓരോ സ്ഥലത്തും എത്ര കൃഷി നടത്താം എത്ര വിളവു ഉണ്ടാകും എന്നൊന്നും നോക്കിയിട്ടില്ല എന്നു ചോദ്യത്തിൽനിന്നു വ്യക്തമല്ലെ. മലബാർ ടെനൻസി നിയമത്തിലുൾപ്പെടുത്തിയിരുന്ന പാട്ടംപോലും നോക്കാതെയാണ് ഷെഡ്യൂൾ ചേർത്തിരിക്കുന്നതു് എന്ന് എനിക്കാക്ഷേപമുണ്ട്. എല്ലാററിനും ഞാൻ ഭേദഗതി കൊടുത്തിട്ടില്ല. രണ്ടു വിധത്തിൽ നിർവചിച്ചുള്ള ഭേദഗതികളാണു ഞാൻ കൊടുത്തിട്ടുള്ളതു്. കുടിയാന്റെ അദ്ധ്വാനമാണെങ്കിൽ അതു കുടിയാനുതന്നെ കിട്ടണം. അതിൽ കുറച്ചു ഒരംശംമാത്രമേ ജന്മിക്കു കൊടുക്കാവൂ എന്ന തത്വമാണ് എന്റെ ഭേദഗതികളിൽ ഞാൻ സ്വീകരിച്ചിട്ടുള്ളതു്. 1753-ാം നമ്പർ ഭേദഗതിയിൽ പറയുന്നതു് ഇങ്ങനെയാണ്:

"In schedule III, under Sl. No. 1 Nilams, under item (i) for the existing entries in column (3) substitute "1/9th gross produce for the Travancore-Cochin area and 1/12th for Malabar area."

2/754/S

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

Tanent-ന്റെ അദ്ധ്വാനംകൊണ്ടു നിലമാക്കിയ നിലങ്ങളുടെ പാട്ടമാണ്. ഈ തത്വം മുൻപ് അംഗീകരിച്ചിട്ടുള്ളതാണ്. പക്ഷെ, ഇപ്പോൾ അതിനേക്കാൾ കൂടിയ പാട്ടനിരക്കാണ് ഏർപ്പെടുത്തിക്കാണുന്നതു്. 1754-ാംനമ്പർ ഭേദഗതി ഇങ്ങനെയാണ്:

"In Schedule III, under Sl. No. 1 Nilams, under item (ii)' for the existing entries in column (3) substitute "1/4th gross produce for Travancore-Cochin area and 1/5th for Malabar area."

ഈ പാട്ടത്തോതു കഴിഞ്ഞ 1961-ൽ മര്യാദപ്പാട്ടം Schedule ഈ നിയമസഭ ചർച്ച ചെയ്തംഗീകരിച്ചതിൽനിന്നു പകർത്തിയതാണ്. അതിൽ 1/5 പാട്ടം മലബാറിൽ മാത്രമല്ല കൊച്ചിയിലെ ചില പ്രദേശങ്ങൾക്കും ബാധകമാക്കിയിരുന്നു. ആ ഭാഗത്തെ സംബന്ധിച്ചിടത്തോളം ഡ്രാഫ്റ്റു നോട്ടിഫിക്കേഷൻ അംഗീകരിച്ചതിൽനിന്നും മാറുന്ന മാനദണ്ഡമാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളതു്. 1756-ാംനമ്പർ ഭേദഗതി ഫിഷിംഗിനെ സംബന്ധിച്ചുള്ളതാണ്. ശ്രീ. രാമകൃഷ്ണൻ ഭേദഗതി അവതരിപ്പിച്ചപ്പോൾ മന്ത്രി ഇടയ്ക്കു ചോദ്യം ചോദിക്കുകയുണ്ടായി. വാരത്തെ സംബന്ധിച്ചും, പാട്ടത്തെ സംബന്ധിച്ചും fishing right-നു് വ്യത്യസ്ത നിലപാടുണ്ടോ എന്നാണ് ചോദിച്ചതു്. അതു് ഒരു നിയമപ്രശ്നവുമാണ്. നിയമപരമായി നോക്കുകയാണെങ്കിൽ Stay of Eviction പ്രകാരമാണു വാരക്കാർക്കു തുടർന്നു കൃഷി നടത്താൻ ആദ്യം അവകാശം കൊടുത്തതു്. "Varomdar may Continue to cultivate the land" അതാണ് ചേർത്തിരുന്ന വാചകം. 1961 വരെ വാരക്കാർക്കു് തുടർന്നു കൃഷി ചെയ്യാമെന്നുള്ള നില മാത്രമാണ് ഉണ്ടായിരുന്നതു്. അവർക്കു് കൈവശാവകാശം കൊടുത്തിരുന്നില്ല. കർഷികബന്ധനിയമം നടപ്പിൽ വന്നതോടുകൂടി അവരുടെ നിലയ്ക്കു വ്യത്യാസം വന്നിട്ടുണ്ടു്. എന്നാൽ പാട്ടക്കാർക്കു കൈവശം ഉണ്ടായിരുന്ന സ്ഥിതിക്കു മീൻ പിടിക്കാൻ അവകാശം അവർക്കായിരുന്നു. പാട്ടച്ചീട്ടിൽ മററു തരത്തിൽ നിബന്ധന എഴുതിയിട്ടുണ്ടെങ്കിൽ അതു് വ്യത്യസ്തമാണ്. നിയമപരമായ സമീപനമാണെങ്കിൽ പാട്ടക്കാരന്റെ കൈവശം വസ്തു ഇരിക്കുമ്പോൾ മററുള്ളവർക്കു് അതിൽ പ്രവേശിക്കാൻ അവകാശമില്ല. ആ സ്ഥിതിയ്ക്കൽ പാട്ടത്തിനു് ഇരിക്കുന്ന സ്ഥലങ്ങളിലുള്ള ഫിഷിംഗിനെ സംബന്ധിച്ചിടത്തോളം ജന്മിക്കു് അവകാശമുണ്ടാകുകയില്ല. 1961-ൽ കാർഷികബന്ധനിയമം വന്നപ്പോൾ വാരക്കാർക്കു് വസ്തു കൈവശമാണെന്നുള്ള ബോധം ഉണ്ടായി. എങ്കിലും ചിലയിടത്തെല്ലാം വാരക്കാർ ഫിഷിംഗിനുള്ള അവകാശം ജന്മിക്കു കൊടുത്തുവെന്നുവരാം. ഏതായാലും പാട്ടത്തിന്റെ കാര്യത്തിലും, വാരത്തിന്റെ കാര്യത്തിലും വേർതിരിച്ചുള്ള സമീപനമാണ് എടുത്തിരിക്കുന്നതു്. പുതുതായി ജന്മിക്കു കൂടുതൽ പണം ഏതെല്ലാം വിധത്തിൽ കിട്ടുമെന്നു നോക്കുകയാണ്. ഞങ്ങളുടെ നാട്ടിൽ കായൽ നിലമുണ്ടു്. അവിടെനിന്നു പായൽ വാരുന്നതിനും ഇത്തരത്തിലുള്ള അവകാശം പുറപ്പെടുവിക്കുമോ എന്നറിഞ്ഞുകൂടാ. പാട്ടക്കാരെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ പാട്ടമാണ്. ഫിഷിംഗിനു് എട്ടിലൊന്നു കൊടുക്കണമെന്നു പറഞ്ഞാൽ ഇന്നു സ്ഥിരാവകാശം കൊടുത്തിരിക്കുന്ന കുടിയാനു് എന്തു കിട്ടുമെന്നു് ആലോചിക്കണം. ഞങ്ങളുടെ നാട്ടിൽ ദേവസ്വക്കാരുടെ നിലത്തിൽനിന്നും പാട്ടക്കാരനായ പൂപ്പള്ളികുട്ടി മീൻ പിടിക്കുന്നുണ്ടു്. അതുപോലെതന്നെ എം. സി. ജോണിന്റെ നിലത്തിൽനിന്നും മീൻ പിടിക്കുന്നുണ്ടു്. അവിടെയും പാട്ടക്കാരനാണ് മീൻ പിടിക്കുന്നതു്. മത്സ്യം പിടിക്കുന്നതിനു മൂന്നിൽ രണ്ടാണു കൂലി കൊടുക്കുന്നതു്. അതു തൊഴിലാളികൾ സമരം ചെയ്തു വാങ്ങിച്ചതാണ്. ഇതിൽ പറിഞ്ഞിരിക്കുന്നതു് എട്ടിലൊന്നു പാട്ടം കൊടുക്കണം എന്നാണ്. മൂന്നിൽ രണ്ടു് കൂലി കൊടുത്തുകഴിഞ്ഞു ബാക്കിയുള്ള മൂന്നിലൊന്നിൽനിന്നും ചെലവു ചെയ്യേണ്ടതു ഞാൻ പറയാം. മത്സ്യം വളത്തുന്നതിനു കാവൽക്കാരെ ഏർപ്പെടുത്തണം. ഉപ്പുവെള്ളം കയററി ചെമ്മീൻ വളത്തുന്ന സ്ഥലത്തായാലും, മററുള്ള സ്ഥലത്തായാലും മൂന്നു നാലു മാസം കാവൽ ഇട്ടില്ലെങ്കിൽ മത്സ്യം കിട്ടുകയില്ല, അങ്ങനെ വെള്ളം വററുന്ന കാലം വരെ കാവൽക്കാരെ ഇടുന്നതിനു ചെലവുണ്ടു്. ഇതു കഴിഞ്ഞാൽ പിന്നെ മീൻ പിടിപ്പിക്കുന്ന ആളുകൾക്കു കിട്ടുന്നതു വളരെ തുച്ഛമായിരിക്കും. ആകെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ളതിന്റെ എട്ടിലൊന്നു കൊടുക്കണമെന്നാണെങ്കിൽ തന്നത്താൻതന്നെ മീൻ പിടിക്കണം. അല്ലാതെ നടപ്പില്ല. ഏതെങ്കിലും വിധത്തിൽ പാട്ടം ഒഴിവാക്കണമെന്നുള്ള നിലയിലാണു ഞാൻ 1756—ാംനമ്പർ ഭേദഗതി കൊടുത്തിട്ടുള്ളതു്. അടുത്ത 1757—ാംനമ്പർ ഭേദഗതിയിൽ എട്ടിലൊന്നെന്നുള്ളതു മാററി പതിനാറിലൊന്നു് ആക്കണമെന്നാണു പറയുന്നതു്. ഈ പാട്ടം കുടിയാനു് ഒരു ശിക്ഷയായി വരരുതു്. കാരണം എട്ടിലൊന്നാണെങ്കിൽ കയ്യിൽനിന്നും പൈസാ കൊടുക്കേണ്ടിവരും. തൊഴിലാളികൾ അവരുടെ കൂലി കുറയ്ക്കാൻ പോകുന്നില്ല.

1758—ാംനമ്പർ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതു കോക്കനട്ട ഗാർഡനെ സംബന്ധിച്ചാണു്. ജന്മി വച്ചു പിടിപ്പിച്ചതിനെ സംബന്ധിച്ചിടത്തോളം എഴുതിയിട്ടുള്ള പാട്ടത്തിനു് ഞാൻ ഭേദഗതി കൊടുത്തിട്ടില്ല. കുടിയാൻ വച്ചു പിടിപ്പിച്ച തെങ്ങുകളെ സംബന്ധിച്ചിടത്തോളം ഇന്നു പറഞ്ഞിരിക്കുന്ന പാട്ടം ഗ്രാസ്സ് പ്രൊഡ്യൂസിന്റെ പത്തിലൊന്നാണു്. തരിശുഭൂമി തെങ്ങു വയ്ക്കുന്നതിനു നികത്തിയെടുക്കുന്നതിനു ചിലവുണ്ടു്. അതിനുശേഷം തൈവച്ചു കായ്ക്കണമെങ്കിൽ ഏഴെട്ടു കൊല്ലം വേണം. സാധാരണ മിക്കപ്രദേശങ്ങളിലും പന്ത്രണ്ടും, പതിമൂന്നും കൊല്ലം കഴിഞ്ഞാണു ശരിയായി ആദായം ലഭിക്കുക. ഇത്രകാലം കയ്യിൽനിന്നും പലിശയില്ലാതെ പണം മുടക്കിയിരിക്കുന്ന വസ്തുക്കളെ സംബന്ധിച്ചു്, ആ വസ്തുവിന്റെ വിലയോളംതന്നെ പൈസ മുടക്കിയിട്ടുള്ള വസ്തുക്കളെ സംബന്ധിച്ചു്, ജന്മിക്കു പത്തിലൊന്നു് പാട്ടം കൊടുക്കണമെന്നു പറഞ്ഞാൽ ആ അഭിപ്രായം ശ്രീ. രാഘവമേനവനുപോലും ഉണ്ടായിരിക്കുകയില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. പഴയ പാട്ടം കിട്ടണമെന്നുള്ള അഭിപ്രായമേ അദ്ദേഹത്തിനുള്ളു. ഇക്കാര്യത്തെപ്പററി പറയുമ്പോൾ ഞാൻ പക്ഷപാതപരമായിട്ടാണു സംസാരിക്കുന്നതെന്നു പറയും. ഈ നിയമത്തിൽ എവിടെയെങ്കിലും ജന്മിക്കനുകൂലവും കുടിയാനു പ്രതികൂലവുമല്ലാത്ത ആ സമീപനം ഒന്നു മാററി കാണിച്ചാലേ നിങ്ങൾചെയ്യിരിക്കുന്നതു നല്ലതാണെന്നു പറയാൻ കഴിയൂ. പൈസ മുടക്കിയിട്ടുള്ള കൃഷിക്കാർ ഇത്ര കൂടിയ പാട്ടം ജന്മിക്കു കൊടുക്കണമെന്നു പറഞ്ഞാൽ കുറച്ചു വിഷമമാണു്. പൈസയും അദ്ധ്വാനവും മുടക്കിയശേഷം ഇങ്ങനെ പാട്ടം കൊടുക്കണമെന്നു പറയുന്നതു് തെററാണെന്നു ഇവിടെയും പുറത്തും പറയുകതന്നെ ചെയ്യും. അങ്ങയെ പറയാതെയിരിക്കാൻ യാതൊരു നിവൃത്തിയുമില്ലാത്ത തരത്തിലാണു ചെയ്തിട്ടുള്ളതു്. അരക്കനട്ടു് ഗാർഡനെ പരിധിയിൽനിന്നു് ഒഴിവാക്കുന്നതിനെപ്പററി മന്ത്രി സംസാരിച്ചപ്പോൾ പറയുകയുണ്ടായി, കാസർകോട്ടു് നാലു മൈൽ ദൂരെനിന്നും ടണലിലാണു വെള്ളം കൊണ്ടു വരുന്നതെന്നു്. അങ്ങനെ വെള്ളം കൊണ്ടു വരുന്നതു് ഒരു കുടിയാനാണെങ്കിൽ നിങ്ങളുടെ അഭിപ്രായം എന്താണു്? അങ്ങനെ കൂടുതൽ പണം മുടക്കുന്ന കുടിയാൻ ജന്മിക്കു് ഇങ്ങനെ പാട്ടം കൊടുക്കണമോ? ഇപ്പോൾ പത്തിലൊന്നു കൊടുക്കണമെന്നു എഴുതി വച്ചിട്ടുള്ളതു് അന്യായമാണു്. കയ്യിൽനിന്നും പൈസയെടുത്തു വേണം കൊടുക്കാൻ. വേറെ എന്തെങ്കിലും തൊഴിലിനു പോകാൻ ഈ സ്റ്റേററിൽ സൗകര്യമില്ല. എന്തിലെങ്കിലും കെട്ടിത്തൂങ്ങി നിൽക്കണമല്ലോ? ചെറുകിടക്കാരുടെ പാട്ടക്കാക്കു പാട്ടം നിശ്ചയിക്കാൻ അപേക്ഷ കൊടുക്കാനുള്ള അവകാശം കൊടുത്തതുകൊണ്ടു് കുടിയാന്മാരെ പാട്ടംകൂട്ടി കൊല്ലാനുള്ള ഏർപ്പാടാണു ചെയ്തിരിക്കുന്നതു്. കുരുമുളകു തോട്ടങ്ങളെ സംബന്ധിച്ചു കുടിയാന്റെ ദേഹണ്ഡമാണെങ്കിൽ മലബാർ ടെനൻസി ആക്ടിലുള്ള പാട്ടംപന്ത്രണ്ടിലൊന്നാണു്. പന്ത്രണ്ടു കൊല്ലത്തേയ്ക്കു് പാട്ടം കൊടുക്കേണ്ട. നിങ്ങൾ പറയുന്നതു് എട്ടാമത്തെ കൊല്ലം പാട്ടം കൊടുക്കണമെന്നാണു്. എന്തൊരാനുകൂല്യമാണു ചെയ്യുന്നതു്? ഇതു് ആദ്യം മുതൽ അവസാനംവരെ പറയുകയാണു്. ആ നാട്ടിലൊട്ടു ചെല്ലണമല്ലോ? എട്ടാമത്തെ കൊല്ലം കൊടുക്കണമെന്നാണു് ശ്രീ. ചാക്കോയുടെ നിർബന്ധം. ഈ പാട്ടവും പതിനാറിൽ ഒന്നായി കുറയ്ക്കണമെന്നാണു് എന്റെ ഭേദഗതിയുടെ ഉദ്ദേശം. കാർഷികപരിഷ്ക്കരണമെന്നു പറഞ്ഞാൽ ഇത്ര അമിതമായ പാട്ടം കൂടുതലാണെന്നു കുടിയാന്മാർ അറിഞ്ഞു തുടങ്ങുമ്പോൾ നിങ്ങളുടെ വർഗ്ഗ സ്വഭാവം, ജന്മി പക്ഷപാതം, അവർ മനസ്സിലാക്കിക്കൊള്ളുമെന്നേ എനിക്കു പറയുവാനുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

1761–നെ സംബന്ധിച്ച മന്ത്രി കഴിഞ്ഞ പ്രാവശ്യം ഇവിടെ സംസാരിച്ചപ്പോൾ ഒരു വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. പാട്ടം കരാറു പ്രകാരം കൊടുക്കാൻ ബാദ്ധ്യതയില്ലാത്ത ഭൂമികളെ സംബന്ധിച്ച് ഒരു വ്യവസ്ഥ വേണം. അല്ലെങ്കിൽ Schedule പ്രകാരമുള്ള പാട്ടം കൊടുക്കേണ്ടിവരും. മുൻപു ഞാൻ ഇവിടെ പറഞ്ഞിട്ടുള്ളതാണ്, കമുകിൻ തോട്ടങ്ങൾക്ക് 300 രൂപവരെ പാട്ടം Schedule പ്രകാരമുള്ള പാട്ടമാണെങ്കിൽ കൊടുക്കേണ്ടതായി വരുമെന്ന്. അതിന്റെ അദ്ധ്വാനമാണെങ്കിൽ വളരെ കൂടുതലാണുതാനും. പത്തിലൊന്നാണു ഇതിൽ പാട്ടം നിശ്ചയിച്ചിരിക്കുന്നത്. അതുപോലെതന്നെ കുരുമുളകിന് എട്ടിലൊന്നു കൊടുക്കണമെന്നു പറഞ്ഞിരിക്കുന്നു. ഭൂമി വിലയോളം വരുന്ന സംഖ്യയ്ക്ക് ഏറ്റുവാങ്ങി നല്ല അദ്ധ്വാനം ചെയ്തു കൂടുതൽ ആദായം ഉണ്ടാക്കുമ്പോൾ, അതിന്റെ ഓഹരി ജന്മിക്കു കൊടുക്കാനാണു, ജന്മിക്കു കൂടുതൽ ആദായം ഉണ്ടാക്കാനാണ് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. എന്റെ അഭിപ്രായത്തിൽ, ഈ വക ഭൂമികൾക്ക വ്യക്തമായിട്ടു പാട്ടം പറയണം. പാട്ടം കൊടുക്കാതിരിക്കുന്ന ഭൂമിയെ സംബന്ധിച്ച് വ്യക്തമായി പറഞ്ഞില്ലെങ്കിൽ ശരിയായ പ്രയോജനം കിട്ടുകയില്ല. പാട്ടത്തെ സംബന്ധിച്ച് ഒന്നു പറയുക; ഒഴിപ്പിക്കലിനെ സംബന്ധിച്ച് മറ്റൊന്നു പറയുക; പിന്നെ അതിൽനിന്നു പിൻവാങ്ങുന്ന തരത്തിലുള്ള വകുപ്പു ചേർക്കുക ഇത്തരത്തിലുള്ള ഒരു നയമാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നതു്.

ശ്രീ. എൻ. ഇ. ബലറാമിന്റെ ഒരു ഭേദഗതിയുണ്ട്. കുടിയാന് ഒരു ചെറിയ ദാക്ഷിണ്യം എന്ന നിലയിൽ, കുടിയാന്റെ അദ്ധ്വാനത്തിന്റെ ഫലം അവന് അനുഭവിക്കാനുള്ള അവസരം നൽകാൻ ഈ ദേഭഗതി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റു പാട്ടം ഇല്ലാതിരിക്കുന്ന ഭൂമി പ്രത്യേകം കണക്കിലെടുക്കണമെന്നും, ഫിഷിംഗിന് ഉപയോഗിക്കുന്ന നിലങ്ങൾ പ്രത്യേകം പരിഗണിക്കണമെന്നുമുള്ള ഭേദഗതി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: മാഡം, പാട്ടം വദ്ധിപ്പിക്കുന്ന നിലയിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ള ഷെഡ്യൂളിനോടു യോജിക്കാൻ നിവൃത്തിയില്ല അതിനു ദീർഘമായിട്ടു ന്യായങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. 1960–ലെ നിയമത്തിൽ, കൃഷിക്കാർ കൊടുക്കേണ്ടിവന്ന പാട്ടത്തെക്കാൾ കൂടുതൽ, മൂന്നു വർഷം കഴിഞ്ഞു് 1963–ൽ കൊടുക്കാൻ വ്യവസ്ഥചെയ്യുന്നതു ശരിയായിരിക്കുകയില്ല. നമ്മുടെ രാജ്യം പുരോഗമിക്കുകയാണ്. അഭിവൃദ്ധിയിലേയ്ക്കു പോകുകയാണ്, എന്നെല്ലാം അവകാശപ്പെടുകയും, അതേസമയത്തു കൃഷിക്കാർക്ക് പാട്ടം വർദ്ധിപ്പിക്കുകയും ചെയ്യുന്നതു, കൃഷിക്കാർക്ക മുൻപുണ്ടായിരുന്ന ആനുകൂല്യങ്ങൾ ഇല്ലായ്മ ചെയ്യുന്നതു, ശരിയാണൊ എന്നു ആലോചിക്കണം. ഈ നിയമത്തിൽ, കുടിയാന്മാർക്ക് എതിരായ ഒരു സമീപനമാണ് സ്വീകരിച്ചു കാണുന്നതു്, അതിനോടു യോജിക്കാൻ നിവൃത്തിയില്ല. ഈ നിയമത്തിൽ വ്യവസ്ഥചെയ്തിരിക്കുന്ന എല്ലാ പാട്ടങ്ങളും കുറയ്ക്കണമെന്നാണ് എന്റെ അഭിപ്രായം.

കൃഷിക്കാരുടെ അദ്ധ്വാനംകൊണ്ട് ഡബിൾക്രോപ്പു നിലമായിട്ടു മാറുന്ന ഭൂമിക്കു പാട്ടം 8–ൽ 1 എന്നാണ് ഇതിൽ പറയുന്നതു്. അതു് 9–ൽ1 ആയി മാറ്റണമെന്നാണ് എന്റെ ഭേദഗതി. അതുപോലെ, മറ്റു നിലങ്ങൾക്ക് ഷെഡ്യൂളിൽ നാലിലൊന്നു പാട്ടം നിശ്ചയിച്ചിരിക്കുന്നതു്, അഞ്ചിലൊന്നായി ഭേദഗതി ചെയ്യണം. കരിനിലങ്ങളെ സംബന്ധിച്ചിടത്തോളം, ഒൻപതിലൊന്നു പാട്ടം ഷെഡ്യൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു പത്തിലൊന്നായിട്ടു കുറയ്ക്കണമെന്നാണ് എന്റെ ഭേദഗതിയിൽ ആവശ്യപ്പെടുന്നതു്. വളരെ ചെറിയ ആനുകൂല്യങ്ങൾ എന്ന നിലയിൽ ചെറിയ ഭേദഗതികളാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളതു്. 'അപ്പർ കരിനില'ങ്ങൾക്ക് ഷെഡ്യൂളിൽ അഞ്ചിലൊന്നു പാട്ടം നിശ്ചയിച്ചിരിക്കുന്നതു്, ആറിലൊന്നായി കുറവു ചെയ്യണം. ഗാർഡൻ ലാൻഡിനെ സംബന്ധിച്ചിടത്തോളം, ടെനന്റിന് കോമ്പൻസേഷന് അവകാശമുള്ള തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം മൊത്തം വിളവിന്റെ പത്തിലൊന്നു പാട്ടം എന്നു ഷെഡ്യൂളിൽ ഉള്ളതു, പന്ത്രണ്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

ക്കണമെന്നാണ് മറെറാരു ഭേദഗതി. ടെനൻറിനു കാമ്പൻസേഷൻ കിട്ടുന്ന തെങ്ങിൻതോപ്പുകൾ എന്നു പറഞ്ഞാൽ, യഥാർത്ഥത്തിൽ ഭൂഉടമ അതിൽ യാതൊരു അദ്ധ്വാനവും ചെലുത്തിയിട്ടില്ല എന്നർത്ഥമാണ്. കൃഷിക്കാരൻ വളരെ അദ്ധ്വാനിച്ചു കൃഷിചെയ്തു ഫലം ഉണ്ടാക്കുകയാണ്. ഭൂമി ശരിയാക്കി തെങ്ങുവച്ചുകൊള്ളണമെന്ന വ്യവസ്ഥയിൽ ടെനൻറിനെ ഏല്പിക്കുകയല്ലാതെ ഉടമസ്ഥു മററു ചെലവോ, അദ്ധ്വാനമോ ഇല്ല. കമുകിൻതോട്ടങ്ങളുടെ കാര്യത്തിലും ഇതുപോലെയാണ്. ബുദ്ധിമുട്ടും അദ്ധ്വാനവും ടെനൻറിനാണുള്ളത്. ഈ തോട്ടങ്ങൾക്ക് ഇന്നു വച്ചിരിക്കുന്ന പാട്ടം പന്ത്രണ്ടിലൊന്നായി കുറവു ചെയ്യണം. ടെനൻറിന് കാമ്പൻസേഷൻ കിട്ടാൻ അവകാശമുള്ള തെങ്ങിൻതോപ്പുകളുടെ കാര്യത്തിലും, കമുകിൻതോപ്പുകളുടെ കാര്യത്തിലുമേ ഇങ്ങനെ കുറവുചെയ്യണമെന്നു പറയുന്നുള്ളു.

മറെറാരു ഭേദഗതി കരിമ്പുകൃഷിയെ സംബന്ധിച്ചാണ്. മദ്ധ്യ തിരുവിതാംകൂറിൽ കരിമ്പുകൃഷി വർദ്ധിച്ചിട്ടുള്ളതു് അടുത്ത കാലത്താണ്. കരിമ്പുകൃഷിക്കു് നാലിലൊന്നുപാട്ടം ഇപ്പോൾ കൊടുക്കണമെന്നു വ്യവസ്ഥ ചെയ്തിരിക്കുകയാണ്. അതു് അഞ്ചിലൊന്നായി കുറയ്ക്കണമെന്നാണ് എന്റെ അഭിപ്രായം, കരിമ്പുകൃഷിക്കു വളരെ അദ്ധ്വാനവും, ചെലവുമുണ്ട്. ജോലിക്കാർ എപ്പോഴും കൃഷിനോക്കാനും സൂക്ഷിക്കാനും ആവശ്യമുണ്ട്. അദ്ധ്വാനവും വളരെ കൂടുതലാണ്. ചെലവു കൂടുതലാണ്. അദ്ധ്വാന ഭാരത്തിന്റെയും, വർദ്ധിച്ച ചെലവിന്റെയും അടിസ്ഥാനത്തിൽ പാട്ടം കുറയ്ക്കേണ്ടതാവശ്യമാണ്. ഈ ഭേദഗതികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എൻ. ഈ. ബലറാം:</u> മാഡം, ഇതിനെപ്പററി അധികം പറയണമെന്നു വിചാരിക്കുന്നില്ല. പാലക്കാട്ടും, കണ്ണൂരും മാത്രമേ ഇത്തരം കുടിയാന്മാർ കാണുകയുള്ളു. പാട്ടത്തുകയെ സംബന്ധിച്ചിടത്തോളം കൂടുതൽ വർദ്ധിക്കാനുള്ള വകുപ്പുകൾ ഇതിൽ ആവർത്തിച്ചു ചേർത്തിരിക്കുകയാണ്. എല്ലാ വിഭാഗത്തിൽപ്പെട്ട കുടിയാന്മാരും കൂടുതൽ പാട്ടം കൊടുക്കേണ്ടിവരും. ഇതു പറയുമ്പോൾ കഴിഞ്ഞതവണ മന്ത്രി പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുകയാണ്. ഇതിൽ നിശ്ചയിച്ചപ്രകാരമുള്ള പാട്ടം പ്രധാനമായികാമ്പൻസേഷൻ റേററു ഫിക്സ് ചെയ്യാനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്നു് അദ്ദേഹം പറഞ്ഞു. കുടിയാന്മാർ ഇന്നത്തേക്കാൾ വളരെയൊന്നും പാട്ടംകൊടുക്കേണ്ടിവരികയില്ല എന്നായിരുന്നു മന്ത്രി മറുപടി പറഞ്ഞതു്. ഈ കാര്യം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുവെങ്കിലും ഇപ്പോൾ മര്യാദപ്പാട്ടം നിശ്ചയിച്ചിരിക്കുന്നതു് ഇന്നത്തേതിൽ കൂടുതൽ പാട്ടം കുടിയാന്മാർ കൊടുക്കേണ്ടിവരുന്ന തോതിലാണ്. അങ്ങനെ കൂടുതൽ പാട്ടം കൊടുക്കേണ്ടിവരുന്ന ഒരു നല്ല വിഭാഗം കുടിയാന്മാർ ഉണ്ടാവുമെന്നാണ് എന്റെ അഭിപ്രായം. ചെറുകിട ജന്മിമാരുടെ കുടിയാന്മാർ മുഴുവനും കൂടുതൽ പാട്ടം കൊടുക്കേണ്ടതായിട്ടുവരും. എന്റെ അറിവുവച്ചു പറഞ്ഞാൽ, മലബാർ ഭാഗത്തെ കുടിയാന്മാരുടെ കൈവശമുള്ള നിലങ്ങൾ, ഈ പുതിയ വകുപ്പുമൂലം പർച്ചേസുചെയ്യാൻ സാധിക്കുകയില്ല. അങ്ങനെ പർച്ചേസു ചെയ്യണമെങ്കിൽ അവരുടെ കൈവശമുള്ള ഭൂമി പകുതി ജന്മിക്കു ഒഴിഞ്ഞുകൊടുക്കണം, ബാക്കി പകുതിക്കു ഇതിൽ പറയുന്ന തോതിലുള്ള പ്രതിഫലം കൊടുക്കണം. അതായതു മര്യാദപ്പാട്ടത്തിന്റെ 16 ഇരട്ടിയാണ് പ്രതിഫലം. അവിടത്തെ ഏതെങ്കിലും കുടിയാൻ തങ്ങളുടെ കൈവശമുള്ള ഭൂമി അങ്ങനെ പ്രതിഫലം കൊടുത്തു വാങ്ങാൻ തയ്യാറാകുമോ, ആ കാര്യം സങ്കല്പിക്കാൻതന്നെ അവർക്കു സാധിക്കുമോ എന്നു നിശ്ചയമില്ല, പകുതിഭൂമി ഒഴിഞ്ഞുകൊടുക്കുക; പകുതി ഭൂമിക്കു മര്യാദപ്പാട്ടത്തിന്റെ 16 ഇരട്ടി പ്രതിഫലം കൊടുക്കുക, അവരെ സംബന്ധിച്ചിടത്തോളം ഇന്നവർ വഹിക്കുന്ന ഭാരത്തെക്കാൾ കടുത്ത ഒരു ഭാരമായിരിക്കും ഇതു്. കാസർകോട്ട് താലൂക്കിലെ നല്ലൊരു വിഭാഗം കുടിയാന്മാർക്ക് ഈ നിയമത്തിന്റെ യാതൊരു ആനുകൂല്യവും കിട്ടാൻ ഇടയില്ല. എന്റെ ഭേദഗതി സ്വീകരിച്ചാൽമാത്രമേ എല്ലാവർക്കും ഇതിന്റെ പ്രയോജനം ലഭിക്കുകയുള്ളു. അളിയസന്താന നിസന്തതി വിഭാഗത്തിൽപ്പെട്ടവർക്ക് യാതൊരു കാരണവശാലും ഇപ്പോൾ ഭൂമി പർച്ചേസ് ചെയ്യാൻ അധികാരമില്ല. അങ്ങനെയൊരു വലിയസംഘം കുടിയാന്മാരുണ്ട്. അതിനുപുറമേ പുതിയ ബില്ലിൽ, 70-ാമത്തെ വകുപ്പുപ്രകാരം ദേവസ്വംവക ഭൂമി നിശ്ചിത കാലയള

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഇ. ബലറാം]

വിസ്സ്ഥിൽ പർച്ചേസ് ചെയ്യാൻ തയ്യാറാകാത്ത കുടിയാന്മാരുണ്ട്. അങ്ങനെ വരുന്ന വലിയ ഒരു വിഭാഗം കുടിയാന്മാരുണ്ടാകും. ഇങ്ങനെ പരിശോധിച്ചാൽ, മര്യാദപ്പാട്ടം നിശ്ചയിക്കുന്ന ഈ ഭാഗം, പ്രതിഫലത്തിന്റെ തോതു നിശ്ചയിക്കാൻ പരിഗണിക്കപ്പെടുമ്പോൾ ഭാരിച്ച പാട്ടം കുടിയാന്മാർ കൊടുക്കേണ്ടിവരുമെന്നുള്ളതു് ഒരു വസ്തുതയാണ്. കുടിയാൻ കൂടുതൽ പാട്ടം കൊടുക്കേണ്ടി വരുകയില്ല എന്ന മന്ത്രിയുടെ ഉറപ്പ് അർദ്ധസത്യമായിത്തീർന്നിരിക്കുകയാണ്. വാസ്തവം പറഞ്ഞാൽ, ഗണ്യമായ ഒരു വിഭാഗം കുടിയാന്മാർ ഇതിൽ നിശ്ചയിക്കുന്ന മര്യാദപ്പാട്ടം കൊടുക്കാൻ ബാദ്ധ്യസ്ഥരാകത്തക്ക നിലയിലാണ് ഈ ബിൽ തയ്യാറാക്കിയിരിക്കുന്നതു്. മാഡം, ഇതു പറയുമ്പോൾ പാട്ടം കൊടുക്കേണ്ട, കൂടുതൽ പാട്ടം കൊടുക്കേണ്ട ആളുകൾ ഇനിയും കാണുമെന്നു പരിശോധിച്ചാൽ കാണാൻ കഴിയും. മലബാർ കുടിയായ്മനിയമം അനുസരിച്ചു കൊടുക്കേണ്ട പാട്ടത്തെക്കാൾ കൂടുതൽ പാട്ടം ഈ തോതനുസരിച്ചു കൊടുക്കേണ്ടതായി വരും. മലബാർ കുടിയായ്മ നിയമപ്രകാരം 100 പറ നെല്ലു വിളവുണ്ടായാൽ പകുതി ജന്മിക്കും പകുതി കുടിയാനും 50 പറ നെല്ലു വീതം എടുക്കാം. പുതിയ നിയമപ്രകാരം അതു് 60 പറയായി വർദ്ധിക്കുകയാണ്. അങ്ങനെ ഭൂമി പർച്ചേസ് ചെയ്യാനുള്ള അവകാശം നഷ്ടപ്പെടുന്നതോ പോകട്ടെ, പാട്ടവും കൂടുതൽ കൊടുക്കേണ്ടതായിട്ടു വരികയാണ്. ഒരു വലിയ വിഭാഗം കുടിയാന്മാർ ഈ വ്യവസ്ഥമൂലം വിഷമിക്കും. അവർ ഇതിനെ സർവ്വ ശക്തികളുമുപയോഗിച്ച് എതിർക്കാതിരിക്കുകയില്ല. അതുകൊണ്ടാണു ഞാൻ പറയുന്നതു് ഇതിൽ മാററം വരുത്തണമെന്നു്.

63-ാം ക്ലാസിൽ 1194-ാംമതായിട്ടു ഞാനൊരു ഭേദഗതി അവതരിപ്പിച്ചിരുന്നു. ആനുവിററി ഫെയർറെൻറു ഫിക്സ് ചെയ്യുമ്പോൾ കൃഷിക്കാർ അതനുസരിച്ചുള്ള ഫെയർ റെൻറു

7 p. m. കൊടുക്കാൻ ബാദ്ധ്യസ്ഥമാണെന്നുള്ള നിലയിലാണ് ഇവിടെ ആ ഭേദഗതി അംഗീകരിച്ചതു്. ശ്രീമതി ഗൗരി ഇതിനെക്കുറിച്ചു വളരെക്കൂടുതൽ കാര്യങ്ങൾ പറയുകയുണ്ടായി. അതുകൊണ്ടു ഞാൻ ഇതിനെപ്പററി കൂടുതലായിട്ടൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങൾ ഇതിനെപ്പററി പറയുന്നതിൽ വലിയ കഴമ്പില്ലെന്നു വളരെനേരം വാദിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിച്ചുവെങ്കിലും അവസാനം അദ്ദേഹം അഥവാ എന്നു പറഞ്ഞു ചില വാചകങ്ങൾ പറയുകയുണ്ടായി. അന്നു് ഒടുവിൽ അദ്ദേഹം പറഞ്ഞതു് എന്തെങ്കിലും വിട്ടുവീഴ്ച്ച അക്കാര്യത്തിൽ ചെയ്യാമെന്നാണ്. ഈ ബില്ലിലെ വ്യവസ്ഥകൾകൊണ്ടു് ഡീമ്ഡ് ടെനൻറ് എന്നുള്ള പേരിൽ വരുന്ന കുടിയാന്മാർക്ക് വളരെയധികം ദോഷങ്ങൾ ഉണ്ടാകുന്നുണ്ട്. ഓടച്ചാർത്തിന്റെ പേരിൽ ഭൂമി വാങ്ങുന്ന കുടിയാന്മാർക്കും, പുതിയതായി രേഖയൊന്നുമില്ലാതെ ദേവസ്വം ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്ന കുടിയാന്മാർക്കും പുതിയ ബിൽ പ്രകാരം ഉണ്ടാകുന്ന................

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: മാഡം; അധിപ്രധാനമായ ഒരു ബില്ലിനെക്കുറിച്ച് ചർച്ചചെയ്തുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഒരു പൂച്ച കുറുകെ ചാടി പോയിരിക്കുന്നു. സാധാരണ പൂച്ചകൾ കുറുകെ ചാടുന്നതു ദുശ്ശകുനമായിട്ടാണ് കണക്കാക്കുന്നതു്. "ഭാവിശ്രേയം പിശുനശകുനം" എന്നുണ്ടല്ലോ;

ഡെ: സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറന്മാർ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്താൽ മതി. പൂച്ച കുറുകെ ചാടുന്നതും പോകുന്നതും ഒന്നും നോക്കേണ്ട ആവശ്യമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ്: കറുത്ത പൂച്ചയാണോ വെളുത്ത പൂച്ചയാണോ കുറുകെ ചാടിയതു്;

ശ്രീമതി കെ. ആർ. ഗൗരി: കരിം പൂച്ചയാണ്.

ശ്രീ. എൻ. ഇ. ബലറാം: ഏതായാലും എനിക്ക് അതിനെപ്പററിയൊന്നും പറയേണ്ട ആവശ്യമില്ല. പൂച്ച ചാടിയാലുള്ള ശകുനം എന്താണെന്നും എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

റിയാൻ പാടില്ല. എനിക്കു പറയുവാനുള്ളതു് പാട്ടത്തോതു നിശ്ചയിക്കുന്നതിന്റെ കാര്യം ഒന്നുകൂടി പുനഃപരിശോധന ചെയ്യണമെന്നാണു്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. ടി. ചാക്കോ: മാഡം, ഈ ഷെഡ്യൂളിനെപ്പററി വളരെ ദീർഘമായ വാദപ്രതിവാദം ഇവിടെ നടക്കുകയുണ്ടായി. ആ വാദപ്രതിവാദത്തിൽ ഇതിനുമുമ്പു് ഈ സഭയിൽ പറഞ്ഞിട്ടില്ലാത്ത ഒരു കാര്യംമാത്രം ഉണ്ടായിരുന്നു. ബാക്കിയുള്ളതെല്ലാം ഈ സഭയിൽ പല ആവൃത്തി പറഞ്ഞിട്ടുള്ളതാണു്. പുതിയതായി പറഞ്ഞ വാദം ഫിഷിംഗിനെ സംബന്ധിച്ചുള്ള പാട്ടത്തെപ്പററിയായിരുന്നു. അതിനെപ്പററി വ്യക്തമായും വേണ്ട രീതിയിലും ഗവണ്മെൻറിൽനിന്നും അന്വേഷണം നടത്തിയതിനുശേഷമാണു് പാട്ടം ഏർപ്പെടുത്തിയിട്ടുള്ളതു്. വാര നിലങ്ങളിൽ കൃഷിചെയ്യുന്നതിനുമാത്രമേ വാരക്കാർക്കു് അവകാശം ഉണ്ടായിരുന്നുള്ളു. അവിടെ മൽസ്യം പിടിക്കുന്നതിനു ലേലംചെയ്തുകൊടുക്കുന്നതു വസ്തു ഉടമസ്ഥന്മാരാണു്. പാട്ടനിലങ്ങളിൽ അങ്ങനെയായിരുന്നുവെന്നു തോന്നുന്നില്ല. ആ അടിസ്ഥാനത്തിലാണു് ശ്രീ. വിജയനും, ശ്രീ. കെ. സി. ഏബ്രഹാമും ഓരോ ഭേദഗതികൾ ടേബിൾ ചെയ്തതു്. അതിൽ ശ്രീ. വിജയന്റെ ഭേദഗതിമാത്രം അവതരിപ്പിക്കുകയുണ്ടായി. ആ ഭേദഗതി ഞാൻ സ്വീകരിക്കുകയാണു്. അതു് 1029–ാം നമ്പർ ഭേദഗതിയാണു്. അതിൽ ആവശ്യമില്ലാത്ത ഒരു ക്ലാസ്സുണ്ടു്. അതു് ഞാൻ ഉപേക്ഷിക്കുകയാണു്. അതിൽ പറഞ്ഞിരിക്കുന്ന "by a varomdar as defined inclause 2 sub-clause (60)". 'ബൈ ഏ വാരംദാർ എന്നുള്ളതുവരെ മതി, ബാക്കിയുള്ളതു് ഉപേക്ഷിക്കുകയാണു്.

പിന്നെ ഇവിടെ പറഞ്ഞതെല്ലാം ഈ ബില്ലുകൊണ്ടു ഭയങ്കരമായ പാട്ടക്കൂടുതൽ ഉണ്ടാകുന്നുവെന്നാണു്. മലബാർ ടെനൻസി ആക്ടിൽ പെപ്പർ വൈനിനു പാട്ടം പത്തിലൊന്നായിരുന്നുവെന്നു് വളരെക്കാലം ഇക്കാര്യങ്ങളെപ്പററിയെല്ലാം പഠിച്ച ശ്രീമതി ഗൗരി പറഞ്ഞതു് വളരെ കഷ്ടമായിപ്പോയി. മലബാർ ടെനൻസി ആക്ററിലുള്ള പാട്ടത്തെ സംബന്ധിച്ച രേഖകൾ എന്റെ കൈവശമുണ്ടു്. അതിൽ പെപ്പർ വൈനിനു പാട്ടം എട്ടിലൊന്നാണു്. ഇപ്പോഴത്തെ ബില്ലിലും അതിനു് എട്ടിലൊന്നുതന്നെയാണു് പാട്ടം നിശ്ചയിച്ചിരിക്കുന്നതു്. ഇങ്ങനെ ഓരോ ഐററവും താരതമ്യപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള ഒരു പട്ടിക എന്റെ കൈവശമുണ്ടു്. അതു് നോക്കിയാൽ കാര്യമായ വ്യത്യാസമുള്ളതു കണ്ണൂർ, കോഴിക്കോട്ട്, പാലക്കാട്ട് എന്നീ ഡിസ്ട്രിക്ററുകളിൽ നെൽപ്പാടങ്ങൾക്കു് ഉണ്ടായിരുന്ന പാട്ടം, ബാക്കി ഡിസ്ട്രിക്ററുകളിൽ അതായതു് തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിൽ ഉണ്ടായിരുന്ന പാട്ടത്തോതിനു സമമാക്കിയിട്ടുണ്ടു്. കൃഷിക്കാരുടെ അദ്ധ്വാനംകൊണ്ടു നിലമാക്കിയ പ്രദേശങ്ങളെപ്പററി കാർഷികബന്ധനിയമത്തിൽ ഒൻപതിലൊന്നായിരുന്നു പാട്ടം നിശ്ചയിച്ചിരുന്നതു്. മലബാർ കുടിയായ്മ നിയമത്തിൽ അഞ്ചിലൊന്നായിരുന്നു. തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിൽ എട്ടിലൊന്നായിരുന്നു. അതെല്ലാം മാററിയിട്ടു് ഈ ബിൽ പ്രകാരം സ്റ്റേററു മുഴുവൻ എട്ടിലൊന്നാക്കിയിരിക്കുകയാണു്. അതിനെപ്പററി ശ്രീ. ഈ. പി. ഗോപാലൻ ഇവിടെ പറഞ്ഞിട്ടുള്ള കണക്കുകൾ വളരെ അത്ഭുതകരമായ കണക്കുകളാണു്. ഇതു് ഒരു ജീനിയസ്സിന്റെ കണക്കാണോ എന്നറിഞ്ഞുകൂടാ. അദ്ദേഹം പറഞ്ഞതു് 160 പറ ഗ്രാസ് പ്രൊഡ്യൂസ് പാലക്കാട്ടു് ജില്ലയിൽ കിട്ടുമെന്നും, ഈ ബിൽ പ്രകാരം നാലിലൊന്നു പാട്ടം കൊടുക്കുകയാണെങ്കിൽ എൺപതു് തൊണ്ണൂറു പറയോളം ആകുമെന്നുമാണു്. ഇതു എവിടെയുള്ള കണക്കാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇതുപോലുള്ള കണക്കുകളാണല്ലോ ഈ സഭയിൽ പറയുന്നതു്.

ഓർഡിനറി വെററു് ലാൻഡിനു് കാർഷികബന്ധ നിയമമനുസരിച്ചു് കേരളത്തിലെ വടക്കൻ ഭാഗങ്ങളിൽ അഞ്ചിലൊന്നു പാട്ടം നിശ്ചയിച്ചിരുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം മുതലായ സ്ഥലങ്ങളിൽ നാലിലൊന്നായിരുന്നു. അതു മാററിയിട്ടു് ഈ ബില്ലിൽ എല്ലായിടത്തും നാലിലൊന്നാക്കിയിട്ടുണ്ടു്. കോൾ നിലങ്ങൾക്കു കാർഷികബന്ധനിയമത്തിൽ പാട്ടം നിശ്ച

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ടി. ചാക്കോ]

യിച്ചിരുന്നതു് ആറിലൊന്നായിരുന്നു. മലബാർ ടെനൻസി ആക്ററിൽ നാലിലൊന്നായിരുന്നു. ഈ ബില്ലിൽ ആറിലൊന്നാക്കിയിരിക്കുകയാണു്. കൈപ്പാട്ട നിലങ്ങൾക്കു കാർഷികബന്ധ നിയമത്തിൽ പന്ത്രണ്ടിലൊന്നായിരുന്നു പാട്ടം നിശ്ചയിച്ചിരുന്നതു്. അതു് ആലപ്പുഴ, കോട്ടയം മുതലായ സ്ഥലങ്ങളിൽ എട്ടിലൊന്നായിരുന്നു. മലബാർ ടെനൻസി ആക്ററു് പ്രകാരം നാലിലൊന്നായിരുന്നു, ഇതിൽ ആറിലൊന്നാക്കിയിട്ടുണ്ടു്. പിന്നെ Karinilam converted into wet by tenants labour–9–ൽ ഒന്നു്.

ശ്രീ. എൻ. ഇ. ബലറാം: ഒരു പോയിൻറു ഒഫ് ഓർഡർ. മാഡം. ബഹുമാനപ്പെട്ട മന്ത്രി മലബാർ കുടിയായ്മ നിയമപ്രകാരം നാലിലൊന്നാണു പാട്ടമെന്നും അതേപോലെ ഈബില്ലിലും നാലിലൊന്നാക്കിയിരിക്കുകയാണെന്നും പറഞ്ഞു. മലബാർ കുടിയായ്മ നിയമത്തിലെ മുഴവൻ ഭാഗവും പറയാതെ ഏതെങ്കിലും ഒരു ഭാഗം എടുത്തു പാട്ടത്തിൻെറ കണക്കു പറഞ്ഞു. സഭയെ തെററിദ്ധരിപ്പിക്കുന്ന വിധത്തിലുള്ള പ്രസ്താവനകൾ ചെയ്യുന്നതു ശരിയാണോ?

ഡെ: സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്കു കിട്ടിയിട്ടുള്ള വിവരങ്ങളും രേഖകളും വെച്ചുകൊണ്ടാണു് അദ്ദേഹം പ്രസ്താവനകൾ ചെയ്യുന്നതു്. അതു് ഇന്ന രീതിയിൽ പറയണമെന്നു നിർബന്ധിക്കാൻ പാടില്ല.

ശ്രീ. പി. ടി. ചാക്കോ: താരതമ്യ പഠനം നടത്തി പരിശോധിച്ചുനോക്കി തയ്യാറാക്കിയിട്ടുള്ള വിവരങ്ങളാണു് ഞാൻ പറഞ്ഞിട്ടുള്ളതു. ഇതിൽ ഒരു തെററുമില്ലെന്നാണു് എൻെറ വിശ്വാസം. പിന്നെ 180 ൻെറ നാലിലൊന്നു് തൊണ്ണൂറു് ആണെങ്കിൽ ഞാൻ പറഞ്ഞതെല്ലാം തെററാണു്.

കരി നിലങ്ങൾക്കു് കാർഷികബന്ധ നിയമത്തിൽ പാട്ടം നിശ്ചയിച്ചിരുന്നതു് ഒൻപതിലൊന്നായിരുന്നു. ഇതിലും ഒൻപതിലൊന്നുതന്നെയാണു് നിശ്ചയിച്ചിട്ടുള്ളതു്. അരക്കനട്ടിൻെറ കാര്യം ഒഴിച്ചാൽ ബാക്കി ഒന്നിലും മുമ്പുണ്ടായിരുന്നതിൽനിന്നും വലിയ വ്യത്യാസം ഇല്ലെന്നു കാണാവുന്നതാണു് പെപ്പർവൈനിനു പത്തിലൊന്നായിരുന്നതു് ഇതിൽ എട്ടിലൊന്നാക്കിയിട്ടുണ്ടു്. ഇങ്ങനെ ഒന്നുരണ്ടു കാര്യങ്ങളിൽ അല്പമായ വ്യത്യാസങ്ങൾ ഒഴിച്ചാൽ ബാക്കി പാട്ടനിരക്കിൻെറ കാര്യത്തിൽ യാതൊരു വ്യതിയാനവും ഇല്ലെന്നു കാണാം. ഓരോ ഐററവും എടുത്തു ചൂണ്ടിക്കാണിക്കാൻ വിഷമമില്ല. പക്ഷെ വളരെയധികം സമയം വേണ്ടിവരും. കാർഷികബന്ധ നിയമമനുസരിച്ചുള്ള ഷെഡ്യൂളും ഈ ബില്ലിലെ ഷെഡ്യൂളും തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ വലിയ വ്യത്യാസങ്ങളൊന്നുംതന്നെയില്ലെന്നു മനസ്സിലാകുന്നതാണു്. പിന്നെ ഇവിടെ പറഞ്ഞതെല്ലാം വെറും നിഷ്ഫലങ്ങളായ വാദങ്ങളാണു്. ഇതെടുത്തു പരിശോധിച്ചു നോക്കിയാൽ തിരുവിതാംകൂർ-കൊച്ചി ഭാഗങ്ങളിൽ വെച്ചിരുന്ന നിലങ്ങളുടെ പാട്ടം നാലിലൊന്നായിരുന്നതു് അതേപടി മലബാർ ഭാഗത്തേക്കു് വ്യാപിപ്പിച്ചിട്ടുണ്ടു് എന്നു കാണാം. തിരുവിതാംകൂർ ഭാഗത്തും മലബാർ ഭാഗത്തും കൃഷിയെ സംബന്ധിച്ചു വലിയ വ്യത്യാസങ്ങളൊന്നും ഇല്ലാത്തതുകൊണ്ടും, ഇതിനു മുമ്പുണ്ടായിരുന്നപാട്ടത്തോളു കൂടുതലായിരുന്നതുകൊണ്ടും ഇതു വളരെ ന്യായമാണെന്നാണു് ഗവണ്മെൻറിൻെറ വിശ്വാസം. മററു കാര്യങ്ങളിലൊന്നും വ്യത്യാസം വരുത്തിയിട്ടില്ല.

പിന്നെ ഫിഷിംഗിൻെറ കാര്യത്തിൽ ഇങ്ങനെ ഒരു വ്യവസ്ഥ വളരെ ആവശ്യമാണെന്നു തോന്നിയതുകൊണ്ടാണു അതിനും ഒരു പാട്ടംനിശ്ചയിച്ചിട്ടുള്ളതു്. ഇങ്ങനെ ഒന്നില്ലെങ്കിൽ വളരെയധികം കലാപങ്ങൾ ഉണ്ടാകും. കാർഷികബന്ധനിയമം നടപ്പിലാക്കിയപ്പോൾ വലിയ കലാപങ്ങളുണ്ടായിട്ടുണ്ടു്. അതുകൊണ്ടു കുടിയാനു കിട്ടുന്നതിൻെറ എട്ടിലൊന്നു ജന്മിക്കു പ്രതിഫലമായി കൊടുക്കണമെന്നാണു് ഈ ബില്ലിൽ പറഞ്ഞിട്ടുള്ളതു്. നിയമനിർമ്മാണങ്ങൾ ചെയ്യുന്നതിനുമുമ്പു് ഫിഷിംഗിൻെറ മുഴവൻ ആദായവും ഭൂമിയുടെ ഉടമസ്ഥനാണു് കിട്ടിക്കൊണ്ടിരുന്നതു്. എട്ടിലൊന്നു് എന്നു പറയുന്നതു് വലിയ ഒരു സംഖ്യയല്ല. കുറെയധികം വാദപ്രതിവാദങ്ങൾ നടത്തണമെന്നുകരുതി

LIBRARY ARCHIVES Kerala Legislative Assembly

ആവർത്തിച്ചാവർത്തിച്ച് ദീർഘമായിട്ടും സന്തോഷകരമായിട്ടും എന്റെ സ്നേഹിതന്മാർ സംസാരിച്ചുവെന്നുള്ളതല്ലാതെ ഇതിൽ കാര്യമായി ഒന്നുംതന്നെയില്ല. ശ്രീ. വിജയന്റെ ഭേദഗതി ചില മാററങ്ങളോടുകൂടി സ്വീകരിക്കുന്നതല്ലാതെ മറെറാരു ഭേദഗതികളും സ്വീകരിക്കുന്നില്ല.

ശ്രീ. ഇ. പി. ഗോപാലൻ: സർ, ഒരു ചോദ്യം. 160 പറ നിലം എന്നു പറഞ്ഞതു് സിങ്കിൾ ക്രോപ്പല്ല ഡബിൾക്രോപ്പിനെ ഉദ്ദേശിച്ചാണ്. അതിന്റെ നാലിലൊന്നു് എത്രയാണെന്നു കണക്കാക്കിക്കൂടേ? ഏതായാലും അഞ്ചിലൊന്നിനെക്കാൾ വർദ്ധിച്ചതാണ് നാലിലൊന്നു് എന്നുള്ള സത്യം എന്നും നിലനില്ക്കും.

Deputy Speaker: Do you press your amendments?

Shri R. Krishnan: Yes.

Amendment No. 1025 moved by Shri R. Krishnan was put and lost.

Amendment No. 1031 moved by Shri R. Krishnan was put and lost.

Amendment No. 1035 moved by Shri R. Krishnan was put and lost.

Deputy Speaker: Do you press your amendment?

Shri P. M. Kunhiraman Nambiar: Yes, I press.

Amendment No. 1026 moved by Shri P. M. Kunhiraman Nambiar was put and lost.

Shri O. Koran: Madam, I demand a poll.

A poll was taken when the House divided as follows:

AYES 22

1	Shri C. Achutha Menon	14	Shri P. K. Kunjachan
2	,, P. C. Adichan	15	,, P. M. Kunhiraman Nambiar
3	Smt. K. O. Aisha Bai	16	,, T. C. Narayanan Nambiar
4	Shri Baby John	17	,, P. C. Raghavan Nair
5	,, P. Balachandra Menon	18	,, T. K. Ramakrishnan
6	,, N. E. Balaram	19	,, P. Ravindran
7	,, K. Bhargavan	20	,, E. M. Sankaran Namboodiripad
8	,, E. P. Gopalan	21	,, R. Sugathan
9	Smt. K. R. Gouri	22	,, P. Viswambharan
10	Shri O. Koran		
11	,, K. Krishnan		
12	,, R. Krishnan		
13	,, K. Krishna Pillai		

NOES 41

1	Shri P. K. Abdulkadir	9	Shri P. T. Chacko
2	,, K. C. Abraham	10	,, G. Chandrasekhara Pillai
3	,, M. C. Abraham	11	,, P. C. Cherian
4	,, K. T. Achuthan	12	,, K. A. Damodara Menon
5	,, K. K. Balakrishnan	13	,, T. A. Dharmaraja Iyer
6	,, R. Balakrishna Pillai	14	,, P. R. Francis
7	,, N. Bhaskaran Nair	15	,, K. M. George
8	,, P. Chacko	16	,, P. Gopalan

2/754/S

LIBRARY ARCHIVES Kerala Legislative Assembly

17 Shri Malethu Gopinatha Pillai
18 ,, M. P. Govindan Nair
19 ,, A. L. Jacob
20 ,, Thomas John
21 ,, George Joseph Podipara
22 ,, P. R. Krishnan
23 ,, N. S. Krishnan Pillai
24 ,, K. Kunhambu
25 Smt. Leela Damodara Menon
26 Shri P. Madhavan
27 ,, V. Madura
28 ,, M. M. Mathai
29 ,, K. Narayana Kurup
30 Shri M. Narayana Kurup
31 ,, Kuroor Neelakantan Namboodiripad
32 ,, E. P. Poulose
33 ,, R. Raghava Menon
34 ,, R. Sankar
35 Smt. O. T. Sarada Krishnan
36 ,, K. R. Saraswathi Amma
37 Shri K. T. Thomas
38 ,, T. A. Thomman
39 ,, P. P. Ummer Koya
40 ,, K. R. Vijayan
41 ,, K. K. Viswanathan

Neutrals—Nil.

Deputy Speaker: Those for the amendment 22, those against 41 neutrals nil. The amendment is lost

Amendment No. 1029 moved by Shri K. R. Vijayan as modified was put and carried, namely;

"In Schedule III Sl. No. 1, item (viii) in column (2), after the words "where fishing is carried on for part of the year," the words "by a varomdar" shall be added".

Deputy Speaker: Do you press your amendment?

Shri K. Krishnan: I press.

Amendment No. 1403 moved by Shri K. Krishnan was put and lost.

Deputy Speaker: Do you press your amendment?

Shri T. K. Ramakrishnan: Yes, I press.

Amendment No. 1404 moved by Shri T. K. Ramakrishnan was put and lost.

Deputy Speaker: Do you press your amendments?

Shri N. E. Balaram: Yes.

Amendment No. 1405 moved by Shri N. E. Balaram was put and lost.

Shri E. P. Gopalan: Madam, I demand a poll.

A poll was taken when the House divided as follows:

AYES 22

1 Shri C. Achutha Menon
2 ,, P. C. Adichan
3 Smt. K. O. Aisha Bai
4 Shri Baby John
5 ,, P. Balachandra Menon
6 ,, N. E. Balaram
7 ,, K. Bhargavan
8 ,, E. P. Gopalan
9 Smt. K. R. Gouri
10 Shri O. Koran
11 ,, K. Krishnan
12 ,, R. Krishnan
13 ,, K. Krishna Pillai
14 Shri P. K. Kunjachan
15 ,, P. M. Kunhiraman Nambiar
16 ,, T. C. Narayanan Nambiar
17 ,, P. C. Raghavan Nair
18 ,, T. K. Ramakrishnan
19 ,, P. Ravindran
20 ,, E. M. Sankaran Namboodiripad
21 ,, R. Sugathan
22 ,, P. Viswambharan

LIBRARY ARCHIVES Kerala Legislative Assembly

NOES 42

1 Shri P. K. Abdulkadir
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, K. K. Balakrishnan
6 ,, R. Balakrishna Pillai
7 ,, N. Bhaskaran Nair
8 ,, P. Chacko
9 ,, P. T. Chacko
10 ,, G. Chandrasekhara Pillai
11 ,, P. C. Cherian
12 ,, K. A. Damodara Menon
13 ,, T. A. Dharmaraja Iyer
14 ,, P. R. Francis
15 ,, K. M. George
16 ,, P. Gopalan
17 ,, Malethu Gopinatha Pillai
18 ,, M. P. Govindan Nair
19 ,, A. L. Jacob
20 ,, Thomas John
21 ,, George Joseph Podipara
22 ,, P. R. Krishnan
23 Shri N. S. Krishna Pillai
24 ,, K. Kunhambu
25 Smt. Leela Damodara Menon
26 Shri P. Madhavan
27 ,, V. Madura
28 ,, M. M. Mathai
29 ,, K. Narayana Kurup
30 ,, M. Narayana Kurup
31 ,, Kuroor Neelakantan Namboodiripad
32 ,, E. P. Poulose
33 ,, R. Raghava Menon
34 ,, R. Sankar
35 Smt. O. T. Sarada Krishnan
36 ,, K. R. Saraswathi Amma
37 Shri C. M. Stephen
38 ,, K. T. Thomas
39 ,, T. A. Thomman
40 ,, P. P. Ummer Koya
41 ,, K. R. Vijayan
42 ,, K. K. Viswanathan

Neutrals—Nil.

Deputy Speaker: Those for the amendment 22, those against 42 neutrals nil. The amendment is lost.

Amendment No. 1413 moved by Shri N. E. Balaram was put and lost.

Amendment No. 1769 moved by Shri N. E. Balaram was put and lost.

Deputy Speaker: Do you press your amendments?

Shri T. C. Narayanan Nambiar: Yes, I press.

Amendment No. 1406 moved by Shri T. C. Narayanan Nambiar was put and lost.

Amendment No. 1412 moved by Shri T. C. Narayanan Nambiar was put and lost.

Amendment No. 1414 moved by Shri T. C. Narayanan Nambiar was put and lost.

Amendment No. 1420 moved by Shri T. C. Narayanan Nambiar was put and lost.

Amendment No. 1422 moved by Shri T. C. Narayanan Nambiar was put and lost.

Amendment No. 1425 moved by Shri T. C. Narayanan Nambiar was put and lost.

Amendment No. 1770 moved by Shri T. C. Narayanan Nambiar was put and lost.

LIBRARY ARCHIVES Kerala Legislative Assembly

Deputy Speaker: Mr. Gopalan, do you press your amendments?

Shri E. P. Gopalan: Yes, I press all my amendments.

Amendment No. 1407 moved by Shri E. P. Gopalan was put and lost.

Amendment No. 1408 moved by Shri E. P. Gopalan was put and lost.

Amendment No. 1409 moved by Shri E. P. Gopalan was put and lost.

Amendment No. 1410 moved by Shri E. P. Gopalan was put and lost.

Amendment No. 1411 moved by Shri E. P. Gopalan was put and lost.

Amendment No. 1415 moved by Shri E. P. Gopalan was put and lost.

Amendment No. 1416 moved by Shri E. P. Gopalan was put and lost.

Amendment No. 1417 moved by Shri E. P. Gopalan was put and lost.

Amendment No. 1418 moved by Shri E. P. Gopalan was put and lost.

Amendment No. 1419 moved by Shri E. P. Gopalan was put and lost.

Amendment No. 1421 moved by Shri E. P. Gopalan was put and lost.

Amendment No. 1423 moved by Shri E. P. Gopalan was put and lost.

Amendment No. 1424 moved by Shri E. P. Gopalan was put and lost.

Amendment No. 1469 moved by Shri E. P. Gopalan was put and lost.

Deputy Speaker: Do you press your amendment ?

Shri P. C. Raghavan Nair: Yes.

Amendment No. 1468 moved by Shri P. C. Raghavan Nair was put and lost.

Deputy Speaker: Do you press your amendments?

Smt. K. R. Gouri: Yes, I press all my amendments.

Amendment No. 1753 moved by Smt. K. R. Gouri was put and lost.

Amendment No. 1754 moved by Smt. K. R. Gouri was put and lost.

Amendment No. 1755 moved by Smt. K. R. Gouri was put and lost.

Amendment No. 1756 moved by Smt. K. R. Gouri was put and lost.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 1757 moved by Smt. K. R. Gouri was put and lost.

Amendment No. 1758 moved by Smt. K. R. Gouri was put and lost.

Shri E. P. Gopalan: Madam, I demand a poll.

A poll was taken when the House divided as follows:

AYES 22

1 Shri C. Achutha Menon
2 ,, P. C. Adichan
3 Smt. K. O. Aisha Bai
4 Shri Baby John
5 ,, P. Balachandra Menon
6 ,, N. E. Balaram
7 ,, K. Bhargavan
8 ,, E. P. Gopalan
9 Smt. K. R. Gouri
10 Shri O. Koran
11 ,, K. Krishnan
12 ,, R. Krishnan
13 ,, K. Krishna Pillai
14 Shri P. K. Kunjachan
15 ,, P. M. Kunhiraman Nambiar
16 ,, T. C. Narayanan Nambiar
17 ,, P. C. Raghavan Nair
18 ,, T. K. Ramakrishnan
19 ,, P. Ravindran
20 ,, E. M. Sankaran Namboodiripad
21 ,, R. Sugathan
22 ,, P. Viswambharan

NOES 42

1 Shri P. K. Abdulkadir
2 ,, K. C. Abraham
3 ,, M. C. Abraham
4 ,, K. T. Achuthan
5 ,, K. K. Balakrishnan
6 ,, K. Balakrishna Pillai
7 ,, N. Bhaskaran Nair
8 ,, P. Chacko
9 ,, P. T. Chacko
10 ,, G. Chandrasekhara Pillai
11 ,, P. C. Cherian
12 ,, K. A. Damodara Menon
13 ,, T. A. Dharmaraja Iyer
14 ,, P. R. Francis
15 ,, K. M. George
16 ,, P. Gopalan
17 ,, Maleth Gopinatha Pillai
18 ,, M. P. Govindan Nair
19 ,, A. L. Jacob
20 ,, Thomas John
21 ,, George Joseph Podipara
22 ,, P. R. Krishnan
23 Shri N. S. Krishna Pillai
24 ,, K. Kunhambu
25 Smt. Leela Damodara Menon
26 Shri P. Madhavan
27 ,, V. Madura
28 ,, M. M. Mathai
29 ,, K. Narayana Kurup
30 ,, M. Narayana Kurup
31 ,, Kuroor Neelakantan Namboodiripad
32 ,, E. P. Poulose
33 ,, R. Raghava Menon
34 ,, R. Sankar
35 Smt. O. T. Sarada Krishnan
36 ,, K. R. Saraswathi Amma
37 Shri C. M. Stephen
38 ,, K. T. Thomas
39 ,, T. A. Thomman
40 ,, P. P. Ummer Koya
41 ,, K. R. Vijayan
42 ,, K. K. Viswanathan

Neutrals—Nil

Deputy Speaker: Those for the amendment 22, those against 42, neutrals nil. The amendment is lost.

LIBRARY ARCHIVES Kerala Legislative Assembly

Amendment No. 1759 moved by Smt. K. R. Gouri was put and lost.

Amendment No. 1760 moved by Smt. K. R. Gouri was put and lost.

Shri E. P. Gopalan: Madam, I demand a poll.

A poll was taken when the House divided as follows:

AYES 22

1	Shri C. Achutha Menon	14	Shri P. K. Kunjachan
2	,, P. C. Adichan	15	,, P. M. Kunhiraman Nambiar
3	Smt. K. O. Aisha Bai	16	,, T. C. Narayanan Nambiar
4	Shri Baby John	17	,, P. C. Raghavan Nair
5	,, P. Balachandra Menon	18	,, T. K. Ramakrishnan
6	,, N. E. Balaram	19	,, P. Ravindran
7	,, K. Bhargavan	20	,, E. M. Sankaran Namboodiripad
8	,, E. P. Gopalan	21	,, R. Sugathan
9	Smt. K. R. Gouri	22	,, P. Viswambaran
10	Shri O. Koran		
11	,, K. Krishnan		
12	,, R. Krishnan		
13	,, K. Krishna Pillai		

NOES 42

1	Shri P. K. Abdulkadir	23	Shri N. S. Krishna Pillai
2	,, K. C. Abraham	24	,, K. Kunhambu
3	,, M. C. Abraham	25	Smt. Leela Damodara Menon
4	,, K. T. Achuthan	26	Shri P. Madhavan
5	,, K. K. Balakrishnan	27	,, V. Madura
6	,, R. Balakrishna Pillai	28	,, M. M. Mathai
7	,, N. Bhaskaran Nair	29	,, K. Narayana Kurup
8	,, P. Chacko	30	,, M. Narayana Kurup
9	,, P. T. Chacko	31	,, Kuroor Neelakantan Namboodiripad
10	,, G. Chandrasekhara Pillai	32	,, E. P. Poulose
11	,, P. C. Cherian	33	,, R. Raghava Menon
12	,, K. A. Damodara Menon	34	,, R. Sankar
13	,, T. A. Dharmaraja Iyer	35	Smt. O. T. Sarada Krishnan
14	,, P. R. Francis	36	,, K. R. Saraswathi Amma
15	,, K. M. George	37	Shri C. M. Stephen
16	,, P. Gopalan	38	,, K. T. Thomas
17	,, Malethu Gopinatha Pillai	39	,, T. A. Thomman
18	,, M. P. Govindan Nair	40	,, P. P. Ummer Koya
19	,, A. L. Jacob	41	,, K. R. Vijayan
20	,, Thomas John	42	,, K. K. Viswanathan
21	,, George Joseph Podipara		
22	,, P. R. Krishnan		

Neutrals—Nil.

Deputy Speaker:

For the amendment	—	22
Against the amendment	—	42
Neutrals	—	Nil

LIBRARY ARCHIVES Kerala Legislative Assembly

The amendment is lost.

Amendment No. 1761 moved by Smt. K. R. Gouri was put and lost.

Shri E. P. Gopalan: Madam, I demand a poll.

A poll was taken when the House divided as follows:

AYES 22

1	Shri C. Achutha Menon	14	Shri P. K. Kunjachan
2	,, P. C. Adichan	15	,, P. M. Kunhiraman Nambiar
3	Smt. K. O. Aisha Bai	16	,, T. C. Narayanan Nambiar
4	Shri Baby John	17	,, P. C. Raghavan Nair
5	,, P. Balachandra Menon	18	,, T. K. Ramakrishnan
6	,, N. E. Balaram	19	,, P. Ravindran
7	,, K. Bhargavan	20	,, E. M. Sankaran Namboodiripad
8	,, E. P. Gopalan	21	,, R. Sugathan
9	Smt. K. R. Gouri	22	,, P. Viswambharan
10	Shri O. Koran		
11	,, K. Krishnan		
12	,, R. Krishnan		
13	,, K. Krishna Pillai		

NOES 42

1	Shri P. K. Abdulkadir	23	Shri N. S. Krishna Pillai
2	,, K. C. Abraham	24	,, K. Kunhambu
3	,, M. C. Abraham	25	Smt. Leela Damodara Menon
4	,, K. T. Achuthan	26	Shri P. Madhavan
5	,, K. K. Balakrishnan	27	,, V. Madura
6	,, R. Balakrishna Pillai	28	,, M. M. Mathai
7	,, N. Bhaskaran Nair	29	,, K. Narayana Kurup
8	,, P. Chacko	30	,, M. Narayana Kurup
9	,, P. T. Chacko	31	,, Kuroor Neelakantan Namboodiripad
10	,, G. Chandrasekhara Pillai	32	,, E. P. Poulose
11	,, P. C. Cherian	33	,, R. Raghava Menon
12	,, K. A. Damodara Menon	34	,, R. Sankar
13	,, T. A. Dharmaraja Iyer	35	Smt. O. T. Sarada Krishnan
14	,, P. R. Francis	36	,, K. R. Saraswathi Amma
15	,, K. M. George	37	Shri C.M. Stephen
16	,, P. Gopalan	38	,, K. T. Thomas
17	,, Malethu Gopinatha Pillai	39	,, T. A. Thomman
18	,, M. P. Govindan Nair	40	,, P. P. Ummer Koya
19	,, A. L. Jacob	41	,, K. R. Vijayan
20	,, Thomas John	42	,, K. K. Viswanathan
21	,, George Joseph Podipara		
22	,, P. R. Krishnan		

Neutrals—Nil

Deputy Speaker:

For the amendment	—	22
Against the amendment	—	42
Neutrals	—	Nil

The amendment is lost.

LIBRARY ARCHIVES Kerala Legislative Assembly

Deputy Speaker: Do you press your amendment?

Shri P. K. Kunjachan: Yes.

Amendment No. 1768 moved by Shri P. K. Kunjachan was put and lost.

The oral amendment moved by Shri P. T. Chacko, was put and carried viz:—

"In schedule III, Sl. No. 3 Dry Land in column (3) for the words 'whichever is higher' the words 'at the option of the tenant' shall be substituted."

The question that Schedule III, as amended stand part of the Bill was put and carried.

Schedule III, as amended, was added to the Bill.

SCHEDULE IV

Shri P. T. Chacko: I move amendment No. 1040:

For Schedule IV, the following Schedule shall be substituted, namely:—

SCHEDULE IV

[*See* section 79 (i) (j)]

KAYAL PADASEKHARAMS IN KUTTANAD AREA

District—Alleppey

Village	*S. No.*	*Name of Kayal*	*Approximate extent Acres*	*Cents*
Pulincunnu				
	1	'D' Block Kayal	1800	00
	2	Madathi Kayal	385	15
	3	Padinjare Venattukari	99	86
	4	Mathi Kayal	713	05
	5	Sreemoolamangalam Kayal	590	82
Chennamkary				
	6	Raja Ramapuram Kayal	769	29
	7	Pallithanam Kayal	269	02
	8	Cherukara Kayal	309	80
	9	Mangalam Kayal (including Manikkamangalam and Pazhaya Kayals)	843	59
	10	'E' Block Kayal	2366	00
	11	'H' Block Kayal	1396	00
	12	'I' Block Kayal	351	60
	13	'K. L' Block Kayal and Appu Kayal	827	31
Kainakary				
	14	'R' Block Kayal	1425	99
	15	'S' Block Kayal	584	00
	16	'T' Block Kayal	315	00
	17	'Q' Block Kayal (including Kuthakapattam area of 161 acres 60 cents)	716	60

LIBRARY ARCHIVES Kerala Legislative Assembly